269
JANUARY 2019

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# JANUARY 2019

**EDITORIAL BOARD**

Chief Editor
**Dr. Sunny N. M.**

Managing Editor
**Dr. Beena S.**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Prof. P.K. Kusalakumari
Dr. Santhosh K.
Prof. Pramod Vellachal
Dr. N. Lakshmi Priya
Dr. N.K. Sunilkumar
Arya Gopi
Dr. Vysakhan Thambi
Dr. Shyla Hameed
Dr. N. Renuka
Dr. Sony John
Dr. Premkumar R.
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M .P
Dr. M.R. Rajesh

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* — 3
- *സാമൂഹ്യമാറ്റത്തിന്റെ നേതൃത്വമാകുക*
  **ഡോ. പി.എൻ. ഹരികുമാർ** — 4
- *ഞാൻ എന്തുകൊണ്ട് വനിതാ മതിലിൽ പങ്കെടുക്കുന്നു*
  **സി.എസ്. ചന്ദ്രിക** — 7
- *നവോത്ഥാന മതിൽ*
  **ഡോ. ടി.കെ. ആനന്ദി** — 11
- *എന്റെ ദേവഗിരി കോളേജ്*
  **പി. വിശ്വൻ** — 15
- *നവോത്ഥാനത്തിന്റെ സ്ത്രൈണവഴികൾ*
  **ആര്യാഗോപി** — 17
- *ഫെമിനിസ്റ്റ് വായന*
  **എം.ഡി. രാധിക** — 19
- *ദൃശ്യദേശങ്ങളുടെ ചരിത്രവും പുരാവൃത്തവും*
  **കെ.പി. ജയകുമാർ** — 21
- *Community/Place/Space/Belonging: On/By Vamba/Meena…*
  **Cheri Jacob K** — 31
- *കുളവാഴയുടെ സാമ്പത്തികശാസ്ത്രം*
  **ഡോ. ജി. നാഗേന്ദ്രപ്രഭു** — 34
- *ദളിത് സ്ത്രീവാദം സാഹിത്യത്തിൽ*
  **ഡോ. ബിന്ദു എ.സി.** — 36
- *'ചക്ക' ലോകത്തിലെ ഏറ്റവും വലിയ ഫലം*
  **രഹന മൊയ്തീൻകോയ** — 39
- *The Meaning of a Pat*
  **Jason Jose** — 41
- *സ്ത്രീതന്നെ സാക്ഷി*
  **പ്രിയമോൾ പി.** — 42
- *ലൈംഗികതയുടെ ജീവശാസ്ത്രരഹസ്യം*
  **ഡോ. ഇന്ദുലാൽ ജി.** — 43
- *Reading Annihilation of Caste*
  **Shine P.S.** — 54
- *പഴകിയ ചാലുകൾ മാറ്റുകയത്രേ സ്വീകരണം*
  **ഡോ. തോമസ് സ്കറിയ** — 57
- *പ്രണയത്താക്കോൽ*
  **സന്ധ്യ ഇ.** — 62
- *രവീന്ദ്രസാഹിത്യം: പരിഭാഷയുടെ നൂറുവർഷങ്ങൾ*
  **ഡോ. എൻ.എം. സണ്ണി** — 63
- *തോറ്റംപാട്ട് കിളിപ്പാട്ടാകുമ്പോൾ*
  **എ.സി. ശ്രീഹരി** — 69

## എഡിറ്റോറിയൽ



# നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക

കേരളം പുതു വർഷത്തിലേക്ക് പ്രവേശിക്കുന്നത് മഹാപ്രളയത്തേയും മഹാമാരിയായ നിപയെയും മാനവികതയുടെ കരുത്തു കൊണ്ട് നേരിട്ട ആത്മവിശ്വാസത്തോട്കൂടിയാണ്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് നവോത്ഥാന കേരളം ലോകത്തിനുമുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്, അത് കേരളീയ മാതൃക എന്ന പേരിൽ പരക്കെ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പോയ വർഷത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്താവിച്ച സുപ്രധാനങ്ങളായ കോടതി വിധികൾ പുതു വർഷത്തിൽ പുരോഗമനാത്മകമായ ആശയങ്ങളുടെ പ്രചരണത്തിനു കേരളീയ പരിസ രത്തെ പ്രാപ്തമാക്കുക തന്നെ ചെയ്യും. നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ സാമൂഹ്യ പരിഷ്കർത്താക്കളാൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ട ജീർണ്ണാശയങ്ങൾ ശുദ്ധിയുടെയും ആണധികാരത്തിന്റെയും പേശീ ബലംകൊണ്ട് പുനരുത്ഥാനവാദികൾ കേരളീയ ജീവിത പരിസരങ്ങളിലേക്ക് തിരിച്ചാനയിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ നടത്തുകയാണ്. ഭക്തിയും ആചാരാനുഷ്ഠാനങ്ങളും അതിനനുരൂപമായി പരിവർത്തനം ചെയ്യപ്പെടുകയാണ്. ജനങ്ങളുടെ ഇടയിൽ ജനനന്മക്കു വേണ്ടി പ്രവർത്തിക്കുമ്പോൾ മാത്രമാണ് പുരോഗതിയിലധിഷ്ഠിതമായ മുദ്രാവാക്യങ്ങൾ രൂപപ്പെടുന്നത്. അതിനു ഊർജ്ജവ്യയം ചെയ്യാതെ ശരണ മന്ത്രങ്ങൾ മുദ്രാവാക്യങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഗൂഢാലോചനകളാണ് ഈനാളുകളിൽ അണിയറയിൽ രൂപം കൊള്ളുന്നത്.


ഉപരിപ്ലവങ്ങളായ മാറ്റങ്ങൾ മാത്രമാണ് ആധുനിക വിദ്യാഭ്യാസം കൊണ്ട് കേരളീയ സമൂഹം നേടി എടുത്തത് എന്ന തിരിച്ചറിവാണ് ഏറെ ഭയപ്പെടുത്തുന്നത്. മനുഷ്യാവകാശത്തിലൂന്നിയ സ്ത്രീ പുരുഷ തുല്യത സുപ്രീംകോടതി ഉറപ്പു വരുത്തിയിട്ടുകൂടിയും ജീർണ്ണാശയങ്ങളുടെ പിൻബലത്തിൽ അസഹിഷ്ണുതയുടെ ആക്രോശങ്ങൾക്കിടയിൽ അത് ചവിട്ടി അരക്കപ്പെടുന്നതിനും കേരളം സാക്ഷി ആവുകയുണ്ടായി. ആർത്തവം അവിശുദ്ധമാണ് എന്ന പരമ്പരാഗതവും സാമ്പ്രദായികവുമായ ചിന്തകളിൽ നിന്ന് ഇനിയും ഏറെ പരിഷ്കൃതം എന്നു കരുതിയ കേരളം പോലും മുന്നോട്ടു പോയില്ല എന്ന തിരിച്ചറിവു വേദനിപ്പിക്കുന്നതാണ്.

പുതുവർഷപ്പുലരിയിൽ ലോകത്തിനുതന്നെ മാതൃകയായ നവോത്ഥാനമതിൽ സ്ത്രീകളുടെ നേതൃത്വത്തിൽ ഉയർത്തികൊണ്ടാണ് കേരളം അതിന് മറുപടി നല്കിയത്. ആർത്തവ പുരകളിലോ, അയിത്ത-ആൺകോയ്മയുടെ ഇരുണ്ട അറകളിലോ അടിമകളായി കഴിയേണ്ടവരല്ല ഞങ്ങൾ എന്ന പ്രഖ്യാപനമായിരുന്നു കേരളത്തിന്റെ രാജവീഥികളിൽ പുതുവർഷ പിറവിയിൽ മുഴങ്ങി കേട്ടത്. വരാനിരിക്കുന്ന സമത്വത്തിന്റെ, സ്ത്രീ പുരുഷ തുല്യതയുടെ പെരുമ്പറ മുഴക്കമായി അത് മാറുകയായിരുന്നു.

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ന്യായാധിപന്മാർ പോലും തെരുവിലിറങ്ങുന്നതും, രാജ്യം കണ്ടു. ഭരണഘടന സ്ഥാപനങ്ങൾ വെല്ലുവിളി നേരിടുന്നു. രാജ്യത്തിന്റെ ബഹുസ്വരമായ പാരമ്പര്യം ഭീതിജനകമാംവിധം ഭീഷണി നേരിടുകയാണ്. നോട്ടു നിരോധനം, ജി.എസ്.ടി, പശുവിന്റെ പേരിലും മറ്റുമുള്ള ആൾക്കൂട്ട കൊലപാതകങ്ങൾ, പ്രാണവായു ലഭിക്കാതെ പിഞ്ചു കുഞ്ഞുങ്ങൾ പോലും പിടഞ്ഞുമരിക്കുന്നത്, നീരവ് മോദിയെ പോലുള്ള സമ്പന്നന്മാർ വൻതുക വായ്പ വാങ്ങി മുടങ്ങി രാജ്യം വിട്ടതു പോലുള്ള നിരവധിയായ ദുരിതങ്ങളാണ് കഴിഞ്ഞ നാലു വർഷം കൊണ്ട് ഇന്ത്യൻ ജനത അനുഭവിച്ചു തീർത്തത്. ഇന്ത്യൻ ജനത ഏറെ ജാഗ്രതയോടെ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത്. ഫാസിസം അതിന്റെ എല്ലാ രൂപത്തിലും പ്രകടമാവുകയാണ്. ശാസ്ത്രത്തിനും, യുക്തിക്കും, പുരോഗമനാശയങ്ങൾക്കുമാണ് ഭരണാധികാരികൾ പ്രാമുഖ്യം നൽകേണ്ടത്. നിർഭാഗ്യവശാൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വലിയ പ്രചാരം നല്കി ജനങ്ങളെ ഇരുണ്ട യുഗത്തിലേക്ക് ആനയിക്കാനുള്ള പരിശ്രമങ്ങൾ ഉത്സാഹപൂർവ്വം നടക്കുകയാണ്.

രാജ്യത്തെ മുന്നോട്ട് നയിക്കാനുള്ള ഉത്തരവാദിത്തം എല്ലാ കാലത്തും അധ്യാപകർ തന്നെയാണ് ഏറ്റെടുത്തിട്ടുള്ളത്. ഫാസിസ്റ്റ് ശക്തികളെ അധികാരത്തിൽ നിന്ന് അകറ്റി ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ അധ്യാപകർ മുന്നണി പോരാളികളാവേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഫാസിസത്തെ ചെറുത്തു തോല്പ്പിച്ച് ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനു വേണ്ടി നമുക്ക് എകെപിസിടിഎക്ക് ഒപ്പം അണിചേരാം. അഭിവാദ്യങ്ങളോടെ,

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389



ഡോ. പി.എൻ. ഹരികുമാർ

# സാമൂഹ്യമാറ്റത്തിന്റെ നേതൃത്വമാകുക

നരേന്ദ്രമോഡി സർക്കാർ അതിൻറെ അഞ്ചുവർഷം പൂർത്തിയാക്കാൻ ദിവസങ്ങൾ മാത്രമേ ഇനിയുള്ളൂ. ഇന്ത്യ എന്ന രാഷ്ട്രം സ്വാതന്ത്ര്യത്തിനുശേഷം നേടിയെടുത്ത സാമ്പത്തിക സാമൂഹിക പുരോഗതിയെ ഇത്രയധികം പിന്നോട്ടടിച്ച മറ്റൊരു ഭരണം രാജ്യത്തിൻറെ ചരിത്രത്തിൽ തന്നെ ഉണ്ടായിട്ടില്ല. ജനകീയപ്രശ്നങ്ങളിൽ തക്കതായ രീതിയിലുള്ള ഇടപെടലുകൾ കേന്ദ്രം ഭരിക്കുന്ന ബിജെപി ഗവൺമെൻറിൻറെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല ജനകീയ സമരങ്ങളെ അടിച്ചമർത്തുകയും അവജ്ഞയോടെ അവഗണിക്കുകയാണ് ചെയ്യുന്നത്. ആർഎസ്എസിന്റെ ഇടുങ്ങിയ രാഷ്ട്രീയ കാഴ്ചപ്പാടിനാൽ ദേശീയതയെയും ദേശത്തെയും ജനങ്ങളെയും നിർവചിക്കുന്ന ഈ ഭരണകൂടം ഭരണഘടന വിഭാവനം ചെയ്യുന്ന ദേശരാഷ്ട്ര സങ്കല്പങ്ങളെ അട്ടിമറിക്കുകയാണ്.

**വർഗീയ പ്രചാരണം കൊണ്ട് അന്ധമായ ഇന്ത്യൻ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെ സംഘപരിവാർ താങ്കളുടെ നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷണത്തിനായി നന്നായി ഉപയോഗിക്കുന്നുണ്ട്. ഹിന്ദുത്വ രാഷ്ട്രീയ വാദവും വൈവിധ്യങ്ങളുടെ നിരാകരണവും ഒരുവശത്ത് പൊടിപൊടിക്കുമ്പോൾ മറുവശത്ത് ചങ്ങാത്ത മുതലാളിത്തത്തിന് ഓശാന പാടുകയാണ് ഇവർ.**

വർഗീയ പ്രചാരണം കൊണ്ട് അന്ധമായ ഇന്ത്യൻ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെ സംഘപരിവാർ താങ്കളുടെ നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷണത്തിനായി നന്നായി ഉപയോഗിക്കുന്നുണ്ട്. ഹിന്ദുത്വ രാഷ്ട്രീയ വാദവും വൈവിധ്യങ്ങളുടെ നിരാകരണവും ഒരുവശത്ത് പൊടിപൊടിക്കുമ്പോൾ മറുവശത്ത് ചങ്ങാത്ത മുതലാളിത്തത്തിന് ഓശാന പാടുകയാണ് ഇവർ. ഓക്സ്ഫാം പഠന റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ആളുകളും അതീവ ദയനീയമായ ദാരിദ്ര്യ വത്ക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതേസമയം രാജ്യത്തിൻറെ ആകെ സമ്പത്തിന്റെ 77 ശതമാനത്തോളം ജനസംഖ്യയുടെ പത്ത് ശതമാനം മാത്രം വരുന്ന അതിസമ്പന്നരുടെ കൈവശമാണ്. വീണ്ടും പരിശോധിക്കുമ്പോൾ കാണാൻ സാധിക്കും ഒരു ശതമാനം വരുന്ന അതിസമ്പന്നരുടെ പക്കലാണ് ആകെയുള്ള സമ്പത്തിന്റെ 50 ശതമാനത്തിലധികം. ഏറെ

ചിന്തിപ്പിക്കുന്ന സംഗതി ഇന്ത്യാ മഹാരാജ്യത്തിലെ 50 ശതമാനം ആളുകളുടെ കൈവശമുള്ള സമ്പത്തിനെ തുല്യമായത് 9 കോടീശ്വരൻമാരുടെ കൈവശം മാത്രം ഉണ്ട് എന്നതാണ്. ഇക്കണക്കിന് പോയാൽ അടുത്ത അഞ്ച് വർഷക്കാലം രാജ്യത്ത് പ്രതിദിനം 70 കോടീശ്വരന്മാർ വീതം സൃഷ്ടിക്കപ്പെടുമെന്നും ഓക്സ്ഫാം കണക്കാക്കിയിരിക്കുന്നു. എന്നാൽ രാജ്യത്തിലെ 13 കോടിയോളം ജനങ്ങൾ കടക്കെണിയിൽ ആണെന്നും രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസവും ആരോഗ്യ സംവിധാനങ്ങളും ഇനിയും അപ്രാപ്യമാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ആഗോള മുതലാളിത്തത്തിന് തങ്ങളാലാവും വിധം എല്ലാ സഹായവും ചെയ്തു കൊണ്ട് ഇന്ത്യൻ ജനതയുടെ തൊഴിൽ ശക്തിയെത്തന്നെ ലോക മൂലധന കമ്പോളത്തിന് തീറെഴുതുന്ന ഒട്ടനവധി നയങ്ങൾ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് നരേന്ദ്രമോഡി സർക്കാർ നടപ്പിലാക്കി. ചില്ലറവ്യാപാര രംഗത്ത് പൂർണ വിദേശനിക്ഷേപം അനുവദിക്കൽ, രാജ്യത്തിൻറെ തന്ത്രപ്രധാനമായ പ്രതിരോധ മേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കുക, കുറഞ്ഞവിലയ്ക്ക് ഇന്ത്യക്കാരുടെ തൊഴിൽ ശക്തിയെ ബഹുരാഷ്ട്ര കുത്തകകൾക്ക് തീറ്കൊടുത്ത് കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ച മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി, ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ മുച്ചൂടും നശിപ്പിച്ച നോട്ട് നിരോധനം, സാമ്പത്തിക മാന്ദ്യ കാലഘട്ടത്തിൽ ലോകത്തിനുതന്നെ മാതൃകയായി നിന്ന പൊതുമേഖലാ ബാങ്കുകളുടെ ഓഹരി വിറ്റഴിക്കലും, ആശാസ്ത്രീയമായ ലയനങ്ങളും, സ്വകാര്യവൽക്കരണത്തിന് പാതയിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ തള്ളിവിടുന്ന വികലമായ മാനേജ്മെൻറ് തന്ത്രങ്ങളും, മുടന്തൻ സ്വതന്ത്ര കമ്പോള കേന്ദ്രീകൃത സാമ്പത്തിക നയങ്ങളും സമ്പദ് വ്യവസ്ഥയെ പിന്നോട്ടടിച്ചു എന്ന കാര്യത്തിൽ സംശയമില്ല.

സാമ്പത്തികരംഗത്ത് മാത്രമല്ല സമൂഹത്തെ നെടുകെ പിളർക്കുന്ന ഏറ്റവും ഹീനമായ തന്ത്രങ്ങളാണ് കഴിഞ്ഞ വർഷങ്ങളിൽ സംഘപരിവാറും നരേന്ദ്രമോഡി ഗവൺമെന്റും നടത്തിക്കൊണ്ടിരിക്കുന്നത്. പശുവിന്റെ പേരിലുള്ള കൊലപാതകങ്ങളും, പിന്നാക്ക ദളിത് വിഭാഗങ്ങൾ നേരിടുന്ന പീഡനങ്ങളും, മുസ്ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹ്യപരമായ അന്യവൽക്കരണവും, ശബരിമല വിഷയത്തിൽ അടക്കം പ്രകടമായ ലിംഗപരമായ അസമത്വങ്ങളുടെ പ്രോത്സാഹനവും ഭരണകൂടത്തിന്റെ തന്നെ നയങ്ങളായി മാറി. രാമക്ഷേത്ര നിർമ്മാണം അടക്കമുള്ള സ്ഥിരം വർഗീയ അജണ്ടകൾ യാതൊരു കുറവും കൂടാതെ കഴിഞ്ഞ വർഷങ്ങളിലും തുടർന്നു കൊണ്ടേയിരുന്നു.

ബഹുഭൂരിപക്ഷംവരുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലും അധികാരമുറപ്പിച്ചു എന്ന അഹന്തയിലാണ് ബിജെപി. മറ്റു പാർട്ടികളിലെ നേതാക്കന്മാരെയും എംഎൽഎമാരെയും തങ്ങളുടെ പാളയത്തിലേക്ക് പണം കൊടുത്ത് വാങ്ങുന്ന രാഷ്ട്രീയ മര്യാദയുടെ എല്ലാ സീമകളെയും ലംഘിക്കുന്ന കച്ചവട രാഷ്ട്രീയമാണ് അവർ പയറ്റുന്നത്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ അടക്കം തിരിമറി നടത്തിയാണ് മോഡി ഗവൺമെൻറ് അധികാരത്തിൽ വന്നത് എന്ന അമേരിക്കൻ സൈബർ ഹാക്കറുടെ പ്രതികരണം നമ്മുടെ ജനാധിപത്യം എവിടെയെത്തി എന്നതിന് പ്രത്യക്ഷ സൂചനയാണ്. അതേസമയം എതിർപ്പിനെയും വിമർശനങ്ങളെയും തീരെ മാനിക്കാതെ അടിച്ചമർത്തുന്ന നയമാണ് മോഡി ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. കൽബുർഗി, പൻസാരെ , ധാബോൽക്കർ, ഗൗരിലങ്കേഷ് എന്ന് തുടങ്ങി പേരുകൾ നിരനിരയായി നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത് എതിർപ്പ് പ്രകടിപ്പിക്കുന്ന വരെ ഇല്ലാതാക്കുന്ന ഭരണകൂടത്തിന്റെ നയത്തെ കൂടുതൽ പ്രകടമാക്കുന്നു.

ഇത്തരം പ്രതിസന്ധികളിൽ പെട്ട് രാജ്യം ഉഴലുമ്പോൾ ശ്രദ്ധേയമാണ് രാജ്യത്ത് പുതുതായി ഉയർന്നുവന്ന കർഷകരുടെയും തൊഴിലെടുക്കുന്നവരുടെയും സമരമുന്നണി. ദളിത് പിന്നാക്ക വിഭാഗങ്ങളുടെ ഇടയിലും വലിയ തരത്തിലുള്ള പ്രക്ഷോഭ പ്രസ്ഥാനങ്ങൾ ഇക്കാലയളവിൽ രൂപപ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വത്തിൽ ചെങ്കൊടിയേന്തി മഹാരാഷ്ട്രയിലെ കർഷകർ നടത്തിയ ലോങ്ങ് മാർച്ച്, രാജസ്ഥാനിലെ സിക്കാറിലും, മധ്യപ്രദേശിലെ മണ്ഡസോറിലും നടന്ന കർഷക സമരങ്ങൾ ഏറ്റവുമൊടുവിൽ രാജ്യതലസ്ഥാനത്തേക്ക് നടത്തിയ കർഷകരുടെ ലോങ് മാർച്ച് എന്നിവ ആശാവഹമായ സൂചനകൾ നൽകുന്നുണ്ട്. ജനവരി മാസം 8, 9 തീയതികളിൽ നടന്ന അഖിലേന്ത്യാ പണിമുടക്ക് രാജ്യത്തെ തൊഴിലാളികളുടെ പ്രതിഷേധമിരമ്പുന്ന വേദിയായി മാറി. ഇന്ത്യൻ തൊഴിലാളിവർഗവും ഇടതുപക്ഷവും മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ തങ്ങളുടെ രാഷ്ട്രീയപരമായ ദൗത്യം തിരിച്ചറിഞ്ഞ് ഏറ്റെടുത്തു കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വർഗീയ മുഖംമൂടിക്ക് അടിയിൽ ഫ്യൂഡൽ സ്വഭാവവും ചങ്ങാത്ത മുതലാളിത്ത സാമ്പത്തിക വികസന നയവും വെച്ചുകൊണ്ടിരിക്കുന്ന ഈ ഭരണകൂടത്തെ താഴെയിറക്കുക എന്നത് ജനാധിപത്യ വിശ്വാസികളായ എല്ലാവരുടെയും ആവശ്യമായി മാറിക്കഴിഞ്ഞിട്ടുണ്ട്. തൊഴിലെടുക്കുന്ന തൊഴിലാളി എന്ന തലത്തിലും സമൂഹത്തിന് ജൈവ ബുദ്ധിജീവികൾ എന്ന നിലയിലും ക്രിയാത്മകമായ നേതൃത്വം സാമൂഹ്യമാറ്റത്തിന് നൽകേണ്ടവരാണ് അധ്യാപകർ. കാലം ഏൽപ്പിച്ചിരിക്കുന്ന ചരിത്ര ദൗത്യം ഏറ്റെടുത്ത് മുന്നോട്ടുപോകാൻ എല്ലാ അധ്യാപക സുഹൃത്തുക്കൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. അഭിവാദ്യങ്ങൾ.

**വർഗീയ മുഖംമൂടിക്ക് അടിയിൽ ഫ്യൂഡൽ സ്വഭാവവും ചങ്ങാത്ത മുതലാളിത്ത സാമ്പത്തിക വികസന നയവും വെച്ചുകൊണ്ടിരിക്കുന്ന ഈ ഭരണകൂടത്തെ താഴെയിറക്കുക എന്നത് ജനാധിപത്യ വിശ്വാസികളായ എല്ലാവരുടെയും ആവശ്യമായി മാറിക്കഴിഞ്ഞിട്ടുണ്ട്.**

# സൈമൺ ബ്രിട്ടോ
## നിത്യജാഗ്രതയുടെ നോട്ടം



തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നിരുപാധികമായി കർമ്മം ചെയ്യുന്ന ചുരുക്കം ചില മനുഷ്യരുണ്ട്. ശരീരം അടർന്നാലുംകുറിച്ചിട്ട വാക്കുകൾ പകർന്നുകൊടുത്ത അക്ഷരങ്ങളിൽ നിലയ്ക്കാതെ അവർ ജീവിച്ചു കൊണ്ടിരിക്കും. അകൃത്രിമമായ സ്നേഹ സാന്നിധ്യംകൊണ്ട് ലോകമെമ്പാടുമുള്ള മലയാളികൾ മായാത്ത ഓർമ്മയായി സൈമൺബ്രിട്ടോ ജീവിക്കുന്നു. നളിനി എന്ന കൃതിക്ക് കുമാരനാശാൻ ഒരു സ്നേഹമെന്ന പേരുകൂടി നൽകിയിട്ടുണ്ട്. നളിനി എന്നാൽ സ്നേഹമാണ് എന്ന അത് ബോധ്യപ്പെടുത്തുന്നു. സൈമൺ ബ്രിട്ടോവിനും സ്നേഹമെന്ന ഈ പേര് ചേരും.ബ്രിട്ടോ എന്നാൽ നിരുപാധിക സ്നേഹം ആകുന്നു.

വിശ്വ മാനവികതയിലൂന്നിയ സമത്വദർശനം ആണ് ബ്രിട്ടോയെ നയിച്ചത്. വീൽചെയറിൽ ഇരുന്നുകൊണ്ട് സ്വപ്നങ്ങൾ നെയ്യുകയും അത് പങ്കുവെക്കുകയും അല്ല ബ്രിട്ടോ ചെയ്തത് പകരം പൂർണ ആരോഗ്യവാനായ ഒരാൾക്ക് പോലും അസാധ്യമെന്ന് തോന്നാവുന്ന കാര്യങ്ങൾ തന്റെഇച്ഛാശക്തിയാൽ നേടുകയായിരുന്നു. സെക്കന്ഡ് ഹാന്ഡ് അംബാസിഡർ കാറിൽ ആണ് അദ്ദേഹം ഇന്ത്യ മുഴുവൻ സഞ്ചരിച്ചത്. ഇന്ത്യ എന്തെന്നറിയാൻ അത് നേരിട്ട് അനുഭവിക്കണം എന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഗ്രാമങ്ങളും നഗരങ്ങളും കടന്ന് 138 ദിവസംകൊണ്ട് ഹിമാലയം വരെ യാത്ര നീണ്ടു. ചെഗുവേരയുടെ മോട്ടോർസൈക്കിൾ യാത്രയെ സ്മരിക്കും വിധമാണ് ബ്രിട്ടോയുടെ യാത്രയും. ജീവിതത്തിൻറെ മഹാ ദുരന്തങ്ങളും ഒപ്പം സന്തോഷങ്ങളും ഇന്ത്യയെന്ന ഗ്രാമങ്ങളിൽ/നഗരങ്ങളിൽ അദ്ദേഹം കണ്ടു നിന്നു. അനുഭവങ്ങളുടെ തിരയൊടുങ്ങാത്ത സമുദ്രമായിരുന്നു ബ്രിട്ടോയുടെ ജീവിതം. അതിലെ ഓർമ്മകൾ വൻകരകളിൽ നിന്നും വൻകരകളിലേക്ക് സഞ്ചരിച്ചു.

മഹാരാജാസ് കോളേജിലെ വിദ്യാർത്ഥി അല്ലാതിരുന്നിട്ടും ക്യാമ്പസ് ബ്രിട്ടോയുടെ ജീവിത ശ്വാസം ആയി മാറി. മഹാരാജാസിനെ കുറിച്ച് എഴുതിയതും പറഞ്ഞതും ഓർമ്മകളിലെ മായാ ചിഹ്നമായി. ഏതു സാഹിത്യ ശാഖയും കൈകാര്യം ചെയ്യാനുള്ള കരുത്ത് അദ്ദേഹത്തിന് ഉണ്ടായിരുന്നു. നോവലുംകഥയും ലേഖനങ്ങളും എല്ലാം അകംപൊരുൾ പോലെ ഉണർന്നു നിന്നു. അത് ഏറെ വായനക്കാരെ സൃഷ്ടിച്ചു. അഗ്രഗാമി, ചന്ദ്രന് മാളിക ഇടങ്ങിയ നോവലുകൾ സമത്വ- സാഹോദര്യത്തിന്റെ കഥകൾ പറഞ്ഞു.സൂക്ഷ്മ രാഷ്ട്രീയ ചുരുളുകൾ അഴിച്ചു. സുഷുപ്തി അല്ലായിരുന്നു ബ്രിട്ടോയുടെ എഴുത്ത് . മറിച്ച് നിത്യ ജാഗ്രതയായിരുന്നു. നാടകങ്ങളിലും,രാഷ്ട്രീയദർശനം കൊണ്ടുവരാനാണ് ബ്രിട്ടോ ശ്രമിച്ചത്. അഭിമന്യുവിൻറെ രക്തസാക്ഷിത്വം ആ ഹൃദയത്തിൽ ചെറിയ മുറിവുകളല്ല നൽകിയതെന്ന് ബ്രിട്ടോയുടെ കുറിപ്പുകൾ വായിച്ചവർക്ക് അറിയാം. പത്മവ്യൂഹത്തിലെ അഭിമന്യു എന്ന സിനിമയിൽ അഭിനയിക്കുകയും എന്താണ് യഥാർത്ഥ രാഷ്ട്രീയം എന്ന സംഭാഷണങ്ങളിലൂടെ വ്യക്തമാക്കുകയും ചെയ്തു ബ്രിട്ടോ. നിരാശ കലർന്ന വാക്കുകളല്ല നിരന്തരമായ പോരാട്ടത്തിന്റെ, ഊർജത്തിന്റെ കരുത്തുറ്റ ശബ്ദമായാണ് ബ്രിട്ടോ ജീവിച്ചത്.എഴുത്തുകാരൻ, പ്രഭാഷകൻ, രാഷ്ട്രീയക്കാരൻ, അഭിനേതാവ് എന്നിവയ്ക്ക് അപ്പുറത്തേക്ക് മനുഷ്യനെ മനുഷ്യനോളം കാണാവുന്ന മാനവികതയുടെ കണ്ണുകൾ ബ്രിട്ടോവിന് ഉണ്ടായിരുന്നു. അതിൽ ഇപ്പോഴും ലോകത്തെ തെളിഞ്ഞു കാണുന്നു.

ഡോ. ബിനീഷ് പുതുപ്പണം

# ഞാൻ വനിതാമതിലിൽ എന്തുകൊണ്ട് പങ്കെടുക്കുന്നു

ജനുവരി ഒന്നിന് നടക്കാൻ പോകുന്ന വനിതാ മതിലിൽ ഞാൻ പങ്കെടുക്കുന്നുണ്ട്. പങ്കെടുക്കുന്നതിനുള്ള കാരണങ്ങളും എന്നാൽ അതോടൊപ്പമുള്ള വിമർശനങ്ങളും സർക്കാരിനു മുന്നിലും ജനങ്ങളുടെ മുന്നിലും തുറന്നു പങ്കു വെയ്ക്കേണ്ടത് സാഹിത്യകാരി എന്ന നിലയിൽ മാത്രമല്ല, കേരളത്തിന്റെ സ്ത്രീസ്വാതന്ത്ര്യ മുന്നേറ്റത്തിനായി കാൽ നൂറ്റാണ്ടിലധികമായി പല തലങ്ങളിൽ സജീവമായി നില്ക്കുന്ന സ്ത്രീപ്രവർത്തക എന്ന നിലയിലും എന്റെ കടമയാണെന്നു കരുതുന്നു.

ആചാരത്തിന്റെറ പേരിൽ, ഇന്ത്യയിലെ സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുന്ന ഹൈന്ദവ ജാതിവ്യവസ്ഥയുടേയും മതാധികാര പുരുഷാധിപത്യ വ്യവസ്ഥയുടേയും നേർക്കുള്ള, സ്ത്രീകളുടെ ക്രിയാത്മകമായ പങ്കാളിത്തമുള്ള രാഷ്ട്രീയ സാംസ്കാരിക പ്രതികരണമായി വനിതാ മതിൽ മാറണം എന്ന് ആഗ്രഹിക്കുന്നു. വനിതാമതിൽ എന്ന ആശയം ഉയർന്നു വന്നത് പക്ഷേ ഈ വിധം ചിന്തിക്കുന്ന സ്ത്രീകളുടെ മുൻകയ്യിലല്ല എന്ന വിമർശനം ഉണ്ട്. അതുകൊണ്ടാണ് ഭാഷയിലെ ഓരോ വാക്കും സൂക്ഷ്മമായി ഉപയോഗിക്കണമെന്നാഗ്രഹിക്കുന്ന എന്നെപ്പോലുള്ള നിരവധി സ്ത്രീകൾക്ക് വനിതാ മതിൽ എന്ന പേര് വലിയ അസ്വസ്ഥതയുണ്ടാക്കിയത്. സ്ത്രീകൾക്കു വേണ്ടി പുരുഷന്മാർ മാത്രമിരുന്ന് തീരുമാനമെടുക്കുമ്പോൾ ഇപ്രകാരം വനിതയെന്നും മഹിളയെന്നും അചേതനമെന്നും സാമ്പ്രദായിക പുരുഷ മൂല്യവിചാരത്തോടെ സമീപിക്കരുതെന്ന വിമർശനം ബന്ധപ്പെട്ടവർ ഉൾക്കൊള്ളണം. മുൻ നവോത്ഥാനകാലത്തെ പരിഷ്കരണവാദികളായ പുരുഷ നായകന്മാർ കൂടി ഉല്പാദിപ്പിച്ച ആദർശാത്മക സ്ത്രൈണതാ സങ്കല്പങ്ങളാണത്. അതെല്ലാം കടഞ്ഞെറിഞ്ഞ്, ലളിതാംബിക അന്തർജ്ജനവും കെ. സരസ്വതിയമ്മയും മുതൽ ഇന്നു വരെയുള്ള കുറച്ചെങ്കിലും എഴുത്തുകാരികൾ ഭാഷയിലെ ആണ്കോയ്മയെ നിശിതമായി നേരിടുകയും ലിംഗപദവി വാർപ്പുരുപങ്ങൾക്ക് പകരം സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വാങ്മയ സഞ്ചയങ്ങൾ തന്നെ മുന്നോട്ടു വെച്ചിട്ടുമുണ്ട്. 'പെണ്ണെഴുത്തെ'ന്ന വ്യവഹാരം പോലും അങ്ങനെയുണ്ടായി വന്നതാണ്. എന്തായാലും, കേരളത്തിന്റെ സ്ത്രീസമരങ്ങളെക്കുറിച്ചുള്ള ഓർമ്മയും സ്ത്രീകളുടെ മുൻകയ്യും വനിതാമതിൽ തീരുമാനിക്കുന്നതിന്റെ തുടക്കം മുതൽ ഉണ്ടായിരുന്നെങ്കിൽ, സ്ത്രീവിമോചന പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഇന്നുയരുന്ന സവിശേഷവും രൂക്ഷവുമായ എതിർപ്പുകൾ ഒഴിവാക്കാമായിരുന്നു. സർക്കാരിന്റെ

സി.എസ്. ചന്ദ്രിക



മുൻകയ്യിൽ സ്ത്രീകളുടെ പുരോഗമനാത്മകമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ ആഗ്രഹിക്കുമ്പോൾ ഭാവിയിലെങ്കിലും ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

കൂടാതെ, ശബരിമലയിലേക്ക് കയറാൻ ശ്രമിച്ച സ്ത്രീകൾക്കു നേരെയും അതിൽ പ്രതിഷേധിച്ചവർക്കെതിരെയും പോലീസ് കേസെടുക്കുന്നതും ബുദ്ധിമുട്ടിക്കുന്നതും സ്ത്രീപക്ഷത്തു നിന്നുള്ളവരുടെ എതിർപ്പുകൾ ശക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതി വിധിയുടെ പിൻബലത്തിൽ ഭരണഘടനാപരമായ അവകാശത്തോടെ ശബരിമലയിലേക്ക് പോകാൻ ശ്രമിച്ച രഹനാ ഫാത്തിമയെ പിന്നീട് അറസ്റ്റ് ചെയ്തതും നീണ്ട ദിവസങ്ങൾ തടവറയിൽ വെച്ചതും പ്രതിഷേധങ്ങളുടെ ആക്കം കൂട്ടി. ആൺകോയ്മയുടെ അക്രമാസക്തിക്കു നേരെ സ്ത്രീയുടെ ശരീരവും നഗ്നതയും സമരമാധ്യമമായും ആവിഷ്കാരമായും പ്രയോഗിക്കുന്ന അനുഭവം ലോകമെങ്ങുമുള്ള സ്ത്രീവിമോചന സമരങ്ങളുടെ ചരിത്രത്തിലും വർത്ത മാനത്തിലുമുണ്ട്. മണിപ്പൂരിൽ പൂർണ്ണനഗ്നരായി പട്ടാളത്തിനു നേരെ സമരം ചെയ്ത സ്ത്രീകളുടെ ദൃശ്യം മലയാളികളും മറക്കാൻ കാലമായിട്ടില്ല. പ്രത്യക്ഷ സമരങ്ങളിൽ മാത്രമല്ല, സ്ത്രീകളുടെ സാഹിത്യ രചനയിലും, ചിത്ര ശില്പ കലയിലും, സ്ത്രീ വിമോചന നാടകവേദിയിലും, സിനിമയിലും ഇത്തരത്തിലുള്ള ആവിഷ്കാരങ്ങൾ ശക്തമായിട്ട് കാലം കുറേയായിട്ടുണ്ട്.

## നവോത്ഥാനകാലത്തെ സ്ത്രീപക്ഷ ധാരയുടെ തുടർച്ചയാണിന്നാവശ്യം

നവോത്ഥാന മുന്നേറ്റത്തിലെ പരിഷ്കരണവാദ പുരുഷന്റെ ആഗ്രഹത്തിനനുസരിച്ച നിർമ്മിതിയിലുള്ള വിദ്യാഭ്യാസമുള്ള, കുടുംബിനിയായ ഉത്തമ സ്ത്രീയായി ആധുനികതയിലൂടെ കേരളത്തിന്റെ പൊതു സ്ത്രൈണതാ സങ്കല്പം ഇപ്പോഴും തുടരുകയാണ്. യോഗക്ഷേമനാടകങ്ങളിൽ കണ്ട, വിവാഹത്തിലൂടെ രക്ഷിക്കാനെത്തുന്ന വിദ്യാസമ്പന്നനും യുവാവുമായ സമുദായ പരിഷ്കർത്താവിന്റെ തോളിൽ തല ചായ്ക്കുന്ന അബലകളായ നായികമാരെപ്പോലെ! എന്നാൽ, ഈ അബല സ്ത്രൈണതാ രൂപങ്ങൾക്ക് പകരം, യഥാർത്ഥ സ്ത്രീ സ്വാതന്ത്ര്യവും വ്യക്തിത്വവും ആഗ്രഹിച്ച അന്തർജ്ജന സമാജത്തിലെ സ്ത്രീകൾ അന്ന് നടത്തിയ തൊഴിൽ കേന്ദ്രവും തൊഴിൽ കേന്ദ്രത്തിലേക്ക് എന്ന നാടകവും സമുദായ അനാചാരത്തിന്റെ നീരാളിപ്പിടിത്തത്തിനുള്ളിൽ നിസ്സഹായരായിപ്പോയ പെൺകുട്ടികളെ രക്ഷപ്പെടുത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും തൊഴിൽ നൽകാനും സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തിയിലേക്ക് വളർത്തിയെടുക്കാനുമായി കൂട്ടായി ശ്രമിക്കുകയാണ് ചെയ്തത്. വിവാഹമല്ല ഏക രക്ഷ, സ്ത്രീകൾക്ക് തൊഴിലും അഭിമാനവുമാണ് ഏറ്റവും പ്രധാനമെന്ന് അന്നത്തെ നവോത്ഥാന കാല സ്ത്രീകൾ പറഞ്ഞത് പിന്നീട് എല്ലാവരും ബോധപൂർവ്വം മറന്നു. ആ നവോത്ഥാന കാലത്ത് മറ്റു സമുദായങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക്

ബൗദ്ധികമായി നേതൃത്വം കൊടുത്ത പാർവ്വതി അയ്യപ്പനും കാളിക്കുട്ടി ആശാട്ടിയും പോലുള്ളവർ ഉയർത്തിയ ചില നിർണ്ണായക പ്രശ്നങ്ങളും ഇന്ന് ഓർക്കണം. സ്ത്രീകൾക്ക് പൊതുപ്രവർത്തന രംഗത്തിറങ്ങി പ്രവർത്തി ക്കണമെങ്കിൽ കുടുംബങ്ങളിൽ പുരുഷന്മാർ സ്ത്രീകളോടൊപ്പം വീട്ടു പണികളിൽ കൂടി പങ്കെടുക്കണം എന്ന ആവശ്യമായിരുന്നു അത്. മിശ്രവിവാഹത്തെക്കുറിച്ചും പ്രേമത്തെക്കുറിച്ചും കെ. അയ്യപ്പനും പാർവതി അയ്യപ്പനും ഉയർത്തിയ വലിയ ചിന്തകൾ ഇന്നത്തെ നവോത്ഥാന ചരച്ചകളിൽ വീണ്ടും ശക്തമാവണം.

## വനിതാമതിലിന്റെ പ്രസക്തിയും പ്രശ്നങ്ങളും നവോത്ഥാന സാധ്യതകളും


ജനാധിപത്യത്തേയും മതനിരപേക്ഷതയേയും ഭരണഘടനയെത്തന്നെയും വിഴുങ്ങാനായുന്ന ഫാസിസത്തെ ചെറുക്കണമെങ്കിൽ മതേതര അവബോധമുള്ള സ്ത്രീകൾ, ജാതിവ്യവസ്ഥയെ എതിർക്കുന്ന സ്ത്രീകൾ, ബഹുസ്വരതയെ അംഗീകരിക്കുന്ന സ്ത്രീകൾ, പുരുഷാധികാരത്തെ ചോദ്യം ചെയ്യുന്ന സ്ത്രീകൾ, സ്വാതന്ത്ര്യം ജന്മാവകാശമാണ് എന്ന് തിരിച്ചറിയുന്ന സ്ത്രീകൾ എല്ലാവരും വീടുകൾ വിട്ട്, രാഷ്ട്രീയ സാംസ്കാരിക പൊതു മണ്ഡലത്തിൽ വന്ന് കൂട്ടത്തോടെ ഐക്യപ്പെട്ട് നില്ക്കണം എന്നതാണ് വനിതാ മതിൽ ഉയർത്തുന്ന സമ്മർദ്ദവും പ്രസക്തിയും. സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധ ജാതി, മത അനാചാരങ്ങളെ സംരക്ഷിക്കാൻ സംഘടിക്കുന്നവരെ ഒരുമിച്ചെതിർക്കേണ്ടി വരുന്ന നവോത്ഥാന സന്ദർഭമാണിത്.

എന്നാൽ, നവോത്ഥാനത്തിനൊപ്പമുണ്ടെന്ന് വിചാരിക്കുന്ന പുരുഷന്മാർ ജാതി നോക്കി വിവാഹം കഴിച്ചും സ്ത്രീധനം വാങ്ങിയും വീടിനുള്ളിലും സംഘടനകൾക്കുള്ളിലും തന്റെ സർവ്വാധികാരത്തിൻ കീഴിൽ സ്ത്രീയെ നിയന്ത്രിച്ചും അടിച്ചമർത്തിയും തളച്ചിടുന്ന ജാതിപുരുഷാധിപത്യത്തിന്റെ പൊതു സ്വഭാവങ്ങൾ ആസ്വദിക്കുന്നവരാണെന്ന യാഥാർത്ഥ്യം മുന്നിലുണ്ട്. അതിനാൽ, സാമൂഹ്യ, രാഷ്ട്രീയ ഘടനകളിലാകെ നിലനിൽക്കു ന്നതും പ്രബലമായതുമായ ആണധികാര വാഴ്ചയുടെ ആസുര ശക്തിയെ നേരിട്ടുകൊണ്ടല്ലാതെ സ്ത്രീ പുരുഷ തുല്യതക്കായി സ്ത്രീകൾക്ക് പ്രവർത്തിക്കാനാവുകയില്ല. കേരളത്തിന്റെ വികസനത്തിൽ സ്ത്രീപുരുഷന്മാർക്ക് ഒന്നിച്ച് നില്ക്കാനുള്ള ഇടങ്ങളിലേക്ക്, ശേഷിയിലേക്ക് വനിതാ മതിലിനു ശേഷമുള്ള ആലോചനകളേയും പരിശ്രമങ്ങളേയും മുന്നോട്ടു കൊണ്ടു പോകാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാരിനു കഴിയണം. അതിന്റെ നേതൃത്വത്തിൽ തിരിച്ചറിവുള്ള സ്ത്രീകൾക്ക് നിർണ്ണായക പങ്കുണ്ടാവുകയും വേണം.

## സ്ത്രീ പുരുഷ തുല്യത മാത്രമല്ല, സ്ത്രീകൾക്കിടയിലും വേണം തുല്യത

പത്തൊമ്പതാം നൂറ്റാണ്ടിൽ മതം മാറിയ ചാന്നാർ സ്ത്രീകൾ കുപ്പായത്തിനു മേൽ സവർണ സ്ത്രീകളെപ്പോലെ മേൽമുണ്ടു ധരിക്കാനുള്ള അവകാശത്തിനു വേണ്ടി അരനൂറ്റാണ്ടു കാലത്തോളം നടത്തിയ പ്രക്ഷോഭം പോലെ തന്നെ ദീർഘമായിരിക്കും ഈ രണ്ടാം നവോത്ഥാന സമരവും എന്നു ഞാൻ കരുതുന്നു. കാരണം, എന്നും ആചാരങ്ങൾക്കെതിരായ കീഴാള സ്ത്രീമുന്നേറ്റത്തിന് ഇന്ത്യയിൽ ഇന്നും ആത്യന്തികമായി നേരിടാനുള്ളത് സവർണ്ണ പുരുഷാധിപത്യത്തിന്റെ ഹിംസാത്മകതയെയാണ്. സവർണ്ണ വരേണ്യത ആഘോഷിക്കുന്ന മേൽജാതി സ്ത്രീകളുടെ ഭാഗത്തു നിന്നുള്ള ആക്രമണങ്ങളേയും അധിക്ഷേപങ്ങളേയും കൂടി കീഴാള സ്ത്രീകൾ എതിർക്കേണ്ടതുണ്ട്. സ്ത്രീകളുടെ നേർക്കു മാത്രമല്ല, മറ്റു തലങ്ങളിൽ അധികാരങ്ങളൊന്നുമില്ലാത്ത ഒരു സാധാരണ നായർ സ്ത്രീ, വലിയ അധികാരങ്ങളുള്ള ഒരു പുരുഷനെ - കേരളത്തിന്റെ മുഖ്യമന്ത്രിയെത്തന്നെ ജാതി പറഞ്ഞ് പരസ്യമായി അപമാനിക്കാൻ ശ്രമിച്ചത് കേരളം ഈ കാലയളവിലാണ് കണ്ടത്.

അധികാരത്തിന്റെ സമവാക്യങ്ങളെ ഏകപക്ഷീയമായ സ്ത്രീ പുരുഷ ദ്വന്ദ്വങ്ങളിൽ മാത്രം കാണുന്നത് പ്രശ്നങ്ങളുടെ ബഹുലമായ സങ്കീർണ്ണതകളെ കാണാതിരിക്കലാണ്. സ്ത്രീ പുരുഷ തുല്യത മാത്രമല്ല, സ്ത്രീകൾക്കിടയിലെ അ/തുല്യതയെപ്പറ്റിയും ഇടതുപക്ഷത്തിനുള്ളിലും ഫെമിനിസ്റ്റുകൾക്കുള്ളിലും ചോദ്യങ്ങളുന്നയിക്കപ്പെടണം. ചാന്നാർ സ്ത്രീകളുടെ മേൽമുണ്ടു സമരവും ദലിത് സ്ത്രീകളുടെ കല്ലുമാല സമരവും ജാതീയ



വരേണ്യത ജന്മനാ ലഭിച്ച ഫെമിനിസ്റ്റുകൾക്ക് ചരിത്രത്തിൽ നിന്നും എപ്പോഴും ഓർക്കാനുള്ള വലിയ പാഠങ്ങളായിരിക്കണം. കീഴാള സ്ത്രീകളുടെ മേൽ ജന്മനാ ലഭിച്ച പുരുഷാധികാരം പ്രയോഗിക്കുന്ന കീഴാള പുരുഷന്മാർക്കൊപ്പം തന്നെ നിന്നുകൊണ്ട് ബ്രാഹ്മണിക് പുരുഷാധിപത്യ ഹിംസയെ എതിരടേണ്ടി വരുന്ന വലിയ സാമൂഹ്യ രാഷ്ട്രീയ സന്ദർഭമാണ് വനിതാ മതിൽ. ഈ സന്നിഗ്ദ്ധതയെ മനസ്സിലാക്കാനോ അംഗീകരിക്കാനോ തയ്യാറല്ലാത്തതുകൊണ്ടായിരിക്കണം ഒരു ചെറു വിഭാഗം ഫെമിനിസ്റ്റുകൾ സോഷ്യൽ മീഡിയയിലൂടെ വനിതാ മതിലിനെ രൂക്ഷമായി വിമർശിച്ചുകൊണ്ടിരിക്കുന്നത്. കീഴാള, അവർണ്ണ ജാതിയിൽ നിന്നു വരുന്ന ലക്ഷക്കണക്കിന് സ്ത്രീകളാണ് വനിതാ മതിലിൽ പങ്കെടുക്കുന്നത്. അത്രയും സ്ത്രീകളെ ഞാൻ ബഹുമാനിക്കുന്നു. സ്നേഹത്താൽ ആലിംഗനം ചെയ്യുന്നു. അവർക്ക് ചിന്തിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും ബുദ്ധിയില്ലെന്ന് ഞാൻ വിചാരിക്കുകയില്ല. ബുദ്ധിയും ചിന്തയും പ്രവർത്തിക്കുന്നത് സാമൂഹ്യമായ അവസരങ്ങളും ഇടവികളും ഉണ്ടാകുമ്പോഴാണ്. വനിതാ മതിലിൽ തിരിച്ചറിവോടു കൂടിത്തന്നെ വന്നു നില്ക്കാൻ കുറേപ്പേർക്കെങ്കിലും കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അതേ സമയം, സ്ത്രീകൾ ശബരിമലയിൽ കയറുന്നതിനെ അനുകൂലിക്കാത്ത വെള്ളാപ്പള്ളി നടേശൻ പറയുന്നത് ലിംഗ നീതിയല്ല, മറിച്ച് പുരുഷാധികാര നിയന്ത്രണത്തിലുള്ള തെരഞ്ഞെടുപ്പ് രാഷ്ട്രീയം മാത്രമാണ് എന്ന് മനസ്സിലാക്കാനും സ്ത്രീകൾക്ക് കഴിയട്ടെ.

## ഇന്നത്തെ നവോത്ഥാന കേരളം

ഒരു ഭാഗത്ത്, ശബരിമല വിധിയെത്തുടർന്ന് ഭരണഘടനക്കും ലിംഗ നീതിക്കുമൊപ്പം നിലപാടെടുത്ത് വനിതാ മതിലിന് നേതൃത്വം നല്കുന്നതിൽ സംസ്ഥാന സർക്കാർ വലിയ പങ്കു വഹിക്കുന്നു. സ്വതന്ത്ര ചിന്തയുള്ള സ്ത്രീകളുടെ, മതനിരപേക്ഷതക്കും ജനാധിപത്യത്തിനും വേണ്ടി നില്ക്കുന്ന സ്ത്രീ, പുരുഷ, ട്രാൻജെന്റേഴ്സിന്റെ കൂട്ടായ്മയിലും മുൻകയ്യിലും വലിയ പ്രതിരോധ സമരങ്ങളായ വി ദ പീപ്പിൾ, ആർപ്പോ ആർത്തവം, ജനാഭിമാന, ആത്മാഭിമാന സംഗമങ്ങൾ തുടങ്ങിയ മറ്റു പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. മറുഭാഗത്ത്, ആചാര സംരക്ഷണത്തിനു വേണ്ടി പ്രതിപക്ഷ വലതുമുന്നണിയും തീവ്ര വലതുപക്ഷവും സർക്കാരിനെതിരെ ഉയർത്തി വിടുന്ന കഠിനമായ എതിർപ്പുകളും തടസ്സപ്പെടുത്തലുകളുമുണ്ട്. വനിതാ മതിൽ വർഗ്ഗീയ മതിലാണെന്ന വലതുപക്ഷത്തിന്റെ ആരോപണത്തെ തള്ളിക്കളഞ്ഞു കൊണ്ട് ജാതിക്കും മതത്തിനും എതിരായി ജീവിക്കുന്ന ധാരാളം സ്ത്രീകൾ വിശാല ഇടതുപക്ഷത്തു നിന്ന് വനിതാമതിലിൽ പങ്കെടുക്കും എന്നതിൽ എനിക്ക് സംശയമില്ല. കാരണം, കേരളത്തിൽ വെറുപ്പിന്റേയും ആർത്തവ അയിത്തത്തിന്റേയും സ്ത്രീവിരുദ്ധതയുടേയും രാഷ്ട്രീയം ഇനിയും കൂടുതൽ പടരുത് എന്നത് സമാധാനപരമായ സാമൂഹ്യ ജീവിതത്തിന് ആവശ്യമാണ്.

കുറേയേറെ സ്ത്രീകളുടെ ചിന്തകൾക്ക്, ഭാവനകൾക്ക് പല തലങ്ങളിൽ ഉണരാനും ഉയരാനുമുള്ള ആദ്യ അവസരമായിരിക്കാം ഈ വനിതാ മതിൽ. അത്തരം ഒരവസരമൊരുക്കിയതിൽ കേരള സർക്കാ രിനെ അഭിനന്ദിക്കുന്നു. തുടക്കത്തിലും ഇടയിലുമൊക്കെ സംഭവിച്ച, സംഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയമായ തെറ്റുകൾ തിരുത്തിക്കൊണ്ട് കേരളത്തിൽ സ്ത്രീകളുടെ, വിശേഷിച്ച് കീഴാള സ്ത്രീകളുടെ സാമൂഹ്യ പൊതുമണ്ഡലം വളർന്നു വരാൻ സർക്കാർ നിരന്തരമായ പ്രവർത്തന പരിപാടികളും പദ്ധതികളും തുടർന്ന് ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ മണ്ഡല മകരവിളക്ക് കാലത്തു തന്നെ ദലിത് സ്ത്രീകൾ ശബരിമലയിലെത്തിയാൽ അവർക്ക് സുരക്ഷ നല്കാനും സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധി നടപ്പാക്കാനും സർക്കാരിനു കഴിയണം. ആക്ടിവിസ്റ്റുകൾ മല കയറരുത് എന്നു പറഞ്ഞ് തടയുന്നത് തെറ്റാണ്. കാരണം, കേരളം ഇപ്പോൾ നവോത്ഥാന കാലത്തിലാണ്. അതിന്റെ ഭാഗമായി, ഈ ദിവസങ്ങളിൽ വില്ലുവണ്ടി സമരം നടത്തുകയും ശബരിമല കയറാൻ വരും എന്നു പറയുകയും ചെയ്യുന്നത് മഹാത്മാ അംബേദ്കറിനൊപ്പം ഭരണഘടനയിൽ ഒപ്പു വെച്ച കേരളത്തിന്റെ ദാക്ഷായണി വേലായുധന്റെ പിന്മുറക്കാരായ സ്ത്രീകളുമാണ്.

## പ്രളയാനന്തര കേരളത്തിൽ ലിംഗനീതിക്കും സമത്വത്തിനും വേണ്ടിയുള്ള പ്രവർത്തതനങ്ങൾ

പ്രകൃതി ദുരന്തമായി വന്ന ആഗസ്റ്റിലെ പ്രളയത്തിനു ശേഷം, പ്രകൃതിയെ സംരക്ഷിച്ചും പരിപാലിച്ചുമുള്ള കേരളത്തിന്റെ സുസ്ഥിര വികസനത്തെക്കുറിച്ച് ആലോചിക്കാതെയും പ്രവർത്തിക്കാതെയും നിർവാഹമില്ല എന്ന സമ്മർദ്ദം സർക്കാരിനു മേൽ ശക്തമാണ്. പ്രളയം തകർത്ത നാശനഷ്ടങ്ങൾ നികത്താൻ പ്രയാസമാണ്. പ്രകൃതിയെ അറിഞ്ഞും പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചും മാത്രമേ ഇനി കേരളത്തിന് മുന്നോട്ടു പോകാനാവൂ. സർക്കാരുകളും ബന്ധപ്പെട്ട രാഷ്ട്രീയപ്പാർട്ടികളും അതിൽ അനുരഞ്ജനങ്ങൾക്ക് ശ്രമിക്കുന്നത് കൂടുതൽ ആപൽക്കരമായിരിക്കും. സമാനമാണ്, ശബരിമല വിധി വന്നതിനു ശേഷം കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ ജീവിതം ആവശ്യപ്പെടുന്ന ശ്രദ്ധയും കരുതലും. പ്രകൃതിയുടെ അവകാശങ്ങൾ തകർക്കപ്പെട്ടതു പോലെ സ്ത്രീകളുടെ നേരെയും ആക്രമണങ്ങൾ എത്രയോ കാലമായി തുടരുകയാണ്! ലിംഗ നീതിക്കും സമത്വത്തിനും വേണ്ടിയുള്ള പ്രവർത്ത നങ്ങളും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളും ഒരേ പ്രാധാന്യത്തോടെ കാണാനും പ്രവർത്തനങ്ങളാവിഷ്കരിക്കാനും സർക്കാ രിനു കഴിയണം.

സ്ത്രീകൾക്ക് സവിശേഷമായ ശാരീരികാനുഭവങ്ങളും സാമൂഹ്യാനുഭവങ്ങളുമുണ്ട്. സ്ത്രീവിരുദ്ധമായ അനാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും ആർത്തവ അയിത്തത്തിന്റേയും അടിമത്തത്തിന്റേയും തടവറയിൽ നിന്ന് യുക്തി ബോധത്തിന്റേയും ശാസ്ത്രീയ ചിന്തയുടേയും സ്വാതന്ത്ര്യാനുഭവങ്ങളുടേയും വ്യവഹാരങ്ങളറിയാൻ സ്ത്രീകൾക്ക് പൊതു സമൂഹത്തിലിറങ്ങാനുള്ള കൂടുതൽ അവസരമുണ്ടാക്കണം. സവിശേഷമായ ബോധവൽക്കരണവും വിദ്യാഭ്യാസവും തൊഴിലും ലഭിക്കണം. നിയമനിർമ്മാണ സഭകളിൽ തുല്യമായ രാഷ്ട്രീയാധികാരം ലഭിക്കണം. ഇതെല്ലാം സാധ്യമാക്കാനുള്ള പ്രതിബദ്ധത സർക്കാരിനുണ്ടാവണം.

*വനിതാമതിലിനു മുമ്പ് മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്ന്*



# നവോത്ഥാന മതിൽ


നവോത്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഏതൊരു സമൂഹത്തിലും നവോത്ഥാനം ആവശ്യമാകുന്നത് നിലനിൽക്കുന്ന സമൂഹത്തിന് താങ്ങാവുന്നതിലധികം ജീവിതം അസഹനീയമാകുമ്പോഴാണ്. ജനസഞ്ചയത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ഉയിർത്തെഴുന്നേൽപ്പുകളാണ് നവോത്ഥാനമാകുന്നത്. ഇത്തരം ഉയിർത്തെഴുന്നേൽപ്പുകൾ സാഹിത്യ-സാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിലേതുമാകാം. എല്ലാറ്റിലുമാകാം. ചരിത്രപരമായി പരിശോധിക്കുമ്പോൾ യൂറോപ്പിൽ നവോത്ഥാനമുണ്ടായത് ഇത്തരത്തിലുള്ള പല സാഹചര്യങ്ങളും ഒത്തുവന്നപ്പോഴാണ്.

**കേരള മാതൃക**

കേരളത്തിൽ 19-ാം നൂറ്റാണ്ടിൽ നടന്ന നവോത്ഥാനവും മറ്റൊരു കേരളത്തെ സൃഷ്ടിക്കുക തന്നെയായിരുന്നു. ജാതി-ജന്മി-നാടുവാഴിത്ത സമ്പദ്വ്യവസ്ഥയിൽ ജനങ്ങൾക്കുണ്ടായ അതൃപ്തി, കൊളോണിയൽ ഭരണത്തോടുള്ള അമിതമായ പ്രതിഷേധം, മനുഷ്യരെ പരസ്പരം മാറ്റിനിർത്തുന്ന ജാതീയതയോടുണ്ടായ വെറുപ്പ്/കലഹങ്ങൾ, നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും അടിമത്തംപേറി നടന്നതിലെ മടുപ്പ് ഇവയെല്ലാംചേർന്ന് ഒരു മാറ്റം അനിവാര്യമാണ് എന്ന തോന്നലാണ് നവോത്ഥാനത്തിന് നാന്ദി കുറിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനുമായുള്ള മുറവിളികൾ, വിവാഹകുടുംബസംവിധാനത്തിൽ മാറ്റം വരുത്താനായുള്ള വിവിധ ജാതിവിഭാഗങ്ങളുടെ വിവാഹ റെഗുലേഷൻ, കുടുംബ റെഗുലേഷൻ, സ്വത്തവകാശവും ഭൂസ്വത്തും സംബന്ധിച്ച നിയമപരമായ നീക്കങ്ങൾ, പുതിയ തൊഴിൽ രംഗങ്ങളിലേക്കുള്ള പ്രവേശം, അക്ഷരം നേടിത്തന്ന മാറ്റങ്ങൾ, വാർത്താവിനിമയരംഗത്തെ വിസ്ഫോടനങ്ങൾ എന്നിങ്ങനെ, രാഷ്ട്രീയസാമൂഹ്യ സാമ്പത്തികരംഗത്ത് മാറ്റങ്ങൾ ആവശ്യപ്പെട്ടുകൊ

ഡോ. ടി.കെ. ആനന്ദി





ണ്ട് സമൂഹത്തിൽ ഉയർന്നുവന്ന രോഷങ്ങളാണ് സാമൂഹ്യപരിഷ്കരണമായി മാറിയത്.

സാമുദായിക പരിഷ്കരണപ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന ആവശ്യങ്ങൾ കാർഷികരംഗത്തെ തൊഴിലാളി /ഫാക്ടറി/തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ, ദേശീയ പ്രക്ഷോഭങ്ങൾ ഇവയെല്ലാംകൂടി ചേർന്ന് 1948ലെ പാലിയം സത്യഗ്രഹത്തിലെത്തുകയും മിശ്രഭോജനം, മിശ്രവിവാഹം, അയിത്തോച്ചാടനം എന്നിവയിലൂടെ ജാതി-ജന്മി-നാടുവാഴിത്തം തുടച്ചെറിയുകയും ചെയ്യുതാണ് മാറ്റങ്ങൾ സൃഷ്ടിച്ചത്. ഭൂപരിഷ്കരണനിയമങ്ങൾ 1960കളോടെ പ്രാബല്യത്തിൽ വരുന്നു. വിദ്യാഭ്യാസത്തിന്റെ/സാക്ഷരതയുടെ സാർവത്രികത, ആരോഗ്യരംഗത്തെ ഘടനയിലും ഗുണനിലവാരത്തിലും വന്ന മാറ്റങ്ങൾ, സ്ത്രീവിദ്യാഭ്യാസത്തിന്റെ വ്യാപ്തി, തൊഴിൽരംഗത്തെ പുതിയ സാധ്യതകൾ എന്നിങ്ങനെ, കേരളം 40 വർഷത്തിനുള്ളിൽ വികസിത രാജ്യങ്ങളോടൊപ്പം എത്തുന്ന രീതിയിൽ, കേരള മാതൃകാ വികസനമെന്നപേരിൽ ആഗോളതലത്തിൽ അറിയപ്പെട്ടു.

സ്ത്രീകളുടെ അവസ്ഥയിലും മാറ്റമുണ്ടായി. കുടുംബത്തിനകത്ത് കഴിഞ്ഞിരുന്ന അജ്ഞരായിരുന്ന സ്ത്രീകൾ, ഉന്നതവിദ്യാഭ്യാസത്തിലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിലും അഗ്രഗണ്യരായി. ഗർഭകാലത്ത് ഒമ്പത് മാസവും നിരീക്ഷണത്തിനായി ആശുപത്രിയിൽ പോകുന്ന ആരോഗ്യബോധമുള്ള സ്ത്രീകളുള്ള ഏക സംസ്ഥാനമായി കേരളം അറിയപ്പെട്ടു. സ്ത്രീകൾക്കന്യമായിരുന്ന അധികാരവും രാഷ്ട്രീയവും കൈയെത്തും ദൂരത്തായി മാറി. ഇതുവരെ ഇടപെടാത്ത തൊഴിൽ രംഗത്തും സംരംഭകത്വത്തിലും ഇടപെടാൻ ജനകീയാസൂത്രണവും കുടുംബശ്രീയും സഹായകമായി. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ വർധിച്ചെങ്കിലും പഠിക്കാനും പ്രക്ഷോഭങ്ങൾ നടത്താനും സ്ത്രീകൾതന്നെ തയ്യാറാകുന്ന സ്ഥിതിയുണ്ടായി. ലോക്കോ പൈലറ്റായും ബസ് കണ്ടക്ടറായും ഡ്രൈവറായും എന്തിനധികം, നിർമാണരംഗത്ത് പോലും സ്ത്രീകൾ എത്തി. അറിവിന്റെ ലോകവും പ്രവർത്തനത്തിന്റെ ലോകവും പ്രായോഗികതകൊണ്ട് സ്ത്രീകൾ കീഴടക്കി.

**സ്ത്രീകളുടെ അവസ്ഥയിലും മാറ്റമുണ്ടായി. കുടുംബത്തിനകത്ത് കഴിഞ്ഞിരുന്ന അജ്ഞരായിരുന്ന സ്ത്രീകൾ, ഉന്നതവിദ്യാഭ്യാസത്തിലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിലും അഗ്രഗണ്യരായി. ഗർഭകാലത്ത് ഒമ്പത് മാസവും നിരീക്ഷണത്തിനായി ആശുപത്രിയിൽ പോകുന്ന ആരോഗ്യബോധമുള്ള സ്ത്രീകളുള്ള ഏക സംസ്ഥാനമായി കേരളം അറിയപ്പെട്ടു.**

പക്ഷേ, അതിന്റെകൂടെ സാമൂഹ്യ രാഷ്ട്രീയമാറ്റങ്ങൾ ലോകത്തെമ്പാടും സംഭവിക്കുന്നുണ്ടായിരുന്നു. ജീവിതം ദുസ്സഹമാക്കുന്ന തരത്തിൽ, സാമ്പത്തികഭദ്രത ചോദ്യം ചെയ്യപ്പെട്ടു. കാർഷികരംഗത്തെ മുരടിപ്പും പുത്തൻ സാമ്പത്തികനയവും സ്വകാര്യവൽക്കരണവും നൽകിയ സമ്മർദം ജീവിതം ദുസ്സഹമാക്കി. തൊഴിൽരംഗത്തെ മാന്ദ്യം, സാ

മ്പത്തിക രംഗത്തെ മാന്ദ്യത്തിന് ആക്കം കൂട്ടി. ഇതിനെ സഹായിക്കുന്ന രീതിയിൽ ഉയർന്നുവന്ന നിയോലിബറൽ മൂല്യങ്ങളും വ്യവസ്ഥകളും കേരളജനത പ്രതീക്ഷിച്ചതിലപ്പുറം നിരാശാജനകമായിരുന്നു. പ്രക്ഷോഭങ്ങൾ ഒരുവശത്ത് നടക്കുമ്പോഴും നിയോലിബറൽ നയങ്ങൾ ഒരു പ്രശ്നവുമില്ലാതെ അടിച്ചേൽപ്പിക്കപ്പെട്ടു. പൂർണമായും ഫ്യൂഡൽ മൂല്യങ്ങൾ തകർത്തെറിയുന്നതിനു മുമ്പേ മുതലാളിത്തവും അതിലും വേഗതയോടെ , നിയോലിബറൽ നയങ്ങളും താങ്ങാൻപറ്റാതെ ജനങ്ങൾ പകച്ചുനിന്നു. തൊഴിലിലും ജീവിതചര്യകളിലും ജാതിയും മതവും ഉപേക്ഷിച്ചപ്പോഴും, ജനന-മരണ -വിവാഹങ്ങളിൽ ജാതിയും മതവും കൈവിട്ടുപോകാൻ വൈമനസ്യം കാണിക്കുന്നതുപോലെ, ആന്തരികസംഘർഷങ്ങൾ പ്രകടമായി. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉതെറിഞ്ഞ് പുതിയ മനുഷ്യനായി 'ഇനി അമ്പലങ്ങൾക്ക് തീ കൊടുക്കാം' എന്നുപറഞ്ഞ വി ടി ഭട്ടതിരിപ്പാടിനെ അംഗീകരിച്ചപ്പോൾത്തന്നെ, അമ്പലങ്ങൾ നല്ല വരുമാന

**കേരളത്തിലെ 52 ശതമാനം വരുന്ന സ്ത്രീകൾ ഏതാണ്ട് പൊതുരംഗം കീഴടക്കുന്ന രീതിയിൽ പലതരം തൊഴിലുകളിലും അധികാരകേന്ദ്രങ്ങളിലും തിരുമാനമെടുക്കുന്ന രംഗത്തുമൊക്കെ, കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലായി ദൃശ്യരായിട്ടുണ്ട്. 30 കളിൽ നടന്ന നവോത്ഥാന കാലഘട്ടത്തിൽനിന്ന് സ്ത്രീകൾ ഏറെ മുന്നോട്ട് നടക്കുകയും നിർണായകസ്ഥാനം വഹിക്കുകയും ചെയ്യുന്നുണ്ട്.**

മാർഗമാണ്, വിപണിയാണ് എന്ന് തിരിച്ചറിഞ്ഞ് ഭക്തിയും കച്ചവടവും ഒന്നിച്ചു കൊണ്ടുപോകാൻ തീരുമാനിച്ചതിലുണ്ടായ വൈരുധ്യങ്ങളും ഇതേ തരത്തിലുള്ളതായിരുന്നു.

ഇത്തരത്തിലുള്ള പലതരം ആത്മവൈരുധ്യങ്ങൾ കാരണം യാഥാസ്ഥിതികരും ആചാരബദ്ധരും അതേസമയം സ്വാതന്ത്ര്യചിന്തകരുമായി പൊതുജനം മാറി. ഇന്റർനെറ്റും കംപ്യൂട്ടറും അച്ചടിയന്ത്രവും കടലാസിന്റെ സ്ഥാനം അപഹരിച്ചു. ഇവ തരുന്ന പുതിയ അറിവുകൾ, ജ്ഞാനലോകത്തിൽ വന്ന മാറ്റങ്ങൾ, അതിലുണ്ടാകുന്ന ചടുലത-വിവരങ്ങൾ വിരൽത്തുമ്പിലാകുമ്പോഴും തെറ്റേത്, ശരിയേത് എന്നറിയാത്ത അവസ്ഥ. ഈ ആശയക്കുഴപ്പത്തെയാണ് ഹൈന്ദവശക്തികൾ ഇപ്പോൾ പ്രയോജനപ്പെടുത്തുന്നത്.

## ചരിത്രം സൃഷ്ടിക്കട്ടെ

ശരീരമറിയാതെ, ആർത്തവമറിയാതെ, പ്രസവമറിയാതെ നാം, അവയെ സംബന്ധിച്ച നിയമങ്ങൾ പഠിച്ചു പ്രചരിപ്പിച്ചു. അതിൽ






ഒന്ന് സദാചാരവും മറ്റൊന്ന് സദാ ആചാരവുമാണെന്ന് മനസ്സിലാക്കി. പരസ്പരബന്ധം തിരിച്ചറിയാത്തതുകൊണ്ട്, സദാചാരത്തിലും ആചാരത്തിലും മുറുകെ പിടിച്ചു. അപ്പോഴും ആത്മസംഘർഷം തുടർന്നുകൊണ്ടേയിരുന്നു. കേരള നവോത്ഥാനത്തിൽ കൊളോണിയൽ നിയമങ്ങൾ ജാതിമര്യാദകളെയും ആചാരാനുഷ്ഠാനങ്ങളെയും പകരംവച്ചപ്പോൾ, രണ്ടു കൈയും നീട്ടി സ്വീകരിച്ച നമുക്ക് ഇപ്പോൾ വിദ്യാഭ്യാസം നേടിയപ്പോൾ സുപ്രീംകോടതി വിധിയെക്കാൾ ആചാരമല്ലേ ശരി എന്ന സംശയമായി. സുപ്രീംകോടതിക്കും മുകളിൽ നമ്മൾ ആചാരത്തെ പ്രതിഷ്ഠിച്ചു. പുറന്തോട് മുഴുവൻ പൊളിച്ചുകൊണ്ടല്ലേ നാം പുരോഗമിച്ചത്. മുഴുവനായും പൊളിച്ച് പുറത്തുവരേണ്ടതുണ്ട്. ഈ ഒരവസ്ഥയിൽ നിർബന്ധമായും അനിവാര്യമായതാണ് നവോത്ഥാനം. കേരളത്തിൽ മറ്റൊരു നവോത്ഥാനത്തിനുള്ള സമയമായിരിക്കുന്നു.

കേരളത്തിലെ 52 ശതമാനം വരുന്ന സ്ത്രീകൾ ഏതാണ്ട് പൊതുരംഗം കീഴടക്കുന്ന രീതിയിൽ പലതരം തൊഴിലുകളിലും അധികാരകേന്ദ്രങ്ങളിലും തീരുമാനമെടുക്കുന്ന രംഗത്തുമൊക്കെ, കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലായി ദൃശ്യരായിട്ടുണ്ട്. 30 കളിൽ നടന്ന നവോത്ഥാന കാലഘട്ടത്തിൽനിന്ന് സ്ത്രീകൾ ഏറെ മുന്നോട്ട് നടക്കുകയും നിർണായകസ്ഥാനം വഹിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീകളെയും ട്രാൻസ്ജനങ്ങളെയും വ്യക്തികളായി അംഗീകരിച്ചുകൊണ്ട്, സമൂഹം മുന്നോട്ട് പോകേണ്ടതുണ്ട്. പ്രബുദ്ധരായ കേരളസ്ത്രീകൾ ഇരുട്ടിലേക്ക് വഴുതിവീഴാതെ വെളിച്ചത്തിലേക്ക് എത്തിപ്പെടാൻ ഇന്ന് പ്രാപ്തരാണ്.

അതായത് അവരെ കൈപിടിച്ച് ഉയർത്തേണ്ട ആവശ്യമില്ലാതെ തന്നെ, സ്വയം ബോധ്യപ്പെട്ട് ഭൂരിപക്ഷം സ്ത്രീകളും പല അശാസ്ത്രീയതയെയും ചോദ്യംചെയ്യുതുടങ്ങിയിരിക്കുന്നു. അതിനർഥം സ്ത്രീകൾക്കുമാത്രമായി ഒരു സാമൂഹ്യമാറ്റം ആവശ്യമാണ് എന്നല്ല, പരസഹായമില്ലാതെ തലയുയർത്തി എണീറ്റ് നിൽക്കുന്ന അവർ ഒന്നിച്ച് നിന്നുകൊണ്ട് ശാസ്ത്രത്തിന്റെയും യുക്തിയുടെയും തലം മുറുകെ പിടിച്ച് മുന്നോട്ടുതന്നെ എന്ന് പ്രഖ്യാപിക്കേണ്ട സമയമാണിപ്പോൾ. അതിനുള്ള പ്രതീകാത്മകതയാണ് വനിതാമതിൽ. ആശയതലത്തിലും രാഷ്ട്രീയമായും വ്യത്യസ്തത നിലനിൽക്കുമ്പോഴും, കേരളത്തിലെ ശാസ്ത്രബോധവും യുക്തിപരതയും അറിവും ഉപയോഗിച്ചുകൊണ്ടുള്ള കൂട്ടായ്മയുടെ ആവശ്യം ഇന്ന് എന്നത്തേക്കാൾ കൂടുതലാണ്. കേരളത്തെ ഗ്രസിക്കുന്ന ആശയക്കുഴപ്പത്തെ നേരെനിർത്താൻ, ഇരുട്ടിലേക്ക് വഴുതാതെ, ആചാരമതിലുകളെ, വർഗീയമതിലുകളെ തടഞ്ഞുനിർത്തുന്നതാണ് വനിതാമതിൽ. ഈ നവോത്ഥാനം സ്ത്രീകളിലൂടെ മാത്രമേ ഇനി കേരളത്തിൽ സാധ്യമാകൂ-പുതുവത്സരദിനത്തിൽ ഉയരാൻപോകുന്നത് ജൈവികമായ സമൂഹത്തിന്റെ മതിലാണ്. കേരള നവോത്ഥാനത്തിൽ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതനിരപേക്ഷത, ജനാധിപത്യം എന്നീ ആശയങ്ങൾ തികഞ്ഞ പൗരബോധത്തോടെ ഉയർത്തിപ്പിടിക്കുന്ന ഓരോസ്ത്രീയും, ചരിത്രം സൃഷ്ടിക്കുന്ന നവോത്ഥാന നായികമാരാണ്. വനിതാമതിൽ ചരിത്രം സൃഷ്ടിക്കുക തന്നെ ചെയ്യും.

# എന്റെ ദേവഗിരി കോളേജ്





**1969**ൽ ഡിഗ്രി വിദ്യാർത്ഥിയായി സെന്റ് ജോസഫ് കോളേജ് ദേവഗിരിയിലേക്ക് ഞാൻ കടന്നുവരുമ്പോൾ എന്റെ മനസ്സിൽ ആണ്ടിറങ്ങിയ അദ്ധ്യാപകനായിരുന്നു പ്രൊഫസർ ഷെപ്പേർഡ്. നിരവധി മേഖലകളിൽ നേട്ടങ്ങൾ കൊയ്തെടുത്ത ദേവഗിരി കോളേജിന്റെ ഹൃദയം അവിടെ ജോലിചെയ്ത അദ്ധ്യാപകരായിരുന്നു. ആംഗലസാഹിത്യത്തിൽ നിറഞ്ഞുനിന്നിരുന്ന ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന പ്രൊഫസർ ഷെപ്പേർഡ് കോഴിക്കോട് സർവ്വകലാശാലയുടെ തന്നെ അഭിമാനമായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ ചിലവഴിക്കുന്ന ഓരോ നിമിഷവും വിലപ്പെട്ടതായിരുന്നു. ഷെയ്ക്സ്പിയറുടെ നാടകങ്ങളായ 'As you like it', 'Romoeo and Juliet', 'King Lear' എന്നീ പുസ്തകങ്ങൾ ക്ലാസ്സിൽ പഠനത്തിനു വരുമ്പോൾ ആംഗലസാഹിത്യത്തിലെ ഓരോ മിടിപ്പുകളെയും തന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളിലും ആണ്ടിറങ്ങാൻ പ്രൊഫ. ഷെപ്പേർഡ് ശ്രദ്ധിക്കുമായിരുന്നു. കോഴിക്കോട്ട് ക്രൗൺ തീയറ്ററിൽ Romoeo and Juliet' സിനിമ കളിക്കുമ്പോൾ ഞങ്ങൾക്കെല്ലാവർക്കും സിനിമകാണാൻ ഞങ്ങളുടെ കൂടെ തീയറ്ററിൽ ഒരു കൂട്ടുകാരനെപ്പോലെയിരുന്ന പ്രൊഫസർ ഷെപ്പേർഡ് ദേവഗിരിയുടെ അഭിമാനമായിരുന്നു.

ആംഗലകവിതകളിലെ താളാത്മകതയെ വിദ്യാർത്ഥികളിലെത്തിക്കാൻ ഓരോ നിമിഷവും ഉപയോഗിച്ചിരുന്ന ദേവഗിരി കോളേജിലെ ശ്രദ്ധേയനായ അദ്ധ്യാപകനായിരുന്നു വിശ്വനാഥൻ. മഹാകവി ഷെല്ലിയുടെ കവിത 'The Skylark' പഠിപ്പിക്കാൻ തുടങ്ങുമ്പോൾ വാനമ്പാടിയുടെ ചിറകടിശബ്ദം വിദ്യാർത്ഥികളുടെ മനസ്സിലും പറന്നുയരും.

**പി. വിശ്വൻ**
മുൻ എം.എൽ.എ.






ചിറകടിച്ച് പറന്നുയരുന്ന വാനമ്പാടി ചിറകടിക്കാതെ ഒഴുകുന്നതും വിശ്വനാഥൻ മാസ്റ്റർ കവിത ചൊല്ലുമ്പോൾ താളാത്മകമാകുമായിരുന്നു.

"Singing Still does soon and Soaving ever singest' ചരിത്രകാരനായ പ്രൊഫസർ ജിമ്മി ആൻഡ്രൂസിന്റെ ചരിത്ര ക്ലാസ്സുകളും ഹിന്ദികവിതകൾ ചൊല്ലുന്ന ഹിന്ദി അദ്ധ്യാപകൻ വി.എ. കേശവൻ നമ്പൂതിരിയും ഫ്രഞ്ച് ഭാഷ പഠിപ്പിക്കാൻ ക്ലാസ്സിലെത്തുന്ന പ്രൊഫസർ മുച്ചിക്കൽ പത്മനാഭനും ദേവഗിരി കോളേജിന്റെ അഭിമാനമായിരുന്നു. 1969ൽ കോളേജിൽ ചേർന്ന വർഷം പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനമായിരുന്ന കെ.എസ്.എഫ്.ന്റെ പ്രവർത്തകനായ എനിക്ക് ആ വർഷം കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കിട്ടിയ വോട്ട് 36 മാത്രം. 1970കളിൽ എസ്.എഫ്.ഐ. സംഘടന രൂപീകരിച്ചതിനുശേഷം 1970-71ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾ വിജയിച്ചപ്പോൾ ഫ്രഞ്ച് പ്രൊഫസർ തുള്ളിച്ചാടിയ രംഗം ഇന്നും മനസ്സിൽ ജ്വലിച്ചു നിൽക്കുന്നു.

പ്രശസ്തനായ ഇന്ത്യൻ വോളിബോൾ താരം ജിമ്മിയുടെ ദേവഗിരി കോളേജ്, അന്ന് ഞങ്ങളുടെ മനസ്സിൽ വേദനയുണ്ടാക്കുന്ന വിഷമം കൂട്ടുകാരികളില്ലാത്ത കോളേജ് എന്നതായിരുന്നു. എന്റെ കൂടെ പ്രീ-ഡിഗ്രി ക്ലാസ്സിൽ മലമുകളിലെ മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ പഠിച്ച റീനയും വിമലയും സുബൈദയും മറ്റു കോളേജുകളിൽ പഠിക്കുന്നു. അവരെക്കാണാൻ 70-ാം നമ്പർ ബസ്സിൽ കയറി കോഴിക്കോട് നഗരം കറങ്ങിവേണം ദേവഗിരിയെത്താൻ.

ഹിന്ദി അദ്ധ്യാപകൻ വി.എ. കേശവൻ നമ്പൂതിരിയുടെ ക്ലാസ്സിലിരിക്കുമ്പോൾ കബീർദാസും തുളസീദാസും എഴുതിയ കവിതകൾ കാണാപ്പാഠം പഠിക്കാൻ ഹിന്ദിഭാഷ പഠിക്കുന്നവർക്ക് ഒരു സുവർണ്ണാവസരമായിരുന്നു.

അന്നു പഠിച്ച കബീർദാസിന്റെ വരികൾ ഇന്നും എന്റെ മനസ്സിൽ കെടാതെ കിടക്കുന്നു.

'തേരാ സാഈ തുഛ് മേം ജോ
പുഹ്ഫംചൻ മേം കസ്തൂരി കാ'

പ്രൊഫ. കേശവൻ നമ്പൂതിരി ഉറക്കെ പറയും: 'തുമാരേ ഭഗവാൻ തുമാരേ അന്തർ മേം ഹെ'

ഒരുപാട് ഓർമകൾ, ഒരുപാട് സമരങ്ങൾ, മുദ്രാവാക്യങ്ങൾ, ചെറുതും വലുതുമായ നിരവധി പ്രസംഗങ്ങൾ എല്ലാം സാക്ഷ്യംവഹിച്ച കോളേജ്. 1972ൽ കോളേജിലെ റൈറ്റേഴ്സ് ക്ലബ്ബ് സിക്രട്ടറിയായും കോളേജ് മാഗസിൻ ചീഫ് എഡിറ്ററായി പ്രവർത്തിക്കുമ്പോഴും എന്റെ പ്രിയപ്പെട്ട അദ്ധ്യാപകരുടെ പ്രിയപ്പെട്ട വിദ്യാർത്ഥിയായിരുന്നു ഞാൻ.





കടപ്പാട്: ടി. മുരളി


# നവോത്ഥാനത്തിന്റെ സ്ത്രൈണവഴികൾ

**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്



ലിംഗനീതിയും ലിംഗസമത്വവും ലിംഗസ്വാതന്ത്ര്യവും ലിംഗാവകാശവും കാല്പനികച്ചരുള വെറും ആചാരവ്യവഹാരങ്ങളല്ല എന്ന് 2019 ജനവരി ഒന്നിന്റെ വനിതാമതിലിന്റെ കരളുറപ്പിൽ കേരളം സാക്ഷ്യപ്പെടുത്തി. സ്ത്രീസ്വാതന്ത്ര്യമുന്നേറ്റത്തിന്റെ നവോത്ഥാന കാഹളങ്ങൾ പലവുരു മുഴങ്ങിക്കേട്ടയിടമാണിത്. പുരുഷമേധാവിത്വനിയമാവലികൾ കല്പിച്ചുനൽകിയ കുടുംബിനീസങ്കല്പത്തിന്റെ ആദർശവത്കരണങ്ങളൊക്കെ കുടഞ്ഞെറിഞ്ഞ എത്രയോ സ്ത്രീയവകാശപ്രവർത്തകരും എഴുത്തുകാരികളും പിറന്നനാടാണിത്. മേൽമുണ്ട്സമരം നടത്തിയ ചാന്നാർ സ്ത്രീകളും കല്ലുമാല സമരത്തിനണിചേർന്ന ദലിത് സ്ത്രീകളും മുലയറുത്തെറിഞ്ഞ് മുലക്കരത്തിനെതിരെ പ്രതിഷേധിച്ച കീഴാള പെണ്ണുങ്ങളും സവർണ്ണപുരുഷാധികാരത്തിന്റെ ചെകിട്ടത്ത് ആഞ്ഞടിച്ചത് എത്രയോ വർഷങ്ങൾക്ക് മുൻപാണെന്നത് നാം മറക്കരുത്.

തൊഴിലും വരുമാനവും ഉയർന്ന ചിന്താഗതിയും അറിവും മാനഷികമൂല്യങ്ങളും നൽകുന്ന അഭിമാനത്തിനു പകരം വെക്കാൻ മറ്റൊരു ഔദാര്യസ്ഥാനമാനങ്ങൾക്കുമാവില്ലെന്ന് സ്ത്രീകൾക്ക് ആഴത്തിൽ തിരിച്ചറിവുണ്ടായ കാലഘട്ടം കൂടിയാണിത്. പുരുഷാധിപത്യം അനുവദിച്ചുതരുന്ന നിരോധിതമേഖലകൾ കടന്നാചെന്ന് സ്ത്രീകൾക്ക് കലാത്മക പ്രകാശനം പോലും ആവിഷ്കരിക്കാൻ സാധ്യതയില്ലാതിരുന്ന ഒരു കാലം ചരിത്രരേഖകളിലുണ്ട്. സ്ത്രീകളുടെ സർഗാത്മകവിസ്ഫോടനങ്ങളെ സദാചാരമെന്ന കുച്ചുവിലങ്ങിൽ തളച്ച് കെട്ടിയിടാൻ ശ്രമിക്കുന്ന നീക്കം അന്നുമിന്നുമുണ്ട്. 1930കളിൽ സാമൂഹിക-സാമുദായിക ലിംഗദുരാചാരങ്ങൾക്കെതിരെ പ്രതികരിക്കാൻ സ്ത്രീക്കൂട്ടായ്മകൾ തന്നെ കഥയെഴുതിയും നാടകംകളിച്ചും തെരുവുനൃത്തം ചെയ്തും തിരിച്ചറിവ് പ്രകടിപ്പിച്ചു. ലളിതാംബിക അന്തർജ്ജനം, കമുകറ എൻ. ലീലാഭായി, കെ.



സരസ്വതിയമ്മ തുടങ്ങിയവർ സമരമുഖത്തെ പെൺജിഹ്വകളായി.

1924-ലെ വൈക്കം സത്യാഗ്രഹം അയിത്താചാരത്തിനെതിരെ ഇന്ത്യയിൽ നടന്ന ആദ്യ പ്രതിഷേധ പ്രകടനമായിരുന്നു. 1928ലെ തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരം പുരോഗമന നവോത്ഥാനക്കുതിപ്പിന്റെ ആദ്യമണിമുഴക്കമായിരുന്നു. 1931-ലെ ഗുരുവായൂർ സത്യാഗ്രഹവും അയിത്തദുരാചാരങ്ങൾക്കെതിരെ സാധാരണക്കാരായവരുടെ പൊതുബോധത്തെ ചോദ്യംചെയ്യാൻ പോന്നതായിരുന്നു. 1936-ലെ ക്ഷേത്രപ്രവേശന വിളംബരം ആധുനിക കേരളത്തിന്റെ ഏറ്റവും അഹിംസാത്മകവും രക്തരഹിതവുമായ വിപ്ലവമുന്നേറ്റമായിരുന്നു. ഇതൊന്നും അചേതനമായ ചരിത്രയേടുകളല്ല. പൂർവ്വകാലത്തിൽ നിന്നും പാഠമുൾക്കൊള്ളാനായിട്ടെങ്കിലും ഇത്തരം സമരകഥകൾ നാം ഉറക്കെയുറക്കെ വായിക്കേണ്ടിയിരിക്കുന്നു.

വിവേചനങ്ങൾ തീർത്തും വിവേകശൂന്യമായ നടപടിയാണ്. അത് ജനാധിപത്യവിരുദ്ധമാണ്. ജനാധിപത്യത്തിന്റെ അടിത്തറ തന്നെ പക്ഷപാതരഹിതമായ സമീപനങ്ങളാണ്. ഒരുതരത്തിലുള്ള അടിച്ചമർത്തലുകളും അത് അധികകാലം പൊറുത്തുതരില്ല. ഹൈന്ദവവിശ്വാസങ്ങളുടെ പേരിൽ ഭരണഘടന അനുശാസിക്കുന്ന തുല്യസ്വാതന്ത്ര്യത്തിന്റെ നീതി സ്ത്രീസമൂഹത്തിന് നിഷേധിച്ചപ്പോൾ ഉണ്ടായ ഏറ്റവും സ്വാഭാവികമായ പ്രതികരണമാണ് ജനുവരി ഒന്നിന് കേരളം കണ്ട 'വനിതാമതിൽ'. കാസർകോട് മുതൽ തിരുവനന്തപുരം വരെ 620 കിലോമീറ്റർ നീളത്തിൽ സ്ത്രീശക്തിയുടെ നേർവര കേരളചരിത്രത്തിലെ ധവളരേഖയായി നിലനിൽക്കും, സവർണ്ണ ഫാസിസ്റ്റ് ശക്തികൾക്കുള്ള മറുപടിയെന്നോണം. മതനിരപേക്ഷത എന്നത് ഒരിക്കലും മതനിരാസമല്ല. ജാതീയചിന്തകൾക്കും വിഭജനമതാന്ധതയ്ക്കും എതിരെയുള്ള ജാഗ്രതയാണ്. പരമ്പരാഗത ശക്തബിംബങ്ങളായി വിരാജിച്ച സവർണ്ണപുരുഷാധിപത്യഗർവ്വുകൾക്ക് ഇനി തിളക്കം തട്ടിയേപറ്റൂ. വനിതാമതിലിന്റെ അലയൊലികൾ കാലദേശചരിത്രങ്ങൾ തന്നെ മാറ്റിമറിക്കാൻ കെല്പുള്ളതാണ്. കൃത്യം നൂറുവർഷം മുമ്പ് 'ഭയമറ്റുപറന്നുപോയിടുന്ന' ആശാന്റെ സീതയ്ക്ക് ഇപ്പോൾ 2019-ലെ സ്ത്രീമുഖങ്ങളുടെ ഛായയാണ്. അങ്ങനെയാവാതെ തരമില്ലല്ലോ, കവി എന്നും എക്കാലത്തും ക്രാന്തദർശിയാണല്ലോ?!

**ഹൈന്ദവവിശ്വാസങ്ങളുടെ പേരിൽ ഭരണഘടന അനുശാസിക്കുന്ന തുല്യസ്വാതന്ത്ര്യത്തിന്റെ നീതി സ്ത്രീസമൂഹത്തിന് നിഷേധിച്ചപ്പോൾ ഉണ്ടായ ഏറ്റവും സ്വാഭാവികമായ പ്രതികരണമാണ് ജനുവരി ഒന്നിന് കേരളം കണ്ട 'വനിതാമതിൽ'. കാസർകോട് മുതൽ തിരുവനന്തപുരം വരെ 620 കിലോമീറ്റർ നീളത്തിൽ സ്ത്രീശക്തിയുടെ നേർവര കേരളചരിത്രത്തിലെ ധവളരേഖയായി നിലനിൽക്കും, സവർണ്ണ ഫാസിസ്റ്റ് ശക്തികൾക്കുള്ള മറുപടിയെന്നോണം.**




# ഫെമിനിസ്റ്റ് വായന

ഫെമിനിസം പുരുഷനോടുള്ള വെറുപ്പല്ല - പുരുഷാധിപത്യപ്രവണതകളോടുള്ള എതിർപ്പുമാത്രമാണ്. പലമയിൽ വിശ്വസിക്കുന്ന ഒരു പ്രസ്ഥാനം, ജനാധിപത്യമൂല്യങ്ങൾക്കു വില കല്പിക്കുന്ന ഒരു പ്രസ്ഥാനം, സ്ത്രീയോള് തന്നെ ഭൂമിയുടെ അവകാശിയായ പുരുഷനെ എന്തിന് വെറുക്കണം? ഇതുതന്നെയായിരിക്കണം ഫെമിനിസ്റ്റ് വായനാരീതി അവലംബിക്കുന്നവർ പുലർത്തേണ്ട നീതിബോധവും എന്നു തോന്നുന്നു. പുരുഷവീക്ഷണത്തിലെ നന്മകളെ സൗന്ദര്യങ്ങളെ ഉൾക്കൊള്ളാനും, അതിലെ സ്ത്രീവിരുദ്ധതയെ എതിർക്കാനും അവർക്ക് ഒരേസമയം കഴിയണം. പുരുഷന്റേതായ എല്ലാറ്റിനെയും അന്ധമായി എതിർക്കുന്നത് ഫെമിനിസ്റ്റ് വിവേകമല്ല. ഇത് പുസ്തകങ്ങൾ വായിക്കുമ്പോൾ മാത്രമല്ല, സിനിമയെ വായിക്കുമ്പോഴും ലോകത്തെ വായിക്കുമ്പോഴും മനുഷ്യനെ വായിക്കുമ്പോഴും ഫെമിനിസ്റ്റുകൾ പുലർത്തേണ്ട അടിസ്ഥാനനൈതികതയത്രേ.

അല്ലായെങ്കിൽ, കളിത്തൊട്ടിയിലെ അഴുക്കുവെള്ളത്തോടൊപ്പം കുഞ്ഞിനെയും കളയുന്ന തെറ്റായ പ്രവണതയിലേക്ക് നമ്മൾ നീങ്ങും. ലോകവുമായുള്ള എല്ലാ വ്യവഹാരവും നമുക്കൊരു നഷ്ടക്കച്ചവടമായി മാറും. മനസ്സ് ഊഷരമാകും. സാഹിത്യത്തിൽ പുരുഷനോളം വരില്ല സ്ത്രീ എന്ന തെറ്റായ ധാരണയിൽ നിന്ന് എന്നെ മോചിപ്പിച്ചത് സ്ത്രീവാദസിദ്ധാന്തമാണ്. പുരുഷന്റേതായതെല്ലാം ജീവിതനിഷേധിയാണ് എന്ന മറ്റൊരു തെറ്റിദ്ധാരണയിലേക്ക് അതെന്നെ നയിച്ചുകൂടാ.

എം.ഡി. രാധിക






ചങ്ങമ്പുഴ, കസാൻദ്‌ സാക്കിസ്, ഡി.എച്ച്. ലോറൻസ്

ഇത്തരം ആലോചനകൾ കുറേക്കാലമായി കൂടെയുണ്ടെങ്കിലും അവ ഘനീഭവിച്ചത് ഈയിടെ ഒരു പ്രസംഗാവശ്യത്തിനായി ചങ്ങമ്പുഴയുടെ 'രമണൻ' പുനർവായിച്ചപ്പോഴാണ്. കാവ്യത്തിലും, അതു തുടങ്ങുന്നതിനുമുമ്പുള്ള ഉദ്ധരണികളിലും സ്ത്രീക്കുമേൽ ശകാരവർഷം ചൊരിയുന്ന ഒരു കൃതിയാണല്ലോ 'രമണൻ'. സാമ്പത്തികസ്വാതന്ത്ര്യമില്ലാത്ത, ആത്മീയമായും സ്വന്തം കാലിൽ നിൽക്കാൻ പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത (ഒരു പുരുഷാധിപത്യസംസ്കാരവും അത്തരം വിദ്യാഭ്യാസം പെൺകുട്ടികൾക്കു നൽകിയിരുന്നില്ല) ഒരുവളിൽ നിന്നും പ്രതീക്ഷിക്കാവുന്ന പെരുമാറ്റവൈകല്യമേ ചന്ദ്രികയിൽ നിന്ന് ഉണ്ടായിട്ടുള്ളൂ. എന്നിട്ടും കവിത അവൾക്ക് ഒട്ടും മാപ്പുനൽകുന്നില്ല. ഒരു ഫെമിനിസ്റ്റ് വായനയിൽ തെളിയുന്ന കാര്യങ്ങളാണ് ഇവ. എന്നുവെച്ച് 'രമണൻ' ഒന്നാകെ എന്നിലെ വായനക്കാരി തിരസ്കരിക്കേണ്ടതുണ്ടോ? അതിലെ മറ്റു രാമണീയകങ്ങൾ- പ്രകൃതിവർണ്ണനകളുടെ മരതകകാന്തി, ഭാഷയുടെ വാനമ്പാടിത്തം, വികാരങ്ങളുടെ സ്പർശനീയത - എല്ലാം എന്നിലേക്കു ചേർക്കാൻ ഞാനെന്തിനു മടിക്കണം?

കസൻദ്സാക്കിസിന്റെ 'സോർബ ദി ഗ്രീക്ക്' വായിക്കുമ്പോഴും, ഡി.എച്ച്. ലോറൻസിന്റെ നോവലുകൾ വായിക്കുമ്പോഴും ഫെയറി റ്റെയിലുകൾ, കാല്പനികരുടെ കവികൾ എന്നിവ വായിക്കുമ്പോഴുമൊക്കെ ഇത്തരം ചോദ്യങ്ങൾ ഒരു ഫെമിനിസ്റ്റായ എന്റെ ഉള്ളിൽ ഉയർന്നുവരാറുണ്ട്. സ്ത്രീകളെ പറ്റിച്ചു കടന്നുകളയുന്നതിൽ മിടുക്കുകാണിക്കുന്ന സോർബ, ഫെമിനിസ്റ്റ് പുനരവായനകൾ ഒരുപാട് കുറ്റപ്പെടുത്തിയ ലോറൻസ് കൃതികൾ, സ്ത്രീവിരുദ്ധത ഒരു മതമാക്കിയ യക്ഷിക്കഥകൾ, പ്രണയസങ്കല്പങ്ങളിൽ സ്ത്രീയെ ഒരു പൂർണ്ണവ്യക്തിയായിക്കാണാൻ തയ്യാറാവാത്ത കാല്പനികകവികൾ - എല്ലാം ശരിതന്നെ. എങ്കിലും അതിന്റെ പേരിൽ സോർബയുടെ വെളിച്ചം നിറഞ്ഞ ദൃഷ്ടാന്തകഥകളെ, ലോറൻസിലെ ചോദനാപ്രവാഹത്തെ, ഫെയറിക്കഥകളുടെ മാസ്മരികഭംഗിയെ, കാല്പനികരുടെ ആഴമേറിയ ആത്മബോധത്തെ ഒക്കെ ഞാനെന്തിന് അയിത്തം കല്പിച്ചു മാറ്റിനിർത്തണം? അവിടെ നഷ്ടപ്പെടുന്നത് എനിക്ക് തന്നെയല്ലേ?




ഇത്തരമൊരു വിവേകോദയം ധീരമായി രേഖപ്പെടുത്തുന്നുണ്ട് ഒരു പോസ്റ്റ്ഫെമിനിസ്റ്റായ നയമി വുൾഫിന്റെ (Naomi Wolf) 'ദ ട്രീ ഹൗസ്' (The Treehouse) എന്ന കൃതി. സ്ത്രീവാദസിദ്ധാന്തങ്ങളിൽ മുഴുകി ഇരുപതുവർഷത്തോളം തന്നിലെ കവിയെ അവഗണിച്ചതിന്റെ - കവിത വായിക്കുകയോ എഴുതുകയോ ചെയ്യാതെ - പ്രായശ്ചിത്തമെന്നോണം പോയട്രി പ്രൊഫസറായ, ഫെമിനിസ്റ്റ് സിദ്ധാന്തം പഠിച്ചിട്ടില്ലാത്ത തന്റെ അച്ഛന്റെ കാൽക്കൽ തനിക്ക് നഷ്ടമായ കവിതയെ തിരിച്ചുപിടിക്കാൻ അവർ തപസ്സിരുന്നതിന്റെ ഉറനാപറച്ചിലാണ് ആ പുസ്തകം.

നമ്പൂതിരിയെ മനുഷ്യനാക്കാൻ പണ്ട് വി.ടി. പ്രവർത്തിച്ചു. സ്ത്രീക്ക് മനുഷ്യന്റേതായ എല്ലാ അന്തസ്സും നേടിക്കൊടുക്കാനാണ് ഫെമിനിസം യത്നിക്കുന്നത്. ആ കഠിനപ്രയത്നത്തിൽ, 'ഫെമിനിസ്റ്റ്' എന്നത് നമ്മെ പൂർണ്ണമനുഷ്യത്വത്തിലെത്താനനുവദിക്കാതെ ചുരുക്കിക്കളയുന്ന ഒരു ലേബൽ ആയി പരിണമിച്ചുപോവാതിരിക്കാൻ നാമോരോരുത്തരും ശ്രദ്ധിക്കണം എന്ന ഒരെളിയ ഓർമപ്പെടുത്തൽ മാത്രമാണ് ഈ കുറിപ്പ്.

## മൂന്നര പതിറ്റാണ്ടോളം മലയാള സിനിമയിൽ വ്യത്യസ്ത കാഴ്ചകൾ സൃഷ്ടിച്ച ലെനിൻ രാജേന്ദ്രന് ആദരാഞ്ജലി



# ദൃശ്യദേശങ്ങളുടെ ചരിത്രവും പുരാവൃത്തവും



**കെ. പി ജയകുമാർ**
എൻ.എസ്.എസ്. കോളേജ്, ചേർത്തല



ഋതുക്കളുടെ ചലച്ചിത്രകാരനാണ് ലെനിൻ രാജേന്ദ്രൻ. സമൂഹം എന്ന ആവാസവ്യവസ്ഥയുടെ ഋതുപരിണാമങ്ങളിലാണ് ചലച്ചിത്രകാരന്റെ ശ്രദ്ധ. കാലം എന്ന അനുഭവത്തെ കാലാവസ്ഥയായല്ല, കാലത്തിന്റെ അവസ്ഥാന്തരങ്ങളായാണ് ലെനിൻ രാജേന്ദ്രൻ വായിച്ചെടുക്കുന്നത്. സമാന്തര- കലാസിനിമയ്ക്കും ജനപ്രിയ-വാണിജ്യസിനിമയ്ക്കും പുറത്ത് സർഗാത്മകമായൊരു അദ്ദേഹം സൃഷ്ടിച്ചു. 1981ൽ പുറത്തുവന്ന വേനലാണ് ആദ്യ ചിത്രം. ചില്ല്(1982), പ്രേം നസീറിനെ കാൺമാനില്ല (1983), മീനമാസത്തിലെ സൂര്യൻ(1985), സ്വാതി തിരുനാൾ(1987), പുരാവൃത്തം(1988), വചനം(1989) തുടങ്ങിയ ചലച്ചിത്രങ്ങൾ പ്രമേയങ്ങളുടെ വൈവിധ്യംകൊണ്ടുതന്നെ കാലാതിവർത്തിയാകുന്നു.

## കാമനയുടെ വേനലും ചില്ലും

സ്ത്രീ, സിനിമയുടെ കേന്ദ്രപ്രമേയമാകുന്നു എന്നതാണ് വേനലിന്റെ (1981)സവിശേഷത. അരികുകളിൽനിന്ന് കേന്ദ്രത്തിലേയ്ക്ക്



കേവലമായി നടന്നടുക്കുന്ന സ്ത്രീയല്ല വേനലിലെ നായിക രമണി. ആ നടപ്പ് അതികാൽപനികതയിലൂടെ നാം നിർമ്മിച്ച പെൺകാമനയുടെ വാർപ്പുകളെ ഭേദിച്ചാണ് സംഭവിക്കുന്നത്. കോളേജ് ഹോസ്റ്റലിൽ, ആൾക്കൂട്ട സാഹചര്യത്തിനുള്ളിൽ, ഏകാകിനിയായാണ് രമണി. ഈ ഏകാകിതയെ എങ്ങനെയാണ് നിർവചിക്കുക? വിദ്യാഭ്യാസം നൽകുന്ന തുറസുകളായ കോളേജും ഹോസ്റ്റലും സ്വന്തമായ മുറിയും വിചാര, വികാരലോകവുമുള്ള പെൺ യൗവ്വനത്തെ എങ്ങനെ ആവിഷ്കരിക്കും? പുരുഷ കാമന അവളുടെ ഏകാകിതയെ കഥാലോകവുമായി അനായാസം ബന്ധിപ്പിക്കും. യാഥാർത്ഥ്യത്തിൽ നിന്നകന്ന്, കൽപ്പനാലോകത്ത് കഴിയുന്ന പെൺകുട്ടി എന്ന വാർപ്പുരൂപം അനായാസ നിർമ്മിതിയാണ്. രമണിയുടെ കഥാപാത്ര നിർമ്മിതി നാം ഉറപ്പിച്ചുവെച്ച ഈ വാർപ്പുരൂപത്തെ അഴിച്ചെടുക്കുകയാണ്. അതിനായി രമണിയെ പല കാലങ്ങളായി പകുക്കുന്നു. പരസ്പരബന്ധിതവും പൂരകവുമാണ് ഈ വിഭജനങ്ങൾ.

കഥയും നോവലും വായിക്കുകയും അഭ്യസ്തവിദ്യ സാഹചര്യത്തിൽ, മധ്യവർഗ ഭാവുകത്വത്തിൽ പുലരുകയും ചെയ്യുന്ന നായികയുടെ മനസ്, സങ്കല്പങ്ങളുടെ ലോകത്താണ് വിഹരിക്കുന്നത്. അവളുടെ പ്രണയ-രതി-ദാമ്പത്യ കാമനകൾക്ക് യാഥാർത്ഥ്യത്തേക്കാൾ ഈ കല്പനാലോകവുമായാണ് അടുപ്പം. തന്നേക്കാൾ വളരെ പ്രായം കൂടിയ ചന്ദ്രനുമായുള്ള രമണിയുടെ പ്രണയം ഈ സങ്കല്പ യാഥാർത്ഥ്യങ്ങളുടെ ആഖ്യാനമാണ്. പ്രണയത്തിന്റെ തുല്യതയും കരുതലും സ്വതന്ത്ര്യവും വിവാഹ-ദാമ്പത്യത്തുള്ളിൽ തകരുന്നു. ചന്ദ്രനെ ഭർത്താവ് എന്ന അധികാരത്തിലേയ്ക്കും രമണിയെ ഭാര്യയെന്ന കീഴ്നിലയിലേക്കും അനായാസം ക്രമപ്പെടുത്താൻ ദാമ്പത്യസ്ഥാപനത്തിന് കഴിയുന്നു. അവളുടെ ശരീരം ഭർത്താവിന്റെ ഉപഭോഗവസ്തുവാണ്. രതി, ശരീര സമത്വത്തിന്റെ ആഘോഷമായല്ല മറിച്ച് അനാദരവിന്റെയും ഉടലധികാരത്തിന്റെയും പ്രയോഗസ്ഥലങ്ങളായാണ് കാഴ്ചപ്പെടുന്നത്. ചന്ദ്രന്റെ ലൈംഗികാർത്തിയുടെ, രമണിയുടെ നിസഹായവും തൃഷ്ണാരഹിതവുമായ വിധേയത്വത്തിലൂടെ വിരസവും സ്നേഹരഹിതവുമായ ദാമ്പത്തിന്റെ വേനൽ കനക്കുന്നു.

ദാമ്പത്യത്തിൽ നിന്ന് രക്ഷപ്പെടാൻ രമണി വീണ്ടും പഠിക്കാൻ പോകുന്നുണ്ട്. കോളേജ് ഹോസ്റ്റലിലേയ്ക്ക് താമസം മാറുന്നു. കോളേജും ഹോസ്റ്റലും ആൾക്കൂട്ട നിബിഡമെങ്കിലും സ്വന്തം ഇടം അവൾക്ക് ലഭിക്കുന്നു. സ്വന്തം ശരീരത്തിന്മേലുള്ള നിർണ്ണയാവകാശം തിരികെ ലഭിക്കുന്നു. ദാമ്പത്യത്തിൽ മുറി പങ്കുവെയ്ക്കുമ്പോൾ ഇല്ലാതാകുന്ന സ്വാതന്ത്ര്യവും സ്വകാര്യതയും സൗഹൃത്തുമായി ഹോസ്റ്റലിൽ മുറി പങ്കിടുമ്പോൾ രമിണിക്ക് ലഭിക്കുന്നു. ദാമ്പത്യത്തിനുള്ളിൽ സ്വന്തമായൊരിടം സ്ത്രീയ്ക്ക് എത്രത്തോളം അസാധ്യമാണെന്ന യാഥാർത്ഥ്യമാണ് ചലച്ചിത്രം മുന്നോട്ടുവെയ്ക്കുന്നത്. ഈ ആശയത്തെ ഉപവാസനയിൽ ആഖ്യാനം ചെയ്തുകൊണ്ടാണ് വേനൽ അവസാനിക്കുന്നത്. ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തിൽ വീട്, അച്ഛൻ, അമ്മ, അനിയത്തി....എന്നിങ്ങനെ കെട്ടുപാടുകളിലേയ്ക്ക് മടങ്ങാൻ രമണി തീരുമാനിക്കുന്നുണ്ട്. സാമൂഹിക സദാചാരം വ്യക്തിക്കുമേൽ സൃഷ്ടിക്കുന്ന അതി സമ്മർദ്ദത്തിന്റെകൂടി ഫലമാണ് രമണിയുടെ മടക്കം. ഒരു സ്ത്രീക്ക് ഒറ്റയ്ക്ക് എത്രനാൾ ജീവിക്കാൻ കഴിയുമെന്ന സദാചാര ആകുലതകൾ വ്യക്തിയുടെ ഉത്കണ്ഠയായി പരിണമിക്കും. ഈ ഉൽകണ്ഠയെ അരക്ഷിത മനോനിലയാക്കി വളർത്തിയെടുക്കാൻ കെൽപ്പുണ്ട് സാമൂഹ്യസദാചാരത്തിന്. ഈ സന്നിഗ്ധതയിൽ നിന്ന് രക്ഷപ്പെടാനുള്ള ഉഴറാലാണ് രമണിയുടെ മടക്കയാത്ര. വീട്ടിലെത്തുമ്പോൾ ചന്ദ്രനും തന്റെ അമ്മയും തമ്മിലുള്ള അവിഹിത ബന്ധത്തെക്കുറിച്ചുള്ള അറിവ് രമണിയെ തകർത്തുകളയുന്നു. ദാമ്പത്യത്തിലേയ്ക്ക് മടക്കമാണ് ഒരേയൊരു പോംവഴി എന്ന പുരുഷ സദാചാര യുക്തിയുടെ സ്നേഹ ശൂന്യത കൊടുംവേനലായി ഈ ചലച്ചിത്രം ആഖ്യാനം ചെയ്യുന്നു. സ്ത്രീയുടെ കർതൃത്വത്തെക്കുറിച്ചുള്ള പുരുഷാധികാര സമൂഹത്തിന്റെ ആശങ്കകൾ തന്നെയാണ് ലെനിൻ രാജേന്ദ്രൻ രണ്ടാമത്തെ ചിത്രമായ ചില്ലിലും (1982) ചർച്ച ചെയ്യുന്നത്. സ്ത്രീയ്ക്ക് പലയിടങ്ങൾ സാധ്യമാണോ? എന്ന ചോദ്യങ്ങളാണ് സൂക്ഷ്മതലത്തിൽ ചില്ലിന്റെ പ്രമേയം. ആനി എന്ന നായികയ്ക്ക് മനു എന്ന കാമുകനും അനന്തു എന്ന സുഹൃത്തും സാധ്യമാണോ? ആർക്കാവും നായകസ്ഥാനം?

ഫൈൻ ആർട്ട്സ് കോളേജ് പോലെ റാഡിക്കലായ സ്ഥലമാണ് സംവിധായകൻ ഈ ചിന്തയുടെ പശ്ചാത്തലമായി തെരഞ്ഞെടുക്കുന്നത്. റാഡിക്കൽ എന്ന് നാം വിളിക്കുന്ന ഇടങ്ങൾ എത്രമാത്രം സങ്കുചിത പുരുഷ കാമനയുടെ ഇടപാടുകൾ നിറഞ്ഞതാണെന്ന് ചില്ല് കാഴ്ചപ്പെടുത്തുന്നു. മനു ഈ പുരുഷ കാമനയുടെ പ്രതിനിധിയാണ്. അച്ഛൻ, സഹോദരൻ, ഭർത്താവ്, പുത്രൻ എന്നിങ്ങനെ നിർമ്മിക്കപ്പെട്ട രക്ഷാകർതൃത്വത്തിന്റെ അധികാര

വൃത്ത പരിധിയിലൂടെ വാർദ്ധക്യത്തിലേക്ക് നിർമ്മിച്ചിരിക്കുന്ന ഒറ്റ വഴിമാത്രമാണ് സ്ത്രീയുടെ യാത്രാപഥമെന്ന ചിന്ത സമൂഹത്തിൽ എത്ര ആഴത്തിൽ പതിഞ്ഞു കിടക്കുന്നുവെന്ന യാഥാർത്ഥ്യമാണ് ചില്ല് അനാവൃതമാക്കുന്നത്. പുരുഷൻ ആത്മാവിൽ വരഞ്ഞ ലക്ഷ്മണരേഖയുടെ ഭയവും ഭാരവുമാണ് മനുവിലൂടെ ആവിഷ്കൃതമാകുന്നത്. അയാൾ ഒരു പരാജയപ്പെട്ട കാമുകനും മര്യാദാ പുരുഷനുമായിത്തീരുന്നു.

വൃത്തം ഭേദിച്ച പെണ്ണിനെ യുദ്ധം ചെയ്ത് വീണ്ടെടുക്കുമ്പോഴും രാമനെ അലട്ടിയിരുന്ന അതേ സംശയരോഗം, കാലാതിവർത്തിയായി പുരുഷനെ ചൂഴ്ന്നുനിൽക്കുന്നു. ആനിയുമായി അകലുന്ന മനു ബന്ധുകൂടിയായ ലാലിയെ വിവാഹം കഴിക്കുന്നു. ലാലിയുടേത് സൗഹൃദങ്ങളുടെ തുറന്ന ഇടമായിരുന്നു. ലാലി തന്റെ ആൺ സൗഹൃദങ്ങളെക്കുറിച്ച് മനുവിനോട് പറയുന്നു. ആനിയും അനന്തുവും തമ്മിലുണ്ടായിരുന്നതും ഇതേ സൗഹൃദമാണെന്ന് മനസ്സിലാക്കാൻ അപ്പോൾ അയാൾക്ക് കഴിയുന്നു. കുറ്റബോധം അയാളെ നീറ്റുന്നു. ശിഥിലമായ ദാമ്പത്യവും പിന്തുടരുന്ന കുറ്റബോധവും നീറ്റിയ രാമജീവിതം സമകാലിക മര്യാദാപുരുഷോത്തമൻ മാരിലൂടെ ആവർത്തിക്കുന്നതെങ്ങനെയെന്ന് ചില്ല് കാട്ടിത്തരുന്നു.

## വ്യക്തിക്കും സമൂഹത്തിനുമിടയിൽ

എൺപതുകളിലും പിന്നീടും മലയാള സിസിമയിൽ ആവർത്തിക്കപ്പെട്ട പ്രമേയമായിരുന്നു തൊഴിൽ ഇല്ലായ്മ. തൊഴിൽ അതിജീവനത്തിന്റെ സ്വത്വപ്രശ്നമായോ, ഭരണകൂട രാഷ്ട്രീയവുമായി ബന്ധപ്പെട്ട വികസന-സാമൂഹ്യക്ഷേമ പ്രശ്നം എന്ന നിലയിലോ അല്ല തൊഴിൽ ഇല്ലായ്മ മലയാള സസിനിമയിൽ ആവർത്തിച്ചത്. 'അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾ നാഗരികവും ദേശീയവും അന്തർദേശീയവുമായ ഇടങ്ങളിൽ എത്തിപ്പെടുന്നതിന്റെ ആവർത്തിച്ചുള്ള കാഴ്ചകൾ എൺപതുകളിലെ ചലച്ചിത്രങ്ങളിൽ കടന്നുവരുന്നുണ്ട്. മലയാളചലച്ചിത്രം ഗ്രാമീണ തൊഴിലിടങ്ങളെ വിട്ട് നാഗരികവും അർദ്ധ നാഗരികവുമായ സാമൂഹിക ഇടങ്ങളിലേക്ക് എത്തിച്ചേരുന്ന കാലം കൂടിയാണിത്. കാർഷികവും പരമ്പരാഗതവുമായ സാമ്പത്തിക/ തൊഴിൽ മേഖലകളിലുണ്ടായ തകർച്ചയോടൊപ്പം പെരുകിവന്ന തൊഴിലില്ലായ്മ സൃഷ്ടിച്ച സന്ദിഗ്ധതകളെ അഭിസംബോധന ചെയ്യുന്നതായി നടിച്ചുകൊണ്ടാണ് മലയാള സിനിമയുടെ ആഖ്യാനമണ്ഡലം വരേണ്യജാതി 'ആശങ്കകൾ' ആന്തരവത്ക്കരിച്ചത്. വിദ്യാസമ്പന്നൻ മാത്രമല്ല മിക്കവാറും സവർണ്ണൻ കൂടിയായ യുവാവിന് മാറിവരുന്ന രാഷ്ട്രീയ-സമൂഹ്യ--സാമ്പത്തിക പരിസ്ഥിതിയിൽ ജീവിക്കാൻ വന്നുപെടുന്ന കഷ്ടപ്പാടുകളായിരുന്നു ഇക്കാലത്ത് പുറത്തുവന്ന സിനിമകളുടെ പ്രമേയ കേന്ദ്രം. ഈ കഷ്ടപ്പാടുകൾ മിക്കവാറും നവോത്ഥാനത്തിന്റെ ഭാഗമായി മാറിമറിഞ്ഞ സാമ്പത്തിക, സാമൂഹ്യ പദവികളുടെ 'ഇര' എന്ന നിലയിലാണ് അവർ അനുഭവിക്കുന്നത്. സംവരണം മൂലം അർഹതപ്പെട്ട സർക്കാർ ജോലി ലഭിക്കാതെ പോകുന്ന സവർണ്ണ യുവാക്കളുടെ ആത്മസംഘർഷങ്ങളായിരുന്നു പ്രമേയങ്ങളുടെ അന്തർധാര. 'അടിവേരുകൾ', 'ആര്യൻ', 'മയൂഖം' തുടങ്ങിയ ചലച്ചിത്രങ്ങൾ പ്രത്യക്ഷമായും സംവരണവിരുദ്ധ പ്രത്യയശാസ്ത്രത്തെ വഹിക്കുന്നതായിരുന്നു. എൺപതുകളിൽ സത്യൻ അന്തിക്കാട്-ശ്രീനിവാസൻ കൂട്ടുകെട്ടിൽ പുറത്തുവന്ന ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റ്, സൻമനസ്സുള്ളവർക്ക് സമാധാനം, ടി പി ബാലഗോപാലൻ എം എ, വരവേൽപ്പ് തുടങ്ങിയ ചിത്രങ്ങൾ മധ്യവർഗ്ഗത്തിന്റെ ജാതീയവും സാമ്പത്തികവുമായ ആകുലതകളെ ഉള്ളടക്കത്തിൽ ചർച്ചചെയ്ത ചലച്ചിത്രങ്ങളാണ്. സംവരണം 'കേവലം' ഒരു തൊഴിൽ പ്രശ്നം മാത്രമായി ചർച്ച ചെയ്യുന്ന ചലച്ചിത്രങ്ങൾ യഥാർത്ഥത്തിൽ വരേണ്യ കുടുംബങ്ങളുടെ തൊഴിൽ, സാമ്പത്തിക, അതിജീവന ആകുലതകളെയാണ് ആഖ്യാനകേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്നത്. വരേണ്യജാതി മൂല്യങ്ങൾ സമൂഹത്തിന്റെ പൊതു സദാചാരമായി ആഖ്യാനപ്പെടുന്നതോടെ ഇതര ജീവിതാനുഭങ്ങൾക്ക് ചലച്ചിത്രങ്ങളിൽ ഇടം കിട്ടാതെവരുന്നു. സാമൂഹ്യ മുഖ്യധാരയിൽ ഇടം ലഭിക്കുന്ന വരേണ്യ ആശങ്കകൾ ഒരു സാംസ്കാരിക പ്രശ്നമായി പ്രമേയങ്ങളിൽ നിറയുകയും കീഴാളരുടെ സംവരണ ചർച്ചകൾ കേവലം 'തൊഴിൽ' ചർച്ചകളായി ചുരുക്കപ്പെടുകയും ചെയ്യുന്നു' (കെ പി ജയകുമാർ, ജാതിവ്യവസ്ഥയും മലയാള സിനിമയും). എന്നാൽ തൊഴിലിനെ നിലനിൽപ്പിന്റെയും, ജീവിതാവസ്ഥയുടെ പരിവർത്തനത്തിന്റെയും പൊതുമൂലധനമായും സ്വത്വപ്രകാശനത്തിന്റെ ഇടമായും തിരിച്ചറിയുന്ന ചലച്ചിത്രമായിരുന്നു പ്രേം നസീറിനെ കാൺമാനില്ല(1983).

തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ നാലുപേർ പ്രേം നസീർ എന്ന താരത്തെ തട്ടിക്കൊണ്ടുപോയി കാട്ടിൽ ഒളിസങ്കേതത്തിൽ താമസിപ്പിക്കുന്നു. എന്തിനുവേണ്ടിയാണ് തന്നെ തട്ടിക്കൊണ്ടുപോകുന്നതെന്ന് പ്രേം നസീർ ഓരോരുത്തരോടും ചോദിക്കുന്നുണ്ടെങ്കിലും ആരും ഉത്തരം പറയുന്നില്ല. നാൽവർ സംഘത്തിലെ ഒരാൾ വീടുപേക്ഷിച്ചുപോന്നതാണ്. എൺപതുകളിലെ മധ്യവർഗ ഭാവുകത്വത്തെ ചൂഴ്ന്നുനിന്ന അസ്ഥിത്വഭാരത്താൽ വീടുപേക്ഷിക്കുന്ന യുവാവായിരുന്നില്ല അയാൾ. രണ്ടാനച്ഛന്റെയും അമ്മയുടെയും പിഡനമാണ് വീട്ടുവിടാൻ കാരണം. മറ്റൊരാൾ പാരമ്പര്യ വെളിച്ചപ്പാട് കുടുംബത്തിലെ അംഗമാണ്. താൻ നേടിയ അറിവും ജീവിതാനുഭവവും അയാളെ മറ്റൊരു വഴിക്ക് നടത്തുന്നു. എന്നാൽ, പാരമ്പര്യത്തിന്റെ നിർബന്ധം അയാളെ പിന്തുടരുന്നുണ്ട്. വെളിച്ചപ്പാടാവുക എന്ന നിർബന്ധിതാചാരത്തിലേയ്ക്ക്-അസ്ഥിത്വത്തിലേയ്ക്ക് പാകമാകാൻ വിസമ്മതിക്കുന്നതുകൊണ്ടാണ് അയാൾക്ക് വീട് വിട്ടോടിപ്പോരേണ്ടിവരുന്നത്. വീട്, പാരമ്പര്യത്തിന്റെയും സാമുദായിക സദാചാരത്തിന്റെയും ജാത്യാചാരങ്ങളെ ചുമന്നുനിൽക്കുന്ന ഇടമായതിനാൽ അയാൾക്ക് അവിടെ ജീവിക്കാനാവുന്നില്ല. രക്തം കാണുന്നത് ഭയമാണെന്ന കാരണവും അയാൾ പറയുന്നുണ്ട്. എംപ്ലോയിമെന്റ് എക്സേഞ്ചിലെ തൊഴിൽ രഹിതരുടെ നീണ്ട അവസാനത്തെ ആളായി മാറുന്നതിന്റെ നിരാശയും ആത്മനിന്ദയുമാണ് മറ്റൊരാളുടെ ജീവിതം. സാഹിത്യ ആധുനികതയുടെ കാല്പനിക ഛായയിൽ, അസ്ഥിത്വ വ്യഥകളുടെ ദാർശനിക പരിസരത്തല്ല, റിയലിസ്റ്റിക്കായ ജീവിത സന്ധികളിലാണ് ചലച്ചിത്രം നാടകീയത സൃഷ്ടിക്കുന്നത്.

ഈ ജീവിതാവസ്ഥയോടുള്ള വൈകാരിക പ്രതിഷേധമായിരുന്നു പ്രേം നസീറിനെ തട്ടിക്കൊണ്ടുപോകാനുള്ള പദ്ധതി. പ്രേം നസീറിന്റെ തിരോധാനമാണ് പക്ഷെ സമൂഹ



ത്തിന്റെ പ്രശ്നം. സമൂഹത്തിലത്തീ പിടിച്ച വാർത്തയായി പടരുമ്പോൾ, കാട്ടിനുള്ളിൽ ശാന്തവും രസകരവുമായ മറ്റൊരു അനുഭവത്തെ നേരിടുകയായിരുന്നു നാൽവർ സംഘവും പ്രേം നസീറും. ഇരയും വേട്ടക്കാരും എന്നതിൽ നിന്ന് സമന്വയത്തിന്റെ സഹജീവിതത്തിലേയ്ക്ക് അവർ മാറുന്നുണ്ട്. മനഃശാസ്ത്ര വിശകലനങ്ങൾക്ക് പുറത്ത് രണ്ട് കൂട്ടരും വ്യവസ്ഥിതിയുടെ ഇരകളാണെന്ന യാഥാർത്ഥ്യത്തിലാണ് ചലച്ചിത്രം ഊന്നുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ പരാജയപ്പെട്ട ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ഇരകളാണ്. പ്രേം നസീറാകട്ടെ, സിനിമ എന്ന വ്യവസായ സ്ഥാപനത്തിൽ വിലപിടിപ്പുള്ള ഉൽപ്പന്നവും. വ്യക്തികളിൽ നിന്ന് സമൂഹത്തിലേയ്ക്ക്, രാഷ്ട്ര സങ്കല്പനങ്ങളുടെയും മൂലധനവ്യാമോഹങ്ങളുടെയും ദയാരാഹിത്യത്തിലേയ്ക്കായാണ് പ്രേം നസീറിനെ കാൺമാനില്ല എന്ന ചലച്ചിത്രം ഊന്നുന്നത്.

## ചരിത്രത്തിലേക്കുള്ള വൈകാരിക നടത്തങ്ങൾ

ചരിത്രത്തിലേക്കുള്ള പുനസന്ദർശനമാണ് മീനമാസത്തിലെ സൂര്യൻ (1985), സ്വാതി തിരുന്നാൾ (1987) എന്നീ ചലച്ചിത്രങ്ങൾ. കേരളത്തിന്റെ രാഷ്ട്രീയ- സാംസ്കാരിക ജീവിതത്തെ സ്വാധീനിച്ച രണ്ട് ചരിത്രകാലങ്ങളെയാണ് ലെനിൻ രാജേന്ദ്രൻ ആഖ്യാനം ചെയ്യുന്നത്.

'ഭൂതകാലത്തെ ചരിത്രപരമായി ആവിഷ്കരിക്കുകയെന്നാൽ അത് ശരിക്കും എങ്ങിനെയായിരുന്നോ അതേപടി തിരിച്ചറിയുക എന്നല്ല അർത്ഥം. വിപത്തിന്റെ ഒരു മുഹൂർത്തത്തിൽനിന്ന് മിന്നിത്തെളിയുന്ന ഒരോർമ്മയെ പിടികൂടുക എന്നാണർത്ഥം.' എന്ന് വാൾട്ടർ ബഞ്ചമിൻ നിരീക്ഷിക്കുന്നു. പീഡിത ഭൂതകാലത്തെക്കുറിച്ചുള്ള രാഷ്ട്രീയവും, വംശീയവും, വ്യക്തിപരവുമായ ഓർമ്മകളെ പുനരാനയിക്കൽ രീതിശാസ്ത്രപരമായി നിർണ്ണായകമാണ്. ഭൂതകാലത്തെക്കുറിച്ച് വസ്തുതാപരമായ വിശകലനത്തിനാണ് ചരിത്രം ശ്രമിക്കുന്നത്. ചരിത്രപരമായ ഓർമ്മകൾ, അവയുടെ പിശകുകളോടെതന്നെ ചരിത്രത്തിനുനേരെ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഈ ചോദ്യങ്ങൾ ഏറെ മൂല്യപരവും വൈകാരികവുമായിരിക്കും. ചലച്ചിത്രങ്ങളെ സംബന്ധിച്ചും ഇത് പ്രസക്തമാണ്. മുഖ്യധാരാ ചരിത്രത്തിന് നേരെ ഉന്നയിക്കുന്ന വൈകാരികമായ ചോദ്യങ്ങളാണ് മീനമാസത്തിലെ സൂര്യനും സ്വാതിതിരുനാളും.

കയ്യൂർ സമരമാണ് മീനമാസത്തിലെ സൂര്യനിൽ പ്രമേയമാകുന്നത്. ഇന്നത്തെ കാസർഗോഡ് താലൂക്കിലാണ് കയ്യൂർ. നീലേശ്വരം രാജാവിന്റെയും നാട്ടുജൻമിമാരുടെതുമായിരുന്നു മുഴുവൻ കൃഷിഭൂമിയും. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം ശക്തമായിരുന്ന കാലം. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലുമെല്ലാം സമരം വ്യാപിച്ചിരുന്നു. അന്നത്തെ തെക്കൻ കർണ്ണാടക പ്രദേശമായിരുന്ന കയ്യൂരിലും ദേശീ സമരത്തിന്റെയും കർഷ സമരങ്ങളുടെയും അലകൾ ഉയയർന്നിരുന്നു. രാജാവിന്റെയും ജൻമികളുടെയും ഒത്താശയോടെ സമരമുഖത്തുനിൽക്കുന്ന പ്രവർത്തകരെ അറസ്റ്റുചെയ്യാൻ വാറന്റുമായി ഒരു പോലീസുകാരൻ കയ്യൂർ ഗ്രാമത്തിലെത്തുന്നു. ജനത ഒന്നിച്ച് ചെറുത്തുനിന്നു. കൊടിയപോലീസ് പീഡനങ്ങളുടെയും ചെറുത്തുനിൽപ്പിന്റെയും സംഘർഷഭരിതമായ കാലം. ഇതിനിടയിൽ സുബ്ബരായൻ എന്ന കോൺസ്റ്റബിൾ പുഴയിൽ ചാടി മുങ്ങി മരിച്ചു. ഇതോടെ ജനജീവിതം ഉഴുതുമറിച്ചുകൊണ്ട് പോലീസ് പീഡനം ഉച്ചാവസ്ഥയിലെത്തുന്നു. നിരവധിപേർ അറസ്റ്റ് ചെയ്യപ്പെട്ടു. വർഷങ്ങൾ നീണ്ട തടങ്കൽ ജീവിതത്തിനൊടുവിൽ മഠത്തിൽ അപ്പു, പൊടോര കുഞ്ഞമ്പുനായർ, കോയിത്താറ്റിൽ ചിരുകണ്ടൻ, പള്ളിക്കൽ അബൂബേക്കർ, ചൂരിക്കാടൻ കൃഷ്ണൻ നായർ, എന്നിവരെ തൂക്കിക്കൊല്ലാൻ വിധിച്ചു. പ്രായപൂർത്തിയാകാത്തതിനാൽ ചൂരിക്കാടനെ തൂക്കിക്കൊലയിൽ നിന്ന് പിന്നീടൊഴിവാക്കി. മറ്റനവധി പേരെ കഠിന തടവിനും ശിക്ഷിച്ചു. 1943 മാർച്ച് 29ന് ഈ നാലുപേരും തൂക്കിലേറ്റപ്പെട്ടു. അവരുടെ ഭൗതികശരീരംപോലും ജനങ്ങൾക്ക് വിട്ടുകൊടുത്തില്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ, ജൻമി നാ



ടുവാഴിത്തത്തിനെതിരെ ഒരു ജനത നടത്തിയ രക്തരൂഷിതമായ ചെറുത്തു നിൽപ്പിന്റെയും രക്തസാക്ഷിത്വത്തിന്റെയും ചരിത്രം. പിൽക്കാല ഔദ്യോഗിക ചരിത്രമെഴുത്തുകൾ കയ്യൂർ സമരത്തെ സ്വാതന്ത്ര്യസമരമായി അംഗീകരിക്കാൻ വിമുഖത കാട്ടുന്നുണ്ട്. അതൊരു കമ്യൂണിസ്റ്റ് ചെറുത്തുനിൽപ്പ് മാത്രമായി കാണാനാണ് മുഖ്യധാരാ ചരിത്രം ശ്രമിച്ചത്. കേരളത്തിന്റെ ജനകീയപ്രതിരോധത്തിന്റെ രക്തസ്നാതനമായ ഒരധ്യായം അങ്ങനെ മനപ്പൂർവ്വമുള്ള മറക്കലിനും മറയ്ക്കലിനും വിധേയമാകുന്നു. ആ നിലയ്ക്ക്, സ്വപ്നങ്ങൾക്കു പുറത്ത് 'മഹത്തായ ലക്ഷ്യ'ത്തിലേക്ക് മനസ്സുകൂർപ്പിച്ച്, ജീവിതത്തിന്റെ സ്വകാര്യാനന്ദങ്ങളെ പരിത്യജിച്ച് വിപ്ലവോൻമുഖമായ ഭാവിയിലേക്ക് കുതിക്കുന്ന മനുഷ്യരുടെ ജീവിതത്തിലൂടെ ഒരു കാലഘട്ടത്തിന്റെ വൈകാരിക -സാമൂഹിക ജീവിതത്തിന്റെ സാംസ്കാരികമായ അടയാളപ്പെടുത്തുകയാണ് മീനമാസത്തിലെ സൂര്യൻ. സമൂഹത്തിന്റെ സ്മൃതിശേഖരത്തിൽ നിന്ന് വീണ്ടെടുത്ത മനുഷ്യരുടെ മുറിവുകളും ചോരയും ചരിത്രത്തിൽ സ്വയം രേഖപ്പെടുത്തുന്നു. പീഡിപ്പിക്കപ്പെട്ട ഉടലുകൾ സമൂഹത്തിന്റെ ബോധാബോധങ്ങളെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നു. പീഡിപ്പിക്കപ്പെട്ട, തൂക്കിലേറ്റപ്പെട്ട ശരീരങ്ങളുടെ അസാന്നിധ്യത്തെ സമൂഹമനസ്സിന്റെ ഓർമ്മകളിലിലിലേയ്ക്ക് വീണ്ടെടുക്കുകയാണ് ചലച്ചിത്രം.

ചരിത്രത്തെ വസ്തുതകളിൽ തളച്ചിടുകയല്ല, വൈകാരികമായൊരനുഭവമാക്കി ഉയർത്തിയെടുക്കുകയായിരുന്നു സംവിധായകൻ. ചരിത്രത്തോടുള്ള വസ്തുതാപരവും വൈകാരികവുമായ സമീപനത്തിന്റെ തുടർച്ചയാണ് സ്വാതിതിരുനാൾ. പടയോട്ടങ്ങളുടെയും വെട്ടിപ്പിടിക്കലുകളുടെയും ഭരണപരിഷ്കാരങ്ങളുടെയും രാജചരിത്രമല്ല, വ്യക്തിയുടെ തൃഷ്ണയും സമൂഹത്തിന്റെ അഭിലാഷങ്ങളും തമ്മിലുള്ള സംഘർഷത്തിന്റെ വൈകാരിക സന്ദർഭങ്ങളാണ് ലെനിൻ രാജേന്ദ്രൻ ദൃശ്യവൽക്കരിക്കുന്നത്. അധികാരം എന്ന ബൃഹത്തായ ഘടനയ്ക്കുള്ളിൽ പാകമാകാതെ ചിതറിക്കിടക്കുന്ന ഉടലാണ് സ്വാതി തിരുനാൾ. ഇരട്ട അധികാരത്തിന്റെ കീഴിലാണ് രാജാവ്. അധിനിവേശ ശക്തികളും രാജ കുടുംബസദാചാരവും വരിഞ്ഞുകെട്ടിയ പദവിയുടെ ഭാരമാണ് സ്വാതി തിരുനാളിനെ അസ്വസ്ഥനാക്കുന്നത്. നിയന്ത്രണങ്ങളെ അതിജീവിക്കാൻ വെമ്പുന്ന വ്യക്തിയുടെ തൃഷ്ണകളും സംഘർഷങ്ങളും ഹൃദയൽ അധികാര പ്രത്യയശാസ്ത്ര ഘടനയ്ക്കുള്ളിൽ മോചനം സാധ്യമാകാതെ ഞെരിഞ്ഞമരുന്നിടത്താണ് സ്വാതിതിരുനാൾ ദുരന്ത കഥാപാത്രമായി മാറുന്നത്. വർണാധികാരത്തിന്റെ പാരമ്പര്യത്തിലും ധാർമികതയിലും അഭിരമിക്കുകയും അധികാര ബാധ്യതകളോട് കലഹിക്കുകയും അവ ലംഘിക്കേണ്ടിവരുകയും ചെയ്യുന്ന അധിനിവേശ കാലത്തെ ദേശീയ ഭരണാധികാരയുടെ ദുരന്തമോ പ്രതിരോധമോ ജീവിത സംഘർഷമോ ആണ് സ്വാതിതിരുനാളിന്റെ ആഖ്യാനത്തിന്റെ അടരുകൾ.

പ്രേക്ഷകർക്ക് താദാത്മ്യം പ്രാപിക്കാനാവുന്ന മേഖലകളെ ഉദാത്തവൽക്കരിക്കുന്നതിലൂടെയാണ് രാജാവിന്റെ വ്യക്തി സംഘർഷങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്നത്. സംഗീത -കലാദികളിൽ അഭിരമിക്കുന്ന സാധാരണ മനുഷ്യനാണ് സ്വാതി. കലാകാരിയായിരുന്നിട്ടും തന്റെ സർഗാത്മക സംഘർഷങ്ങളെ ഉൾക്കൊള്ളനാവാത്ത ഭാര്യ, അയാളെ ഏകാകിയും നിരാശനുമാക്കുന്നു. സ്വന്തം തൃഷ്ണകളെ ത്യജിച്ച ജീവിക്കുന്ന പരാജിത ദാമ്പത്യത്തിൽപ്പെട്ടുഴറുന്ന സാധാരണ പുരുഷനാണ് സ്വാതി. അങ്ങനെ അയാൾ നർത്തകിയായ സുഗന്ധവല്ലിയിൽ അഭയം കണ്ടെത്തുന്നു. വ്യക്തി തൃഷ്ണകളുടെ ഈ സംഘർഷങ്ങളെ ചലച്ചിത്രം ന്യായീകരിക്കുന്നത് ചരിത്രത്തെ ഒപ്പം നിർത്തിയാണ്. ആത്മാഭിമാനത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്ന അധിനിവേശ ഭരണത്തിന്റെ ചരിത്ര പശ്ചാത്തലം ഈ ആത്മസംഘർ

ഷങ്ങളെ വ്യക്തിപരതയിൽ നിന്ന് സാമൂഹ്യപരതയിലേക്കുയർത്തുന്നു. സ്വാതിതിരുനാൾ ഭരണകാലത്തെ മനുഷ്യാവകാശ ലംഘനങ്ങളുടെയും പ്രജാപീഡനത്തിന്റെയും ചരിത്രവസ്തുതകളെ ചലച്ചിത്രം വിട്ടുകളയുന്നുണ്ട് എന്ന വിമർശനം പ്രസക്തമാണ്. വ്യക്തിപരതയിലേക്കുള്ള അമിതമായ ഊന്നൽ, രാജാവിനെ രാജ്യ-ദേശ ചരിത്രത്തിൽനിന്ന് വിമോചിപ്പിച്ച് കലാചരിത്രത്തിൽ പ്രതിഷ്ഠിക്കുന്നു. ചരിത്രത്തിന്റെ വസ്തുതാപരമായ അന്വേഷണത്തിനല്ല, ആത്മനിഷ്ഠതയിലൂന്നിയ ചരിത്രവ്യാഖ്യാനത്തിനാണ് ചലച്ചിത്രകാരൻ ശ്രമിക്കുന്നത്.

## അധികാരത്തിന്റെ പരിണാമ ചരിത്രം


ജന്മിത്തത്തിൽ നിന്ന് ധാർമ്മികാധികാരത്തിലേയ്ക്കും അവിടെനിന്ന് കേന്ദ്രീകൃത രാഷ്ട്രീയാധികാരത്തിലേയ്ക്കും വളരുന്ന സാമൂഹ്യ സാഹചര്യങ്ങളെ മൂന്നു കാലങ്ങളിലായി ആഖ്യാനം ചെയ്ത ചലച്ചിത്രങ്ങളാണ് പുരാവൃത്തം (1988), വചനം (1989), അന്യർ(2003) എന്നിവ. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ ആവർത്തിക്കുന്ന അധികാരത്തിന്റെ ഘടനയിലേയ്ക്കാണ് ലെനിൻ രാജേന്ദ്രന്റെ നോട്ടം.

സി വി ബാലകൃഷ്ണന്റെ കഥയെ ആധാരമാക്കിയാണ് പുരാവൃത്തം ഒരുക്കിയിരിക്കുന്നത്. തന്റെ ഇച്ഛാനുസരണം സമൂഹത്തെ അടക്കി ഭരിക്കുന്ന തമ്പുരാൻ. പണിയെടുക്കുന്ന മനുഷ്യരുടെ അവരുടെ അധ്വാനത്തിനു ഫലമനുഭവിക്കുന്ന തമ്പുരാനും. സാമ്പത്തിക അധികാരത്തിനപ്പുറത്ത് സദാചാര ധാർമ്മികാധികാരവും തമ്പുരാന് തന്നെ. അടിയാളരുടെ ശരീരത്തിനുമേലും തമ്പുരാന് അധികാരവും നിർണ്ണയാവകാശവുമുണ്ട്. അത് ലംഘിക്കപ്പെടാതെ ചോദ്യം ചെയ്യപ്പെടാതെ തുടരുന്നു. പുരുഷ ശരീരത്തിനുമേൽ അധ്വാനവും ശിക്ഷയും കൽപ്പിക്കുന്ന തമ്പുരാൻ, സ്ത്രീ ശരീരത്തിന്റെ അധ്വാധത്തെ വിഭവമൂല്യമായും രതി-ഉപഭോഗവസ്തുവായും ബഹുമുഖ ചൂഷണത്തിന് വിധേയമാക്കുന്നു. തനിക്ക് കാമം തോന്നുന്ന സ്ത്രീകളെ പ്രത്യേകിച്ച് നവവധുക്കളെ അവരുടെ ആദ്യരാത്രിയിൽ തന്നെ പ്രാപിക്കാനുള്ള അവകാശം, ഒരു സദാചാര വഴക്കമായി സമൂഹത്തിനു മേൽ അയാൾ നടപ്പാക്കിയിരിക്കുന്നു.

സാമൂഹിക സദാചാരത്തിന് പുറത്ത് താന്തോന്നിയായി ജീവിക്കുന്ന രാമനും ദേവുമായുള്ള പ്രണയവും വിവാഹവുമാണ് ചിത്രത്തിന്റെ വഴിത്തിരിവ്. രാമന്റെ ഭാര്യയെ പ്രാപിക്കാനുള്ള അവകാശം എതിർക്കപ്പെടുന്നതോടെ തമ്പുരാന്റെ അധികാരം വ്രണിതമാകുന്നു. രാമനെ ഇല്ലാതാക്കാനുള്ള തന്ത്രങ്ങൾ പ്രീണനമായും വാഗ്ദാനമായും ഏറ്റുമുട്ടലായും രൂപം മാറുന്നു. ഒന്നുകൊണ്ടും രാമനെ മെരുക്കാനാവാതെവരുമ്പോൾ കളരിയഭ്യാസിയായ അമ്പുവിനെ കൊണ്ടുവരുന്നു. രാമന്റെ തന്റേടവും ആത്മാഭിമാനവും കണ്ട അമ്പു കൂറുമാറുന്നു. പാത്തുവുമായുള്ള അമ്പുവിന്റെ പ്രണയവും ഈ ചേരിമാറ്റത്തിന് കാരണമായിരുന്നു. തമ്പുരാൻ സമുദായശക്തികളെ തിരിച്ചുവിട്ട് അമ്പുവിനെ കൊലപ്പെടുത്തുകയും കുറ്റം രാമനിൽ കെട്ടിവയ്ക്കുകയും അയാളെ തടവിലാക്കുകയും ചെയ്യുന്നു.

അധികാരം എത്ര സൂക്ഷ്മവും ഹിംസാത്മകവുമായാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തികളെയും സമൂഹത്തെയും സമുദായങ്ങളെയും എത്ര ആസൂത്രിതമായാണ് ഇച്ഛയുടെ ഉപകരണങ്ങളാക്കി തീർക്കുന്നതെന്നും വ്യക്തമാക്കുകയാണ് ചലച്ചിത്രകാരൻ. ശിക്ഷ കഴിഞ്ഞ് ജയിലിൽനിന്ന് തിരിച്ചുവരുന്ന രാമൻ അക്കാലമത്രയും കാത്തിരുന്ന ദേവുവുമൊത്ത് സ്വന്തം നാട്ടിലേക്ക് തിരിച്ചു നടക്കുന്നു. അപ്പോൾ അവർ കാണുന്നത് കത്തിയെരിയുന്ന കുടിയാന്മാരുടെ കുടിലുകളാണ്. ദേവു തടയാൻ ശ്രമിച്ചിട്ടും അവഗണിച്ച് രാമൻ ആ തീ പ്പറമ്പുകളിലേക്ക് പായുന്നു. രാമനെ വലയം ചെയ്യുന്ന അഗ്നിനാളങ്ങളിലാണ് പുരാവൃത്തം അവസാനിക്കുന്നത്.

പിൽക്കാല സിനിമ മറയത്ത്





നിർത്തിയ ഒരഗ്നി സന്ദർഭത്തെ മുൻകാല പ്രാബല്യത്തോടെ വെളിപ്പെടുത്തുകയായിരുന്നു സംവിധായകൻ. "കഴിഞ്ഞ പതിനാറ് വർഷങ്ങളായി ഉൽസവം മുടങ്ങിക്കിടക്കുന്ന കണിമംഗലത്ത് ഉത്സവം നടത്താൻ അവതാരമെടുക്കുന്ന ബ്രാഹ്മണ പുരുഷനാണ് ആറാം തമ്പുരാനിലെ ജഗന്നാഥൻ. ഉൽസവം എന്ന ജനകീയാഘോഷത്തിന് (അനുഷ്ഠാനത്തിന്) ജഗന്നാഥന്റെ നേതൃത്വത്തിൽ കളമൊരുങ്ങുന്നു. കളക്ടറും പൊലീസും അടങ്ങുന്ന ഭരണകൂടം കണിമംഗലം ഗ്രാമത്തെ സഹായിക്കുന്നുണ്ട്. കോളനിക്ക് തീപിടിച്ചുവെന്ന വാർത്തയാണ് ഉത്സവസ്ഥലത്തുനിന്നും പൊലീസിനെ മാറ്റുന്നതിനായി ഉപയോഗിക്കുന്നത്. കത്തിയമരുന്ന കോളനിയും നിരാലംബരാകുന്ന 'കോളനിമനുഷ്യരും' അവർ നേരിടുന്ന ദുരന്തവും ഉത്സവനടത്തിപ്പിനേക്കാൾ പ്രാധാന്യം കുറഞ്ഞ കാഴ്ചകളായി സിനിമയുടെ ദൃശ്യപരിധിക്കുവെളിയൽ അമർന്നുപോകുന്നു. ഇവിടെയാണ് ഉൽസവം എന്ന ബഹുജനാഘോഷം പിളർപ്പ് നേരിടുന്നത്. കണിമംഗലം എന്ന ഗ്രാമത്തിന്റെ സൗഭാഗ്യങ്ങൾക്ക് പുറത്താണ് കോളനിയുടെ സ്ഥാനം. അധിനിവേശകാലത്ത് സാമുദായിക ജീവിതത്തിന്റെ പുറം പോക്കിൽ കഴിഞ്ഞിരുന്ന കീഴാള ജനതയെ അധിനിവേശ അനന്തരകാലം ആഭ്യന്തര കോളനികൾ നിർമ്മിച്ച് മാറ്റി പാർപ്പിക്കുകയാണുണ്ടായത്. ഇന്നും ഭൂമി അപ്രാപ്യമായ ജനതയുടെ ചരിത്രവും അനുഭവങ്ങളും ഒരിക്കലും ആഖ്യാനങ്ങളിൽ പ്രവേശിക്കുന്നില്ല." (കെ പി ജയകുമാർ. ജാതിവ്യവസ്ഥയും മലയാള സിനിമയും) തമ്പുരാക്കൻമാരുടെ മടങ്ങിവരവും സവർണ്ണതയും ഒരാധികാരിക സാംസ്കാരിക മൂലധനമായി പുനരാനയിക്കപ്പെട്ട മലയാള സിനിമയ്ക്ക്, മുൻകൂർ അടയാളപ്പെടുത്തിയ വിയോജനക്കുറിപ്പായിരുന്നു പുരാവൃത്തം.

മറ്റൊരു വിധത്തിൽ 'അറാം തമ്പുരാ'ക്കൻമാരുടെ വരവിന്റെ ചരിത്രമാണ് ലെനിൻ രാജേന്ദ്രൻ ആവിഷ്കരിച്ചത്. പുരാവൃത്തത്തിലെ തമ്പുരാനിൽ നിന്ന് വചനത്തിലെ വിഷ്ണുജിയിലേക്കും ആര്യാദേവിയിലേക്കുമുള്ള മാറ്റം ആത്മീയ/ ധാർമികാധികാരം എങ്ങനെയാണ് ജനാധിപത്യ നിയമ-നീതിന്യായ വ്യവസ്ഥകളെപ്പോലും വരുധിയിലാക്കുന്നതെന്നാണ് അന്വേഷിക്കുന്നത്. തമ്പുരാന്റെ ഫ്യൂഡൽ അഹന്തയെ വിനയത്തിന്റെ, ക്ഷമയുടെ, ലാളിത്യത്തിന്റെ, ശുഭ്രവസ്ത്ര ശരീരഭാഷയിലേക്ക് മാറ്റിയെടുക്കുന്നതിലൂടെ ഒരു നീണ്ടകാലം ഉടലിലൂടെ ചരിത്രമെഴുതി കടന്നുപോകുന്നു. വർത്തമാന കാലം ആവശ്യപ്പെടുന്ന ശരീരനിലയിലേക്ക്, ഭാവ നിലയിലേക്ക് പാകപ്പെടുത്തി, വർണാധിതാകാരത്തിന്റെ സ്ഥാനത്ത് അറിവധികാരത്തെയും ആത്മീയ- ധാർമികാധികാരത്തെയും സ്ഥാപിക്കുന്നതിലൂടെ പുതിയൊരു സദാചാര വ്യവസ്ഥ കെട്ടിപ്പടുക്കപ്പെടുന്നു. ആ സദാചാരവൃത്തത്തിനുള്ളിൽ എതിർശബ്ദങ്ങളെ മുഴുവൻ ഇല്ലായ്മ ചെയ്യാനാകുന്നുണ്ട് വിഷ്ണുജിക്ക്. പിൽക്കാല ചലച്ചിത്രങ്ങളിലും സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലും ആധിപത്യമുറപ്പിക്കുന്ന നവ വരേണ്യ പുരുഷന്റെ ആദിരൂപങ്ങളാണ് പുരാവൃത്തവും വചനവും ആവിഷ്കരിച്ചത്.

സാമൂഹിക നവോത്ഥാനത്തിന് എതിർ പക്ഷത്ത് നിൽക്കുന്ന ഈ അധികാര പുരുഷത്വം ക്രമേണ നായകത്വത്തിലേയ്ക്ക് ഉയരുന്നതാണ് ഇന്ത്യൻ രാഷ്ട്രീയ ചരിത്രം. നവ ഹിന്ദുത്വത്തിന്റെ പാഠശാലയിൽ പരീക്ഷിച്ച് വിജയിച്ച ഗുജറാത്ത് കലാപം കോളനികളിലും ചേരികളിലും പുറംപോക്കുകളിലും അധിവസിക്കുന്ന കീഴാള, ന്യൂനപക്ഷ മനുഷ്യജീവിതത്തിന് തീവച്ചുകൊണ്ട് അതിന്റെ അധികാരാരോഹണം വിളംബരം ചെയ്തു. വരേണ്യതയുടെ ഹിംസാത്മകമായ പുനരുത്ഥാനത്തിന്റെ ഈ കൊലനിലങ്ങളെ പശ്ചാത്തലമാക്കുകയാണ് അന്യർ എന്ന ചലച്ചിത്രം.

റസിയബാനു എന്ന ടെലിവിഷൻ മാധ്യമ പ്രവർത്തക ഒരു കൂട്ടുകാരിയുടെ കല്യാണത്തിന് ഗുജറാത്തിലേക്ക് പോകുന്ന കാര്യം സ്വയം റിപ്പോർട്ടു ചെയ്യുന്നിടത്താണ് അന്യർ ആരംഭിക്കുന്നത്. ഗുജറാത്തിലെ വധൂഗൃഹത്തിൽ കല്യാണ ആഘോഷത്തിൽ നിറയുന്ന ഗസലും, ആ ആലാപനത്തിന് മുകളിലേക്ക് ഇരമ്പിക്കയറുന്ന തീവണ്ടിശബ്ദവും ആഘോഷങ്ങളെ തകർത്തെറിയുന്നു. കലാപത്തിന്റെ ദിനരാത്രങ്ങളിലേയ്ക്ക് എടുത്തെറിയപ്പെടുന്ന റസിയാബാനു തീപിടിച്ച തെരുവുകളും മനുഷ്യവിലാപങ്ങളും പലായനങ്ങളും ക്യാമറയിൽ പകർത്തുന്നു. കേരളത്തിൽ തിരിച്ചെത്തി ആ ദൃശ്യങ്ങൾ ചേർത്തുവെച്ച് ഗുജറാത്ത് കലാപത്തെക്കുറിച്ച് ഒരു പ്രോഗ്രാം ചെയ്യാൻ അവൾ ആഗ്രഹിക്കുന്നുണ്ട്. അത് നടന്നില്ല. അന്ന് വംശീയ വർഗീയ കലാപം നമുക്ക് അത്ര പരിചിതമായിരുന്നില്ലെങ്കിൽ ഇന്ന് ഏതുനിമിഷവും പൊട്ടിത്തെറിക്കാൻ പാകത്തിന് വർഗീയതയുടെ ഭൂകമ്പരേഖകൾക്ക് മുകളിലാണ് നമ്മുടെ നവോത്ഥാന പാരമ്പര്യവും മതേതര ബോധവും വിങ്ങിനിൽക്കുന്നത്. അന്യർ പ്രവചനാത്മകമായ ചലച്ചിത്രമായി നമ്മുടെ വർത്തമാനകാലത്തെ അസ്വസ്ഥമാക്കുന്നത് അങ്ങനെയാണ്. വർണാധികാരത്തിന്റെ പുരാവൃത്തത്തിൽ

നിന്ന് വർത്തമാന ഇന്ത്യൻ വംശീയ രാഷ്ട്രീയത്തിലേയ്ക്ക് നീട്ടിയെഴുതിയ ദൃശ്യചരിത്രമാണ് അന്യർ.

## ആത്മാന്വേഷണങ്ങളുടെ ദൃശ്യ ദേശങ്ങൾ

സ്ത്രീയുടെ ആത്മാന്വേഷണത്തിന്റെ ദൃശ്യാഖ്യാനമെന്ന നിലയിലാണ് ലെനിൻ രാജേന്ദ്രന്റെ കുലവും(1996) മഴയും (2000) ശ്രദ്ധേയമാകുന്നത്. സി വി രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന നോവലിലെ മിഴിവുറ്റ കഥാപാത്രമായ സുഭദ്രയുടെ ജീവിതമാണ് കുലത്തിന്റെ ഇതിവൃത്തം. മാധവിക്കുട്ടിയിടെ നഷ്ടപ്പെട്ട നീലാംബരി മാഴയായി ദൃശ്യാവിഷ്കാരം നേടുന്നു. എം മുകുന്ദന്റെ ദൈവത്തിന്റെ വികൃതികൾ (1992) അൽഫോസച്ചന്റെ ദേശ- സ്വത്വ സംഘർഷത്തിന്റെ ആവിഷ്കാരമാണ്.

സി വിയുടെ നിശബ്ദതകളെ ദൃശ്യ വ്യാഖ്യാനങ്ങൾകൊണ്ട് പൂരിപ്പിക്കുകയാണ് കുലം. കുടമൺ പിള്ളയുടെ വീട്ടിൽ നടക്കുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ യോഗാനന്തരം രാത്രി വൈകി  രാമനാമഠം വടക്കേക്കെട്ടിലെത്തി സുഭദ്രയെ കാണുന്ന സന്ദർഭത്തിലാണ് സി വിയുടെ സുഭദ്രാ വർണ്ണനം. സന്ധ്യയ്ക്ക് കളരിത്തറയിൽ വിളക്കുകൊളുത്താനെത്തുന്ന സുഭദ്രയുടെ ഇരുളും വെളിച്ചവും നിറഞ്ഞ സമീപദൃശ്യത്തിലൂടെ പത്മനാഭൻ തമ്പി ആദ്യമായി കാണുന്നിടത്താണ് ചലച്ചിത്രം സുഭദ്രയെ അവതരിപ്പിക്കുന്നത്. തമ്പിക്ക് സുഭദ്രയോട്ട് അനുരാഗമാണ്. എന്നാൽ, പത്മനാഭൻ തമ്പിയോടുള്ള അനിഷ്ടം പത്താം വയസ്സിൽ തന്നെ സുഭദ്ര തുറന്നുപറഞ്ഞിട്ടുള്ളതാണ്. തമ്പിയുടെ അഭ്യർത്ഥനകൾ അവൾ തുടർച്ചയായി നിരസിക്കുന്നുമുണ്ട്. ഭർത്താവ് നഷ്ടപ്പെടാൻ കാരണക്കാരനായ പത്മനാഭൻ തമ്പിയുടെ പതനവും എട്ടുവീട്ടിൽ പിള്ളമാരുടെ പരാജയവും സുഭദ്രയുടെ വിജയവുമാണ് കുലത്തിന്റെ പ്രമേയം.  ജീവിതത്തെ സ്വയം നിർണ്ണയിക്കുന്നവളാണ് സുഭദ്ര. അവൾ പുരുഷന്റെ രക്ഷാകർതൃത്വം ആഗ്രഹിക്കുന്നില്ല. സ്വാഭിമാനബോധമുള്ള, ബുദ്ധിമതിയായ സ്ത്രീ. തിരുവിതാകൂർ ദേശചരിത്രത്തെ പുരുഷകേന്ദ്രിത വ്യവഹാരമായാണ് സി വി ആഖ്യാനം ചെയ്യുന്നതെങ്കിൽ, അതിനുള്ളിൽ നിന്ന് പെൺപക്ഷ ചരിത്രത്തിന്റെ ഒരിഴ കണ്ടെത്തുകയാണ്  ലെനിൻ രാജേന്ദ്രൻ.

മാധവിക്കുട്ടിയുടെ നഷ്ടപ്പെട്ട നീലാംബരിയുടെ ദൃശ്യാഖ്യാനമാണ് മഴ. ബാംഗ്ലൂരിലെ ജീവിതം ഉപേക്ഷിച്ച് ഡോക്ടർ മാധവൻ നാർ ഭാര്യയോടും മകളോടുമൊപ്പം സ്വന്തം ഗ്രാമമായ ശിവപുരത്ത് മടങ്ങിയെത്തുന്നു. ഗ്രാമ ജീവിതത്തിന്റെ മടുപ്പിൽ നിന്ന് അവളെ രക്ഷപ്പെടുത്തുന്നത് രാമാനുജം ശാസ്ത്രികളും അയാളും സംഗീതവുമാണ്. ഒരു ഗുരുശിഷ്യ ബന്ധത്തിൽ നിന്ന് അനുരാഗത്തിലേയ്ക്ക് വഴിമാറുന്ന ആ ബന്ധത്തെ വീട്ടുകാർ എതിർക്കുകയും ഭദ്രയെ ചന്ദ്രശേഖര മേനോന് വിവാഹം കഴിച്ചുനൽകുകയും ചെയ്യുന്നു. ദാമ്പത്യം എന്ന സ്ഥാപനത്തിന്റെ അധികാരിയാണ് ചന്ദ്രൻ. സ്നേഹം, കരുതൽ, അനുകമ്പ തുല്യത തുടങ്ങിയ വൈകാരികലോകങ്ങൾ അവിടെ അന്യമാണ്. സാമൂഹിക പദവി നിലനിർത്തുന്നതിനുള്ള, ഒരു സദാചാര വ്യ വസ്ഥമാത്രമായി ദാമ്പത്യം മാറുന്നു.  സ്ത്രീയുടെ സർഗാ



ത്മകലോകങ്ങൾ എന്നേക്കുമായി അസ്തമിക്കുകയാണവിടെ.

മഴയിലെ ഒരു സംഭാഷണം ഇങ്ങനെയാണ്. 'വിവാഹത്തിനുമുമ്പ് എനിക്കൊരു പ്രണയബന്ധമുണ്ടായിരുന്നു; വിവാഹസമയത്ത് ഞാൻ കന്യകയുമായിരുന്നു; എന്നാലതിൽ ഞാനിപ്പോൾ ദുഃഖിക്കുന്നു'. മാധവിക്കുട്ടിയുടെ രചനകളിൽ തെളിഞ്ഞുകാണുന്ന പ്രണയരതി കാമനയുടെ വിധ്വംസക സ്വാതന്ത്ര്യത്തെ അതേ ആഴത്തിൽ ആവിഷ്കരിക്കുകയായിരുന്നു മഴ. സ്ത്രൈണ ലൈംഗികതയുടെ പ്രതി-കാമനാലോകത്തെ മുഖാമുഖം നേരിടുന്നതിൽ ചന്ദ്രനിലെ ആണത്തം പരാജയപ്പെടുന്നു. ഭർത്താവ് എന്ന ഹിംസാത്മകവും ആധാർമ്മികവുമായ അഹന്തയെ ഈ പരാജയം വേട്ടയാടുന്നു. അമിതമായി മദ്യപിച്ച് രക്തം ഛർദ്ദിച്ച് മരണത്തിന് കീഴടങ്ങുകയാണ് ചന്ദ്രൻ. തന്നെ സ്ത്രീയായി തിരിച്ചറിയുന്ന, ചോദനകളെ നിഷേധിക്കാത്ത, ശരീരത്തിനുമേൽ ശരീരത്തിന്റെ ആധിപത്യം സ്ഥാപിക്കാത്ത, തൃഷ്ണകളെ പരസ്പരം പുൽകിപ്പുണരുന്ന പ്രണയത്തിന്റെ ഉടൽ സമത്വത്തിന്റെ ആനന്ദ മാർഗമായി ജീവിതത്തെ സങ്കൽപ്പിക്കുന്നതായിരുന്നു മാധവിക്കുട്ടിയുടെ രചനകൾ. ആ സ്ത്രീ പക്ഷരാഷ്ട്രീയത്തെ ആഴത്തിൽ ദൃശ്യപ്പെടുത്തുന്നതായിരുന്നു മഴ.

എം മുകുന്ദന്റെ അതേപേരിലുള്ള നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് ദൈവത്തിന്റെ വികൃതികൾ. ദേശീയതയും ദേശവും തമ്മിലുള്ള സംഘർഷമാണ് നോവലിന്റെ പ്രമേയം. ദേശം എന്ന കാമനാലോകം ദേശീയതയുടെ രാഷ്ട്രീ ഭൂപടത്തിനുള്ളിൽ കുഴമറിയുന്നതെങ്ങനെയെന്ന് ചലച്ചിത്രം അന്വേഷിക്കുന്നു. ബ്രിട്ടീഷ് അധിനിവേശത്തിനു കീഴിലായിരുന്ന ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴി. ഇന്ത്യ സ്വതന്ത്രയായതിന് ശേഷമാണ് മാഹി സ്വതന്ത്രമാകുന്നത്. മയ്യഴിയിലെ ഫ്രഞ്ച് പൗരർക്ക് വാഗ്ദത്ത ഭൂമിയായ ഫ്രാൻസിലേയ്ക്ക് പോകാം. അൽഫോൺസച്ചന് മയ്യഴി വിട്ട് പോകാനാവില്ല. ജനിച്ച് ജീവിച്ച ദേശം എന്ന വൈകാരിക ഭൂപടത്തിനുള്ളിലാണ് അൽഫോൺസച്ചന്റെ ജീവിതം. ദേശ-രാഷ്ട്ര നിർമ്മിതിക്ക് പുറത്താണ് ഈ പ്രദേശ സങ്കൽപം നിലകൊള്ളുന്നത്. ഭാരതം എന്ന ബൃഹത് രാഷ്ട്ര സങ്കൽപത്തിലല്ല, മയ്യഴി എന്ന സ്വദേശ സ്വത്വത്തിലാണ് അയാൾക്ക് പുലരാനാവുക. പൗരത്വ നിർമ്മിതിയുടെ രാഷ്ട്രതന്ത്രത്തിന് ഈ വൈകാരിക ഭൂപടത്തെ മനസ്സിലാക്കാനാവില്ല.

പാകിസ്ഥാൻ പൗരത്വം ആരോപിക്കപ്പെട്ട് (തിരിച്ചും) ഭരണകൂടത്താൽ വേട്ടയാടപ്പെടുന്ന നിരവധി മനുഷ്യരുണ്ട്. ഇന്ത്യ-പാകിസ്ഥാൻ എന്നീ രണ്ട് ദേശ സ്വത്വങ്ങളുടെ രാഷ്ട്രതന്ത്രമാണ് അവരുടെ പൗരത്വത്തെ നിശ്ചയിക്കുന്നത്. തങ്ങൾ (പാകിസ്ഥാനികളാണ്) ഇന്ത്യാക്കാരാണ് എന്ന് ദേശ സ്നേഹം ആവർത്തിച്ച് പ്രഖ്യാപിക്കേണ്ട ഉത്തരവാദിത്തം ഇരകൾക്ക് മാത്രമല്ല, പലപ്പോഴും അവരുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വന്നുചേരുന്നുമുണ്ട്. ഇവിടെ (വിടെ മുസ്ലിം വിരോധത്തിന്റെ രാഷ്ട്രീയത്തെ മാറ്റിനിർത്തി) ദേശം എന്ന ആവാസവ്യവസ്ഥയെ പാഠമായി സ്വീകരിച്ചാൽ, ഈ മനുഷ്യർ ഭാരതത്തിൽ/പാക്കിസ്ഥാനിൽ ഭരണകൂടം നിർദ്ദേശിക്കുന്ന ഏതെങ്കിലും ദേശത്ത് അധിവസിച്ചാൽ തീരുന്നതാണോ പ്രശ്നം? അല്ല, അവർ ജനിച്ചുവളർന്ന, ജീവിതം പിച്ചവെച്ച, ഒരിടമുണ്ട്; സ്വത്വത്തിൽ ആഴത്തിൽ പതിഞ്ഞ ദേശം അതാണ്. മറ്റുള്ളതെല്ലാം അപരദേശങ്ങളാണ്. പി ടി കുഞ്ഞുമുഹമ്മദിന്റെ പരദേശി എന്ന ചിത്രം ചർച്ച ചെയ്യാൻ ശ്രമിച്ചത് ഈ പ്രശ്നമായിരുന്നു. പൗരത്വ പരികൽപനയ്ക്കുള്ളിൽ ദേശ-രാഷ്ട്ര ഭൂപടത്തിനുള്ളിലെ തിസ്കൃതവ്യക്തി എന്ന രാഷ്ട്രീയ സ്വത്വമായിരുന്നു പരദേശിയുടെ ആവിഷ്കാരമേഖല. എന്നാൽ ദേശം ആത്മാവിൽ വരഞ്ഞ വൈകാരിക ഭൂസ്വത്വത്തിന്റെ ഇടപാടുകളെക്കുറിച്ചാണ് ദൈവത്തിന്റെ വികൃതിൾ ചർച്ച ചെയ്യുന്നത്. പൗരത്വമായിരുന്നില്ല, സിനിമയുടെ ആഖ്യാനമേഖല. ദേശസ്വത്വവും അതു സാധ്യമാക്കിയ മാനുഷികവും വൈകാരികവുമായ ഭൂപടമായിരുന്നു അത്. വാഗ്ദത്തഭൂമി എന്ന സങ്കൽപ ദേശത്തേക്കാൾ, സമൃദ്ധിയും കാരുണ്യവും അനുകമ്പയും ഈ ദേശത്ത് അനുഭവിക്കാനാകുന്നുണ്ട്. അധിനിവേശാനന്തര സ്വത്വസംഘർഷത്തിന്റെ രാഷ്ട്രീയമാണ് ലെനിൻ രാജേന്ദ്രൻ സിനിമയിൽ ആവിഷ്കരിച്ചത്. ദൈവത്തിന്റെ വികൃതികൾ എന്ന നോവലിന്റെ പ്രമേയം മുന്നോട്ടുവച്ച അധിനിവേശാനന്തര ദേശം, ദേശീയത, സ്വത്വം, പൗരത്വം എന്നിവയുടെ ബന്ധസംഘർഷങ്ങൾക്ക് തിര വ്യാഖ്യാനമൊരുക്കുകയായിരുന്നു ലെനിൻ രാജേന്ദ്രൻ.

## കാലത്തിന്റെ കലണ്ടർ

മഴ മുതൽ മഴ വരെയും പൂക്കാലം മുതൽ പൂക്കാലംവരെയും സഞ്ചരിച്ചെത്തുന്ന കാലചക്രം, ഒരു ചാക്രിക ക്രമം. നാട്ടുവാഴികൾ വാണകാലം, പ്രഭുക്കളുടെ വാഴ്ചയും വീഴ്ചയും പ്രവാചകരും പുരോഹിതരും നേതാക്കളും ജനിച്ചതും ഭരിച്ചതും നാടുനീങ്ങിയതും മറ്റൊരു കാലക്രമമാണ്. കാലഗണനയുടെ രേഖീയക്രമം. അടുക്കിവയ്ക്കപ്പെടുന്ന ഓർമ്മകളാണവിടെ. ഇടക്കെട്ടത്ത് മറിച്ചുനോക്കി ഓർമ്മകൾക്ക് നിർവൃതികൊള്ളുകയോ, സങ്കടപ്പെടുകയോ ചെയ്യാം. അവിടെ ഓർമ്മകൾ, മറവികളും സ്വയം കറങ്ങിത്തിരിഞ്ഞെത്തണമെന്നില്ല. കലണ്ടറിൽ ആരംഭിച്ച് ഘടികാരത്തിലൂടെ വിഭജിക്കപ്പെട്ട് പടുക്കപ്പെടുന്ന കാലസങ്കൽപമാണത്. ഓർമ്മകൾക്കുമേൽ വ്യക്തിക്ക് ഒരു തെരഞ്ഞെടുപ്പവകാശം അത് നൽകുന്നുണ്ട്. ചാക്രികവും രേഖീയവുമായ കാലബോധത്തിനുള്ളിൽ നിന്ന് തെരഞ്ഞെടുത്തതാണ് ലെനിൻ രാജേന്ദ്രന്റെ ചലച്ചിത്രങ്ങൾ. മഴയ്ക്കുശേഷം, രാത്രിമഴ (2007), മകരമഞ്ഞ് (2010), ഇടവപ്പാതി (2016) എന്നിങ്ങനെ അത് കാലത്തെ തിരഞ്ഞെടുക്കുന്നു. കാലത്തിന്റെ ഈ ബൃഹദാഖ്യാനങ്ങളിൽ വ്യക്തികളുണ്ടായിരുന്നു, സമൂഹമുണ്ടായിരുന്നു. പങ്കുവെച്ചും കവർന്നും ഇണചേർന്നും പിരിഞ്ഞും ജീവിതത്തിന്റെ അകംപുറം സഞ്ചാരം. കാലാതീതത്തിൽ നിന്ന് വർത്തമാനത്തിലേക്ക് ഓർമ്മയുടെ അനവധി ഇഴകൾ ചേർത്തുകെട്ടിയതാണ് ചരിത്രം, ചലച്ചിത്രവും.

സഹായഗ്രന്ഥങ്ങൾ

സി വി രാമൻ പിള്ള. മാർത്താണ്ഡവർമ്മ. എൻ ബി എസ്. 1973

രശ്മി- അനിൽക്കുമാർ. തിരക്കാഴ്ചകളുടെ സൗന്ദര്യദർശനങ്ങൾ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2017

ലെനിൻ രാജേന്ദ്രൻ/കെ പി ജയകുമാർ. ആ പൂവന്നകാലത്തിന്റെ ഓർമ്മയ്ക്ക്. ഡി സി ബുക്സ്. 2009

കെ പി ജയകുമാർ. ജാതിവ്യവസ്ഥയും മലയാള സിനിമയും. ഒലീവ് ബുക്സ്. 2014



# Community/Place/Space/Belonging: On/By Vamba/Meena...

**Cheri Jacob K**
U.C. College, Aluva



Yes! The title of this *sutured* piece has too many slashes (/). Also known as slash-stroke, virgule, diagonal, oblique dash, slant, separatrix, slake and whack, this savvy punctuation symbol can be interpreted both as 'and' and as 'or' – and/or! And here it assumes a suturing function as I start to tentatively touch upon the issues that the title alludes to vis-à-vis two writers. One is a *fabulist* and the other a lyrist – and both talk about transience, loss, hybridity and the exhilaratingly vexed issue of Memory Repertoires. Here then is a vis-à-vis with Vamba Sherrif, the Liberian/Dutch novelist and Meena Alexander, the Malayalee/American poet.

**1. On...**

July 27, 2018, UCC, English Department Reading Room: Vamba Sherrif talked of an ancestral/personal dream that is no more! Vamba was born in Liberia. But he was forced to move out due to the civil war that broke out in the country. His family took refuge in Kuwait where his father worked as a professor. And then Civil war broke out in Kuwait too and his family moved to Syria; there too the ghosts of unrest loomed over the horizon. From where they ultimately reached the Netherlands; apparently, it was a Difficult Detour.

All through this Escapade-Exodus Vamba clasped on to the memories of his mother: a mother who was arguably amongst the most phenomenal women of Liberia. She owned factories and petrol pumps. Once Vamba's grandmother asked his mother to sell a truckload of goods in the faraway township market and come back with profit. She went to the distant market and did just that and thus proved that she had grown into a woman. She always knew what she wanted and never compromised and settled for anything less. By way of an




addendum Vamba addressed the predominantly female audience at UCC thus: The future belongs to and would be possible only because of women.

Vamba is relaxed yet astute in dissecting the cultural geography of Life-as-a-refugee: "Whichever be the country, the natives usually believe that the refugees come to their country because they do not want to do work. That is to say, they are lazy and they eat up the host's resources. So, they always prevent refugees from holding significant positions/titles in their country. A personal instance of this is me; I was denied admission to medical college, and I eventually enrolled to do law. – And even after I chose the writer's path, I had to do twice the work than a native might put in, to achieve what I have achieved." And regarding his books he maintains that they are singular later and plural first!

It was during the third year of college that Vamba decided to tell the story of his country and through it sieve for meanings that might personally signify something. His first book [The Land of My Fathers: 1999] was an instant success and he got offers/invitations to deliver talks at different circles; and it was during one such talk that he met his current wife – and it was not easy to just be in love with a white Christian woman: but the Sherrif community back in Liberia gave him support with a small diktat: stick together, come what may!

**2. By...**

Vamba's first book was translated and released in Malayalam by Saikatham Books with the title Purvikarude Naadu [April, 2018] A curious confession is due here. I have read just this Malayalam translation and am writing about it in English! Regarding the mechanics of writing Vamba has an interesting anecdote: "[M]ost importantly, I wrote love letters for men intended for women who could not read them. Letter writing prepared me for what I would become later, a novelist."




At some levels The Land of My Fathers is a novel about the founding of Liberia; a story that was desperately waiting to be told. It attempts an insider-outsider sketch of the triumphant return of the freed slaves from America to Africa. Once back 'home', however, these Americo-Liberians tried to integrate; but the resident tribes did not want/welcome them! In a certain sense they were trapped and out of place [as Edward Said conceives it]. However, instead of standing in unison against colonialism and nativist xenophobia, they turned on each other. In the fictional terrain, the reader encounters Edward Richards, born into slavery in America. He leaves for Liberia to join his beloved Charlotte – to resolve a twenty-year in absentia bond. In Liberia, he witnesses the difficulties the settlers face vis-à-vis the tribes scattered along the coast of Liberia. He decides to head for the interior to preach the word of God to the natives. There he meets a remarkable man who would alter his look on life forever - Halay. When the land is threatened with war and the oracle ordains that a man must sacrifice himself in order to avert an imminent war, it is Halay who rises up to the challenge. However the Liberians' belief that the sacrificial death will save them from any war is shattered a century later, when a war wipes out even the descendents of Edward and Halay.

The Land of My Fathers throbs with a textured African spiritualism rooted in the conviction that ancestral spirits will/does intervene in the lives of the living. Intertextually, this radiance merges with the narrative hues of Toni Morrison's Beloved, Alex Haley's Roots and Ralph Ellison's Invisible Man - the mysterious capacity of the dead to hold sway over the living!

From the Heart: "If you stay strong to your decisions and opinions, in all likelihood, the right people will join you; that is what life has taught me. All days are not the same; sometimes we have to work in spite of the lack of inspiration. And one

way to tackle the grimness and the injustice of life is to write – if a person wants to continue writing then s/he just has to write."

### 3. A Hyper-intrusive Jump Cut: From Vamba to Pamba

November 21, 2018, New York: Meena Alexander is no more. She was the woman who carried forward Kamala Das' legacy of the English-smitten Malayalee-minstrel; winner of the PEN Open Book Award for the anthology Illiterate Heart (2002). Born in Allahabad, Meena Alexander was raised in Kerala and Sudan; an eternal emigree, just like Vamba albeit from the banks of the Pamba!

Even while living ten thousand miles away from her grandmother's house by the Pamba River and close to river Hudson, the images of motherland and landscape are suspended in Meena's memory. They have become the part of her mnemonic world as she writes in 'Poetics of Dislocation', "bits of places pour into me, the edge of muddy stream, green leaves of tree, I can smell the bitter bark, stones at the edge of a dry road, a wall white with sunshine wings of dove, somewhere over a slate grey roof" (8). In the poem 'Everything strikes Loose', she laments over the bygone:

"Now the river trickles
through low hills
it tastes of childhood
the boats fly no flags
the races are all done
and flat barges driven by men
bear cinnamon, cloves, dried pepper"

The issue of diasporic exile holds sway in most of Meena's oeuvre. The subsequent extract from the poem 'Where Do You Come From?' amply illumines the probing critique of the very dynamics of cultural dispersion/dislocation:

[...] I set out with mama from Bombay harbor.
Our steamer was SS Jehangir, in honor of the World Conqueror —
They say he knelt on the battle field to stroke the Beloved's shadow.
The waves were dark in Bombay harbor, Gandhi wrote in his Autobiography
Writing too is an experiment with truth.
No one knows my name in Arabic means port.
On board white people would not come near us
Were they scared our brown skin would sully them?
Mama tried to teach me English in a sing song voice. [...]

It is with the poem 'Illiterate Heart' that Meena confronts head-on an aarguablytroubling question: 'How many Mother Tongues can one have, any which way?!' The extract given below reveals a daring dexterity in the inter-weaving of two different parlances:

[...] IV.

At noon I burrowed through
Malayalam sounds,
slashes of sense, a floating trail.
Nights I raced into the garden.
Smoke on my tongue, wet earth
from twisted roots of banyan
and fiscus Indica.
What burnt in the mirror
of the great house
became a fierce condiment.
A metier almost:
aa i ii u uu au um aha ka kh
ga gha nga cha chha ja ja nja
njana (my sole self), njaman (knowledge)
nunni (gratitude) ammechi, appechan,
veliappechan (grandfather).
Uproar of sense, harsh tutelage:
aana (elephant) amma (tortoise)
ambjuan (lotus).
A child mouthing words
to flee family.
I will never enter that house I swore,
I'll never be locked in a cage of script.
And the lotus rose, quietly, quietly,
I committed that to memory,
later added : ce lieu me plaît
dominé de flambeaux.

And then there is the poem 'Muse'. It becomes a sort of summation of all that Meena held dear in terms of a poetic manifesto:

You come to me
a bird shedding gold feathers,
each one a quill scraping my tympanum.
You set a book to my ribs.
Night after night I unclasp it
at the mirror's edge
alphabets flicker and soar.
Write in the light
of all the languages
you know the earth contains,
you murmur in my ear.
This is pure transport.

Meena leaves behind a legacy that defies commonplace straight-jacketing. Simply put, she revels in the interstitial apparitions that language accords – and as she revels she reveals the jouissance of the (il)literate soul!

From the Heart: "I have always grown up in a world where there were things one did not understand, because there were languages that were not completely accessible ... I think this is a very good hedge against a certain kind of rational understanding, the presumption of linguistic clarity or transparency, post-Enlightenment, that sense that everything can be known and a light can be shone into all parts of one's thought."

#### References

Meena Alexander. Poetics of Dislocation, Ann Arbor, University of Michigan Press: 2009

______________. River and Bridge, Toronto, Tsar Publications: 1996

______________. Illiterate Heart, Toronto, Northwestern University Press: 2002

Vamba Sherrif. Purvikarude Naadu [The Land of My Fathers]: Kothamangalam, Saikatham Books: 2018



# കുളവാഴയുടെ സാമ്പത്തിക ശാസ്ത്രം!

ഡോ. ജി. നാഗേന്ദ്രപ്രഭു
എസ്.ഡി. കോളേജ്, ആലപ്പുഴ



കേരളത്തിന്റെ സമ്പത്തായ ജലാശയങ്ങളിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ജലജന്യകളയാണ് കുളവാഴ അഥവാ പോള. ഐക്കോർണിയ ക്രാസിപ്പസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഈ സസ്യം തെക്കേ അമേരിക്കക്കാരനാണ്. ഭൂമിയിലെ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ മുഴുവനും വ്യാപിച്ചുകിടക്കുന്ന 'സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം' ഇതിന് സ്വന്തമായുണ്ട്. മാംസളമായ തണ്ടുകളും വലിയ ഇലകളും മനോഹരമായ വയലറ്റ് നിറമുള്ള പൂക്കളുമുള്ള ഈ 'സുന്ദരൻ' കാഴ്ചയിൽ നമ്മെ മോഹിപ്പിക്കുമെങ്കിലും അത്യധികം ഉപദ്രവകാരിയാണ് എന്ന് മനസ്സിലാക്കണം. ഈ സ്വദേശിവൽക്കരിക്കപ്പെട്ട വിദേശസസ്യത്തിന്റെ അനിയന്ത്രിതമായ വളർച്ചമൂലം നമുക്കുണ്ടാകുന്ന സാമ്പത്തികവും ജീവശാസ്ത്രപരവുമായ പ്രഭാവം ഇതുവരെ ശരിയായി കണക്കാക്കപ്പെട്ടിട്ടില്ല. ഈ വിഷയത്തിൻമേലുള്ള ഒരവലോകനമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## കുളവാഴ കൊണ്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെ?

ലോകത്തിലെ ഏറ്റവുമധികം വളർച്ചാനിരക്കുള്ള സസ്യമാണ് കുളവാഴ. അനുകൂല സാഹചര്യങ്ങളിൽ ഒരാഴ്ചകൊണ്ട് എണ്ണത്തിൽ ഇരട്ടിയ്ക്കും. ജലോപരിതലം പൂർണമായും മറച്ച് പായവിരിച്ചതുപോലെയാണ് ഇവ തിങ്ങിവളരുന്നത്. അതുകൊണ്ട് തന്നെ സൂര്യപ്രകാശവും ജീവവായുവും താഴെയുള്ള ജലത്തിലേക്ക് കടക്കുന്നില്ല. ഇതോടൊപ്പം തന്നെ ചത്തുചീയുന്ന കുളവാഴകൾ ധാരാളം ഓക്സിജൻ ഉപയോഗിക്കുകയും ചെയ്യുന്നു. ഈ 'അനോക്സീകരണ' പ്രക്രിയമൂലം വെള്ളത്തിലുള്ള സ്വാഭാവിക ജന്തു-ജീവജാലങ്ങളും സസ്യങ്ങളും നശിക്കുന്നു. അതുമൂലം അവിടുത്തെ ബാധിക്കുന്ന ഗുരുതരമായ അവസ്ഥ ഉണ്ടാകുന്നു. പോളതിങ്ങുന്ന പ്രദേശങ്ങളിലെ ജൈവവൈവിധ്യനാശം മൂലം പ്രാദേശികമായ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതാകുന്നു. മറ്റു പ്രതിലോമഘടകങ്ങളായ മലിനീകരണം, കാലാവസ്ഥാ വ്യതിയാനം ആവാസവ്യ

വസ്ഥയിൽ മനുഷ്യരുടെ ഇടപെടൽ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവ ഇതോടൊപ്പം ചേരുമ്പോൾ സ്ഥിതി ഭീകരമാകുന്നു. ജൈവവൈവിദ്ധ്യം അടിസ്ഥാനമാക്കിയുള്ള ഉപജീവനം ഇല്ലാതാകുന്നു. (ഉദാ:- ഉൾനാടൻ മത്സ്യബന്ധനം, കക്കവാരൽ). ഈ പ്രതിഭാസത്തിന്റെ സാമ്പത്തിക വശങ്ങൾ പഠനവിധേയമാക്കേണ്ട താണ് എന്നതിൽ സംശയമില്ല.

കളവാഴയുടെ അമിതവളർച്ച മൂലം സാമ്പത്തിക നഷ്ടമുണ്ടാവുന്ന മറ്റു മേഖലകൾ പരിശോധിച്ചാൽ ഒരു നീണ്ട പട്ടികതന്നെ തയ്യാറാക്കേണ്ടിവരും.

1. ജലഗതാഗതത്തിനുതകുന്ന തടസ്സങ്ങൾ - ബോട്ടുകളും വള്ളങ്ങളും സഞ്ചരിക്കാൻ സാധിക്കാത്തതുമൂലം വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും കൃത്യസമയത്ത് എത്തിച്ചേരാൻ സാധ്യമല്ലാതാവുന്നു. ദേശീയ ജലപാതയുടെ സുഗമമായ പ്രവർത്തനത്തിന് ഈ സസ്യം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്.

2. കൃഷിയോഗ്യമായ സ്ഥലങ്ങൾ കുറയുന്നു, ചിലവ് കൂടുന്നു: കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ എല്ലാവർഷവും ഈ സസ്യത്തിന്റെ അനിയന്ത്രിതമായ വളർച്ചമൂലം കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി കുറയുന്നു. എല്ലാ വർഷവും കൃഷിയ്ക്കായി നിലമൊരുക്കുന്നതിന് മുമ്പ് പോള വാരിമാറ്റുക അല്ലെങ്കിൽ അടുത്ത ജലാശയത്തിലേക്ക് തള്ളി ഒഴുക്കിവിടുക എന്നതിലേക്കായി കർഷകർക്ക് ഭാരിച്ച തുക ചിലവാക്കേണ്ടിവരുന്നു. നെല്ല്കൊയ്ത് നെല്ലും കറ്റയും സമയത്ത് കൊണ്ടുപോകാൻ സാധിക്കാതെയും വരുന്നുണ്ട്. ഇതുമൂലം കൃഷി കൂടുതൽ നഷ്ടത്തിലാകുന്നു.

3. മത്സ്യബന്ധനം - കക്കവാരൽ : ഇതിനുമുമ്പ് സൂചിപ്പിച്ചതുപോലെ കളവാഴ നിറഞ്ഞ തോടുകളിൽ നിന്നുള്ള മത്സ്യബന്ധനം, കക്കവാരൽ തുടങ്ങിയവ അസാധ്യമാണ്. ഈ സ്ഥിതി തുടർന്നാൽ പരമ്പരാഗതമായ പ്രാദേശിക തൊഴിൽ അവസരങ്ങൾ കുറയുകയും ക്രമേണ ഇല്ലാതാവുകയും ചെയ്യും.

4. ടൂറിസം രംഗത്തെ പ്രതിസന്ധികൾ: "ദൈവത്തിന്റെ സ്വന്തം നാടായ" കേരളത്തിന്റെ പ്രധാന ആകർഷണമായ ഹൗസ് (പുരവഞ്ചി അഥവാ വഞ്ചിവീട്) മേഖലയിൽ ഈ സസ്യം വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. വള്ളങ്ങളുടെ പ്രൊപ്പല്ലറിൽ പോള കുരുങ്ങി അപകടങ്ങളുണ്ടാവുന്നത് ആലപ്പുഴക്കാർക്ക് പുത്തരിയല്ല. യാത്രകൾ ക്യാൻസൽ ചെയ്യുകയോ വൈകുമ്പോഴോ, ഉള്ള സാമ്പത്തിക നഷ്ടങ്ങളും ടൂറിസ്റ്റുകൾക്കുണ്ടാകുന്ന സമയനഷ്ടവും വിലമതിക്കാനാവാത്തതാണ്. പോളതിങ്ങിയ ചെറു തോടുകളിലൂടെയുള്ള യാത്ര തികച്ചും ദുഷ്കരവും അസാധ്യവുമാണെന്ന് നാട്ടുകാർ സാക്ഷ്യപ്പെടുത്തുന്നു.

5. ശുദ്ധജലദൗർലഭ്യം - ഈ കള സസ്യത്തിന്റെ പെരുപ്പം മൂലം ഉപയോഗയോഗ്യമായ വെള്ളത്തിന്റെ ലഭ്യത ഗണ്യമായി കുറയുന്നു. തന്മൂലം ജലവിതരണശൃംഖലയ്ക്ക് താങ്ങാവുന്നതിലും അപ്പുറം പ്രവർത്തിക്കേണ്ടിവരുന്നതായി ജലഅതോറിറ്റി അധികൃതർ പറയുന്നു. വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളിൽ പോലും ശുദ്ധജലം പമ്പുചെയ്ത് കൃത്രിമമായി എത്തിക്കേണ്ട അവസ്ഥ ഭീകരം തന്നെയാണ്. ഇതിനായി ചിലവഴിക്കേണ്ടിവരുന്ന ഊർജ്ജവും പണവും എത്രയെന്ന് കണക്കാക്കിയിട്ടില്ലതാനും!

6. ആരോഗ്യരംഗത്തെ ചിലവുകൾ : പോളതിങ്ങി വളരുന്നതുമൂലം ജലത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നു. ഈ സസ്യത്തിന്റെ വേരുകൾക്കിടയിൽ ചിലയിനം കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പോളശല്യം രൂക്ഷമായ ആലപ്പുഴയിൽ എല്ലാ വർഷവും ഉണ്ടാകുന്ന കൊതുകജന്യരോഗങ്ങളുടെ പിന്നിലുള്ള രഹസ്യവും ഒരളവുവരെ ഇതാണ്. മനുഷ്യർക്ക് മാത്രമല്ല, മത്സ്യങ്ങൾ, താറാവ്, കോഴി മുതലായ വളർത്തുമൃഗങ്ങൾക്കും അടിയ്ക്കടിയുണ്ടാവുന്ന രോഗബാധയ്ക്ക് പോളകൊണ്ടുള്ള മലിനീകരണവും ഒരു പ്രധാന ഘടകമാണ്. ചികിത്സയ്ക്കായും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായും ചിലവാക്കേണ്ട തുക എല്ലാവർഷവും വർദ്ധിച്ചുവരുന്നതായി കാണാം.

7. പോള നിയന്ത്രണത്തിനായുള്ള ചിലവുകൾ - ഇത്രയധികം നമ്മെ ബുദ്ധിമുട്ടിക്കുന്ന ഈ കളയെ നിയന്ത്രിക്കുവാനായി മുടക്കിയ പണത്തിന് കൈയും കണക്കുമില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, കർഷകസംഘങ്ങൾ, ജലഗതാഗതം, ടൂറിസം, കൃഷി, തുടങ്ങിയ സർക്കാർ വകുപ്പുകൾ.... പണം ചെലവഴിക്കുന്നവരുടെ പട്ടിക ഇനിയും നീളും. ഇവരെല്ലാം ചേർന്ന് വർഷാവർഷം ഈയിനത്തിൽ ചിലവഴിക്കുന്ന തുകയ്ക്ക് യാതൊരു കണക്കുമില്ല. ഏറെ കൊട്ടിഘോഷിക്കപ്പെട്ട 'കുട്ടനാട് പാക്കേജിൽ' കളവാഴ നിയന്ത്രണത്തിനായി വകയിരുത്തിയത് 30 കോടി രൂപയാണ്. ഇതിൽ 22.5 കോടി രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ചിലവാക്കിയതായി രേഖകൾ സൂചിപ്പിക്കുന്നു. ഇപ്പോൾ കുട്ടനാട്ടിലെ പോള നിയന്ത്രണത്തിനായുള്ള ഒരു പുതിയ സമഗ്രപദ്ധതിയുടെ പണിപ്പുരയിലാണ് കേരള സർക്കാർ. ഏകദേശം 110 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രസർക്കാരിന് സമർപ്പിക്കുവാനായി സംസ്ഥാന സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

2020ഓടെ ഈ സസ്യത്തിന്റെ വ്യാപനം തടയാനും നിയന്ത്രിക്കാനുമായി യുണൈറ്റഡ് നേഷൻ എൻവയേൺമെന്റ് പ്രോഗ്രാം (UNEP) കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്നറിയുമ്പോൾ ഈ സസ്യത്തിന്റെ വിപത്ത് അന്താരാഷ്ട്ര മാനങ്ങളുള്ളതാണ് എന്ന് നാം തിരിച്ചറിയണം. കേരളത്തെപ്പോലെ ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കളവാഴ വിവിധ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ കേരളത്തിന്റെ ദുർബലമായ സമ്പദ് വ്യവസ്ഥയെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന ഒരു ഘടകമായി കളവാഴപോലെയുള്ള ജലജന്യകളകൾ മാറിക്കഴിഞ്ഞിരിക്കുന്നു.

ലേഖകൻ: ആലപ്പുഴ എസ്.ഡി. കോളേജിലെ അദ്ധ്യാപകനും ജലവിഭവ ഗവേഷണകേന്ദ്രം മുഖ്യഗവേഷകനും. 20 വർഷത്തിലേറെയായി ഈ മേഖലയിൽ ഗവേഷണം നടത്തിവരുന്നു. കളവാഴ ഉപയോഗിച്ചുള്ള നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ച് ഗ്രാമീണർക്ക് പരിശീലനം നൽകുന്ന സാമൂഹ്യപരിശീലനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കേരളസർക്കാരിന്റെ കളവാഴ നിയന്ത്രണത്തിനായി നിലവിൽ 2009ൽ വന്ന വിദഗ്ധസമിതി അംഗം. ഫോൺ: 9495501790l




# ദളിത് സ്ത്രീവാദം സാഹിത്യത്തിൽ


**ഡോ. ബിന്ദു എ.സി.**
ബി.എ.എം. കോളേജ്,
തുരുത്തിക്കാട്



കേരളത്തിന്റെ ആധുനീകരണത്തിൽ സ്ത്രീലിംഗപദവിയുടെ രൂപപ്പെടൽ ചരിത്രപരമായി തന്നെ പ്രധാനപ്പെട്ട ഒരു സന്ദർഭമാണ്. 'മലയാളസ്ത്രീയുടെ വിമോചന യുഗ'മെന്ന് വിശേഷിപ്പിക്കപ്പെടുന്ന നൂറ്റാണ്ടാണ് 19-ാം നൂറ്റാണ്ട്. 1980-ൽ സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ നേതൃനിരയിലേക്ക് ഉയർന്നവരിൽ ഭൂരിപക്ഷവും സവർണ്ണ മധ്യവിഭാഗത്തിൽ നിന്നുള്ളവരാണ് സ്ത്രീകളുടെ രണ്ടാംകിട പദവി, വിവേചനപരമായ നിയമങ്ങൾ, സ്വത്തവകാശങ്ങൾ, ലൈംഗിക പീഡനങ്ങൾ, സ്ത്രീധനമരണങ്ങൾ തുടങ്ങിയ സ്ത്രീപ്രശ്നങ്ങളെ പൊതുവായി പരിഗണിച്ചുകൊണ്ടായിരുന്നു ഇവരുടെ വരവ്. എന്നാൽ ഇവരിൽ നിന്നും വ്യത്യസ്തമായി സ്ത്രീ എന്ന വിഭാഗത്തിൽ തന്നെ സ്ത്രീ അനുഭവങ്ങളാൽ വ്യത്യസ്തരാണ് എന്നു വിളിച്ചു പറയപ്പെട്ട സ്വരമായിരുന്നു ദളിത് സ്ത്രീകളുടേത്. പുരുഷാധിപത്യത്തിനും സവർണ്ണമേധാവിത്വത്തിനും കീഴെ അടിച്ചമർത്തപ്പെട്ടു കഴിഞ്ഞിരുന്ന ഒരു വിഭാഗമായിരുന്നു അക്കാലത്തെ ദളിത് സ്ത്രീകൾ.

ദളിത് സ്ത്രീ പ്രശ്നങ്ങൾ എങ്ങനെ മറ്റു വിഭാഗം സ്ത്രീകളുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുന്ന ലേഖനമാണ് സി.എസ്. ചന്ദ്രികയുടെ 'കേരളത്തിലെ നവസാമൂഹിക പ്രസ്ഥാനങ്ങൾ'. ദളിത് സ്ത്രീകൾ സമ്പത്തിലോ വിഭാഗങ്ങളിലോ അറിവിലോ വിശകലനബുദ്ധിയിലോ പ്രാപ്യത ഇല്ലാത്തവരാണെന്നും നല്ല വിദ്യാഭ്യാസം, നല്ല തൊഴിൽ എന്നിവ നിഷേധിക്കപ്പെട്ടവരാണ് എന്നും സി.എസ്. ചന്ദ്രിക ചൂണ്ടിക്കാണിക്കുന്നു.

കേരള സമൂഹത്തിലെ ജാതിരൂപീകരണ പ്രക്രിയ സംഘകാലഘട്ടം മുതൽ ആരംഭിച്ചതും മധ്യകാല സാമൂഹിക രാഷ്ട്രീയമണ്ഡലങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതുമാണ്.




വസ്തുനിഷ്ഠമായ കാരണങ്ങളൊന്നും കൂടാതെ ഒരു വിഭാഗം ആളുകൾക്ക് നീതി നിഷേധിക്കപ്പെടുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. ഈ സമൂഹം ജാതിയെ ബഹിഷ്കരിച്ച് അവരെ സ്വയം നിർവ്വചിക്കുന്നതിനായി സ്വീകരിച്ച പദമാണ് 'ദലിത്' എന്ന സംജ്ഞ. അതായത് ഇത് ജാതിയെ അടയാളപ്പെടുത്തുന്ന പദമല്ല മറിച്ച് പാർശ്വവത്കരിക്കപ്പെട്ടവരെ അടയാളപ്പെടുത്തുന്ന പദമായി നിലകൊള്ളുന്നു.

ബഹുമുഖമായ ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരാകുന്നവരാണ് ദലിത് സമൂഹത്തിലെ സ്ത്രീകൾ. ജാതിവിവേചനം അനുഭവിക്കുമ്പോൾ തന്നെ സ്ത്രീ എന്ന നിലയിൽ വീടിനുള്ളിലും പുറത്തും പുരുഷാധിപത്യസാമൂഹ്യക്രമത്തിന്റെ ഇരകളായി ദലിത് സ്ത്രീകൾ മാറുന്നു. ദാരിദ്ര്യം, അധികാരത്തിന്റെ ഇടങ്ങൾ, സാമൂഹ്യ അടരുകൾ എന്നിവയോടൊപ്പം, വരേണ്യപുരുഷാധികാരമൂല്യങ്ങളും കീഴാള, ലളിത് പുരുഷന്മാരുടെ പീഡനങ്ങളും ദലിത് സ്ത്രീകൾ ഏറ്റുവാങ്ങേണ്ടിവരുന്നു. ഇപ്രകാരം ജാതി-ലിംഗ-വർഗ പീഢനങ്ങൾക്ക് ഒരേസമയം ഇരകളാകുന്ന ദലിത് സ്ത്രീകളുടെ സത്താപരവും ബൗദ്ധികപരവുമായ അടയാളപ്പെടുത്തലുകൾ സാമൂഹിക വ്യവഹാരങ്ങളിൽ ഉണ്ടായിട്ടുണ്ട്. അധഃസ്ഥിതവർഗത്തിന് 1914-ഓടുകൂടി വിദ്യാഭ്യാസം അനുവദിച്ചതോടെ തങ്ങളുടെ സ്വത്വസംരക്ഷണത്തിനായിട്ടുള്ള പോരാട്ടങ്ങൾ അവർ ആരംഭിച്ചു എന്നതിന് കേരളത്തിലെ സാമൂഹ്യപ്രക്ഷോഭങ്ങൾ തെളിവാണ്. 1859-ൽ നടന്ന 'കല്ലയും മാലയും ബഹിഷ്കരണ പ്രക്ഷോഭം' തങ്ങളുടെ അവകാശത്തിനുവേണ്ടി ചാന്നാർ സ്ത്രീകൾ നടത്തിയ ആദ്യത്തെ സ്ത്രീവിമോചന സമരമായിരുന്നു.

ദലിത് സ്ത്രീകളുടെ അനുഭവങ്ങളെ ജ്ഞാനവൽക്കരിച്ചുകൊണ്ട് അവരുടെ വ്യക്തിത്വത്തിന്റെ/സ്വത്വത്തിന്റെ അടയാളപ്പെടുത്തലുകളെ ഒരു രാഷ്ട്രീയ വ്യവഹാരമായി മാറ്റിത്തീർക്കുകയും ചെയ്യുന്ന കാഴ്ചപ്പാടിനെയാണ് ദലിത് സ്ത്രീവാദം കൊണ്ട് അർത്ഥമാക്കുന്നത്.

സാഹിത്യത്തിൽ കേരളീയ ദലിത് സ്ത്രീ പ്രതിനിധാനം രണ്ടുതരത്തിലാണ് കാണാനാവുക. ഒന്നാമത്തേത് ജാതിവ്യവസ്ഥയിൽ ഉയർന്ന സമുദായങ്ങളുടെ കണ്ണിലൂടെയുള്ള ജാതി കാഴ്ചപ്പാടുകളിലൂടെ. രണ്ടാമത്തേത് ദലിത് സമൂഹവും സ്ത്രീകളും സ്വയം നിർണയിക്കുന്ന കാഴ്ചപ്പാടിലൂടെ. ഇവ രണ്ടും ചേർന്ന് രൂപപ്പെടുന്ന ദലിത് സ്ത്രീസ്വത്വത്തിന്റെ സ്വഭാവത്തെ സാഹിത്യത്തിൽ കാണാനാവുന്നു. സമൂഹത്തിൽ ഏറ്റവും കൂടുതൽ ചൂഷണത്തിനു വിധേയരായവരാണ് ദലിത് സ്ത്രീകൾ എന്ന് വ്യക്തമാക്കുന്നവയാണ് ദലിത് സ്ത്രീയെ അടയാളപ്പെടുത്തുന്ന സാഹിത്യരചനകൾ.

## ദലിത് സ്ത്രീ പ്രതിനിധാനം സാഹിത്യത്തിൽ

സവർണ്ണ വിഭാഗം ചൂഷണം ചെയ്യപ്പെട്ട വിഭാഗമാണ് ദലിത് സ്ത്രീകൾ എന്നു വെളിപ്പെടുത്തുന്നതാണ് പൂന്തോട്ടം നമ്പൂതിരിയുടെ മുക്തകമായ,

"മുടില്ലാത്തൊരു മുണ്ടുകൊണ്ടു

മുടിയും മൂടിട്ടു

വൻകറ്റയും ചൂടിക്കൊണ്ടൊരിവൾ

പുറത്തുതിരുകി

പ്രാഞ്ചിക്കിതച്ചങ്ങനെ

മേനി മുഴുവൻ ചേറും പുരണ്ടി-

ട്ടിപ്പോഴീ പാടത്തിനു വരുന്ന

നിൻ വരവുകണ്ടിട്ടേറെ

കൊതിക്കുന്നു ഞാൻ' എന്ന ശ്ലോകം.

സ്ത്രീയുടെ കഷ്ടതയോ അധ്വാനമഹത്വമോ അല്ല, കേവലം സ്ത്രീശരീരം എന്ന വസ്തുവൽക്കരിക്കപ്പെട്ട നോട്ടമാണ് ഈ ശ്ലോകത്തിൽ ദൃശ്യവൽക്കരിച്ചുനിൽക്കുന്നത്.

ദലിത് സ്ത്രീകളുടെ സാംസ്കാരിക പദവിയെയും പ്രതിനിധാനങ്ങളെയും കുറിച്ച് പരാമർശിക്കുന്ന കൃതികളാണ് ഉമ ചക്രവർത്തിയുടെ 'ജാതിയെ ലിംഗവത്കരിക്കുമ്പോൾ' (2008), സി.എസ്. ചന്ദ്രികയുടെ 'കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം (1998), ജെ. ദേവികയുടെ 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? അഥവാ ആധുനിക മലയാളസ്ത്രീകളുടെ ചരിത്രത്തിനൊരാമുഖം' (2010), പി. വസന്തകുമാരിയുടെ 'ഫോക്‌ലോറിലെ സ്ത്രീസ്വത്വനിർമിതി' (2000), ഗീതയുടെ 'പെൺകാലങ്ങൾ' (2010) തുടങ്ങിയ കൃതികൾ. ഇത്തരത്തിൽ എഴുതപ്പെട്ട സാംസ്കാരിക പഠനങ്ങളാണ് എം. ഗംഗാധരന്റെ 'സ്ത്രീയാവസ്ഥ കേരളത്തിൽ (2004), കെ.എം. വേണുഗോപാലിന്റെ 'കേരളം ലൈംഗികത, ലിംഗനീതി' (2006), കെ.ഇ.എന്നിന്റെ 'കറുപ്പിന്റെ സൗന്ദര്യശാസ്ത്രം' (1999) തുടങ്ങിയ കൃതികൾ.



ചെറുകഥാ സാഹിത്യത്തിലും ദലിത് സ്ത്രീകളുടെ ജീവിതത്തെ അവലോകനം ചെയ്യുന്ന കൃതികൾ കാണാനാവും. കാരൂർ നീലകണ്ഠപ്പിള്ളയുടെ 'അന്നത്തെ കൂലി' (1932) 'ടി.കെ.സി. വടുതലയുടെ 'രണ്ടുതലമുറ' (1950), ഇ. ഹരികുമാറിന്റെ 'അമ്മേ അവര് നമ്മുടെ ആകാശം കട്ടെടുത്തു' (2006), മാധവിക്കുട്ടിയുടെ 'പുലിവേട്ട' (1974), പി. വത്സലയുടെ പുഴ (1982), കെ.ആർ. മീരയുടെ 'നായ്ക്കോലം' (2010), സി.വി. ശ്രീരാമന്റെ 'ഞങ്ങളെ തൊട്ടാൻ' (1997), സന്തോഷ് ഏച്ചിക്കാനത്തിന്റെ 'പന്തിഭോജനം' (2006) എന്നിവയിലും അധ്വാനം, ലൈംഗികത, പ്രതിരോധം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ദലിത് സ്ത്രീയുടെ ജീവിതപ്രശ്നങ്ങളെ കണ്ടെടുക്കാനാവും.

സമകാലിക മലയാളകവിതയുടെ മേഖലയിൽ ദളിത് സ്ത്രീ കവിതകൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. 'മുദ്രിത'യാണ് മലയാളത്തിൽ പുറത്തിറങ്ങിയ ആദ്യത്തെ ദളിത് സ്ത്രീകവിതാ സമാഹാരം. 'പച്ച ഈർക്കിൾ' എന്ന കവിതയിൽ ആശ പെണ്ണ് പുരുഷന്റെ കപട സ്നേഹത്തിനു മുന്നിൽ പരാജയപ്പെട്ടുപോകുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു.

'സ്നേഹം തന്നാൽ

പച്ച ഈർക്കിൽ പോലെയായിരുന്ന ഞാൻ

നിനക്കെന്നെ കാൽക്കീഴോളം വളയ്ക്കാം

വട്ടമാക്കാം, വടിയാക്കാം പൂവാക്കാം. (2014)

സ്നേഹത്തിന്റെ മുന്നിൽ കീഴടങ്ങുന്ന ഒരു പെണ്ണിന്റെ മനസ്സാണ് ഇവിടെ വെളിപ്പെടുന്നത്. അതുകൊണ്ടു തന്നെ തിരസ്കരണവും ഒറ്റപ്പെടലും ഒഴിവാക്കലും ചൂഷണവും അവൾ സഹിക്കേണ്ടതായിവരുന്നു. ഇവയിൽ നിന്നും ഉയിർക്കുന്ന സ്ത്രീസ്വത്വം, അതിജീവനത്തിന്റെ ശ്രമങ്ങൾ എന്നിവയെ ഈ കവിതയിൽ വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

മാറിയ പ്രണയശീലങ്ങളെക്കുറിച്ച് ആശ എഴുതിയ കവിതയാണ് 'ചിലരങ്ങനെയൊക്കെയാണ്'.

"പ്രണയിനിയെ പ്രണയത്തോടെ

പാതിവഴിയിൽ ഉപേക്ഷിക്കുന്നു' (2014)

എന്ന വരികളിൽ സവർണ്ണപുരുഷന്മാരുടെ വശീകരിക്കൽ ശ്രമങ്ങളും ഉപയോഗിച്ചതിനുശേഷം ഉപേക്ഷിക്കുന്ന നിലപാടുകളുമാണ് തുറന്നുകാട്ടുന്നത്.


സതി അങ്കമാലിയുടെ കവിതകളിലും ദലിത് സ്ത്രീയുടെ അവസ്ഥ ചിത്രീകരിച്ചിരിക്കുന്നു. 'ഒറ്റച്ചേല', 'പെൻസിൽ' എന്നീ കവിതകൾ ശ്രദ്ധേയമാണ്.

'മുന കൂർപ്പിച്ച് കൂർപ്പിച്ച് നീയെന്നെ

ഇല്ലാതാക്കിയില്ലേ' (2014) എന്ന ചോദ്യം ദളിത് സ്ത്രീ സ്വത്വ പ്രതിരോധത്തിന്റേതാണ്. അവരുടെ സ്വന്തം നിഴൽ ചവിട്ടി താഴ്ന്നുപോകുന്ന അവസ്ഥയെക്കുറിച്ച് വ്യക്തമായി കാട്ടിത്തരുന്നു 'പെൻസിൽ' എന്ന കവിത. ക്രൂരമായ ദാരിദ്ര്യവും ദളിത് സ്ത്രീകൾ അനുഭവിക്കേണ്ടിവരുമെന്ന തിരിച്ചറിവിലേക്കാണ് 'ഒറ്റച്ചേല' എന്ന കവിത വായനക്കാരെ നയിക്കുന്നത്.

അമ്മു ദീപയുടെ 'ഇറങ്ങിപ്പോകുന്നവൾ' എന്ന കവിത ദലിത് സ്ത്രീ അടുക്കളയിൽ നിന്നും സ്വാതന്ത്ര്യം ആഗ്രഹിച്ച് ഇറങ്ങിപ്പോവുകതന്നെ ചെയ്യും എന്ന ധ്വനിയാണ് ഉള്ളത്. അമ്മു ദീപയുടെ 'അച്ചാർ' എന്ന കവിതയിലും സ്ത്രീ വെറും ശരീരം മാത്രമായി കണ്ട് ചൂഷണം ചെയ്യുന്ന ആൺകോയ്മയെയാണ് കാട്ടുന്നത്. ദലിത് സ്ത്രീയുടെ ജീവിതത്തിന്റെ ചൂഷണമുഖത്തെ വെളിപ്പെടുത്തുന്ന കവിതകളാണ് ഇവയെല്ലാം തന്നെ.

ദലിത് സ്ത്രീജീവിതത്തെ അടയാളപ്പെടുത്തിയ ആത്മകഥാപരമായ കൃതിയാണ് മറിയാമ്മ ചേടത്തിയുടെ 'മറിയാമ്മചേടത്തിയുടെ കഥ'. ദലിത് സാഹിത്യകൃതികളിൽ ഉടനീളം ദലിത് സ്ത്രീ അനുഭവിച്ചിരുന്ന കഷ്ടതകളും ചൂഷണങ്ങളും കണ്ടെത്താനാവും.



# 'ചക്ക' ലോകത്തിലെ ഏറ്റവും വലിയ ഫലം

"ചക്ക- സംസ്ഥാന ഫലം പ്രഖ്യാപനം ഉടൻ" മന്ത്രിയുടെ പ്രസ്താവന- ഒരുപാട് നൊസ്റ്റാൾജിയഉണർത്തിയവാർത്ത. കുട്ടിക്കാലത്തുംഇപ്പോഴും ചക്കയോടുള്ളഇഷ്ടംഒട്ടുംകുറഞ്ഞിട്ടില്ല. സ്വാദിഷ്ടമായ ഓർമ്മകൾ മനസ്സിൽകുറിച്ചിടാൻ സാധിച്ചതുംലോകത്തിലെഏറ്റവുംവലിയ ഫലമായ ചക്കക്ക് തന്നെ. കുട്ടിക്കാലത്ത്, ചക്ക സീസണായാൽ പുഴുക്കുണ്ടാക്കുന്ന ദിവസംഒരുഉൽസവമായിതോന്നും. ആ ദിവസം ഉച്ചക്ക് ഊണ്ഉണ്ടാകില്ല. പകരം ചക്കപ്പുഴുക്കുംകൂടെ മീൻമുളകിട്ടതും കഞ്ഞിയും . രാവിലെ പത്തുമണി ആകുമ്പോഴേക്കും പ്രാരംഭ നടപടികൾ തുടങ്ങും. അടുക്കള മാനേജർ ഉപ്പയുടെ ഉമ്മയാണ് എന്ന് എനിക്ക്തോന്നാറുണ്ട്.

എല്ലാം അവരുടെ നിയന്ത്രണത്തിലായിരിക്കും. അവരുടെഒന്നോരണ്ടോകൂട്ടുകാരികളുംസഹായത്തിന് ഹാജരാകും. ചക്ക വലിക്കുക എന്നതാണ്ആദ്യത്തെ പരിപാടി. അതിനും പെണ്ണുങ്ങൾ തന്നെ റെഡി. തുടർന്ന്വെട്ടുകത്തിയിലും, ചെറിയകത്തികളിലുംകൈകളിലും എണ്ണ പുരട്ടുന്നു. ചെറിയകഷണങ്ങളാക്കി ചക്കയിൽ നിന്നുംചുളകൾ അടർത്തിയെടുത്ത്മുറത്തിലിടുന്നു. ഇത്രയും ആകുമ്പോഴേക്കും ഞാനും അനുജത്തിഷഹനയുംഎത്തിസ്ഥാനം പിടിച്ചിരിക്കും ചുളഅടർത്തിയെടുക്കാൻഅവരെസഹായിക്കാനും , പിന്നെ കുറെ നാട്ടുവർത്തമാനങ്ങൾ കേൾക്കാനും. ചക്കച്ചുളകൾ ഇരിഞ്ഞെടുക്കുമ്പോൾ പച്ചക്ക് കുറച്ച് അകത്താക്കും. വെല്ലിമ്മഅതുവിലക്കും. പച്ചക്ക് തിന്നാൽവ

**രഹന മൊയ്തീൻകോയ**
ഫാറൂഖ്കോളേജ്, കോഴിക്കോട്





യറ്വേദനിക്കുമത്രേ. എന്നാൽമുതിര്ന്നവർക്ക്വയറ്വേദനിക്കില്ലേ എന്ന സംശയം ഞാൻ പ്രകടിപ്പിക്കാറുണ്ട്. പോയി പഠിക്കാൻ - ഉമ്മയുടെ താക്കീത്. മൈൻഡ് ചെയ്യാതെഅവിടെത്തന്നെ ഇരിക്കും. കുറച്ച് ചക്കക്കുരുകൂടിചേർത്താലെ നല്ല കൊഴുപ്പുണ്ടാകൂ എന്ന അഭിപ്രായം വെല്ലിമ്മ പറയേണ്ടതാമസംഅതുംറെഡി.

തേങ്ങ ചിരവാൻ തുടങ്ങിയാൽ ബഹുരസമാണ്. അതിൽ നിന്നും വാരിതിന്നാലോ...!മോളേതേങ്ങ തിന്നാൽകല്ല്യാണത്തിന് മഴ പെയ്യും. പെണ്ണുങ്ങളുടെവിശ്വാസം . എന്തോ എന്റെകല്ല്യാണത്തിന് മഴ പെയ്തിരുന്നു. തേങ്ങ ചിരവുമ്പോൾ അവരുടെവളകിലുക്കവുംഎല്ലാംകൂടിവളരെതാളാത്മകമായിരിക്കും . തേങ്ങ അമ്മിയിലിട്ട് ഒതുക്കുവാൻ വെല്ലിമ്മ നിർദ്ദേശം നൽകും. കൂട്ടുകാരികൾ അത്ഏറ്റെടുക്കുന്നു. ഓരോരൊഐറ്റംആയിസമയാസമയങ്ങളിൽ വെല്ലിമ്മ നൽകും. ആദ്യംമഞ്ഞൾ, പിന്നെ ചുവന്ന മുളക്, തേങ്ങ, പെരുംജീരകം, ഉള്ളി, വെളുത്തുള്ളിഇതാണ്ഓർഡർ . ഇത് പാകത്തിന് അരച്ചെടുക്കണം . ചക്ക അടുപ്പത്ത് വെച്ച് വേവുമ്പോഴേക്കും ഹൃദ്യമായ മണം അനുഭവപ്പെട്ടുതുടങ്ങും. പകുതിവെന്തതിനുശേഷംഉപ്പ്ചേർത്തുതുടർന്ന്തേങ്ങ ഒതുക്കിയതുംചേർത്ത് നന്നായി ഉടക്കുന്നു. അതിനായിമന്ത്കോൽ ഉപയോഗിക്കും. നന്നായിഅടുപ്പത്ത് വെച്ച്ഇളക്കുന്നു.

ഇനി ഞങ്ങളുടെ ഊഴമാണ്. പിഞ്ഞാണത്തിൽചൂടോടെ വിളമ്പി,വിളിവരും. "മക്കളേ, നിങ്ങള്വന്ന്കഴിച്ചോളിം."അടുക്കളയിൽ പലകയിട്ട്ഇരുന്ന്എല്ലാവരുടെയും കൂടെകഴിക്കണമെന്ന മോഹംഉണ്ടാകും. പക്ഷേ നടക്കില്ല. ഞാനും അനുജത്തിയുംഡൈനിംഗ്ഹോളിൽ നിന്നേ ഭക്ഷണംകഴിക്കാവൂ. ഉപ്പയുടെ നിർദ്ദേശമാണ്. അവിടെയുംഞങ്ങൾക്ക് നഷ്ടം. നാട്ടുവർത്തമാനങ്ങൾ കേൾക്കാൻ കഴിയില്ലല്ലോ... സഹായികൾക്ക്വീട്ടിലേക്കും ചക്ക പുഴുക്ക് പാർസലായി നൽകുന്നത് കാണാം.

തേങ്ങ വലിക്കുന്ന ദിവസം പാകമായ ചക്കകൾ എല്ലാംതാഴെഎത്തിയിരിക്കും. പഴുപ്പിക്കാനുള്ളത്കെട്ടിത്താഴ്ത്തും. നേരത്തേ തന്നെ പലരും ചക്ക ബുക്ക്ചെയ്തിട്ടുണ്ടാകും. ആവശ്യക്കാർവന്ന്തലയിൽവെച്ച്കൊണ്ടുപോകും. സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർ വന്ന്സ്വയം ചക്ക മരത്തിൽ നിന്നും പറിച്ച്കൊണ്ടു പോയിവീട്ടിലെ പട്ടിണിമാറ്റിയിരുന്നു എന്ന് എനിക്ക് മനസ്സിലായിതുടങ്ങിയിരുന്നു. പലപ്പോഴുംസ്ത്രീകളോകുട്ടികളോആണ്തലയിൽചുമന്ന്കൊണ്ടുപോയിരുന്നത്. ഒരുവീട്ടിലെ മുഴുവൻ അംഗങ്ങളുടേയുംവിശപ്പുമാറ്റാൻ ഈ'വിദേശി'ക്ക്കഴിഞ്ഞിരുന്നല്ലോഎന്ന്ഇപ്പോൾഅധികമാരും മൈൻഡ് ചെയ്യാത്ത ചക്ക കാണുമ്പോൾ എനിക്കോർമ്മ വരാറുണ്ട്.

പണ്ട് നമ്മൾ ആസ്വദിച്ച രുചിഭേദങ്ങൾ നമ്മുടെഇളംതലമുറയ്ക്കുംകൂടി അവകാശപ്പെട്ടതാണ്. സുലഭമായി കിട്ടുന്ന ചക്കയുടെവൈവിധ്യമാർന്ന രുചിഭേദങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾക്ക്സുപരിചിതമാക്കാൻ ശ്രമിക്കാം. അങ്ങനെ മികച്ച ഒരു ഭക്ഷണസംസ്കാരംതിരിച്ചു പിടിക്കാം എന്ന പ്രതീക്ഷയോടെ.



# The Meaning of a Pat

**Jason Jose**
St.Aloysius College
Thrissur



Of all the memorable pats I have received in my life, the warmest ever came from Laxmanan Mash. He patted me kindly on the shoulder and ...rode back flamboyantly on his Yamaha RX100.

It was a winter morning in Kerala Varma , quarter of a century back. We, the students of final year BA were sitting inside a mini bus and though the morning was cold it was quite warm inside the bus with visible excitement and mirth as we were about to start our study tour , the first and last for the course.

I, being the organiser was feeling a bit too warm and tense,for our escort teacher hadn't turned up so far. We could not get a lady escort techer and had to take Sarala Chechi, the library assistant to satisfy the requirement. And there was no question at all, of commencing the tour without the male escort teacher. Finally Laxmanan Mash turned up, to the great relief of me, the English Association Secretary and the student in charge of the tour.

Laxmanan Sir at that time was widely known as the Tour Mash and he used to be the last resort for any group of students who wished to go on a study tour, and we too had done the same, eventhough he did not teach us at the UG level.

Mash stopped his bike , got into our bus and wished the students a happy journey , and then got down from the bus.

He beckoned to me from outside.

"Jason, Sorry, I won't be coming today! He tells me in a whisper. " I have some urgent work elsewhere and Iam not in a mood to travel right now." Suddenly the cold morning grew hot and it began to make me sweat inside.

That plainly means our tour will be cancelled!!

"Dont worry," Laxmanan Sir tells me. "You may proceed. I have signed in your letter to the principal. That fulfills the official side. Ishall take responsibility for everything that happens during the tour."

..and as he was about to go, he came closer to me, patted on my shoulders and said " Nothing will happen, Jason. I trust you, and do take care of the team!" Off he rides on his sleek motorbike leaving a bus full of teenaged boys and girls to my charge.....

I knew then,all on a sudden, that a pat could endear, assure, console, congratulate, motivate, forgive, befriend and embolden- in short, a pat could work wonders.

.....I noticed how visibly bloated was his visage as I looked through the mist inside the chilled coffin box. Generocity , love, care, informal friendship – a quantum of softer emotions swelled inside his still body. Probably, there was an excess stock of all these warm emotions still inside him, and the sudden, untimely death left them unspent, making his body bloat inside the coffin....

A student may take a long time to fathom his teacher, the way a child would take many years to understand his parent better.

Now I look back as a college teacher at that winter morning of our study tour and realisation dawns on me like sun beams in a misty morning.

I, on my part, would never escort on a tour a class that I do not teach, in the first place; and there is no question at all of entrusting the responsibility on a UG student and staying away from the tour. That would be too risky a game.

Dearest Laxmanan Sir, now I realise with utter humility the unattainable heights of sublime trust that you lavished on a dusky teenager on that cold morning, years back in our campus, and the courage and responsibility the gentle pat pumped into that boy.

I felt the cool evening breeze patting my cheeks as I stood beside his coffin on that bleak day of rainy July.


And I look forward to the days ahead when courage, confidence and optimism would pour down in pitter patter on Ummu Chechi and Farista Mirri, like Monsoon rains pouring down on that cosy home beyond the gaunt banyan tree behind the familiar temple at the city.

# സ്ത്രീതന്നെ സാക്ഷി

മൗനം അഗ്നിയായ് കത്തിപ്പടരുന്ന
നാളിത്... കൺമുന്നിൽ
കാലത്തിൻ പെരുമ്പറകൊട്ടിനാൽ
പെണ്ണുകൊത്തിയ ബിംബം പെണ്ണുതന്നെ
തച്ചുടയ്ക്കുമ്പോൾ
ഉയിരിലെവിടെയോ രോഷം പുകഞ്ഞുയരുന്നു

ഒരുവരിയിൽ പടുകോട്ട കെട്ടിയാർത്ത്
പെണ്ണുയിരിൻ കരുത്ത് ചരിത്രമാവുമ്പോൾ
മാറുമെയ് മനുസ്മൃതിയുടെ ചരണസംഹിത
നേരിന്റെ മുദ്രയായ് നിറുകയിലമർത്തുന്നു.

വാക്കിന്റെ ശക്തിയിൽ, നോക്കിന്റെ രൗദ്രതയിൽ
ഊരിപ്പിടിച്ച കുന്തമുനയുടെ കാളുന്ന വാത്സല
അരിഞ്ഞുതള്ളിയ ഝാൻസീറാണിമാർ... ഇന്ന്
ഇടറുന്ന മൺചിരാതിന് പിന്നിലെ നാളമായ്...
ഒരാർത്തവ ബിംബമായ് സ്വയം അഭിശപ്തയാകുന്നു.....



പെണ്ണുപൂക്കുന്ന നാളുകൾ സ്വപ്നംകണ്ട സ്ത്രീത്വം
ഉറച്ച കാൽവെപ്പിനാൽ ചവിട്ടിക്കടന്ന പടവുകൾ പിന്നിലേറെയുണ്ട്.
അന്നൊരുമശക്തിയും വാക്ക് അഗ്നിയുമായിരിക്കുന്നു.
തകർക്കാനാകാത്ത ദാർഷ്യത്തിനൊപ്പം
കണ്ണിൽ പ്രതീക്ഷയുടെ മാറ്റൊലി മിന്നി....

നേർത്ത മഞ്ഞിന്റെ പടിഞ്ഞാറൻ ശീൽക്കാര്
കാലപ്രവാഹത്തിനൊപ്പം മുഴങ്ങവേ...
മുട്ടവിളക്കിന്റെ ഇത്തിരിവെട്ടത്തിൽ
ചിറകറ്റുവീണ കരുത്തിന്റെ ചുവടുകൾ
ലംഘനങ്ങളേറെ കടന്നത്രേ...
പെണ്ണിന്റെ ഇന്നത്തെ ഉത്ഭവം ഉരുക്കുവാൻ...

മാറിന്റെ സ്നിഗ്ധത മാനത്തിന്റെ
പച്ചരക്തത്താൽ...
മരണത്തിനൊപ്പം അറുത്തെടുത്തവൾ
വില്ലുവണ്ടി ഓടുന്ന പുതുപാതയിൽ
ആണിനൊപ്പം ഉറച്ചുനിന്നവൾ
'അവൾ... അമ്മയായിരുന്നു... പെണ്ണായിരുന്നു.....

കലാപങ്ങളേറെ നടന്നവൾക്കു നടക്കാൻ
പഠിക്കാൻ, ഉടുക്കാൻ, പെണ്ണെന്ന
സ്വത്വം ആർജ്ജിച്ചുയരാൻ...
പിന്നെ എന്തെന്തു കാഴ്ചകൾ
പല ജാതിയായ്, മതമായ്....
തളച്ചിട്ട ഇരുളാണ്ട ജന്മങ്ങൾ

അമ്മയായ് ഗാന്ധാരിയും മറിയവും ആമിനയും
അറിഞ്ഞ നൊമ്പരം അതൊന്നുതന്നെ
അമ്മ നന്മയായ്, ഉണ്മയായ് കാത്ത കാലം
രക്തം രക്തത്തിൽ രതി രുചിക്കുന്ന
കെട്ട കാലത്തിന്ന്....
കാഴ്ചയിട്ടുങ്ങിയ കണ്ണാടിപോലവൾ... പെണ്ണ്.

**പ്രിയമോൾ പി.**
ഡി.ബി. കോളേജ്, പരുമല





# ലൈംഗികതയുടെ ജീവശാസ്ത്രരഹസ്യം

**ഡോ. ഇന്ദുലാൽ ജി**
സെന്റ് അലോഷ്യസ് കോളേജ്,
എടത്വാ



ലൈംഗികത എന്ന വാക്ക് കേൾക്കുമ്പോഴേ എന്തോ ശ്ലീലമല്ലാത്തതോ പൊതുസഭയിൽ ചർച്ചചെയ്യേണ്ടതല്ലാത്തതോ ആയ കാര്യമെന്നുകരുതുന്നവരാണ് ഈ ആധുനികയുഗത്തിൽ പോലും അധികം. എന്നാൽ മനുഷ്യനെ വാർത്തെടുക്കുന്ന പരമപ്രധാനമായ നൈസർഗികതയും ജൈവികതയുമാണ് ലൈംഗികത എന്നത് നാം അറിയേണ്ടിയിരിക്കുന്നു. ലൈംഗികതയ്ക്കു പിന്നിലെ ജീവശാസ്ത്രരഹസ്യം അറിയുന്നതോടെ ഈ വാക്കിനോടുള്ള അയിത്തം മാറുമെന്നാണു പ്രതീക്ഷ.

ബാഹ്യമായ ലൈംഗികതയും ആന്തരികമായ ലൈംഗികതയും രണ്ടു കാര്യങ്ങളാണ്. ആ രണ്ടുകാര്യങ്ങളിലും സമത ഉണ്ടാകുകയെന്നതും വ്യത്യസ്തത ഉണ്ടാകുകയെന്നതും പ്രകൃതിപരവുമാണ്. ഭ്രൂണാവസ്ഥയിൽത്തന്നെ നിർണ്ണയിക്കപ്പെടുന്ന ലിംഗവും ലൈംഗിക വ്യതിരിക്തതയും പ്രകൃതിവിരുദ്ധമെന്നു പറയുന്നത് എന്താണു പ്രകൃതി എന്നറിയാത്തവരുടെ അറിവില്ലായ്മയാണ്.

ശരീരത്തിലെ അതിസൂക്ഷ്മജീവഘടകമായ ക്രോമസോമുകളാണ് ഈ പ്രത്യേകതകൾക്കു കാരണം. ഹോർമോണുകളും ക്രോമസോമുകളും മാത്രം നിയന്ത്രിക്കുന്നതാണു ലിംഗവും ലൈംഗികസ്വഭാവവുമെന്ന് ഇതിനു പിന്നിലെ ശാസ്ത്രം അറിയാൻ ആഗ്രഹിക്കുന്നവർ മനസ്സിലാക്കണം. പരമ്പരാഗത ആൺ, പെൺ ലിംഗത്തിനപ്പുറം ഉണ്ടായേക്കാവുന്ന ഭിന്നലൈംഗികതയും പ്രകൃത്യാലുള്ളതാണെന്നു അറിയേണ്ടിയിരിക്കുന്നു.

മനുഷ്യപ്രകൃതിയെ അടിമുടി നിർണ്ണയിക്കുന്ന ക്രോമസോമുകളെറ്റി അറിയുകയാണ് ലൈംഗികതയുടെ പിന്നിലെ ശാസ്ത്രരഹസ്യം അറിയാനുള്ള എളുപ്പവഴി. പാരമ്പര്യഗുണവാഹികളായ 22 ജോഡി ക്രോമസോമുകളും ലിംഗം നിർണ്ണയിക്കുന്ന ഒരുജോടി ക്രോമസോമുമാണ് ശരീരത്തിന്റെ അടിസ്ഥാനനിർമ്മിതിഘടനയായ ശരീരകോശങ്ങളിലുള്ളത്. മനുഷ്യരിൽ മാത്രമല്ല ചെടികളിലും പക്ഷികളിലും തുടങ്ങി ജീവനുള്ള സകല വകകളിലും എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളോടെ ഇവയുണ്ട്. ഈ ക്രോമസോമുകൾ ജീവിവർഗ്ഗത്തിന്റെ അനുസ്യൂതമായ തുടരലിനെ സഹായിക്കുന്നു.

ലിംഗപരമായ വേർതിരിയൽ പ്രധാനെട്ട നാലു ഘട്ടങ്ങൾ വഴിയായാണ് സംഭവിക്കുന്നത്. പുരുഷബീജവും സ്ത്രീയിൽ നിന്നുള്ള അണ്ഡവും സംയോജിക്കുന്ന സമയത്തുനടക്കുന്ന അതിസങ്കീർണ്ണമായ ജൈവപ്രക്രിയയിലൂടെയാണ് ഇത് സാദ്ധ്യമാകുക. ആ നാലുഘട്ടങ്ങളിൽ ആദ്യത്തേത് പരമ്പരാഗത ലിംഗരൂപീകരണം (ആൺപെൺ) ആണ്.

## ഒന്നാം ഘട്ടം പരമ്പരാഗത ചിന്തകൾക്കനുസൃതമായ ലിംഗരൂപീകരണം

ജീവകോശങ്ങളിൽ 23 ജോഡി ക്രോമസോമുകളുള്ള കാര്യം സൂചിപ്പിച്ചിരുന്നല്ലോ. അതിൽ 23ാമത്തെ ജോഡിയാണ് ലിംഗനിർണ്ണയം സാദ്ധ്യമാക്കുന്നത്. പുരുഷനിൽ 23ാമത്തെ ജോഡി ഒരു X ക്രോമസോമും ഒരു Y ക്രോമസോമും ആയിരിക്കും. എന്നാൽ സ്ത്രീയിലാകട്ടെ അവരണ്ടും X ക്രോമസോമുകളായിരിക്കും. എല്ലാ ജീവകോശങ്ങളിലും 23 ജോഡി ക്രോമസോമുകളുണ്ടായിരിക്കേ, ബീജകോശത്തിലും അണ്ഡകോശത്തിലും കൃത്യപകുതി, 23 എണ്ണം വീതമേ ഉണ്ടാകൂ അതിൽ മാതാവിന്റെ അണ്ഡകോശത്തിലെ ക്രോമസോം X ആയിരിക്കുകയും ചെയ്യും, കാരണം മാതൃകോശങ്ങളിലെ 23-ാം ജോഡിയിൽ രണ്ടും X ക്രോമസോമുകളാണ്. പുരുഷബീജകോശങ്ങളിൽ എക്സോ വൈയോ ഏതെങ്കിലും ഒരെണ്ണം ഉണ്ടാകും. ഗർഭധാരണസമയത്ത് എക്സ് ക്രോമസോമുള്ള ബീജമാണ് അണ്ഡവുമായി സംയോജിക്കുന്നതെങ്കിൽ രണ്ട് എക്സ് ക്രോമസോമുകളുള്ള ഭ്രൂണകോശം പെണ്ണായും മറിച്ച് വൈ ക്രോമസോമുള്ള ബീജകോശമാണ് അതിൽ പങ്കെടുക്കുന്നതെങ്കിൽ എക്സും വൈയും ക്രോമസോമുകളുള്ള ആണായും ലിംഗനിർണ്ണയം നടക്കപ്പെടുന്നു. എങ്കിലും ഗർഭധാരണത്തിനുശേഷം ആറാഴ്ച വരെ ബാഹ്യരീതികൾ വഴിയായി ഇതു കണ്ടുപിടിക്കുക അസാദ്ധ്യമോ അതീവശ്രമകരമോ ആണെന്ന് ആധുനിക വൈദ്യശാസ്ത്രം സമ്മതിക്കുന്നു. ജനിക്കാൻ പോകുന്ന ശിശുവിന്റെ ക്രോമസോംലിംഗനിർണ്ണയം, ഗർഭധാരണത്തിന്റെ ആദ്യനിമിഷത്തിൽത്തന്നെ, ഇത്തരത്തിൽ അതീവസങ്കീർണ്ണമായ, മനുഷ്യനിയന്ത്രണമില്ലാത്ത പ്രക്രിയയിലൂടെ നടന്നു കഴിഞ്ഞു.

ക്രോമസോംലിംഗനിർണ്ണയം നടന്നുകഴിഞ്ഞ് ആറ് ആഴ്ചകൾ വരെ ഭ്രൂണം ബാഹ്യലിംഗപരമായി വേർതിരിച്ചറിയാനാകാത്ത അവസ്ഥയിലായിരിക്കും. അതിനുശേഷമാണ് ലൈംഗികപരമായ വേർതിരിയൽ നടക്കുക. ജീനുകളുടേയും ഹോർമോണുകളുടേയും സഹായത്തോടെയാണ് ലൈംഗിക വേർതിരിയൽ നടക്കുന്നത്.

ക്രോമസോമുകളുടെ അടിസ്ഥാനത്തിൽ എക്സ് ക്രോമസോമുള്ള ബീജകോശം അണ്ഡകോശവുമായി സംയോജിച്ചാൽ എക്സും എക്സും കോമ്രസോം ഘടനയുള്ള ഭ്രൂണ കോശം പെണ്ണായും എക്സും വൈയും ക്രോമസോം ഘടനയുള്ള ഭ്രൂണകോശം ആണായും ക്രോമസോംലിംഗനിർണ്ണയം നടത്തെട്ട അവസ്ഥയിലാകുമെന്നു നാം മനസ്സിലാക്കി.

എന്നാൽ ഇങ്ങനെ ലിംഗനിർണ്ണയം നടത്തെട്ട എന്നതുകൊണ്ട് ആണ് "ആണാകുകയോ" പെണ്ണ് "പെണ്ണാകുകയോ" ഇല്ലാ. മനുഷ്യനിയന്ത്രണത്തിനോ അവന്റെ ആഗ്രഹത്തിനോ ഒന്നും ചെയ്യാനാകാത്ത, വളർച്ചയുടെ അനവധി സങ്കീർണ്ണ ഘട്ടങ്ങളിലൂടെ കടന്നുപോയി, തികച്ചും പ്രകൃതിയുടെ മാത്രമായ ഇടപെടലിലൂടെയാണ് 'ആൺ' എന്നു നാം കരുതുന്ന എക്സ് വൈക്രോമസോമുള്ള 'ആൺ'ഭ്രൂണകോശം നമ്മുടെ സങ്കല്പത്തിലുള്ള ആണായും എക്സ് എക്സ് ക്രോമസോമുള്ള 'പെൺ'ഭ്രൂണകോശം നമ്മുടെ സങ്കൽത്തിലുള്ള പെണ്ണായും മാറുന്നത്.

പ്രകൃതിയുടെ പരിപാവനമായ ഈ ഇടപെടൽ അറിയാത്തവരാണ് അവരവരുടെ സങ്കൽത്തിലെ ആൺ പെൺ ബിംബവൈരുദ്ധ്യങ്ങളേയും അവരുടെ ലൈംഗികപരമായ ദിശാമാറ്റങ്ങളേയും ലിംഗപരമായ വൈവിദ്ധ്യത്തേയും, പ്രകടിക്കുന്ന സ്വഭാവവൈജാത്യങ്ങളേയുമൊക്കെ 'പ്രകൃതിവിരുദ്ധത', 'അടികിട്ടിയാൽ മാറുന്ന സ്വഭാവം', 'അഹങ്കാരം', 'വേഷംകെട്ട്' എന്നിങ്ങനെ അറിവില്ലായ്മയുടെ ഗോപുരത്തിൽ കയറിനിന്ന് അപഹസിക്കുന്നത്.


മനുഷ്യസാദ്ധ്യമായ നിയന്ത്രണങ്ങൾക്കുപരമാണ് ഭ്രൂണകോശങ്ങളിലെ ലൈംഗികപരമായ ദിശയുറപ്പിക്കലിനുപിന്നിലെ ജീവരഹസ്യം. ആൺ എന്ന ക്രോമസോം മേൽവിലാസക്കുറിപ്പിനപ്പുറം സങ്കീർണ്ണതകളുടെ മഹാപ്രളയമാണ് യഥാർത്ഥത്തിൽ ആണിനെ ആണാക്കുന്നത്. അതേപോലെ പെണ്ണിനേയും.

കുട്ടി ആണാകുന്നതോ പെണ്ണാകുന്നതോ ആരുടെയും കഴിവോ കഴിവില്ലായ്മയോ ഒന്നുമല്ല. പുരുഷൻ ഉൽസർജ്ജിക്കുന്ന 2 കോടി ബീജങ്ങളിൽ ഏകദേശം പകുതി എക്സും പകുതി വൈയും ക്രോമസോം വിന്യാസത്തോടുകൂടിയതായിരിക്കും. യോനിമുഖത്തു വീഴുന്ന ഈ രണ്ടുകോടി ബീജങ്ങളിൽ ഏതാണ്ട് പകുതിയേ ഗർഭാശയമുഖത്തെത്തൂ.

അതിൽതന്നെ ഏതാണ്ട് 10000 എണ്ണമേ ഗർഭാശയത്തിന്റെ മുകളിലെത്തൂ. അതിൽ ഏകദേശം 5000 എണ്ണം രണ്ട് അണ്ഡാശയഭാഗത്തേക്കും തിരിയുന്നു. അതിൽ ഏതാണ്ട് 1000 എണ്ണമേ അണ്ഡവാഹിനിക്കുഴലിലെത്തൂ. അവയിൽ 200 എണ്ണത്തോളമേ അണ്ഡത്തിനടുത്തെത്തൂ. ഒരു സമയം അണ്ഡാശയങ്ങൾ സാധാരണഗതിയിൽ ഒരു അണ്ഡത്തെ മാത്രമേ പുറത്തുവിടുന്നുള്ളൂ. അങ്ങനെ അണ്ഡത്തിനടുത്തെത്തിയ 200 ബീജങ്ങളിൽ ഒരെണ്ണം മാത്രമേ അണ്ഡവുമായി സംയോജിക്കൂ. ആ ബീജത്തിലെ ക്രോമസോമിനെ ആശ്രയിച്ചാണ് കുഞ്ഞിന്റെ ലിംഗം. ബാക്കിയുള്ള ബീജങ്ങൾ അണ്ഡത്തെ പിന്നീട് ആക്രമിക്കാത്ത വിധത്തിൽ ബീജസങ്കലനം നടന്ന അണ്ഡം ഒരു വേലിയുണ്ടാക്കുന്നതൊക്കെ പരമപവിത്രമായ ശരീരശാസ്ത്രത്തിൽപ്പെടുന്നു.

സാധാരണഗതിയിൽ എക്സ്, വൈ ക്രോമസോമുള്ള ഭ്രൂണകോശം ആണിന്റേയും എക്സ്, എക്സ്ക്രോമസോമുള്ള ഭ്രൂണകോശം പെണ്ണിന്റേയും ബാഹ്യവും ആന്തരികവുമായ ശരീരപ്രത്യേകതകളോടും മാനസികഭാവത്തോടും മറ്റു സ്വഭാവസവിശേഷതകളോടും കൂടെ വികസിക്കും. പക്ഷേ, ഇതിനു വഴിയൊരുക്കുന്നത് സ്വാഭാവികമെന്ന് നാം ഗണിക്കുമെങ്കിലും അതല്ലാത്ത അനേകപ്രവർത്തനങ്ങളാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം, ശിശുവിനെ ആണായും പെണ്ണായും സാധാരണഗതിയിൽ കണക്കാക്കുന്ന ബാഹ്യവും ആന്തരികവുമായ ജനനേന്ദ്രിയങ്ങളുടെ രൂപീകരണവും വികസനവുമാണ്.

## ഘട്ടം രണ്ട് : ജനനേന്ദ്രിയങ്ങളുടെ രൂപീകരണവും വികസനവും



‘ഇപ്പോഴത്തെ അവസ്ഥയിൽ ഭ്രൂണകോശത്തെ ക്രോമസോമിന്റെ അടിസ്ഥാനത്തിൽ നാം ആണെന്നോ പെണ്ണെന്നോ വിളിക്കുമെങ്കിലും ലൈംഗികമായി വേർതിരിച്ചറിയാനാകാത്ത അവസ്ഥയിലാണ് ഭ്രൂണം. ആറാഴ്ചകൾ വരെ ഈ സ്ഥിതിയിലായിരിക്കും. അതിനുശേഷമാണ് ബീജഗ്രന്ഥികളുടെ, ഒന്നുകൂടെ ലളിതമാക്കിയാൽ ബാഹ്യവും ആന്തരികവുമായ ജനനേന്ദ്രിയങ്ങളുടെ ഉരുത്തിരിയൽ സംഭവിക്കുന്നത്.

ഇവിടെയാണ് ഈ ക്രോമസോമുകളിൽ മുത്തുകൾ പോലെ അടുക്കിയിരിക്കുന്ന ജീനുകൾ എന്ന കഥാപാത്രങ്ങളുടെ പ്രസക്തി. ഇനിയുള്ള സംഭവഗതികളിൽ ജീനുകൾ കാര്യമായ പങ്കുവഹിക്കുന്നു.

ആറാഴ്ചകൾ കൊണ്ട് ഭ്രൂണകോശത്തിൽ പലമടങ്ങ് പുതിയകോശങ്ങൾ ചേർന്നു അതു ഭ്രൂണമായി മാറിയിരിക്കും. ആ ഭ്രൂണത്തിൽ ഭാവിയിൽ വളരേണ്ട പ്രത്യുല്‌പാദനാവയവങ്ങളുടെ വളർച്ച, വൈ ക്രോമസോമിലുള്ള ലിംഗനിർണ്ണയജീനായ എസ്.ആർ.വൈ ജീനിന്റെ നിയന്ത്രണത്തിലാണ്. വൈ ക്രോമസോമിലടങ്ങിയിരിക്കുന്ന ഈ എസ്. ആർ. വൈ ജീൻ പുറപ്പെടുവിക്കുന്ന പ്രോട്ടീൻ, ഒരു ജീൻ ശൃംഖലയെ ഉത്തേജിപ്പിക്കുകയും ആ ജീൻകൂട്ടം ഭ്രൂണത്തിലെ ബീജഗ്രന്ഥിയാകാൻ ഒരുങ്ങുന്ന ഭാഗത്തെ പുരുഷലൈംഗികഗ്രന്ഥിയായ വൃഷണങ്ങളുടെ രൂപീകരണവികാസത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. എസ്.ആർ.വൈ ജീനില്ലാത്ത എക്സ്, എക്സ് ജോഡിയിൽ ഈ ഗ്രന്ഥികൾ അണ്ഡാശയമായിമാറുകയും ചെയ്യുന്നു.

വൃഷണങ്ങളുടെ രൂപീകരണം എന്ന പാതയിലേക്ക് എസ് ആർ വൈ ജീൻ, ലിംഗപരമായി ഒന്നുമറിയാത്ത ഭ്രൂണത്തെ നയിക്കുന്നതോടെ ആ രൂപീകരണത്തിന്റെ ആദ്യപടിയായി അവിടെ രണ്ടുതരത്തിലുള്ള കോശങ്ങൾ ഉണ്ടാകുന്നു. ലെയ്ഡിഗ് കോശങ്ങളും സെർടോളി കോശങ്ങളും. ലിംഗനിർണ്ണയത്തിൽ ഇവ ചെലുത്തുന്ന സ്വാധീനം അളുടതാവഹമെന്നേ പറയേണ്ടൂ.

ഇതിൽ ലെയ്ഡിഗ് കോശസമൂഹം ടെസ്റ്റോസ്റ്റിറോൺ എന്ന ഹോർമോൺ ഉത്പാദിപ്പിക്കുന്നു. ഈ ഹോർമോൺ വൃഷണങ്ങളിൽ ബീജവാഹിനിക്കുഴലുകളുടെ വികാസത്തിലേക്കു പിന്നീട് നയിക്കുന്ന വോൾഫിയൻ കുഴലുകളുടെ നിർമ്മിതി നടത്തുന്നു. നാമൊക്കെ കരുതുന്ന, നമ്മുടെ സങ്കല്പത്തിലുള്ള പുരുഷൻ ഉരുവപ്പെടുന്ന ആദ്യഘട്ടമാണിത്. ഇതേസമയം അപരകോശസമൂഹമായ സെർടോളി കോശങ്ങളും പ്രവർത്തിക്കേണ്ടതുണ്ട്. ഈകോശങ്ങൾ പുറപ്പെടുവിക്കുന്ന ആന്റിമുല്ലേറിയൻ ഹോർമോണാണ് (എ.എം.എച്ച് ഹോർമോൺ) ഈ ഭ്രൂണത്തിൽ, നാം പുരുഷൻ എന്നറിച്ച വിശ്വസിച്ചിരിക്കുന്ന ഭ്രൂണത്തിൽ, സ്ത്രീ പ്രത്യുല്‌പാദനാവയവങ്ങളായ അണ്ഡവാഹിനിക്കുഴലുകൾ, ഗർഭപാത്രം, യോനി എന്നിവയുടെ വളർച്ചയെ മുരടിപ്പിച്ച് അവയിലേക്ക് വളർന്നെത്താവുന്ന ഭ്രൂണത്തിന്റെ ഭാഗത്തെ ഇല്ലാതാക്കുന്നത്. എക്സ്, വൈ ക്രോമസോം ഇണചേർന്നാലും ആൺ, ‘ആണാ’കണമെന്നില്ലെന്ന്

മുൻപ് സൂചിപ്പിച്ചത് ഓർമ്മിക്കുമല്ലോ?

അപൂർവ്വം ചിലരിൽ സെർടോളി കോശങ്ങൾ ആവശ്യമുള്ളത്ര എ.എം.എച്ച് ഹോർമോൺ പുറപ്പെടുവിക്കാതിരിക്കും. അങ്ങനെയുള്ളവർക്ക് എന്ത് സംഭവിക്കും? ലെയ്ഡിഗ് കോശങ്ങൾ പുറപ്പെടുവിക്കുന്ന ടെസ്റ്റോസ്റ്റിറോൺ ഹോർമോൺ പുരുഷജനനേന്ദ്രിയങ്ങളുടെ രൂപീകരണത്തിലേക്കും സെർടോളി കോശങ്ങൾ പ്രവർത്തിക്കാത്തതുമൂലമുള്ള എ.എം.എച്ച് ഹോർമോണിന്റെ അഭാവം സ്ത്രീജനനേന്ദ്രിയ, സ്ത്രീപ്രത്യുല്പാദനാവയവങ്ങളുടെ, മുഴുവൻ വികാസം പ്രാപിച്ചതോ, ചുരുങ്ങിയ നിലയിലുള്ളതോ ആയ അവസ്ഥയിലേക്കും അവരെ നയിക്കും. ടെസ്റ്റോസ്റ്റിറോണിന്റെ മതിയായ ലഭ്യതക്കുറവ് പുരുഷജനനേന്ദ്രിയങ്ങളുടെ അപൂർണ്ണവികസനത്തിനും കാരണമാകുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

അങ്ങനെ ക്രോമസോമിന്റെ ഇണചേരലിനെ അടിസ്ഥാനമാക്കിയുള്ള ലിംഗനിർണ്ണയം വളരെ ആദിമമായ, അപരിഷ്കൃതമായ നിലയിലുള്ളതുമാത്രമാണെന്ന് നാം മനസ്സിലാക്കി. യഥാർത്ഥ ആണായും പെണ്ണായും ശരീരത്തെ മാറ്റുന്നത് ജീനുകളുടേയും ഹോർമോണുകളുടേയും സംയോജിച്ചുള്ള പ്രവർത്തനമാണ്.

ടെസ്റ്റോസ്റ്റിറോൺ, എ.എം.എച്ച് എന്നീ ഹോർമോണുകളുടെ ആരോഗ്യകരമായ ഉലനനിലകളാണ് ആണിനെ, 'ആണാ'ക്കുന്നത്. ആ നിലകളിൽ വ്യത്യാസം വരുന്നവരാണ് മിശ്രലിംഗർ. ഒരേസമയം ആണിന്റേയും പെണ്ണിന്റേ യും പ്രത്യുല്പാദനാവയവങ്ങൾ പേറുന്നവർ. ആണെന്നോ പെണ്ണെന്നോ ബാഹ്യാവയവങ്ങൾ കൊണ്ടു തീരുമാനിക്കപ്പെടാൻ കഴിയാത്തവർ. ബാഹ്യലിംഗനിർണ്ണയത്തിൽ വ്യക്തമായി വർഗീകരിക്കാൻ കഴിയാത്തവർ.

സമൂഹം ഇന്നും വളരെയധികം അവജ്ഞയോടെ നോക്കിക്കാണുന്ന, നാം ഭിന്നലിംഗർ എന്നുവിളിക്കുന്ന 'ട്രാൻസ്ജെൻഡേഴ്സ്' എന്ന മറ്റൊരു വിഭാഗവുമുണ്ട്. മിശ്രലിംഗരേയും ട്രാൻസ്ജെൻഡേഴ്സിനേയും ഒന്നെന്നു തെറ്റിദ്ധരിക്കരുതെന്നു ഞാൻ വായനക്കാരെ ഓർമ്മിപ്പിക്കട്ടേ. 'ട്രാൻസ്ജെൻഡേഴ്സ്' എന്ന ഇംഗ്ലീഷ് വാക്കിനു തുല്യമോ ആ പദം വിവക്ഷിക്കുന്ന അർത്ഥം പ്രകാശിപ്പിക്കുന്നതോ ആയ മലയാള പദം ഇല്ലതന്നെ. ആ വാക്കിന്റെ ഇടക്കത്തിലുള്ള, വെറും ഉപരിപ്ലവമായ അർത്ഥത്തിലേക്ക് നാം ഇതുവരെയും ഈ വായനയിലൂടെ എത്തിയിട്ടുള്ളൂ എന്നും അവജ്ഞയോടെ കാണേണ്ടവരല്ല അവരെന്നും ഓർക്കേണ്ടതുണ്ട്. 'ട്രാൻസ്ജെൻഡേഴ്സ്' എന്നവിഭാഗം ഇപ്പറഞ്ഞതിനുമൊക്കെ അപ്പുറം അർത്ഥവ്യാപ്തിയുള്ള പദമാണ്. തങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത പ്രകൃതിയുടെ ഇടപെടലിൽ വ്യഥ അനുഭവിക്കുന്ന അത്തരത്തിലുള്ളവരെ നാം അവഹേളിക്കാതിരിക്കാൻ, അവന്റെ സൂക്കേട്ട കണ്ടില്ലേ, അവന്റെയൊരു വേഷംകെട്ട്, അടികിട്ടിയാൽ മാറാത്തതല്ല ഈ സൂക്കേട്, അഹങ്കാരി, എന്നൊക്കെയുള്ള പദപ്രയോഗങ്ങളിലൂടെ ഇകഴ്ത്താതിരിക്കാൻ നമുക്ക് കഴിയട്ടേ. അറിവു നേടുന്നതോടെ അവജ്ഞയോടെ അവരെ കാണുന്ന സമൂഹത്തിന്റെ കണ്ണുകൾ നന്മയിലേക്കും കരുതലിലേക്കും തുറക്കട്ടേ.

ഇത്രയായതുകൊണ്ടും കാര്യങ്ങൾ മുഴുവനായില്ല. ഇനി ലൈംഗികാഭിമുഖ്യംകൂടെ രൂപപ്പെടേണ്ടതുണ്ട്. ആരോടാണ് ലൈംഗികമായി അടുപ്പം തോന്നേണ്ടത് എന്ന് തലച്ചോറും അവിടുത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഹൈപ്പോതലാമസും തീരുമാനിക്കും. അതിലും മനുഷ്യനു യാതൊരു നിയന്ത്രണവുമില്ല തന്നെ.

ക്രോമസോമിനെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ലിംഗനിർണയത്തിന്റെ അപാകം ഹോർമോണുകളുടേയും ജീനുകളുടേയും പ്രവർത്തനം കണ്ടതോടെ നമുക്കു മനസ്സിലായി. അതുകൊണ്ട് ലിംഗനിർണ്ണയം ക്രോമസോം ഇണചേരലിനെമാത്രം ആധാരമാക്കി നടത്തുന്നത് നീതിമത്കരിക്കാനാകാത്തതാണെന്ന് നാം സമ്മതിക്കുന്നു. പിന്നെ എങ്ങനെയാണു ലിംഗനിർണ്ണനയം നടത്തുക?. നാം കണ്ടിട്ടില്ലേ, പ്രസവിച്ച കുഞ്ഞിന്റെ ബാഹ്യലൈംഗികാവയവംമാത്രം നോക്കിയാണ് ഡോക്ടർമാർ കുഞ്ഞ് ആണാണോ പെണ്ണാണോ എന്നു ഉപരിപ്ലവമായി പറയുന്നത്. അല്ലെങ്കിൽ സ്കാനിങ്ങ്‌വഴി, അൾട്രാസൌണ്ട് സ്കാനിങ്ങ്. അവിടെയും പുരുഷലിംഗത്തിന്റെയോ യോനിയുടെയോ ആരംഭദശയുടെ രൂപം കണ്ടിട്ടാണ് ലിംഗം നിർണ്ണയിക്കുക. ചുരുക്കത്തിൽ ബാഹ്യവും ആന്തരികവുമായ ജനനേന്ദ്രിയസംവിധാനങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതുവരെ പറഞ്ഞനിലയിൽ നാം ലിംഗനിർണ്ണയം നടത്തുക. ഇരുപതാം നൂറ്റാണ്ടുവരെ ഇതാണു നടന്നിരുന്നത്. ഇത്രയുംകൊണ്ട് ലിംഗനിർണ്ണയം തീർന്നിരുന്നു. പിന്നീട് സമൂഹം പ്രതീക്ഷിക്കുന്നതരത്തിൽ ആണും പെണ്ണുമായി ജീവിച്ചുകൊള്ളണം എന്ന അലിഖിതനിയമത്തെ അനുസരിക്കാൻ മനുഷ്യർ നിർബന്ധിതരായി.

ഇതുവരെ ചിത്രത്തിൽ ഇല്ലാതിരുന്ന ഒന്നിനെക്കൂടെ നാം അറിയാതെ കൊണ്ടുവന്നു; സമൂഹം. സ്ത്രീപുരുഷ സംയോഗഫലമായുണ്ടായ ഭ്രൂണത്തിൽ പ്രകൃതിയുടെ ഇടപെടൽ വഴിയായി, ജീവശാസ്ത്രത്തിന്റെ നൂലാമാലകൾ വഴിയായി, ഉരുവപ്പെട്ട ലിംഗമാണ്, അല്ലെങ്കിൽ ആ രീതിയിൽ ഉരുവപ്പെടുന്നതാണ് കുട്ടിയുടെ ലിംഗം എന്ന നമ്മുടെ വിശ്വാസത്തിനുമേൽ, ആ ധാരണയുമേൽ സമൂഹത്തിനും ഒരു ശബ്ദമോ അഭിപ്രായമോ ഉണ്ട്.

ആ ധാരണയ്ക്ക് സമൂഹത്തിന്റെ അംഗീകാരം കിട്ടേണ്ടതുണ്ട്. മനുഷ്യൻ സമൂഹജീവിയായിരിക്കേ, ആ ശബ്ദം നമുക്ക് കേൾക്കാതിരിക്കാനുമാകില്ല. എക്കാലവും പലരും ചോദിച്ചതും, ഇനിയും ചോദിക്കാനിരിക്കുന്നതുമായ പലതിനുമുള്ള ഉത്തരം ഈ സമൂഹത്തെക്കൂടി ഉൾക്കൊണ്ടേ നമുക്കു നല്കാനാകൂ, നാം എത്രമേൽ പറ്റില്ലെന്നു ശഠിച്ചാലും.

സമൂഹത്തിന്റെ, കാഴ്ചപ്പാടിൽ പൊതുവിൽ രണ്ടേ രണ്ടു ലിംഗവിഭാഗങ്ങളേയുള്ളൂ, ആണും പെണ്ണും. ഒന്നുകൂടെ വ്യക്തമായിറഞ്ഞാൽ ആ രണ്ടു വിഭാഗങ്ങളെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലതയേ സമൂഹം കാണിക്കാനുള്ളൂ,

പലയിടങ്ങളിലും. മനുഷ്യവംശത്തിന്റെ തുടർച്ച എന്ന ഒരൊറ്റ ധർമ്മമേ മനുഷ്യരായി പിറന്നവർക്ക് ആത്യന്തികമായി ചെയ്യാനുള്ളൂ എന്നും അതിന് ആണും പെണ്ണുംതന്നെ വേണമെന്നുമുള്ള സാമൂഹികധാരണയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നതാകാം ഈ കാഴ്ചപ്പാട്. പ്രത്യുല്പാദനവും പരിപാലനവും വംശാവലിയുടെ തുടരലിന് അത്യാവശ്യമായിരിക്കേ, ആണും പെണ്ണും എന്ന രണ്ടുവിഭാഗങ്ങളെയല്ലാതെ മറ്റൊന്നിനെ ഉൾക്കൊള്ളാൻ സമൂഹത്തിനു കഴിയി

ല്ല, ഉൾക്കൊള്ളേണ്ട ആവശ്യം സമൂഹത്തിന് ഉണ്ടായിരുന്നുമിരിക്കില്ല. അപ്പോൾ ജീവശാസ്ത്രപരമായ ലിംഗത്തിനപ്പുറം സമൂഹം നിർവചിക്കുന്ന ആണും പെണ്ണും ഉണ്ടാകുന്നു. അപ്പോൾ സ്വാഭാവികമായും ചില ചോദ്യങ്ങൾ ഉയർന്നു വരുന്നു.

1. ആരെയാണ് നാം ആണെന്നു വിളിക്കുന്നത്? സമൂഹം പ്രതീക്ഷിക്കുന്ന ആൺ നടപടികൾ, പ്രവർത്തനങ്ങൾ, പ്രത്യേകതകൾ എന്തൊക്കെയാണ്?

2. ആരെയാണ് നാം പെണ്ണെന്നു വിളിക്കുന്നത്? സമൂഹം പ്രതീക്ഷിക്കുന്ന ആൺ നടപടികൾ, പ്രവർത്തനങ്ങൾ, പ്രത്യേകതകൾ എന്തൊക്കെയാണ്?

3. ഓരോ സമൂഹത്തിലും ഈ ചോദ്യങ്ങൾക്കു വ്യത്യസ്തമായ ഉത്തരങ്ങളുണ്ടാകുമോ?


4. ഉണ്ടാകുമെങ്കിൽ ആൺപെൺ നിർണ്ണയം സമൂഹബന്ധിതമാണോ?

5. ഏതു ജീവിതശൈലി പിന്തുടരുന്നവരെയാണ് നാം ആൺപെൺ എന്നു വർഗ്ഗീകരണം നടത്തുന്നത്?

6. പ്രകൃതി ഭ്രൂണത്തിനുമേൽ നടത്തിയ ഇടപെടൽ വഴിയുണ്ടായ ലിംഗരൂപീകരണത്തിനപ്പുറം ഇനി സമൂഹത്തിന്റെ ഇക്കാര്യത്തിലുള്ള പ്രതീക്ഷാപാലനംകൂടെ ലിംഗസ്ഥിരീകരണത്തിന് ആവശ്യമാണോ?

സമൂഹം നിർവചിക്കുന്ന ചില ലിംഗസ്വഭാവങ്ങളുണ്ട് എന്നതാണ് ഈ ചോദ്യങ്ങൾക്കൊക്കെയായി പൊതുവായ ഉത്തരം. അത് കാലദേശങ്ങൾക്കനുസൃതമായി മാറിക്കൊണ്ടിരിക്കും. ആണിനും പെണ്ണിനും സമൂഹം ചില പെരുമാറ്റരീതികൾ, ശാരീരിക പ്രത്യേകതകളൊക്കെ കല്പിച്ചുനല്കിയിട്ടുണ്ട്. ആ ചട്ടക്കൂട്ടിൽ നിന്നുവേണം അവർ പ്രവർത്തിക്കേണ്ടതെന്ന് സമൂഹം അനുശാസിക്കുന്നു. അതിൽ നിന്നുള്ള വ്യതിചലനങ്ങളെ ഹൃദയവിശാലതയോടെ ഉൾക്കൊള്ളാൻ സമൂഹം ശ്രമിക്കാറില്ല. ആ വ്യതിചലനങ്ങൾക്കു പിന്നിലെ ശാസ്ത്രരഹസ്യങ്ങളെറ്റി സമൂഹത്തിലുള്ളവർ ബോധവാന്മാരാകാറുമില്ല.


ക്രോമസോമുകളുടെ ഇണചേരൽ വഴിയായും ഒരുപടികൂടെ കടന്ന് ജീനുകളുടേയും ഹോർമോണുകളുടേയുംപ്രവർത്തനഫലമായും ലൈംഗികമായി മനുഷ്യൻ രൂപപ്പെടുന്നതെങ്ങനെയെന്നും നാം മനസ്സിലാക്കി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഇങ്ങനെയുള്ള ബാഹ്യ മനുഷ്യലൈംഗികതയെറ്റിമാത്രമേ ലോകമറിഞ്ഞിരുന്നുള്ളൂ.



ഇതിൽ നിന്നുള്ള വ്യതിയാനങ്ങളെ, ആളുകൾ സ്വയംവരുത്തുന്ന അധാർമ്മികവും അഹങ്കാരവും നിറഞ്ഞ ചെയ്തികളായി സമൂഹം വിലയിരുത്തി. തന്റെ ലൈംഗികത, അവനവനു നിയന്ത്രിക്കാവുന്ന ഏതോ തലത്തിലാണു ഉയിരെടുക്കുന്നതെന്ന തെറ്റിദ്ധാരണ വച്ചുപുലർത്തിയവർ, സമൂഹം അനുശാസിക്കുന്നതോ പ്രതീക്ഷിക്കുന്നതോ ആയ ലിംഗരൂപങ്ങളിൽ നിന്നു വിഭിന്നമായവരെ മുഖ്യധാരയിൽനിന്നു മാറ്റിനിറുത്തി. കഥകളിലും ചരിത്രത്തിലും പാർശ്വവല്ക്കരിക്കപ്പെട്ട ഒരുവിഭാഗം ജനങ്ങളുണ്ടായി. അപഹാസവും ഇകഴ്ത്തലും അപമാനവും സഹിച്ച് അത്തരമാളുകൾ ജീവിച്ചു. അവരെ, അവരുടെ അവസ്ഥയെ, ചൈച്ചേർത്ത് ഭാഷയിൽ പരിഹാസപദങ്ങളുണ്ടായി; തങ്ങൾ ഏതോ ദൌർഭാഗ്യം ചെയ്തുയാലാണ് ആണായും പെണ്ണായും പിറവിയെടുത്തതെന്നും അതിൽ നിന്നുഭിന്നരായവർ, പ്രത്യുല്പാദന സംവിധാനങ്ങളിൽ ഭാഗമാകാൻ കഴിയാതെ പോകുന്നവർ, പാപികളും വെറുക്കപ്പെടേണ്ടവരുമാണെന്ന് സമൂഹത്തിലെ പ്രബലർ വിശ്വസിക്കുകയും പലമതങ്ങളും അത് ഏറ്റുപിടിക്കുകയും അത്തരത്തിലുള്ളവരുടെ സാന്നിദ്ധ്യംപോലും നാശകാരമാകുന്ന മട്ടിലുള്ള പ്രചരണം നടത്തുകയും ചെയ്തതോടെ അവർ സമൂഹത്തിന്റെ പിന്നാമ്പുറത്തേക്കു തള്ളപ്പെട്ടു.

1959 ൽ സി.എച്ച് ഫിനിക്സ്, ആർ.ഡബ്ല്യൂ. ഗോയ്, എ.എ.ജെറാൾ, ഡബ്ല്യൂ. സി.യങ്ങ് എന്നീ ശാസ്ത്രകാരന്മാരുടെ ഗവേഷണപ്രബന്ധത്തിലൂടെയാണ് മനുഷ്യലൈംഗികതയുടെ തീരുമാനങ്ങളിൽ, തീർപ്പിൽ മസ്തിഷ്കത്തിന് അതിവ പ്രാധാന്യമുണ്ടെന്നു കണ്ടെത്തിയത്. നാം ഇതുവരെ മനസ്സിലാക്കിയതല്ല മനുഷ്യലൈംഗികതയുടെ അവസാനപ്രമാണമെന്ന് അറിവുണ്ടായത് ഈ പ്രബന്ധത്തിലൂടെയാണ്. മനുഷ്യലൈംഗികത മൂർത്തിമത്താകുന്നത്,

മനുഷ്യന്റെ നിയന്ത്രണത്തിനും മനുനിനും ബാഹ്യശക്തികൾക്കും സമൂഹസംവിധാനത്തിനും പിടികൊടുക്കാത്ത, പരമപവിത്രമായ പ്രകൃതിയുടെ മഹത്തായ ഇടപെടൽ മൂലം ശരീരത്തിൽ സംഭവിക്കുന്ന



മൂന്നു സങ്കീർണ്ണ പ്രക്രിയകൾ മൂലമാണൊന്ന് ഈ പ്രബന്ധംകൂടെ വെളിച്ചം കണ്ടതോടെ ലോകം അറിഞ്ഞു. അതിൽ രണ്ടു ഘട്ടങ്ങളെറ്റി നാം പരമാർശിച്ചു കഴിഞ്ഞുവല്ലോ.

## ഘട്ടം മൂന്ന് : മനുഷ്യലൈംഗികതയുടെ തിർപ്പിൽ മസ്തിഷ്കത്തിന്റെ ഇടപെടൽ

ശാരീരികമായ ലൈംഗികനിർണ്ണയത്തിനുറം, മസ്തിഷ്കത്തിന് അതിന്റെ തീർപ്പിൽ പ്രബലമായ ഒരു പങ്കുണ്ട്. ജനനേന്ദ്രിയരൂപീകരണവികസനപ്രക്രിയകൾ ഗർഭധാരണത്തിന്റെ ആറുമുതൽ പന്ത്രണ്ട് ആഴ്ചകൾക്കുള്ളിൽ ലൈംഗികഹോർമോണുകളുടെ സഹായത്തോടെ നടക്കുന്നു. ലൈംഗികാവയവങ്ങളുടെ നിർമ്മിതി പുരോഗമിക്കുന്നതോടെ, അതിനോടൊപ്പം വളർന്നു വരുന്ന തലച്ചോറിൽ ഈ ഹോർമോണുകൾ ചെലുത്തുന്ന സ്വാധീനത്തിനനുസൃതമായി സ്ഥിരമായ ലൈംഗികവ്യതിരിക്തത (sexual differentiation) രൂപപ്പെടുന്നു; മാനസികമായ ലിംഗനിർണ്ണയം നടക്കുന്നു. സാധാരണഗതിയിൽ ബാഹ്യമായ ലിംഗവും മാനസികമായ ലിംഗവും തുല്യത പുലർത്തുമ്പോൾ ലിംഗത്തനിമ (gender identity) ഉണ്ടാകുന്നു. ഇവരണ്ടും ഭിന്നമാകുമ്പോൾ ഭിന്നലൈംഗികത (transgenderism) എന്ന അവസ്ഥയുണ്ടാകുന്നു.

ഗർഭധാരണത്തിന്റെ 12-14 ആഴ്ചകൾക്കുള്ളിൽ നടക്കുന്ന തലച്ചോറിലെ ഈ ലൈംഗികത്തീർപ്പ് നാഡീകോശങ്ങളിൽ സ്ഥിരമായ ചാലുകളുണ്ടാക്കുന്നു. അവ തല്ക്കാലം നിദ്രയിലുമാകുന്നു. പിന്നീട് പ്രായപൂർത്തിയാകുന്ന സമയത്തോ ലൈംഗികഹോർമോണുകളുടെ അതിപ്രസരമുണ്ടാകുന്ന അതിനു മുൻപുള്ള സമയത്തോ തലച്ചോറിൽ കോറിയിട്ടിരുന്ന പാതകൾ സജീവമാകുകയും ആ വഴിയിൽ ലൈംഗികത സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ടെസ്റ്റോസ്റ്റിറോൺ, ഈസ്ട്രജൻ, പ്രൊജെസ്റ്ററോൺ എന്നീ ഹോർമോണുകളാണ് ലൈംഗികനിർണ്ണയത്തിലും ലൈംഗികാഭിമുഖ്യരൂപീകരണത്തിലും സജീവമായി ഇടപെടുന്നത്. ഇതോടൊപ്പം ധാരാളം അനുബന്ധഹോർമോണുകളും അവയുടെ കടമകൾ നിർവഹിക്കുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ വൃഷണങ്ങളിലെ ലെയ്ഡിഗ് കോശങ്ങൾ ടെസ്റ്റോസ്റ്റിറോൺ ഹോർമോണും അണ്ഡാശയങ്ങൾ ഈസ്ട്രജൻ, പ്രൊജസ്റ്ററോൺ എന്നിവയും ഉത്പാദിപ്പിക്കുന്നു. പുരുഷന്മാരിൽ ടെസ്റ്റോസ്റ്റിറോൺ പുരുഷസഹജ ലൈംഗികസ്വഭാവങ്ങൾക്കും ശരീരകലകളുടെ വളർച്ചയ്ക്കും ശരീരരോമവളർച്ചയ്ക്കും മസിൽനിർമാണത്തിനും എല്ലുകളുടെ രൂപഭംഗിക്കും ബീജനിർമ്മാണത്തിനും ശരീരത്തിലെ കൊഴുപ്പിനെ അലിയിച്ചുകളയുന്നതിനും ശരീരദൃഢതയ്ക്കും ഒക്കെ കാരണമാകുന്നു. ഈസ്ട്രജൻ അനുബന്ധിയായ ഹോർമോണുകൾ സ്ത്രീകളിൽ പ്രത്യുല്പാദനസംവിധാനത്തിന്റെ ഏകോപനത്തിനും ആർത്തവ ക്രമീകരണത്തിനും സ്തനമുൾപ്പെടെയുള്ള സ്ത്രീസഹജശാരീരികാവയവനിർമ്മാണത്തിനും അമ്മയെന്ന തരളിതഭാവത്തിന്റെ മാനസികനിർമ്മിതിക്കും കാരണമാകുന്നു.

എന്നാൽ പുരുഷശരീരത്തിലെ ടെസ്റ്റോസ്റ്റിറോണിന്റെ ഏതാണ്ടു പത്തുശതമാനത്തെ സ്ത്രീഹോർമോണായ ഈസ്ട്രജനാക്കി ശരീരത്തിലെ അരോമറ്റേസ് എന്ന എൻസൈം മാറ്റിക്കളയും. ടെസ്റ്റോസ്റ്റിറോണിന്റേയും ഈസ്ട്രജന്റേയും നിലകളിലെ ആരോഗ്യകരമായ തുലനപാലനം തികഞ്ഞ ആണായി, ശാരീരികമായും സാമൂഹികമായും മാനസികവുമായി തികഞ്ഞ ആണായി നമ്മുടെ 'ആണിനെ' മാറ്റുന്നു. സ്ത്രീകളുടെ കാര്യത്തിൽ അണ്ഡാശയമാണ് ചെറിയതോതിൽ ടെസ്റ്റോസ്റ്റിറോൺ ഉല്പാദിപ്പിക്കുന്നത്. അവിടെയും ആരോഗ്യകരമായ തുലനനില ഉറപ്പായാൽ സ്ത്രീ ' സ്ത്രീ'യായി, സ്ത്രീക്കു ചേർന്ന ലൈംഗികസ്വഭാവങ്ങളോടെ പിറവിയെടുക്കുന്നു.

ഇങ്ങനെ ഹോർമോണുകൾക്കു സംഭവിക്കുന്ന രൂപപരിണാമം തലച്ചോറിലെ നാഡീകോശങ്ങളെ ബാധിക്കുന്നു. ഭ്രൂണത്തിന്റെ 12-14 ആഴ്ചകളിൽ നാഡീകോശങ്ങളിൽ നടക്കുന്ന ഇത്തരം ഹോർമോൺ സാന്നിദ്ധ്യയാത്രകൾ നാഡീ


കോശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്വീകരണികൾ വഴി തലച്ചോറിൽ സ്ഥിരമായ ചില സന്ദേശങ്ങൾ കോറിവയ്ക്കുന്നു. തലച്ചോർ സ്വയമേവയും ഇത്തരം ഹോർമോണുകൾ പുറടുവിക്കാറുണ്ട്. പ്രകൃതിയുടെ സുശക്തമായ കരുതലും ഇടപെടലും ഇവിടെയുണ്ടെങ്കിലും ഇത്തരം കോറലുകളും യാത്രകളും നടക്കുന്നു.

അമ്മയുടെ ശരീരത്തിലെ ഈസ്ട്രജൻ ഹോർമോൺ കുഞ്ഞിന്റെ തലച്ചോറിലെ കോശങ്ങളിൽ എത്താതിരിക്കാൻ തലച്ചോറിനുമേൽ ആൽഫാ  ഫെറ്റാ പ്രോട്ടീന്റെ ഒരു സംരക്ഷണവലയം തീർക്കുന്നത് ഇത്തരത്തിലുള്ള ഒരു കരുതലാണ്.

എങ്കിലും മുൻസൂചിപ്പിച്ച ആരോഗ്യകരമായ അനുപാതം ചിലപ്പോൾ തെറ്റിപ്പോകും. ഈ അനുപാതത്തെ ശരിയായവിധത്തിൽ കാത്തുസൂക്ഷിക്കാൻ നിയുക്തരായ ടഞഥ അനുബന്ധജീനുകളുടേയും X ക്രോമസോമിലെ ജഇഉ611ത എന്ന ജീനിന്റേയുമൊക്കെ സൂക്ഷ്മതക്കുറവ് സ്ത്രീസഹജശാരീരികപ്രത്യേകതകൾ ആർജ്ജിക്കാൻ സഹായകമായ ഈസ്ട്രജൻ അനുബന്ധഹോർമോണുകളുടെ അളവ് ഭ്രൂണത്തിന്റെ തലച്ചോറിൽ വർദ്ധിപ്പിക്കുകയും സ്വതവേയുള്ള ലൈംഗികാവയവരൂപീകരണം വഴിയായി ആണെന്നു നാം നിനച്ച ദേഹത്തിനകത്ത് സ്ത്രീസഹജഗുണങ്ങളുള്ള ഒരു മനസ്സ് രൂപപ്പെടാനുള്ള സന്ദേശങ്ങളും നിർദേശങ്ങളും ഭ്രൂണതലച്ചോറിൽ, ആ തലച്ചോറിലെ നാഡീകോശങ്ങളിൽ, സ്ഥിരമായി മുദ്രണം ചെയ്യുകയും ചെയ്യുന്നു. ഇതേകാര്യം തിരിച്ച്പെൺശരീരത്തിലും സംഭവിക്കുന്നു.

ഭ്രൂണം വളർച്ച പൂർത്തിയാക്കി പിറവിയെടുക്കുമ്പോൾ നേരത്തേ സൂചിപ്പിച്ചതുപോലെ വെറും ബാഹ്യലൈംഗികാവയവം നോക്കി നാം ഉപരിപ്ലവമായി ലിംഗം നിർണ്ണയിക്കുന്നു. അവരുടെ മനസ്സിൽ മുദ്രകുത്തപ്പെട്ട ലൈംഗികത തിരതള്ളി പുറത്തുവരുന്നത് പ്രായപൂർത്തിയാകുന്ന സമയത്തോ ലൈംഗികഹോർമോണുകളുടെ അതിപ്രസരമുണ്ടാകുന്ന അതിനു മുൻപുള്ള സമയത്തോ ആയിരിക്കും. അതുവരെ ആൺശരീരവും പെൺശരീരവുമായി ജീവിക്കുന്നവരിൽ അപ്പോഴാണ് (അതൊരു കൃത്യസമയമൊന്നുമല്ല) ലിംഗത്തനിമ നിലനിറുത്താൻ കഴിയാത്തതുമൂലമുള്ള ജീവിതപ്രതിസന്ധി ഉടലെടുക്കുന്നത്. ആ സങ്കടം നിർഭാഗ്യവശാൽ ആരുമറിയുന്നില്ല. ആൺശരീരത്തിനകത്തടയ്ക്കപ്പെട്ട സ്ത്രീമനസ്സിനേയും തിരിച്ച് സ്ത്രീശരീരത്തിനകത്തെ പുരുഷമനസ്സിനേയും ആരും മനസ്സിലാക്കാനോ പരിഗണിക്കാനോ ശ്രമിക്കുന്നില്ല. ഇത്തരത്തിൽ ബാഹ്യവും ആന്തരികവുമായ ലൈംഗികാവയവങ്ങളും അതിനുവേണ്ട ശാരീരികവിന്യാസവും ഉണ്ടായിട്ടുകൂടെ ലിംഗത്തനിമ നിലനിറുത്താൻ കഴിയാത്ത വിഭാഗമാണ് നാം ഒറ്റവാക്കിൽ ട്രാൻസ്ജെൻഡേഴ്സ് എന്നു പരാമർശിക്കുന്നത്.

തലച്ചോറിന്റെ ഈ ഇടപെടലിൽ, ഈ സ്ഥിരമുദ്രണങ്ങളിൽ മനുഷ്യനോ ആധുനികവൈദ്യശാസ്ത്രത്തിനുപോലുമോ യാതൊന്നും ചെയ്യാനാവില്ല. അതുകൊണ്ട് പുരുഷശരീരത്തിനകത്തെ സ്ത്രീയേയും സ്ത്രീശരീരത്തിനകത്തെ പുരുഷനേയും അവരായിക്കണ്ട് ഉൾക്കൊള്ളുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു ചേർത്തു പിടിക്കുകയുമാണ് ഒരു പരിഷ്കൃതസമൂഹം ചെയ്യേണ്ടത്. കേരളസർക്കാരിന്റെ ഭിന്നലിംഗനയങ്ങളും അവയുടെ ഭാഗികമായെങ്കിലുമുള്ള നടപ്പാക്കലും ഈ ദിശയിൽ നന്മാഭിമുഖ്യത്തോടെയുള്ള വലിയ വിപ്ലവകരമായ മാറ്റങ്ങളാണ്. കേരളസർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ ആ ഭിന്നലൈംഗികനയത്തെ പ്രോത്സാഹിപ്പിക്കാനും അതിനു വൈജ്ഞാനികമായ പ്രചരണം നല്കാനും ഇടയാകുന്നതിൽ അഭിമാനമുണ്ട്. ഭാരതസർക്കാരും ബഹുമാനപ്പെട്ട കോടതികളും ഈ വിഭാഗത്തിലെ ആളുകളുടെ അവകാശസംരക്ഷണത്തിനായി പല നയങ്ങളും ആവിഷ്കരിക്കുന്നു എന്നതും അവരുടെ ഭാവി ഏറെക്കുറെ ഭദ്രമാക്കുന്നു. സമൂഹമനസ്സാണ് ഇനി മാറേണ്ടത് എന്നത് പറയേണ്ടതില്ലല്ലോ. ഇത്തരം ആളുകളുടെ ഭിന്നലൈംഗികതയ്ക്കു പിന്നിലെ ജീവശാസ്ത്രരഹസ്യം അറിയുന്നതോടെ അവജ്ഞയും അജ്ഞാനത്താൽ നടത്തിവന്ന ഇകഴ്ത്തലും കുറയുമെന്നാണ് പ്രതീക്ഷ. ഈ അറിവ് പ്രചരിപ്പിക്കേണ്ടതും തെറ്റിദ്ധാരണ നീക്കേ





ണ്ടതും നമ്മുടെ ഓരോരുത്തരുടേയും കടമയും കർത്തവ്യവുമാണെന്നുകൂടെ വിനയത്തോടെ ഓർപ്പിക്കട്ടേ.

ഇനി പറയാനുദ്ദേശിക്കുന്നത് ലൈംഗികാഭിമുഖ്യത്തെറ്റിയാണ്. വളരെയധികം അപകടം പിടിച്ചതും അതിർവരമ്പുകൾ നേർത്തതും സമൂഹത്തിന്റെ ചോദ്യരീതിയിലുള്ള പുരികക്കൊടി ഉയർത്തലിനു കാരണമായേക്കാവുന്നതുമായ വിഷയമാണിത്. സമൂഹം പരക്കേ അംഗീകരിച്ചിട്ടുള്ളതിൽ നിന്നു വിഭിന്നമായ ചിന്താരീതികളെ, ജീവിതശൈലികളെ സഹിഷ്ണുതയോടെയും അതിനു പിന്നിലുള്ള ശാസ്ത്രവെളിച്ചത്തിന്റെ അകമ്പടിയോടെയും വീക്ഷിക്കാൻ പര്യാപ്തമായ ആരോഗ്യമുള്ള മനസ്സ് പലർക്കും ഇല്ലായെന്നത് ദുഃഖകരമായ വസ്തുതയുമാണ്.

## നാലാം ഘട്ടം : ലൈംഗികാഭിമുഖ്യം രൂപപ്പെടൽ

പൊതുവേ എല്ലാ സമൂഹവും എത്രയൊക്കെ പുരോഗമനപരം എന്നു സ്വയംവാദിക്കുമെങ്കിലും ഈ അടുത്തകാലംവരെ രണ്ടുതരം ലിംഗങ്ങളെ മാത്രമേ ലിംഗങ്ങളായി അംഗീകരിച്ചിരുന്നുള്ളൂ. ആണും പെണ്ണും. ഈ വാക്ക് എത്രമാത്രം ആപേക്ഷികമാണെന്നു നാം മനസ്സിലാക്കി. ആ ആപേക്ഷികതയ്ക്കുപിന്നിലെ ശാസ്ത്രമോ വൈജാത്യമോ മനസ്സിലാക്കാതെ, ബാഹ്യലൈംഗികാവയവനിർണ്ണയം എന്നതിന്റെ ഒറ്റയടിസ്ഥാനത്തിൽ സമൂഹം വ്യക്തികളെ ആണും പെണ്ണുമായി തിരിക്കുന്നു. പ്രത്യുല്പാദനകേന്ദ്രീകൃതമായ സാമൂഹികവ്യവസ്ഥമാത്രം പ്രോത്സാഹിപ്പിക്കപ്പെടുകയും സമൂഹത്തിന്റെ, മാനവരാശിയുടെ തുടരൽ വ്യക്തിബാധ്യതയ്ക്കപ്പുറം സമൂഹത്തിന്റെ ബാധ്യതയാണെന്ന ചിന്തകൾ സജീവമാകുകയും ചെയ്തതോടെ, അതിനു സഹായകമാകുന്ന രീതിയിലുള്ള വിവാഹബന്ധങ്ങൾക്കു മാത്രം സാമൂഹികമായ പിന്തുണ ലഭ്യമായി. ലൈംഗികബന്ധങ്ങൾ പ്രത്യുല്പാദനത്തേയും അതുവഴി ജനതയുടെ ഇടമുറിയാതെയുള്ള ജനനമരണങ്ങളേയും, സന്തതിപരമ്പരകൾ ഉണ്ടാകുകവഴി ആർജിക്കുന്ന കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനേയും ഉദ്ദേശിച്ചുള്ളതുമാത്രമായിത്തീരുകയും ചെയ്തു. ആയതിനാൽ ലൈംഗികബന്ധത്തിനു കാരണമായിത്തീരുന്ന ലൈംഗികാഭിമുഖ്യം പ്രത്യുൽപാദനപരമായിരിക്കണം എന്നും ഒരു പടികുറഞ്ഞ് പ്രത്യുല്പാദനത്തിനു കാരണക്കാരായേക്കാവുന്ന രണ്ടു വ്യക്തികൾ തമ്മിലുള്ള ലൈംഗികബന്ധമാണ് സാമൂഹികമായി ശരിയെന്നും അതു മാത്രമേ പ്രോത്സാഹിപ്പിക്കേടെണ്ടതുള്ളൂവെന്നുമുള്ള നിലവന്നു.

പ്രത്യുല്പാദനത്തിനു കാരണക്കാരാകുന്ന വ്യക്തികൾ ആണും പെണ്ണുമായിരിക്കേ ആണിനു പെണ്ണിനോടും പെണ്ണിന് ആണിനോടും തോന്നുന്ന ലൈംഗികാകർഷണത്തിനേ സമൂഹത്തിന്റെ കണ്ണിൽ സാധുതയുള്ളൂവെന്ന സ്ഥിതിവന്നു. ഇത്രയും പറഞ്ഞത് ഇന്നിന്റെ നേർച്ചിത്രം നിങ്ങളുടെ മുന്നിൽ വരയ്ക്കാനാണ്. ഇനിയാണ് ലൈംഗികാഭിമുഖ്യമെന്ന വാക്കിനെ വിശദീകരിക്കാൻ പോകുന്നത്.

ഒരു ലിംഗത്തിൽപ്പെട്ടയാളിന് മറ്റൊരാളിനോട് (സ്വലിംഗമോ അപരലിംഗമോ) തോന്നുന്ന ലൈംഗികപരമായ മാനസിക അടുപ്പത്തിനെ, ലൈംഗികപരമായ ദിശാച്ചായ്‌വിനെ ചുരുക്കത്തിൽ ലൈംഗികാഭിമുഖ്യം എന്നുപറയാം. അതിൽത്തന്നെ, ഒരു ലിംഗത്തിൽപ്പെട്ടയാളിന് അപരലിംഗത്തിലുള്ള ആളിനോടുള്ള ലൈംഗികാഭിമുഖ്യത്തെ അപരവർഗ്ഗാഭിമുഖ്യമെന്നും

(Hetero-sexuality) ഒരു ലിംഗത്തിൽപ്പെട്ടയാളിന് അതേ ലിംഗത്തിൽപ്പെട്ടയാളിനോടുള്ള ആഭിമുഖ്യത്തെ സ്വവർഗാഭിമുഖ്യമെന്നും (Homo-sexuality) ഒരു ലിംഗത്തിൽപ്പെട്ടയാളിന് രണ്ടു ലിംഗത്തിൽപ്പെട്ടവരോടുമുള്ള ലൈംഗികമായ ചായ്‌വിനെ ഉഭയവർഗാഭിമുഖ്യമെന്നും (bisexuality) പറയുന്നു.


ഇതിൽ ആദ്യത്തെ രീതിയിലുള്ള ലൈംഗികചോദനയ്ക്കേ സമൂഹത്തിന്റെ മുന്നിൽ നിയമപരമായും ധാർമികവുമായ സാധുതയുള്ളുവെന്ന് പ്രത്യുല്ഠദനപരവും അതുവഴി തുടരൽപരവും മാത്രമാണ് മനുഷ്യന്റെ ജീവിതോദ്ദേശ്യം എന്നു വിശ്വസിച്ച് അതിന്മേൽ സകലസാമൂഹികസംവിധാനങ്ങളും നിയമവും വിശ്വാസരീതികളും മതസംവിധാനങ്ങളും കെട്ടിപ്പൊക്കിയിരിക്കുന്ന സാമൂഹികവ്യവസ്ഥയിൽ പറയാനാകൂ. ഒന്നാമത്തേതിൽനിന്നു ഭിന്നമായ, വ്യക്തിപരമായ തിരഞ്ഞെടുക്കൽ വഴിയല്ലാതെ ആർജിച്ച ലൈംഗികാഭിമുഖ്യത്തിനുനേരേ മുഖം തിരിക്കുന്ന സമൂഹമാണ് ഇന്നുള്ളത്. ഒരു വ്യക്തിയുടെ ലൈംഗികാഭിമുഖ്യം ആയാൾ തിരഞ്ഞെടുക്കുന്നതാണെന്നും അയാളുടെ ലൈംഗിക പ്രവർത്തനം സമൂഹത്തിന്റെ കണ്ണിൽ തെറ്റാണെങ്കിൽ ആയാൾ അത് ഉടനടി മാറ്റേണ്ടതുണ്ടെന്നും ശ്രമിച്ചാൽ അതു സാധ്യമാണെന്നും അതിനു ശ്രമിക്കാതെ, വഴിവിട്ട രണ്ടും മൂന്നും രീതി തുടരുന്നവർ സാമൂഹിക പ്രകൃതിവിരുദ്ധരാണെന്നും സമൂഹം വിലയിരുത്തുന്നത് ഇക്കാര്യത്തിൽ പ്രകൃതി എന്ത് എന്ന് വലിയ പിടിപാടില്ലാത്തതുകൊണ്ടു തന്നെയാണ്.


സമൂഹം ഇതുവരെ ശരിയെന്ന് ചിന്തിച്ചത് അങ്ങനെതന്നെ തുടർന്നുകൊള്ളട്ടേ, തെറ്റെന്നുകരുതുന്നതും ഈ ലേഖനംകൊണ്ട് തിരുത്തേണ്ടതില്ല. എങ്കിലും വിവിധ ലൈംഗികാഭിമുഖ്യങ്ങൾ വ്യക്തികളുടെ ഇഷ്ടാനുസരണം സംഭവിക്കുന്നതല്ലെന്നും അതിനുപിന്നിൽ മനുഷ്യനു നിയന്ത്രണങ്ങളില്ലെന്നും അതിനു പിന്നിലെ സയൻസ് മനസ്സിലാക്കി സമൂഹം തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യനു നിയന്ത്രണങ്ങളില്ലാത്ത ഭ്രൂണവികസനത്തിന്റെ ഏതോ സമയത്ത് പ്രകൃതി, അല്ലെങ്കിൽ മറ്റൊരു ശാസ്ത്രം ഇടപെടുന്നതിന്റെ ഫലമാണ് ഈ ഭിന്നമായ ലൈംഗികാഭിമുഖ്യങ്ങൾ എന്നു തിരിച്ചറിയേണ്ടതുമുണ്ട്.

ജീവശാസ്ത്രപരമായി പരിപൂർണ്ണനായ ഒരു ആണിന്, അവയവപ്രകാരവും, മാനസികപ്രകാരവും പരിപൂർണ്ണനായ ആണിന് (ഇത് സിദ്ധാന്തപരമായ ഒരു അവസ്ഥ മാത്രമാണെന്ന് വായനക്കാർ ഓർമിക്കുമല്ലോ) സംശയരഹിതമായി എതിർലിംഗത്തോടുമാത്രമേ ആഭിമുഖ്യമുണ്ടാകൂ. കാരണം തന്റെ ലൈംഗികഹോർമോണുകൾ തലച്ചോറിൽ ചാലുകീറിയിട്ടിരിക്കുന്നത് എതിർലിംഗവുമായി യോജിക്കാനുള്ള പ്രത്യുല്പാദനപരമായ ഉൾവാസനയാണ്.

ജീനുകളുടേയും ക്രോമസോമുകളുടേയും ലൈംഗികഹോർമോണുകളുടേയും വിന്യാസം അത്തരത്തിലായിരിക്കും. (ഇതേപോലെ പെണ്ണും). ആണിനെ നിശ്ചയിക്കുന്നത് സങ്കീർണ്ണമായ അനവധി പ്രവർത്തനങ്ങളാണെന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ പരിപൂർണ്ണനായ ഒരു ആണും (പെണ്ണും) ഇല്ലായെന്നതാണ് ലൈംഗികാഭിമുഖ്യത്തിന്റെ തീവ്രത ഏറിയും കറഞ്ഞുമിരിക്കുന്നതിന്റെ കാരണം.

വളരെ അപൂർവ്വമായ ക്രോമസോം ക്രമക്കേടുകളും തലച്ചോറിൽ വ്യാപരിക്കുന്ന ലൈംഗികഹോർമോണുകളും ലിംഗനിർണ്ണയത്തിൽച്ചെലുത്തുന്ന സ്വാധീനം നാം കണ്ടുകഴിഞ്ഞു. ആൺരൂപമാണെങ്കിലും, തലച്ചോറ് അപകടസീമയ്ക്കപ്പുറം സ്ത്രീവല്ക്കരിക്കപ്പെട്ട ആണിന്, ബാഹ്യമായി ആണായിരിക്കുമ്പോഴും മാനസികമായി സ്ത്രീയായതുകൊണ്ട് ആണിനോടേ ലൈംഗികാഭിമുഖ്യമുണ്ടാകൂ. തലച്ചോറിലെ, അതായത് മാനസികനിലയിലെ ആ അപകടസീമ ഹോർമോൺ ഭ്രൂണാവസ്ഥയിൽ നാഡീകോശങ്ങളിൽ ചാലുകളൊരുക്കുന്നതുകൊണ്ടോ ക്രോമസോ





മുകളിലെ തകരാറുകൾകൊണ്ടോ ചില പ്രത്യേക ജീനുകളുണ്ടാക്കുന്ന വൈകല്യങ്ങൾ കൊണ്ടോ ഒക്കെയാകാം. പ്രകടമായ സ്ത്രൈണത പോലും ഉണ്ടാകണമെന്നില്ല.

ഉദാഹരണത്തിന് ആൺലൈംഗിക ഹോർമോണായ ടെസ്ടൊസ്റ്റിറോണിനേയും ആൻഡ്രോജനേയും തിരസ്കരിക്കുന്ന വിധത്തിൽ തലച്ചോറിലെ സ്വീകരണനാഡീകോശങ്ങൾക്ക് ചിലപ്പോൾ പരിവർത്തനം സംഭവിക്കാറുണ്ട്. അങ്ങനെയുള്ളപ്പോൾ പുരുഷന്റെ ലൈംഗികസ്വഭാവങ്ങൾ, (സ്ത്രീയോടുള്ള ആകർഷണം വരെ) നിർണ്ണയിക്കേണ്ട ആന്ഡ്രോജനുകൾ നാഡീകോശങ്ങളിൽ എത്തായ്കമൂലം തലച്ചോറിലെ ലൈംഗികാർഷണ ആഭിമുഖ്യഭാഗം സ്ത്രീവല്കരിക്കപ്പെടുന്നു. ഫലമോ ആ ആൺ, ആണിനോട് ലൈംഗികാഭിമുഖ്യമുള്ള, നാം സ്വവർഗാഭിമുഖ്യമെന്നുവിളിക്കുന്ന രണ്ടാം രീതിക്കാരനാകുന്നു. എക്സ് ക്രോമസോമിന്റെ ഇടത്തേയറ്റത്തു സ്ഥിതിചെയ്യുന്ന ജീൻമേഖലയായ ള28 ലെ മെഗാ 11 എന്ന ജീൻശൃംഖല മേല്റഞ്ഞ ആന്ഡ്രോജനെ ആൺ തലച്ചോറിൽ തിരസ്കരിപ്പിക്കുന്ന മെലാനോമാ ആൻറിജൻ എന്ന പ്രോട്ടീന്റെ നിർമാണത്തിനു കാരണമാകുന്നു എന്ന 1995 ലെ യു.സി റോഗ്നർ, കെ. വിൽക്ക്, ഇ.സ്റ്റെക്ക്, ബി.കോൺ എന്നിവരുടെ ഗവേഷണഫലം, വ്യത്യാസപ്പെടുന്ന ലൈംഗികാഭിമുഖ്യത്തിനു പിന്നിലെ ശാസ്ത്രത്തെ കൂടുതൽ വിശദീകരിക്കുന്നു. (മേല്പ്പറഞ്ഞവയൊക്കെ സ്ത്രീകളുടെ കാര്യത്തിലും നടക്കുന്നു, വിസ്താരഭയത്താൽ അതിലേക്കു കടക്കുന്നില്ല).

എത്രയൊക്കെ വിശദീകരിക്കാൻ ശ്രമിച്ചാലും അതിനൊക്കെയപ്പുറമാണ് ലൈംഗികാഭിമുഖ്യത്തിനുപിന്നിലെ ജീവരഹസ്യം. ആവശ്യമായ ടെസ്റ്റോസ്റ്റിറോണോ ഈസ്ട്രജനോ കൃത്രിമമായി നല്കി ആഭിമുഖ്യങ്ങൾ മാറ്റിക്കൂടേ എന്നതിന് അവകൾക്ക് ലൈംഗികത്വരയെ നിയന്ത്രിപ്പിക്കാനല്ലാതെ നേരത്തെ തീരുമാനിക്കപ്പെട്ട ലൈംഗികാഭിമുഖ്യത്തിനുമേൽ ഒന്നും ചെയ്യാനാകില്ലെന്ന് എസ്. ലീവായുടെ ഗവേഷണഫലങ്ങൾ വ്യക്തമാക്കുന്നു.

ലൈംഗികത എന്നത് ബാഹ്യമായ അവയവസാന്നിദ്ധ്യം മൂലം നിർണ്ണയിക്കപ്പെടുന്ന ഒന്നല്ല എന്നത് തിരിച്ചറിയുന്നയിടംവരെ ഇവിടെ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് അന്തിമമായ ഉത്തരമുണ്ടാകില്ല. മനസ്സിന്റെ പിടികിട്ടാത്ത അനന്തമായ വിശാലതകളിലെങ്ങോ ആണതിനുത്തരം. പുരുഷനോ സ്ത്രീയോ ആയിരിക്കുക ഒരാളുടെ ഇഷ്ടത്തിനുസരിച്ച് സാധ്യമല്ലെന്നും പ്രകടിപ്പിക്കുന്ന ലൈംഗികത വ്യക്തിപരമായ കുറ്റമല്ലെന്നും സമൂഹം തിരിച്ചറിയണം. ജൈവശാസ്ത്രപരമായ അനേകം ഘടകങ്ങൾ മാത്രം വിധിനിർണ്ണയിക്കുന്നയിടത്ത് 'നിനക്ക് പുരുഷാകൃതിയാണു, നീ പുരുഷനെപ്പോലെ ജീവിച്ചുകൊള്ളണം' എന്നും, തിരിച്ചും കൽപ്പിക്കുകയും അതനുസരിക്കാത്തവരെ അവജ്ഞയുടേയും അവഗണനയുടേയും ഇരുട്ടുമുറികളിലേക്കു തള്ളുന്നതും പരിഷ്കൃതസമൂഹത്തിൽ ആരോഗ്യകരമാകില്ല.

ഗേ, ലെസ്ബിയൻ, മിശ്രലിംഗർ, ട്രാൻസ്ജെൻഡർ എന്നൊക്കെയുള്ള വാക്കുകൾ കേൾക്കുമ്പോഴേ ആളുകൾ മുഖം ചുളിക്കുന്നു. നമുക്കു സംസാരിക്കാൻ പറ്റിയ ഇടമല്ലയിതെന്ന് തീർപ്പുകല്പിക്കുന്നു. കൂട്ടത്തിൽ കൂട്ടാൻ കൊള്ളാത്തവർ എന്ന് വിധിയെഴുതി അകറ്റുന്നു. അവരുടെ പ്രത്യേകവൈജാത്യങ്ങൾക്കു പിന്നിൽ എന്തെങ്കിലും, അവർക്കു സ്വാധീനമില്ലാത്ത എന്തെങ്കിലും, ജൈവശാസ്ത്രമുണ്ടോയെന്ന് ആരും തിരക്കുന്നില്ല; അറിഞ്ഞാലും ഉൾക്കൊള്ളുന്നില്ല. ആണും പെണ്ണുംപോലെ, അവരുടെ വികാരവിചാരംപോലെ, സ്വത്വമുള്ളവരല്ലേ അവരും?

ജീനിന്റെ പ്രത്യേകതകൊണ്ട് ലൈംഗികാകർഷണം മാറുന്നത് വ്യക്ത്യാധിഷ്ഠിതമായ കുറ്റമാകുന്നതെങ്ങനെ? സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് അകറ്റുന്നതിനു കാരണമാകുന്നതെങ്ങനെ? അറിഞ്ഞു കുറ്റം ചെയ്യുന്നവരെപ്പോലും സംരക്ഷിക്കുന്ന നിയമമുള്ള നാട്ടിൽ ജനിതകകാരണംകൊണ്ട് ലൈംഗികത മാറിപ്പോയവർ  അപരാധികളായതെങ്ങനെ? ആണിന്റെ ശരീരത്തിൽ സ്ത്രീയുടെ മനസ്സും തിരിച്ചും വഹിച്ചുനടക്കുന്നവരുടെ അനന്തവ്യഥ ആരറിയാൻ? പങ്കാളിയെക്കണ്ടെത്താൻ മനസ്സനുവദിക്കുന്ന ശാരീരികാഭിവാഞ്ഛക്കനുസരിച്ച സ്വാതന്ത്ര്യത്തിനു വിലക്കെന്തിന്?? സമൂഹം ചിന്തിക്കേണ്ടിയിരിക്കുന്നു. സമൂഹം. പഠിപ്പുള്ളവരെങ്കിലും അവർക്കുവേണ്ടി ചോദിക്കേണ്ടിയിരിക്കുന്നു. മറ്റൊരു നവോത്ഥാനത്തിന്റെ കാലമായോ? പണ്ട് പൈ

തഗോറിയൻ അധീശത്വം ഗണിതലോകം അടക്കിവാണകാലത്ത് അഭിന്നകസംഖ്യകൾ കണ്ടുപിടിച്ചെന്ന കുറ്റത്തിന്റെ പേരിൽ ഹിപ്പാറസ് എന്ന ഗണിതജ്ഞനെ സമുദ്രത്തിലെറിഞ്ഞുകൊന്നതെന്ന് പുകൾപെറ്റ തരത്തിലുള്ള അധീശത, സൃഷ്ടിക്കുമുൻപേ നിർണ്ണയിക്കപ്പെട്ടതെന്ന് ശാസ്ത്രലോകം സാക്ഷ്യപ്പെടുത്തുന്ന ലൈംഗികത പേറുന്ന ഭിന്നവർഗ്ഗക്കാരോടു വേണമോ എന്നത് പഠിച്ചവരെങ്കിലും ചിന്തിക്കണം.

ഇന്ത്യൻ പുരാണങ്ങളിൽ സമൃദ്ധമായി ഭിന്നലൈംഗികത കാണാൻ കഴിയും. സമൂഹത്തിന്റെ പ്രതിഫലനങ്ങൾ ഇത്തരത്തിൽ ശക്തമായി പ്രതിപാദിക്കുന്ന പുരാണയേടുകൾ ഭിന്നലൈംഗികത ചില സമയത്ത് സ്വാഭാവികയാകുന്നതിലേക്കു വിരൽ ചൂണ്ടുന്നു. ഏതൊരു പുരുഷനിലും ഒരു സ്ത്രീയും മറിച്ചും സ്ഥിതിചെയ്യുന്നുണ്ട് എന്ന സങ്കൽപം അർദ്ധനാരീശ്വരരൂപത്തിലൂടെ പുരാണങ്ങളിൽക്കാണാം. പരമശിവനും

പാർവ്വതിയും ഒന്നുചേർന്ന അർദ്ധനാരീശ്വരപ്രതിഷ്ഠകൾ പലയിടത്തും കാണാം. സ്ത്രീപുരുഷ സംയോഗത്തിന്റെ പരിപൂർണ്ണതയായാണ് ഈ രൂപത്തെ വിവക്ഷിക്കുന്നത്. പൂർണ്ണത ദ്വന്ദത്തിന്റെ ഒരുമയിലെന്ന ആശയം. ഒരർത്ഥത്തിൽ കുടുംബത്തിന്റെ. നിലനിൽപുതന്നെ ഈ സങ്കൽപത്തിലാണ്. ലോകത്തിന്റെതയും. അതുകൊണ്ടാണു നല്ല അച്ഛന്മാർക്ക് അമ്മയും നല്ല അമ്മമാർക്ക് അച്ഛനുമാകാൻ കഴിയുക. ഐശ്വര്യദേവതയായ ലക്ഷ്മിയും ജീവന്റെ ആധാരമായ നാരായണനും ഒന്നുചേർന്ന ലക്ഷ്മീ നാരായണപ്രതിഷ്ഠകളും നൽകുന്ന സന്ദേശവും മറ്റൊന്നല്ല. സ്ത്രീവേഷമണിഞ്ഞ വിഷ്ണുവിനെക്കണ്ടിട്ട് ലൈംഗികചോദനയുണ്ടായ പരമശിവനെപ്പറ്റിയും അങ്ങനെ ഹരനും ഹരിക്കും പിറന്ന ദൈവസങ്കല്പത്തെപ്പറ്റിയുമൊക്കെ വാഴ്ത്തുന്നനാട്ടിൽ പുരുഷഗുണങ്ങളുള്ള സ്ത്രീകളെ, സ്ത്രീഭാവങ്ങളുള്ള പുരുഷാരെ, ഉഭയലൈംഗികതയുള്ളവരെ മാനിക്കാനുള്ള, ആദരിക്കാനുള്ള മനോഭാവമാണു അർദ്ധനാരീശ്വരസങ്കൽപത്തിന്റെ പിൻപറ്റുകാരിൽ നിന്നുണ്ടാകേണ്ടത്.

ഭിന്നവർഗലൈംഗികത ഒരു ജൈവികാവസ്ഥയാണെന്ന തിരിച്ചറിവിന്റെ കാലമാണിതെന്നത് ആശ്വാസകരം തന്നെ. സിവിൽ സർവ്വീസ് പരീക്ഷയുടെ അപേക്ഷാഫോമിൽ ഭിന്നവർഗലൈംഗികതയുള്ളവർക്ക് പ്രത്യേകകോളം വേണമെന്ന് യു.പി.എസ്.സിയോട് ഡൽഹി ഹൈക്കോടതി 2016 ൽ ഉത്തരവായി. ഇന്ത്യയിലാദ്യമായി ഒരു ഭിന്നലിംഗനയം പ്രഖ്യാപിച്ചത് കേരളത്തിലാണെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. എന്നാൽ കൊട്ടിഘോഷിച്ച് മെട്രോയിലൊക്കെ ജോലിനല്കിയിട്ടും വിവേചനം അവസാനിപ്പിക്കാനായോ എന്നതും ആലോചിക്കേണ്ടതുണ്ട്.

അവഗണന മൂലം പലരും അവിടെനിന്ന് പിരിയുന്നു എന്നാണ് അവസാനം കേട്ട വാർത്തകൾ. ഇവർ അർഹിക്കുന്നത് സഹതാപമല്ല, മറിച്ച് അവകാശങ്ങളാണെന്ന ബോധ്യം സമൂഹത്തിനുണ്ടാകേണ്ടിയിരിക്കുന്നു. അവരുടെ അവകാശങ്ങളെ ഹനിക്കാൻ നമുക്ക് യാതൊരു അവകാശവുമില്ല എന്ന സത്യവും.

ലൈംഗിക നിർണ്ണയത്തിനു പിന്നിലെ, ലൈംഗികാഭിമുഖ്യത്തിനു പിന്നിലെ, അതിന്റെ വൈജാത്യ വ്യതിരിക്തതകൾക്കു പിന്നിലെ മനുഷ്യനിയന്ത്രണമില്ലായ്മയിലേക്കു ശ്രദ്ധതിരിക്കാൻ ശാസ്ത്രസത്യങ്ങളുടെ സഹായത്തോടെയുള്ള ഒരു ശ്രമമായിരുന്നു ഈ ലേഖനം. ഭാരത കേരള സർക്കാരുകളുടെ ഭിന്നലിംഗനയത്തിനു പിന്തുണ നല്കിക്കൊണ്ട്, സമൂഹത്തിൽ പാർശ്വല്കരിക്കപ്പെട്ടുന്നവർക്കുവേണ്ടി, അവരെറ്റപ്പിയുള്ള തെറ്റിദ്ധാരണകളും സമൂഹത്തിന്റെ തൊട്ടുകൂടായ്മാമനോഭാവവും ഒരു പരിധിവരെ മാറ്റാനുള്ള എളിയ ശ്രമമായിരുന്നു ഇത്. ഈ ശ്രമം സമൂഹത്തിന്റെ അന്തർനയനങ്ങൾ തുറക്കുന്നതിനും ഭിന്നമായ ലൈംഗികതയുള്ളവരോടുള്ള അവജ്ഞ, ആ അവസ്ഥയെറ്റിയുള്ള അജ്ഞാനം എന്നിവ ദൂരീകരിക്കുന്നതിനും ഇടയാക്കുമെന്നുള്ള പ്രത്യാശയോടെ ഈ ലേഖനം അവസാനിപ്പിക്കട്ടേ.

Ref:

1. Human Sexual Differentiation, P.C. Sizonenko, Division of Biology of Growth and Reproduction, Department of Peditarics,Universtiy Cantonal Hospital, 1211 Geneva 14, Swtizerland

2. Arnold, Arthur P. 'A General Theory of Sexual Differentiation.' Journal of neuroscience research 95.1-2 (2017): 291–300. PMC. Web. 22 July 2018.

3. Koopman P. The delicate balance between male and female sex determining pathways: potential for dsiruption of early steps in sexual development. Int. J. Androl. 2010;33:252–258

4. Sexual differentiation of the human brain , Dick F Swaab et.al, Netherland Institute of Neuroscience

5. Sasano H, Takahashi K, Satoh F, et al. Aromatase in the human cetnral nervouss ystem. Clin Endocrinol, 1998;48:325–9

6. Zucker KJ. Intersexualtiy and gender identtiy differentiation. J Peditar Adolesc Gynecol 2002; 15:3–13

7. S.S. Suarez A. A. Pacey, Spermt ransport in the female reproductivet ract, Human Reproduction Update, Volume 12, Issue 1, 1 January 2006, Pages 23–37

8. Cooper GM. The Cell: A Molecular Approach. 2nd edition. Sunderland (MA): Sinauer Associates; 2000.

9. Ursula Mittwoch ,Sex Chromosomes, 1967, Academic Press

10. Gilbert SF. Developmental Biology. 6th edition,Sinauer Associates; 2000

11. Leavay, Simon, Gay, Straight and the reason why, the science of sexual orientation, Oxford university press, P 45-71, 129-156

12. U.C Rogner, K .Wilke, E Steck, B.Korn The Melanoma Antigen Gene family is clustered in the chromosomal band Xq 28, Genomics, Vol 29 (3) 725-731, 1995

13. Phoenix C H, Goy RW, Gerall A, Young W.C organsing action of prenatally administered testosterone propionate on the tissues medicating mating behaviour in the female guinea pig, Endocrinology 65, 369-382

# Reading Annihilation of Caste

**Shine PS**
BPC college piravom



A prominent national news channel in the early years of the present decade conducted an opinion poll among its readers for choosing the greatest Indian ever. Limitations of media surveys with their urban bias and relatively small sample size notwithstanding, the opinion poll threw up astonishing results. Trumping Gandhi and Nehru, Ambedkar was the viewer's choice as the greatest Indian ever. The opinion poll results, symptomatic of Ambedkar's catapulting as India's foremost political philosopher and galvanizing figure of emancipatory political projects in the country can be interlinked to a number of contingent factors such as rising electoral fortunes of Dalit political parties like BSP , popularity of Dalit literary works especially autobiographies, growing recognition for critical studies in social sciences from a subaltern and Dalit perspective and redeeming of Ambedkar's erudite texts and speeches as an intellectual resource .

The present article specifically tries to focus on some initial sections of Annihilation of Caste , Ambedkar's seminal interpretative critique of the practice of caste,its ideological foundation and pernicious influence on India's society and body politic. Annihilation of caste which was published during the politically-turbulent inter-war years needs to be placed in its historical context. In 1936, an organization named Jat-Pat Thodak Mandal ( forum for the breaking-up of caste ), an outfit connected to Arya Samaj invited Ambedkar for delivering a lecture in its annual conference. Ambedkar reluctantly accepted the invitation but subsequently fearing Ambedkar's critique of caste and his outright rejection of Hinduism ,Mandal withdrew the invitation. Furious, Ambedkar printed copies of the text of his prepared speech entitled Annihilation of Caste at his own expense and it became an under -appreciated classic.

Ambedkar begins his essay by expressing his astonishment in being invited for a lecture by an organization which strives for reforms in Hindu community. As per Shastric injunctions, among the varnas ,Brahmin is the preceptor and an outcaste like Ambedkar is ritually prevented from acquiring the status of the teacher. In fact, Ambedkar is not interested in inflicting himself upon caste Hindus. Ambedkar says that for caste Hindus, he is a persona non grata and they consider him like a snake in the garden. But he supports the cause for which Jat-Pat Thodak Mandal is striving. The cause is that of social reform. For Ambedkar, the cause of social reform faces opposition notably



from two constituencies. One is political reformers and another is socialists. As far as political reformers are concerned, social reform is not a precondition for political reform and sovereignty. And the diminishing support for social reform in India's public life is illustrated by tracing the trajectory of the fortunes of Indian National Congress and Social Conference. Social conference was formed in 1887,two years after the formation of INC. But the space available for Social Conference gradually diminished and animosity marked the relation between leaders of INC and SC.

Ambedkar draws empirical instances from Indian society across space and time to emphasize the imperative of social reform as a precondition for political sovereignty. He refutes W.C.Banarjee's argument that there is no logic in saying that social reform is a sine qua non for political independence. In order to convey the urgency of social reform in Indian society Ambedkar furnishes many instances of social oppression of untouchables by upper caste Hindus across space and time in the British India and some princely states. He cites the social oppression experienced by untouchables in the princely state of Maratha under the Peshwa regime in the 17th Century. Untouchables were asked to carry a pot around their neck to hold spit,lest their spit falling on the earth should pollute it. Harnessing more recent facts pertaining to Balais, an untouchable caste in Central India who were prevented from wearing dress of their choice and when they did not obey the diktat of caste Hindus they were denied water from the village well ,Ambedkar advances his argument to highlight Kavitha incident in which untouchables who dared to exercise a civil right of sending their children to school was beaten up by upper caste Hindus. Referring to Kavitha incident Ambedkar minces no words in criticizing Sardar Patel's conniving role in the caste oppression. When untouchables wanted to pursue legal measures to bring their oppressors before law Patel acting on the advice of Gandhi spoiled the attempt. Ambedkar advances his case for social reform by critiquing the fitness of socially dominant groups in India to wield political power when they are not allowing marginalized sections in their society to exercise basic civic rights. Ambedkar is curious to know the response of Congress leaders about beforementioned instances of social oppression when their ideological foundation against Colonial power is primarily founded upon John Stuart Mill's Enlightenment (putatively exclusionary) ideas exemplified in his dictum ' one country is not fit to rule another country'.

Ambedkar then poses a fabulous question: If social reform is so urgent in a caste-ridden Indian society , why the Social Conference did not achieve prominence? Ambedkar's still-echoing answer is that the type of social reforms advocated by Social Conference were confined with in upper caste Hindu family. Social Conference's major campaign themes like abolishing of child marriage and promotion of widow re-marriage understood reform as the reform of Hindu family. Ambedkar argues that Social Conference was declined in prominence because it did not envisage social reform as the reorganization and restructuring of Hindu society which is largely predicated upon abolition of caste.

Ambedkar in the subsequent paragraphs analyses the necessity of considering social organization while framing the political constitution. Annihilation of caste gives insights into how the Indian nation was constituted as a political community. The text was drafted in a context in which Indian National

Congress's negotiations of power with the colonial government had already reached an advanced stage. Ambedkar here refers to Communal Award which provided separate electorate and double voting rights for untouchables and religious minorities as an attempt on the part of the Colonial authorities to consider social organization before forming the political constitution. Fearing the splitting up of Hindu community, Gandhi went for a fast threatening death against Communal award . Wary of caste Hindu backlash if anything fatal happens to Gandhi, Ambedkar against his own conviction was forced to sign the infamous Poona Pact. Ambedkar's description of Poona pact as a foul and filthy act marks his bitterness. Ambedkar cites another instance from the history of Irish Home Rule movement. Protestants who demanded legislative autonomy from United Kingdom offered safeguards for Ulster to put up a united from. Ulster rejected the offer of endorsing the majority rule after conceding the safeguards provided by them. Ambedkar's contention is that if the untouchables and religious minorities took a similar stand, India's constitution as a political community would have been in shambles. Ambedkar clinches his argument that political constitutions should reflect the actual state of forces in the society by drawing from the conflict of orders in Ancient Rome. Ancient Roman constitution distributed Kingly powers between consuls and Pontifex Maximus. One of the consuls was Patrician and the other one Plebian. Pontiff Maximus, source of religious authority was divided between equal number of Patrician and Plebian priests. Ambedkar highlights the provisions of Republican constitution of Ancient Rome to drive home the point that political constitutions of liberal democracies with latent majoritarian tendencies from ancient time have provided for safeguards to deal with the perennial question of religious minorities.



This piece is concluded by foregrounding Ambedkar's critique of socialist bloc in the Congress for their economic determinism and also his powerful argument regarding the detrimental impact of caste system in Indian society. For Socialists in Congress, property is the only source of power and they privilege economic equality over social equality. Though convincing on the surface, it is not nuanced enough to address the complexities of Indian society where Mahatmas and Gurus wield considerable symbolic power without possessing a penny. Ambedkar in this moment raises the question of final authority by drawing on from Ancient Rome where the Oracle of Delphi who was a patrician took the final decision favoring the Patricians utilizing his religious authority on conflict of orders. Ambedkar shreds the Brahminical ideology which valorizes graded inequality as a social virtue into pieces by invoking the theory of social efficiency. His clinching argument is that traditional Hindu society plagued by evil customs where the life chances and social mobility of a person is determined by his position in the caste hierarchy systemically denies opportunity and conditions for individuals to realize their full potential and hence is destined to be in a perpetually morbid condition.

# 'പഴകിയ ചാലുകൾ മാറ്റുക'യത്രേ സ്വീകരണം

സാഹിത്യത്തെക്കാൾ ഭോജനശാലാഭരണത്തിന് കൂടുതൽ അനുഗുണമായിത്തോന്നിയേക്കാവുന്ന ഒരു സംജ്ഞയാണ് 'സ്വീകരണ' (Reception) മെന്ന് 1979ൽ സ്വീകരണസിദ്ധാന്തത്തിന്റെ മുഖ്യ ഉപജ്ഞാതാക്കളിൽ ഒരാളായ ഹാൻസ് റോബർട്ട് ജാസ് കളിമട്ടിൽ പറയുകയുണ്ടായി. ചില സാഹിത്യവസ്തുതകളെ വിശദീകരിക്കുമ്പോൾ ദീർഘകാലമായി ധർമ്മം നിറവേറ്റുന്ന ഒരു സംജ്ഞയാണ് സ്വീകരണം. ആ വഴിയിൽ ആർജ്ജിക്കുന്ന അറിവ് പരിപൂർണ്ണമായും സമകാലിക സ്വീകരണസിദ്ധാന്തത്തോട് പൊരുത്തമുള്ളതാണെന്നും പറയാവുന്നതാണ്. സാഹിതീയതയുടെ നിർവ്വചനവുമായി സ്വീകരണം ഏകീകൃതമാകുന്നു. സ്വീകരണസിദ്ധാന്തത്താൽ സ്പർശിക്കാത്ത ഒരു സാഹിത്യപരിശ്രമമേഖലകളുമില്ല. സാമൂഹ്യശാസ്ത്രവും കലാചരിത്രവും പോലുള്ള സാഹിത്യത്തോട് സമീപസ്ഥമായി വർത്തിക്കുന്ന വിജ്ഞാനശാഖകളിൽ സ്വീകരണത്തിന്റെ സ്പർശമുണ്ടാകുന്നുണ്ട്. സ്വീകരണവും പ്രതികരണവും (Response) തമ്മിലുള്ള വ്യത്യാസമാണ് സ്വീകരണപഠനത്തിൽ ചിന്താക്കുഴപ്പം വരുത്തുന്ന നിരന്തര വൈഷമ്യങ്ങളിലൊന്നായി പരിഗണിക്കേണ്ടത്. സ്വീകരണം വാസ്തവത്തിൽ എന്താണർത്ഥമാക്കുന്നതെന്നു കൃത്യമായി നിർണ്ണയിക്കുന്നതിന് കേന്ദ്രപ്രതിബന്ധവുമതാണ്. കാരണം, സ്വീകരണവും പ്രതികരണവും പൂർണ്ണമായും വേർതിരിക്കാനാവുമോ എന്നും വേർതിരിക്കാനുള്ള വ്യക്തതയുണ്ടോ എന്നും വ്യക്തമല്ല. സ്വീകരണം വായനക്കാരനുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ പ്രതികരണം പാഠഭാവങ്ങളുമായി സംബന്ധത്തിലാണെന്ന് പറയാം. രണ്ടിന്റെയും സൗന്ദര്യശാസ്ത്രം വ്യത്യസ്തമാണ്. ജാസിന്റെ ആദ്യകാല സൈദ്ധാന്തികകൃതിയുമായി ബന്ധപ്പെട്ടുത്തി മാത്രമേ സ്വീകരണത്തിന്റെ സൗന്ദര്യശാസ്ത്രം വിശദീകരിക്കാനാവൂ. സ്വീകരണത്തിൽ നിന്നുള്ള വ്യതിയാനങ്ങളും സങ്കരങ്ങളും എളുപ്പത്തിൽ ഗ്രഹിക്കുന്നതിന് ആ സന്ദർഭത്തിൽത്തന്നെ വായിക്കേണ്ടതുണ്ട്. വായനക്കാരുടെ പ്രതികരണസിദ്ധാന്തം ഒരു വിമർ

ഡോ. തോമസ് സ്കറിയ
സെന്റ് തോമസ് കോളേജ് പാല





ഹാൻസ് റോബർട്ട് ജാസ്സ്

ശനോർജ്ജമാണ്. അതേസമയം സ്വീകരണസിദ്ധാന്തം കൂടുതൽ ഗാഢബന്ധമുള്ള സചേതനമായ, സമഷ്ടിയായ ഉദ്യമമാണ്. വിപുലമായ അർത്ഥത്തിൽ അറുപതുകളുടെ ഒടുവിൽ പടിഞ്ഞാറൻ ജർമ്മനിയിലുണ്ടായ സാമൂഹിക, ബൗദ്ധിക, സാഹിത്യവികാസങ്ങളോടുള്ള ഒരു പ്രതികരണമാണ് സ്വീകരണസിദ്ധാന്തം. അക്കാദമിക് സ്ഥാപനങ്ങളുടെയും വിമർശകരുടെയും തലത്തിലുണ്ടായ ഒരു സംഘടിത പരിശ്രമത്തിന്റെ ഫലമായി ആവിർഭവിച്ചതാണത്. അതിന്റെ വക്താക്കൾക്കിടയിലുണ്ടായ സൃഷ്ടിപരമായ ആശയക്കൈമാറ്റത്തിന്റെ അനന്തരഫലവുമാണ്. സ്വീകരണതത്വം ആവിർഭവിക്കാനും വേഗത്തിൽ സ്വീകരിക്കപ്പെടാനും ഇടയായ ബൗദ്ധികരാഷ്ട്രീയ സാഹചര്യങ്ങൾ അറിഞ്ഞെങ്കിൽ മാത്രമേ ഈ സിദ്ധാന്തം വ്യക്തമായി ഗ്രഹിക്കാനാവൂ.

'സാഹിത്യവിദ്യയുടെ വിചാരമാതൃകയിലെ മാറ്റം' എന്ന പേരിൽ ഒരു ഉപന്യാസം 1969ൽ ഹാൻസ് റോബർട്ട് ജാസ് പ്രസിദ്ധീകരിച്ചു. സാഹിത്യരീതികളുടെ ചരിത്രത്തെ അതിൽ അദ്ദേഹം വരച്ചുകാണിച്ചു. സമകാലിക സാഹിത്യപഠനത്തിൽ ഒരു വിപ്ലവത്തിന്റെ ആരംഭത്തെ സങ്കല്പിക്കുകയും അത് സമീപസ്ഥമായിരിക്കുന്നുവെന്നു പറയുകയും ചെയ്തു. വിചാരമാതൃക, ശാസ്ത്രീയവിപ്ലവം എന്നീ പരികല്പനകൾ ജാസ് കടമെടുത്തത് തോമസ് എസ് കുഹിന്റെ 'ശാസ്ത്രീയവിപ്ലവങ്ങളുടെ ഘടന' എന്ന കൃതിയിൽ നിന്നായിരുന്നു. സാഹിത്യപരമായ അന്വേഷണത്തെ പ്രകൃതിശാസ്ത്രത്തിലെ സമ്പ്രദായത്തിനു തുല്യമായ ഉദ്യമമെന്ന നിലയിൽ ജാസ് അവതരിപ്പിച്ചു. സാഹിത്യപഠനം തുടർച്ചയായുള്ള തലമുറകൾ സാഹിത്യമെന്താണെന്ന അറിവിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്ന മാതൃകകളുടെ വസ്തുതകളും തെളിവുകളും അനുക്രമമായി സ്വരൂപിക്കുന്ന ഒരു പ്രക്രിയയല്ലെന്ന് ജാസ് വാദിച്ചു. സാഹിത്യപരമായ അന്വേഷണങ്ങളെ ഒരിക്കൽ നയിച്ചുകൊണ്ടിരുന്ന വിചാരമാതൃകകൾ സാഹിത്യപഠനത്തിന്റെ സ്വഭാവത്തെ തൃപ്തിപ്പെടുത്താതെ വരുന്ന സാഹചര്യത്തിൽ ഉപേക്ഷിക്കപ്പെടും. ആ ദൗത്യത്തിനു കൂടുതൽ അനുയോജ്യമായ ഒരു പുതിയ വിചാരമാതൃക കാലഹരണപ്പെട്ട പഴയ വിചാരമാതൃകയിൽ നിന്നു സ്വതന്ത്രമായത് പകരം വരും. പഴയ കൃതികളെ വർത്തമാനകാലത്തിൽ വിശദീകരിക്കുന്നതിനുള്ള പ്രാപ്തി ആ വിചാരമാതൃകയ്ക്കുണ്ടാകും. നല്കപ്പെട്ട പുതിയ വിചാരമാതൃക വ്യാഖ്യാനത്തിനുള്ള തന്ത്രങ്ങൾക്കും വ്യാഖ്യാനിക്കേണ്ട വിഷയങ്ങൾക്കും രൂപംനൽകും. സാഹിത്യപഠനത്തിലെ മൂന്നു മുൻവിചാരമാതൃകകളെക്കുറിച്ചും ഉദയം ചെയ്യേണ്ട മാതൃകയെക്കുറിച്ചും അദ്ദേഹം വിശദീകരിക്കുകയും ചെയ്തു.

പ്രാചീനരുടെ അംഗീകൃത മാതൃകകളുമായ കൃതികളെ താരതമ്യപ്പെടുത്തുന്ന ഉൽകൃഷ്ട-മാനവികതാവാദി വിചാരമാതൃകയാണ് ആദ്യത്തേത്. ശ്രേഷ്ഠകൃതികളെ വിജയകരമായി അനുകരിക്കുന്ന കൃതികളെ നല്ലതെന്നും സ്വീകാര്യമായതെന്നും ഈ വിചാരമാതൃക വിലയിരുത്തുന്നു. കാലം ആദരിക്കുന്ന ശ്രേഷ്ഠമാതൃകകളുടെ സമ്പ്രദായങ്ങളെ തകർക്കുന്ന കൃതികളെ തിരസ്കരിക്കുന്നു. കൃതികൾ സുസ്ഥാപിതകാവ്യാഭിരുചികളെ തൃപ്തിപ്പെടുത്തുന്നുണ്ടോ എന്നു പരിശോധിക്കുകയും സ്ഥാപിതനിയമങ്ങൾക്കെതിരാണോ എന്ന് കണ്ടെത്തുകയുമായിരുന്നു അക്കാലത്തെ സാഹിത്യവിമർശകരുടെ ദൗത്യം. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ ഈ വിചാരമാതൃകയുടെ തകർക്കൽ സംഭവിച്ചു. ശാസ്ത്രവിപ്ലവത്തിന്റെ ഭാഗമായിട്ടാണതു സംഭവിച്ചത്. ദേശ-രാഷ്ട്രങ്ങളുടെ സ്ഥാപിക്കലിലൊക്കെ ഒരു ഉണർവ്വ്


അക്കാലത്തു സംഭവിക്കുകയുണ്ടായി. ദേശീയ ഐക്യത്തെക്കുറിച്ചുള്ള പരിശ്രമങ്ങളൊക്കെ യൂറോപ്പു മുഴുവൻ വ്യാപിച്ചു. രാഷ്ട്രീയമാറ്റങ്ങളുടെ ഫലമെന്ന നിലയിലും പ്രത്യയശാസ്ത്രപരമായ അനിവാര്യതയെന്ന നിലയിലും സാഹിത്യചരിത്രം ദേശീയബോധത്തിന്റെ ഒരു മാതൃകാപരമായ സന്ദർഭമായിത്തീർന്നു. സാഹിത്യപാഠങ്ങളോടുള്ള രീതിശാസ്ത്രപരമായ 'ചരിത്രവാദ-പ്രകൃതിതത്വജ്ഞാനവാദി' സമീപനം യാന്ത്രികമായതും സങ്കുചിതമായതുമായ വീക്ഷണത്തെയാണ് വെളിപ്പെടുത്തിയത്. സൗന്ദര്യാവബോധ-രൂപഭദ്രതാവാദിമാതൃകയായിരുന്നു മൂന്നാമത്തേത്. സാഹിത്യകൃതിയെ ഗവേഷണത്തിനുള്ള ഒരു സ്വയംപര്യാപ്തവിഷയം എന്ന പദവിയിലേക്കുയർത്താൻ ഈ വിചാരമാതൃകയ്ക്കു സാധിച്ചു. രണ്ടാം ലോകയുദ്ധത്തിന്റെ അന്ത്യത്തോടെ ഈ വിചാരമാതൃകയുടെ അപചയലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഒരു പുതുവിചാരമാതൃകയുടെ അനിവാര്യത ജാസ് തിരിച്ചറിഞ്ഞു. കല, ചരിത്രം, സാമൂഹിക യാഥാർത്ഥ്യം എന്നിവയെ പരിഗണിക്കുന്നതും സൗന്ദര്യം, രൂപം, ചരിത്രം, സ്വീകരണം തുടങ്ങിയവ അപഗ്രഥനത്തിൽ അനുബന്ധമാധ്യസ്ഥം വഹിക്കുന്നതുമായിരിക്കണം ആ വിചാരമാതൃകയെന്നും ജാസ് വിശ്വസിച്ചു. ഘടനാപരവും വിവരണപരവുമായ രീതികളുടെ സന്ധിസ്ഥലായിത്തീരണം അതെന്നു നിശ്ചയിച്ചു. ഫലത്തിന്റെ സൗന്ദര്യശാസ്ത്രത്തെ അന്വേഷിക്കുന്ന ഒരു പുതിയ കാവ്യമീമാംസ വേണം. വരേണ്യസാഹിത്യത്തിനും ജനപ്രിയ സാഹിത്യത്തിനും ബഹുജന മാധ്യമപ്രതിഭാസങ്ങൾക്കും തുല്യമായി വിശദീകരണസമർത്ഥവുമായിരിക്കണം ആ പുതിയ വിചാരമാതൃക. ജർമ്മനിയിലെ കോൺസ്റ്റാൻസ് സർവ്വകലാശാലയിലെ സാഹിത്യവിഭാഗമാണ് ഈ വിചാരമാതൃകാരീതിയുടെ രൂപരേഖ തയ്യാറാക്കാൻ മുൻകൈയ്യെടുത്തത്. അവിടെയായിരുന്നല്ലോ ജാസും സ്വീകരണസിദ്ധാന്തത്തിന്റെ മറ്റൊരു പ്രമുഖ വക്താവായ വോൾഫ്ഗാങ് ഐസറും പദവികൾ വഹിച്ചിരുന്നത്. ഘടനാവാദവും നോർത്രോപ്ഫ്രൈയുടെ ആദിരൂപപരമായ വിമർശവുമൊന്നും ജാസ് ഭാവന ചെയ്ത വിചാരമാതൃകയ്ക്കു പകരമാവുകയില്ലായിരുന്നു. ഭൂതകാല സാഹിത്യകൃതികൾക്ക് പുതിയ വ്യാഖ്യാനം ഉണ്ടാകണം. ഒരു പുതിയ കാലത്തിലേക്ക് അവയെ പരിഭാഷപ്പെടുത്തണം. ഭൂതകാലകലയിൽ സൂക്ഷിച്ചിട്ടുള്ള അനുഭൂതികളെ വീണ്ടും അഭിഗമ്യമാക്കണം. ഭൂതകാലകലകൾ വീണ്ടും സംസാരിക്കണം. ഏതുതലമുറയും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകണം. ബഹുജനമാധ്യമങ്ങളുടെ പ്രാധാന്യം വർദ്ധിച്ചതിന്റെ പശ്ചാത്തലത്തിൽ സാഹിത്യം നേരിട്ടിട്ടുള്ള വെല്ലുവിളികൾക്കെല്ലാം പരിഹാരമുണ്ടാകണം. ഇതിനെല്ലാം മറുപടി കോൺസ്റ്റാൻസ് സർവ്വകലാശാലയിൽ നിന്നുണ്ടായി. അറുപതുകളുടെ ഒടുവിൽ ജർമ്മൻ സർവ്വകലാശാലയിലുണ്ടായ ക്ഷുബ്ധമായ സാഹചര്യത്തിൽ കുഹന്റെ സങ്കല്പമായ ശാസ്ത്രവിപ്ലവമാതൃകയ്ക്കു തുല്യമായ ഒന്ന് സാഹിത്യത്തിൽ കണ്ടെത്തി. അതാണ് 'സ്വീകരണസിദ്ധാന്തം' കുഹൻ സങ്കല്പിച്ച ശാസ്ത്രസമൂഹം പോലെ സാഹിത്യസമൂഹം എന്ന സങ്കല്പത്തെ സ്വീകരണസിദ്ധാന്തം അവതരിപ്പിച്ചു. പഴയ വചാരമാതൃകകളുടെ അപചയവും അവയിലുള്ള അതൃപ്തിയും സ്വീകരണസിദ്ധാന്തത്തിന്റെ ത്വരിതവും സത്വരവുമായ സ്വീകാര്യതയും കാരണമായി വർത്തിച്ചു.

ജാസ് തന്റെ ഉപന്യാസത്തിലൊരിടത്തും സ്വീകരണസിദ്ധാന്തമെന്ന നാമം പരാമർശിക്കുന്നേയില്ല. സാഹിത്യമണ്ഡലത്തിൽ മാതൃകകൾ മാറിക്കൊണ്ടിരിക്കും. ഊന്നലുകളിൽ വ്യതിചലനം ഉണ്ടാകും. സ്വാഭാവികമായ ഇത്തരം കാര്യങ്ങൾക്കൊന്നിനും തൃപ്തികരമായ ഉത്തരം നൽകാൻ ജാസിന്റെ ഈ 'വിചാരമാതൃക' ഉപന്യാസത്തിനു സാധിച്ചില്ല. 1979ലെ ഇന്റർനാഷണൽ കമ്പാരിറ്റീവ് ലിറ്ററേച്ചർ അസോസിയേഷന്റെ ഒമ്പതാം കോൺഗ്രസ്സിന് സ്വീകരിച്ച പൊതുശീർഷകം 'സാഹിത്യവിനിമയവും സ്വീകരണവും' എന്നായിരുന്നു. അതിന്റെ നടപടിക്രമങ്ങൾ അടുത്തവർഷം 436 പുറങ്ങളുള്ള വാല്യമായി പ്രസിദ്ധീകരിച്ചു. സ്വീകരണസിദ്ധാന്തം ഉയർത്തിയ വെല്ലുവിളികളോടുള്ള പ്രതികരണങ്ങൾ അവയിൽ ഉണ്ടായിരുന്നു. ഒരു സിദ്ധാന്തം അതിന്റെ സ്വന്തം പൂർവ്വഗാമികളെയും സൃഷ്ടിക്കുന്നു എന്നൊരു ചൊല്ലുണ്ട്. അത് സ്വീകരണസിദ്ധാന്തത്തിനും ബാധകമാണ്. ഈ സിദ്ധാന്തത്തിന്റെ ഉദയത്തോടെ അത്തരം


തിയഡോർ ഡബ്ല്യു. അഡോർണോ

അന്വേഷണങ്ങളും ആരായലുകളും ഉണ്ടായി. അത്ര ആയാസകരമായിരുന്നുമില്ല. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിൽ ദുരന്തനാടകത്തിനുനേർക്കുള്ള പ്രേക്ഷകരുടെ പ്രതികരണത്തെക്കുറിച്ചു പറയുന്നിടത്ത് സ്വീകരണസിദ്ധാന്തത്തിന്റെ വേരുകൾ കണ്ടെത്തി. അഞ്ചു പ്രധാന സ്വാധീനങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടു. റഷ്യൻ ഫോർമലിസം, പ്രാഗ്ഘടനാവാദം, റോമൻ ഇൻഗാർഡന്റെ പ്രതിഭാസജ്ഞാനം, ഹാൻസ് ഗ്യോർർദ് ഗഡാമറിന്റെ ഭാഷ്യതന്ത്രം, സാഹിത്യത്തിന്റെ സാമൂഹ്യശാസ്ത്രം എന്നിവയായിരുന്നു അഞ്ചു സ്വാധീനശക്തികൾ. എങ്കിലും, ആധുനിക ജർമ്മൻ സാഹിത്യവിദ്യയിൽ സ്വീകരണസിദ്ധാന്തത്തെ ഒരു പ്രതിഭാസമാക്കിത്തീർത്തത് കോൺസ്റ്റാൻസ് കളരിയാണെന്ന് നിസ്സംശയം പറയാം.

സാഹിത്യവും ചരിത്രവും തമ്മിലുള്ള ബന്ധമാണ് ജാസിനെ സ്വീകരണവിഷയത്തിലേക്കാകർഷിച്ചത്. സാഹിത്യപഠനത്തിന്റെ കേന്ദ്രത്തിൽ ചരിത്രത്തെ പുനഃസ്ഥാപിക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഷില്ലറെക്കുറിച്ചുള്ള ഒരു പ്രഭാഷണത്തിന് ജാസ് സ്വീകരിച്ച ശീർഷകം 'എന്താണ്, എന്തു ലക്ഷ്യത്തിനുവേണ്ടിയാണ് ഞാൻ സാഹിത്യചരിത്രം പഠിക്കുന്നത്?' എന്നായിരുന്നു. സാഹിത്യചരിത്രത്തിന്റെ അധികാരം സാഹിത്യാർത്ഥത്തി



ഇ.എച്ച്. ഗോംബ്രിച്ച്

ന്റെ ഏതൊരു സാർവ്വലൗകിക സിദ്ധാന്തത്തിന്റെയും ഭാവങ്ങളുടെ നേർക്ക് ഒരു പ്രകോപനമെന്ന നിലയിൽ പ്രവർത്തിക്കുന്നുവെന്ന് ജാസ് സമർത്ഥിച്ചു. സാഹിത്യം അർത്ഥവത്താകുന്നത് ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള മാധ്യസ്ഥഹേതു എന്ന നിലയിലാണ്. അങ്ങനെ സാഹിത്യചരിത്രം സാഹിത്യപഠനത്തിന്റെ കേന്ദ്രമായിത്തീർന്നു. സ്വീകരണത്തിന്റെ സൗന്ദര്യശാസ്ത്രമെന്ന് ജാസ് തന്റെ സിദ്ധാന്തത്തെ എഴുപതുകളുടെ തുടക്കത്തിൽ വിശേഷിപ്പിച്ചു. സാഹിത്യചരിത്രം ഒരു സൗന്ദര്യാത്മക സ്വികരണപ്രക്രിയയാണെന്നും പറഞ്ഞു. ഒരു പാഠത്തിന്റെ വ്യാഖ്യാനാത്മകമായ സ്വീകരണം സദാ സൗന്ദര്യാത്മകാവബോധാനുഭവത്തിന്റെ പശ്ചാത്തലത്തെ മുൻകൂട്ടി ഉദ്ദേശിച്ചുകൊണ്ടുളവാകുന്നതാണ്. വ്യാഖ്യാനത്തിന്റെ ആത്മനിഷ്ഠതയെക്കുറിച്ചും വിഭിന്ന വായനക്കാരുടെ അഭിരുചിയെക്കുറിച്ചുമുള്ള ചോദ്യങ്ങൾ ആത്മനിഷ്ഠതയെ കടക്കുന്ന ഗ്രഹിക്കലിന്റെ ചക്രവാളം പാഠത്തിന്റെ സുശക്തഫലകത്തെ നിർണ്ണയിക്കുമ്പോഴാണ് ഉന്നയിക്കപ്പെടുന്നത്. ചക്രവാളമെന്ന സംജ്ഞ ജർമ്മൻ ദാർശനിക വൃത്തത്തിൽ തികച്ചും പരിചിതമായതായിരുന്നു. ഒരു സവിശേഷ ശ്രേഷ്ഠനിലയിൽ നിന്ന് കാണാൻ കഴിയുന്ന എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ദർശനസീമയെയാണ് ഹാൻസ് ഗഡാമർ 'ചക്രവാളം' എന്നു വിളിച്ചത്. ഗഡാമറിന്റെ പൂർവ്വഗാമികളായ ഹുസോളും ഹൈഡഗറും ഈ സങ്കല്പം അവതരിപ്പിച്ചിട്ടുണ്ട്. 'പ്രതീക്ഷകൾ' എന്ന സങ്കല്പവുമായി ചേർത്ത് 'പ്രതീക്ഷാചക്രവാളം' എന്ന സങ്കരസംജ്ഞ ജാസിനു മുമ്പേ പ്രയോഗിക്കപ്പെട്ടിട്ടുണ്ടായിരുന്നു. സാംസ്കാരിക സങ്കല്പങ്ങളുമായി ബന്ധപ്പെടുത്തി കാൾ പോപ്പറും കാൾ മാൻഹിമും ഇത് ഉപയോഗിച്ചിട്ടുണ്ട്. പോപ്പറിന്റെ സ്വാധീനത്തിനു വഴങ്ങി 'കലയും മിഥ്യയും' എന്ന കൃതിയിൽ ചരിത്രകാരനായ ഇ.എച്ച്. ഗോംബ്രിച്ച് പ്രതീക്ഷാ ചക്രവാളത്തെ നിർവ്വചിച്ചു. 'അതിശയോക്തി കലർന്ന അവബോധത്തോടെ വ്യതിചലനത്തെയും പരിണാമത്തെയും രേഖപ്പെടുത്തുന്ന ഒരു മാനസികയത്ന'മാണത്.

ജാസ് അനുഭവ ചക്രവാളം, ജീവിതചക്രവാളം, പ്രാപഞ്ചികാവസ്ഥാ ചക്രവാളം, ചക്രവാളഘടന എന്നിവയൊക്കെ വിശദീകരിച്ചു. പ്രതീക്ഷാ ചക്രവാളനിർമിതിയുടെ സമീപനങ്ങൾ വിശദീകരിച്ചു. പരിചിത സങ്കല്പങ്ങൾ അഥവാ നിശ്ചിത വ്യവസ്ഥകളുള്ള സാഹിത്യരൂപത്തിന്റെ അന്തർലീനകാവ്യശാസ്ത്രം, സാഹിത്യ-ചരിത്ര സാഹചര്യഫലമായി പരിചിതകൃതികളോടുള്ള അചഞ്ചല ബന്ധം, സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യം, ഭാഷയുടെ കാവ്യാത്മകവും പ്രായോഗികവുമായ ധർമ്മങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം എന്നിവയാണവ. താരതമ്യത്തിനുള്ള സാധ്യത സൃഷ്ടിച്ചുകൊണ്ട് ഇവ വായനയിൽ പ്രവർത്തിക്കുന്നു.

വിമർശനാത്മകസിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കളിൽ പ്രധാനിയായ തിയോഡർ ഡബ്ല്യൂ. അഡോർണോയുടെ Aesthetic Theory എന്ന ഗ്രന്ഥം 1970ൽ പ്രസിദ്ധീകരിച്ചു. അതൊരുതരം 'കലയുടെ നിഷേധസിദ്ധാന്തം' ആണെന്ന് ജാസ് വിശ്വസിച്ചു. ആ നിഷേധാത്മകതയുടെ സൗന്ദര്യശാസ്ത്രത്തിനെതിരായി ജാസ് അവതരിപ്പിച്ചത് പ്രാഥമിക സൗന്ദര്യാനുഭവത്തെയാണ്. അതിനായി Genuss എന്ന ജർമ്മൻ വാക്കാണ് അദ്ദേഹം ഉപയോഗിച്ചത്. അതിന് ജർമ്മൻ ഭാഷയിൽ രണ്ടർത്ഥമുണ്ട്. അദ്ദേഹത്തിന്റെ സങ്കല്പത്തിൽ ആ രണ്ടർത്ഥങ്ങളും ഉള്ളടങ്ങിയിരിക്കുന്നു. ആനന്ദവും സന്തുഷ്ടിയുമാണ് സൗന്ദര്യാനുഭവം നൽകുന്നതെന്ന് ജാസ് അഭിപ്രായപ്പെടുന്നു. അതിനെ സാഹിത്യസിദ്ധാന്തത്തിന്റെ കേന്ദ്രത്തിൽ ഉചി

താസ്ഥാനത്തു പുനഃസ്ഥാപിക്കാൻ ജാസ് ആഗ്രഹിച്ചു. സൗന്ദര്യാനന്ദത്തിന്റെ മൂന്ന് അടിസ്ഥാന സംവർഗങ്ങൾ ജാസ് അവതരിപ്പിക്കുന്നു. പോയിസിസ് (poieses) ഐസ്തെസിസ (aisthesis), കഥാർസിസ് (catharsis) എന്നിവയെ 'സൗന്ദര്യത്രിത്വം' എന്നു വിളിക്കുന്നു. സൗന്ദര്യാനുഭവത്തിന്റെ ഉത്പാദകമായ വശമാണ് പോയിസിസ്. സൗന്ദര്യാനുഭവത്തിന്റെ സ്വീകരണാത്മകവശമാണ് ഐസ്തെസിസ്. വിനിമയാത്മകസൗന്ദര്യാനുഭവമാണ് കഥാർസിസ്. ഐസ്തെസിസിന്റെ ചരിത്രത്തെ ചുരുക്കിപ്പറയുന്നതിനായി ജാസ് ഒരു പറ്റം ശ്രേഷ്ഠപാഠങ്ങൾ പരിശോധിക്കുന്നു. നിരീക്ഷണവും പ്രേഷണവും അവിടെ ഒരു പ്രധാന ധർമ്മം നിർവ്വഹിക്കുന്നുണ്ട്. പ്രാചീനലോകത്തിൽ സൗന്ദര്യാത്മകവും സൈദ്ധാന്തികവുമായ ജിജ്ഞാസകൾ വേർതിരിക്കപ്പെട്ടിട്ടില്ലായിരുന്നു. ഈ രണ്ടുബോധ്യങ്ങളെയും അന്ന് ഐസ്തെസിസ് ഉൾക്കൊണ്ടിരുന്നു. ജാസിന്റെ കാഴ്ചപ്പാടിൽ ആത്മാവിന്റെ ആന്തരവ്യാപാരങ്ങളും അകൃത്രിമ ലോകത്തിന്റെ സൗന്ദര്യവും സൗന്ദര്യാനുഭവത്തിന്റെ സ്വീകരണവശത്തിൽ പ്രധാനമായിത്തീർന്നതോടെ ഐസ്തെസിസസിൽ സാരമായ മാറ്റം വന്നുചേർന്നു. ശാസ്ത്രവും സൗന്ദര്യശാസ്ത്രവും വേർതിരിക്കപ്പെട്ടു. അതിന്റെ പരമകാഷ്ഠ കാല്പനികപ്രസ്ഥാനത്തിലാണ് ദൃശ്യമായത്. ഐസ്തെസിസ് സ്മരണയുടെ രൂപത്തിൽ ഒരു പുതിയ അനുഭവമായിത്തീർന്നു. ഐസ്തെസിസിന്റെ ആധുനികരൂപങ്ങൾ അവതരിപ്പിച്ചതിന് രണ്ടു പൊരുതുന്ന രീതികളുണ്ടായിരുന്നു, വിമർശനാത്മകഭാഷാഫലവും പ്രാപഞ്ചിക ധർമ്മവും. ജാസിന്റെ കാഴ്ചപ്പാടിൽ വിനിമയത്തിന്റെ ഒരു പ്രധാന സ്വഭാവം സംഭവിക്കുന്നത് പെരുമാറ്റത്തിനായുള്ള ആദർശമാതൃകകളെ പ്രേഷണം ചെയ്യുന്നതിലൂടെയാണ്. അതുകൊണ്ട് സൗന്ദര്യാത്മക സമീകരണത്തിന്റെ അപഗ്രഥനത്തിലൂടെയേ ഭാഗികമായി കഥാർസിസ് പരിശോധിക്കാനാവൂ. വിനിമയത്തിന്റെ അഞ്ചുമാതൃകകൾ ജാസ് കണ്ടെത്തുന്നു. നോർത്രോ ഫ്രൈ അനാട്ടമി ഓഫ് ക്രിട്ടിസിസത്തിൽ തയ്യാറാക്കിയ നായകന്മാരുടെ സൂചികയുടെ മാതൃകയാണ് ജാസ് സ്വീകരിച്ചത്. പക്ഷേ അവരുടെ ക്രിയകളെയല്ല, സ്വീകരണലക്ഷണങ്ങളെയാണ് അടിസ്ഥാനമാക്കിയത്. ഓരോ മാതൃകയും എല്ലാ സമൂഹത്തിലും കണ്ടെത്താം. പലരെ ഒരേ കൃതിയിൽതന്നെ കാണാവുന്നതുമാണ്. ജാസ് തയ്യാറാക്കിയ സൂചിക ഇങ്ങനെ പട്ടികയായി ചുരുക്കി അവതരിപ്പിക്കാം.

വോൾഫ്ഗാങ് ഐസർ




| സമീകരണ ലക്ഷണം | മധ്യസ്ഥൻ | സ്വീകരണ മനോഭാവം | പെരുമാറ്റവ്യവസ്ഥകൾ (സമീപനം) +ive (ധനാത്മകം) -ive (നിഷേധാത്മകം) |
|---|---|---|---|
| സംയോജനം | വിനോദം/മത്സരം (ചടങ്ങ്) | മറ്റെല്ലാ പങ്കാളികളുടെയും റോളിലേക്ക് സ്വയം ആരോപിക്കുന്നു | +സ്വതന്ത്രസത്തയുടെ ആനന്ദം - സമഷ്ടി സമ്മോഹിതം |
| ആരാധന | ഉത്തമനായകൻ (വിശുദ്ധൻ/ ജ്ഞാനി) | ആദരവ് | + കിടമത്സരം - അനുകരണം + ശ്രേഷ്ഠത - ഉദ്ബുദ്ധത |
| സഹതാപം | അപൂർണ്ണ നായകൻ | അനുകമ്പ | +ധാർമ്മിക താല്പര്യം - മനോവികാരം + നിശ്ചിത പ്രവർത്തനത്തോടുള്ള ഏകീഭാവം - ആത്മദൃഢീകരണം |
| വിരോധാഭാസം | നഷ്ടനായകൻ അഥവാ പ്രതിനായകൻ | അന്യവല്ക്കരണം (ഏകോപനം) | +സർഗ്ഗാത്മകാന്യോന്യം - അഹംമാത്രവാദം |

(നായകനുമായുള്ള സൗന്ദര്യാത്മക താദാത്മ്യത്തിന്റെ അന്യോന്യ മാതൃകകൾ)

വായനക്കാർക്കനുസരിച്ച് കൃതിയുടെ അർത്ഥം മാറുന്നുവെന്ന് സ്വീകരണസിദ്ധാന്തം പറയുന്നു. പാഠം, വായനക്കാരൻ, വ്യാഖ്യാനം, സാഹിത്യചരിത്രം എന്നീ നാലുമേഖലകളെ പരിശോധിക്കുവാൻ ഏറ്റവും അനുരൂപമായിട്ടുള്ള ഒരു സിദ്ധാന്തമായി 'സ്വീകരണ'ത്തെ വിലയിരുത്താം. സാഹിത്യവിമർശനത്തിലെ പഴകിയ ചാലുകളെ മാറ്റി വ്യാഖ്യാനത്തിന്റെ പുതുനീരാളിപ്പട്ടു വിരിച്ച സ്വീകരണസിദ്ധാന്തത്തിന് എക്കാലവും പ്രസക്തിയുണ്ടാകേണ്ടതാണ്.


# പ്രണയത്താക്കോൽ



മുമ്പ്,
നാം രണ്ടുപേരും മാത്രമുള്ളയിടങ്ങൾ
ഞാൻ ഭയന്നിരുന്നു.
ലിഫ്റ്റിലെ,
തീവണ്ടിയിലെ രണ്ടുപേർ മാത്രമുള്ള കമ്പാർട്ടുമെന്റിലെ
ഹോട്ടലിൽ വാഷ്ബേസിനരികിലെ
ലൈബ്രറിയിലെ ഷെൽഫുകൾക്കിടയിലെ
നിന്റെ മിഴികളിൽ
എനിക്കായി കത്തിച്ചിരുന്ന
തീയിനെ
ചുണ്ടുകളിൽ എപ്പോഴും
എന്നിലേക്ക് പറത്തിവിടാൻ കരുതിവെച്ച
ചുംബനക്കഴുകനെ
വിരലിലെ സ്പർശനക്കരുക്കകളെ
ഇപ്പോഴും
നാം രണ്ടുപേരും മാത്രമുള്ളയിടങ്ങൾ
ഞാൻ ഭയക്കുന്നു
കാറിന്നുള്ളിലെ തണുപ്പിൽ
ഇടവഴികളിലെ ഇരുട്ടിൽ
കിടപ്പുമുറിയിലെ സ്വകാര്യതയിൽ
എന്നിലേക്കുള്ള വഴി മറന്നേപോയ
നിന്റെ നോട്ടത്തിലെ
കെട്ട കനലിനെ
ചത്ത കഴുകനെ
അയഞ്ഞ നൃല്യകളെ.
നമുക്കിടയിലെ
ആഴമുള്ള മൗനക്കിണറിനെ
അതിലെന്നോ വീണുപോയ
പ്രണയത്തിന്റെ താക്കോലിനെ.


സന്ധ്യ ഇ.
പ്രജ്യോതി നികേതൻ കോളേജ്, തൃശ്ശൂർ






# രവീന്ദ്ര സാഹിത്യം: പരിഭാഷയുടെ നൂറു വർഷങ്ങൾ

ഡോ. എൻ.എം. സണ്ണി



പരിഭാഷയിലൂടെയാണ് വിവിധ ഭാഷാ സാഹിത്യരൂപങ്ങൾ കൈരളിക്ക് സുപ രിചി തമായത്. ആദാന പ്രദാനങ്ങളിലൂടെയാണ് ഭാഷയും സാഹിത്യവും വളരു ന്നതും വികസിക്കുന്നതും, ഇതര സംസ്കാ രങ്ങളുംമായി കണ്ണി ചേരുന്നതും. ദേ ശഭഷാ സാഹി ത്യത്തിന്റെ വികാസ പരിണാമങ്ങളിൽ പരിഭാഷ നിർവ ഹിച്ച പങ്ക് ഒരു ഘട്ടത്തിലും വേ ണ്ട വിധം അടയാളപ്പെടുത്തു കയുണ്ടാ യില്ല. വൈദിക സാഹിത്യം മുതൽ ആധുനി കോ ത്തര സാഹിത്യം വരെ പരിഭാഷയിലൂടെയാണ് സാ സ്കാരിക ലോകം പരിചയപ്പെട്ടത്.

രവീന്ദ്ര സാഹിത്യത്തിന്റെ വിവർ ത്തനങ്ങൾ കൊണ്ട് സമ്പന്നമാണ മലയാള സാഹിത്യം. കൈരളിയുടെ അക്ഷര ചൈതന്യത്തിനു ശോഭ വർദ്ധിപ്പിക്കുന്നതിൽ രവീന്ദ്ര നാഥ് ടാഗോറിന്റെ രചനകൾ നിർവഹിച്ച പങ്കിനെ കുറിച്ച് ഇനിയും ആഴ




ത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. ടാഗോറിന്റെ ഗീതാഞ്ജലിയും, നൂറ്റൊന്നു കിരണങ്ങളും, ഗോര യുമടക്കമുള്ള ഏതാണ്ട് എല്ലാ രചനകളും മലയാളത്തിൽ പലകുറി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിന്റെ ഭാവഗീത പ്രസ്ഥാനത്തിൽ ടാഗോറിന്റെ ശക്തമായ സ്വാധീനം കാണാം. ആശാനും വള്ളത്തോളും ജീ. ശങ്കരക്കുറുപ്പും ഒ.എൻവിയുമടങ്ങുന്ന മലയാളത്തിന്റെ ആധുനിക കവികൾ എല്ലാ വരും തന്നെ രവീന്ദ്ര സാഹിത്യ ത്തിന്റെ മാസ്മരികത അനുഭവിച്ചറിഞ്ഞവരാണ്.


മഹത്തായ ഒരു കലാസൃഷ്ടി അതു പിറവിയെടുത്ത കാലത്തെന്ന പോലെ തന്നെ പുതിയ കാലത്തോടും സംവദിക്കുന്നതിനു ശേഷിയുള്ളതായിരിക്കും. നവ ഭാവുകത്വ ത്തോടു ചേർന്നു നിൽക്കുമ്പോൾ മാത്രാണ് ഒരു സൃഷ്ടി കാലത്തെ അതി ജീവിക്കുയും ക്ലാസ്സിക് പദവിയിലേക്ക് ഉയരുകയും ചെയ്യുന്നത്.

വർത്തമാന കാലത്തിന്റെ പദാവലികളും, ആശയാവലികളും സ്വീകരിച്ചു കൊണ്ട് മാത്രമെ പൂർവ്വകാല രചനകൾക്ക് നവ-ഭാവുകത്വത്തോടും, പുതിയ രാഷ്ട്രീയ സാമൂ ഹ്യ സാഹചര്യങ്ങളോടും സംവാദിക്കുവാൻ കഴിയുകയുള്ളൂ. രവീന്ദ്രസാഹിത്യം ത്രപം കൊണ്ട കാലത്തിന്റെ ഭാവുകത്വ പരിസരത്തു നിന്നു ഏതാണ്ടു ഒരു നൂറ്റാണ്ടിനു ശേഷം പുതിയ പദാവലികളിലേക്കും, ഭാവുകത്വത്തിലേക്കും പുനരാവിഷ്കരിക്കുക വഴി അതു കാലത്തിന്റെ നൈരന്തര്യം നില നിർത്തുക മാത്രമല്ല പുതു തലമുറയെ ജീവസ്സുറ്റതാക്കി മാറ്റുകയും നാളയിലേക്കുള്ള വിത്തു സൂക്ഷിക്കുക എന്ന ജൈവ പ്രക്രിയയിൽ പങ്കാളി കളാക്കുകയും ചെയ്യുന്നു.

1910ൽ രചിച്ച് 1913ൽ ലോകം നോബൽ പുരസ്കാരം നൽകി ആദരിച്ച ഗീതാഞ്ജലി, വിശ്വപ്രസിദ്ധ കവി വില്യം ബട്‌ലർ യേറ്റ്സാണ് വായനാ സമൂഹത്തിന് പരിചയപ്പെടു ത്തിയത്. ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ വർഷം തന്നെ അതിനു പതിനഞ്ചു പതിപ്പുക ളുണ്ടായി. നോബൽ പുരസ്കാര പ്രാപ്തിയോടുകൂടി ടാഗോർ കൃതികളിൽ മാസ്റ്റർ പീസായി കണക്കാക്കുന്ന ഗീതാഞ്ജലിക്ക് ലോകഭാഷകളിലും, മലയാളമടക്കുള്ള ഇന്ത്യൻ ഭാഷകളിലും നിരവധി പരിഭാഷകളുണ്ടായി. 1913ൽ തന്നെ ഫ്രഞ്ച് സ്പാനിഷ് ഭാഷകളിൽ ഗീതാഞ്ജലി വിവർത്തനം ചെയ്യപ്പെട്ടു. രവീന്ദ്ര സാഹിത്യത്തിൽ ഏറ്റവും കൂടുതൽ പരി ഭാഷകളുണ്ടായത് ഗീതാഞ്ജലിക്കു തന്നെയാണ്. ഇന്ത്യക്ക് സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം നേടിത്തന്ന 'ഗീതാഞ്ജലി' ജീ.ശങ്കരക്കുറിപ്പ്, സഞ്ജയൻ, എൻ കെ ദേശം, ബാലചന്ദ്രൻ ചുള്ളിക്കാട്, കെ.ജയകുമാർ മുതൽ, ഡോ. കെ.സി.അജയകുമാർ, സജയ് കെ.വി അടക്കമുള്ള പുതുലമുറ എഴുത്തുകാരും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കാലം ഇനിയും രവീന്ദ്ര സാഹിത്യം പിഭാഷപ്പെടുത്തും

ഭാരതീയ ഭാഷകളിൽ ആദ്യമായി ഗീതഞ്ജലിക്ക് പരിഭാഷയുണ്ടായത് മലയാളത്തി ലാണ്. കണ്ടൂർ നാരാണമേനോനാണ് ആ പരിഭാഷ നിർവ്വഹിച്ചത്. പുത്തേഴത്തു രാമ മേനോൻ 1919 ൽ രണ്ടു ഭാഗങ്ങളിലായി 'ടാഗൂർ കഥകൾ' എന്ന പേരിൽ പരിഭാഷപ്പെടു ത്തി കേരള സർവ്വീസ് പ്രസിദ്ധീകരിച്ച കൃതിയാണ് മലയാള ഭാഷയിലെ ആദ്യ ടാഗോർ പരിഭാഷയായി കണക്കാക്കുന്നത്. അതേവർഷം കണ്ണമ്പ്ര കുഞ്ഞുണ്ണി മേനോനുമായി ചേർന്ന് തയ്യാറാക്കിയ 'ടാഗോർ കണ്ട ഇന്ത്യയും' അദ്ദേഹത്തിന്റെ സംഭാവനയാണ്. 1921ൽ കീഴേടത്ത് മാധവൻ നായർ പരിഭാഷപ്പെടുത്തിയ 'ഗീതാഞ്ജലി' മദിരാശിയിലെ മാക്മില്ലൻ പ്രസ്സാണ് പ്രസിദ്ധീകരിച്ചത്.

1937ൽ എൽ.എം.തോമസിന്റെ ഗദ്യപരിഭാഷ മംഗലാപുരത്തെ ബാസൽ മിഷൻ പ്രസി ദ്ധീകരിച്ചു.



1964ൽ വിദ്വാൻ കൃഷ്ണ പിള്ളയുടെ പരിശ്രമത്തിൽ മലയാള ഗീതാഞ്ജലി എന്ന പേരിൽ ഒരു പരിഭാഷ പുറത്തു വന്നു. 1959ൽ മൂല ഭാഷയായ ബംഗാളിയിൽ നിന്ന് മഹാകവി ജി ശങ്കരക്കുറുപ്പ് പരിഭാഷപ്പെടുത്തിയ 'ഗീതീഞ്ജലി' മലയാളം ഇരു കൈയുംനീട്ടി സ്വീകിച്ചു. 'നൂറ്റൊന്നു കിരണങ്ങൾ' എന്ന പേരിൽ ജി പരിഭഷപ്പെടുത്തിയ ടാഗോറിന്റെ 'നറ്റൊന്നു കവിതകൾ' കേന്ദ്ര സാഹിത്യ അക്കാദമി 1961ൽ പ്രസിദ്ധീകരിച്ചു. 1978ൽ കെ. സി.പി ള്ളയും, ഡോ.വി.എസ്. ശർമ്മയും ചേർന്ന് തയ്യാറാക്കിയ ഇംഗ്ലീഷ് പതിപ്പിപ്പിന്റെ പദാനുപദ വിവർത്തനവും മലയാളത്തിലുണ്ടായി. പിന്നീട് എൻ.കെ. ദേശം, ബാലചന്ദ്രൻ ചുള്ളിക്കാട്, കെ.ജയകുമാർ, ഡോ.കെ.സി. അജയകുമാർ, ഏറ്റുമാനൂർ സോമദാസൻ, സജയ് കെ.വി ഇടങ്ങി നിരവധി പേരുടെ പരിഭാഷകൾ മലയാള ത്തിലുണ്ടായി.

'ചതുരാദ്ധ്യായ്' എന്ന നോവൽ 1928ൽ പുത്തേഴത് രാമമേനോൻ പരിഭാഷപ്പെടുത്തി വിദ്യ വിനോദിനി പ്രസ്സാണ് അത് പ്രസിദ്ധീകരിച്ചത്. 'ഘരെ ബാഹരെ' 'വീട്ടിലും പുറത്തും' എന്ന പേരിൽ ബി കല്യാണി അമ്മയും, 'യോഗായോഗ്', സി .ആർ ശർമ്മയും, 'ഗോര' വി.ആർ. പരമേശരൻ പിള്ളയും, 'ചോഖേർ ബാലി' വിനോദിനി എന്ന പേരിൽ വി ഉണ്ണികൃഷ്ണൻ നായരും വിവർത്തനം ചെയ്തു. 'നൗകാ ഡൂബിക്ക്' മൂന്നു പരിഭാ ഷകൾ ഉണ്ടായിട്ടുണ്ട്. എ.പി പരമേശ്വരൻ പിള്ള 'വിധിവിലാസം' എന്ന പേരിലും, 'മുഗ്ധരാഗം' എന്ന പേരിൽ വാസുദേവനുണ്ണിത്താനും, ഡോ.കെ.എം. ജോർജ്ജ് 'സ്നേഹത്തിന്റെ' ശിക്ഷ എന്ന പേരിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

ടാഗോറിന്റെ ഏറെ പ്രസിദ്ധമായ തപാലാപ്പീസ്, ചിത്രാംഗദ എന്ന നാടകങ്ങൾ വി ഉണ്ണികൃഷ്ണൻ നായരാണ് മലയാളത്തിനു സമ്മാനിച്ചത്. ചിത്രാംഗദയ്ക്ക് എൻ.വി കൃഷ്ണവാര്യരും പരിഭാഷ നിർവഹിച്ചിട്ടുണ്ട്. ഗുരുദേവിന്റെ ഗദ്യരചനകൾ വിവർത്തനം ചെയ്തത് ദാമോദരൻ നമ്പ്യാരാണ്. ടോഗോറിന്റെ ആത്മകഥയായ 'ജീവിതസ്മൃതി' കെ. സി.പിള്ളയാണ് പരിഭാഷപ്പെടുത്തിയത്. ടാഗൂർ ജീവിതവും കൃതികളും, എന്ന രചനയു ടെ വിവവർത്തനം നിർവഹിച്ചത് മഹാകവി ജീ ശങ്കര കുറുപ്പാണ്. എസ് ഗുപ്തൻ നായ രും, തായാട്ടുശങ്കരനുമൊക്കെ രവീന്ദ്ര സാഹിത്യം മലയാളത്തിലെത്തിക്കുന്നതിനു വേ ണ്ടി യത്നച്ചവരിൽ പ്രധാനികാളാണ്. രവീന്ദ്ര സാഹിത്യം മലയാളത്തിനു പരിചയപ്പെടുത്തുന്നതിൽ സജയന്റെ പരിഭാഷകൾക്ക് വലിയ പ്രാധാന്യമുണ്ട്.

മലയാള സാഹിത്യത്തെ ആഴത്തിൽ സ്വാധീനിച്ച എഴുത്തുകാരിൽ മുൻനിരയിലാണ് രവീന്ദ്രനാഥ് ടാഗോറിന്റെ സ്ഥാനം. ചങ്ങമ്പുഴയുടെ യവനിക ടാഗോറിന്റെ പ്രസിദ്ധ കൃതിയായ 'വിക്ടറിയു'ടെ സ്വതന്ത്ര ആവിഷ്കാരമാണ്. ടാഗോറിനെപ്പോലെ തന്റെ ഭാവ നാലോകത്തെയും ആദർശ ബോധത്തെയും ഉത്തേജിപ്പിച്ച മറ്റൊരു കവിയില്ല എന്ന് ജി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആധുനിക മാലയാള കവിതയിലും കഥാസാഹിത്യത്തിലും രവീന്ദ്ര സാഹിത്യത്തിന്റെ സുശക്തമായ സ്വാധീനം കാണാവുന്നതാണ്.

ഗീതാഞ്ജലിയില I know not thou singest, my master ! I ever listen in silent amazement എന്ന ഗീതത്തിന്റെ പഴയതും പുതിയതുമായ ഒന്നു രണ്ടു പരിഭാഷകൾ പരിശോധിക്കാം;

'എന്റെ നാഥാ, അങ്ങ് എപ്രകാരമാണ് പാടുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. ഞാനെന്നും നിശ്ശബ്ദാശ്ചര്യത്തിൽ വിമഗ്നനായി അതിനെ ശ്രവിക്കുക തന്നെ ചെയ്യുന്നു'.

(പരിഭാഷ,എൽ.എം.തോമസ് 1937)

ഇതോടൊപ്പം 1959ൽ ജി നടത്തിയ വിവർത്തനം കൂടി പരിശോധിക്കാം;



'എത്ര മനോഹരമാണവിടുത്തെ- ഗാനാലാപന ശൈലി

നിഭൃതം ഞാനതു കേൾപ്പൂ സതതം, നിതാന്ത വിസ്മയശാലി'. ജി. 1959

'സർവ്വ ഗുണസമ്പന്നനായ അങ്ങ് എത്ര മനോഹരമായി ഗാനമാലപിക്കുന്നു. അത്ഭുത പരവശനായി അതു കേട്ടു കൊണ്ടിരിക്കാൻ മാത്രമെ എനിക്ക് കഴിയുന്നുള്ളു'.

കെസി.പിള്ള-വി.സ് ശർമ്മ. 1978

'ഏതു വിധത്തിലാണങ്ങു പാടുന്നതെന്നേതുമെനിക്കറിവില്ല നാഥാ

നിത്യം ശ്രവിക്കുന്നു ശ്രദ്ധ ചെലുത്തി ഞാൻ, നിശ്ശബ്ദവിസ്മയ സ്തബ്ധചിത്തൻ'.

എൻകെ.ദേശം.2010

'അതിമധുരിത മിഗ്ഗാനാലാപന മവിടുന്നെങ്ങനെ ചെയ്‌വൂ

അതു കേൾക്കുമ്പോളുള്ള മലിഞ്ഞതി പരവശനായ് ഞാൻ നില്പൂ'.

ഏറ്റുമാനൂർ സോമദാസൻ 2011 കേരള സാഹിത്യ അക്കാദമി.

'അങ്ങയുടെ ഗാനരീതി എനിക്കജ്ഞാതം,

ആശ്ചര്യ മൂകനായ് ഞാനത് നിത്യം ശ്രവിക്കുന്നു'. സജയ് കെ.വി 2011

'എന്റെ നാഥാ എങ്ങനെയാണ് അങ്ങ് പാടുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. നിശ്ശബ്ദ വിസ്മയത്തിൽ ഞാൻ സദാ ചെവിയോർത്തിരിക്കുന്നു'. കെ.ജയകുമാർ ഡിസി.2009

1937ൽ എൽ.എം. തോമസ് നടത്തിയ പരിഭാഷയും, 1959 ൽ ജി. നടത്തിയ വിവർത്തനവും 2010ൽ കെ.ജയകുമാർ നടത്തിയ പരിഭാഷയും ചേർത്തു വായിക്കുമ്പോഴാണ് പുതിയ പരിഭാഷകൾ നവഭാവുകത്വത്തോട് എത്രത്തോളം ചേർന്നു നിൽക്കുന്നു എന്നു മനസ്സിലാവുന്നത്.

'ഗീതാഞ്ജലി'യുടെ അഞ്ചാം ഗീതം ബാലചന്ദ്രൻ ചുള്ളിക്കാടും കെ ജയകുമാറും പരിഭാഷപ്പെടുത്തുന്നത് കൂടി പരിശോധിക്കാം-

'ദർശന മോഹം നിൻ മുഖം കാണാതെ വിശ്രാന്തിയെന്തെന്നറിയുന്നതില്ല ഞാൻ' എന്ന് ചുള്ളിക്കാടും, 'അങ്ങയുടെ മുഖ ദർശന മില്ലാതെ എന്റെ ഹൃദയം വിശ്രാന്തിയോ വിരാമമോ അറിയുന്നില്ല'. എന്ന് കെ ജയകുമാറും വിവർത്തനം ചെയ്യുന്നു. ഇവിടെ രണ്ടു പേരും ഒരേ കാലഘട്ടത്തിലാണ് പരിഭാഷ നിർവഹിക്കുന്നത് എങ്കിലും വ്യത്യസ്തമായ ഭാവുകത്വമാണ് അത് മുന്നോട്ട് വെക്കുന്നത് എന്ന് കാണാവുന്നതാണ്.

ഓരോ പരിഭാഷയും പുതിയ വായനയും പുതിയ അനുഭവമാണ് അനുവാചകനു സമ്മാനിക്കുന്നത്. ക്ലാസ്സിക് രചനകളും, പൗരാണിക ദർശനങ്ങളും കാലികമായി നിലനിൽക്കുന്നത് അത് വർത്തമാനത്തെ പ്രചോദിപ്പിക്കുന്നു എന്നതു കൊണ്ടു കൂടിയാണ്. ആധുനികതയുടെ ആരംഭത്തിലാണ് ഗുരുദേവ് ഗീതാഞ്ജലി എഴുതുന്നത്. ആധുനികോത്തരതയുടെ കാലത്തു അതു പരിഭാഷപ്പെടുത്തുമ്പോൾ അതിനനുയോജ്യമായ കാവ്യോപകരണങ്ങൾ ഉപയോഗിക്കേണ്ടതായിട്ടുണ്ട്.


കാൽപനികതയെയും, ആധുനികതയെയും അതിജീവിക്കുന്നതിനുള്ള ഭാഷാപരമായ തയ്യാറെടുപ്പുകൂടിയായി നവ വിവർത്തനങ്ങളെ നിരീക്ഷിക്കാവുന്നതാണ്. ഭാവിയിൽ രവീന്ദ്ര സാഹിത്യത്തിന് ദളിത് -കീഴാള-സ്ത്രീ പക്ഷ വിവർത്തനങ്ങൾ ഉണ്ടായിക്കൂടെന്നില്ല. പാരമ്പര്യത്തെ സംബന്ധിച്ചും, ദേശീയതയെ കുറിച്ചും, ദൈവ സങ്കല്പത്തെക്കുറിച്ചും വ്യത്യസ്തമായ ചിന്തകൾ ഉയർന്നു വരുന്ന ഇക്കാലത്ത് രവീന്ദ്ര സാ

ഹിത്യത്തിനു അതിനനുകൂലമായ നിരീക്ഷണങ്ങളും ആശായാവലികളും പ്രതിഫലിപ്പിക്കുന്ന വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാകാവുന്നതാണ്. അത് ഈ കാലഘട്ടം ആവശ്യപ്പെ ടുന്നുമുണ്ട്. കാലികവും പുരോഗമനാത്മകവുമായ വായന സാധ്യമാകുമ്പോഴാണ് ഒരു രചന ദേശകാലങ്ങൾക്ക് സ്വീകാര്യമാവുന്നത്.

മഹത്തായ ഏതൊരാശയവും ഉരുവം കൊള്ളുന്നതും അടയാളപ്പെടുത്തുന്നതും ഒരു ഭാഷയിലാണ്. ഇതര ഭാഷകളിലേക്കു അത് പിന്നീട് മൊഴിമാറ്റം ചെയ്യപ്പെടുകയും ആ ഭാഷയുടെ സ്വന്തമായി അത് മാറുകയുമാണ് ചെയ്യുന്നത്. പിതൃ കേന്ദ്രിതവും, അധികാര ബന്ധിതവുമായ ഒരു സാമൂഹ്യ നിർമ്മിതിയുടെ ഭാഗമായ നമ്മുടെ സാമൂഹ്യ സാംസ്കാരിക മണ്ഡലം പരിഭാഷാ സാഹിത്യം ഇരു കൈയ്യും നീട്ടി സ്വീകരിക്കുകയുണ്ടായി, എന്നാൽ ആ മഹത്തായ യജ്ഞത്തിനു ആയുസ്സ് മുഴുവൻ സമർപ്പിച്ച ജീവിതങ്ങളെ തിരസ്കരിക്കുകയുമാണ് ചെയ്തത്. ഈ തിരസ്കാരമാകട്ടെ പരിഭാഷകരെ പാർശ്വവ ൽക്കരിക്കപ്പെട്ടവരുടെ ഗണത്തിലേക്കു മാറ്റി നിർത്തുന്നതോടൊപ്പം ഒരു വൈജ്ഞാനിക പാഠ്യശാഖ എന്ന നിലയിൽ പരിഭാഷയുടെ വളർച്ചയെ നിരാകരിക്കുകയുമാണ് ചെയ്തു.

പ്രതിലോമപരമായ സാമ്പ്രദായിക ആചാരങ്ങളെ നിരാകരിക്കുകയും ഭാരതീയമായ മിസ്റ്റിക് ചൈതന്യവും ഊർജ്ജവും വരും തലമുറക്ക് കൈമാറാനും കഴിഞ്ഞു എന്നതാണ് ഏതു തലമുറയിലും പെട്ട വായനക്കാരെ ആകർഷിക്കാൻ രവീന്ദ്ര സാഹിത്യത്തിനു സാധിക്കുന്നത്. പ്രമേയങ്ങളുടെ വൈവിധ്യവും അവതരണത്തിൽ പുലർത്തുന്ന നവീനതയുമാണ് ടാഗോർ കൃതികളുടെ പ്രധാനപ്പെട്ട സവിശേഷത. ഗീതാഞ്ജലിയുടെ കൈയെഴുത്തി പ്രതി മറ്റാരും കാണാതെ തന്റെ യാത്രകളിൽ ഒരു അഭിനിവേശം പോലെ സൂക്ഷിച്ചിരുന്നതായി ഗീതഞ്ജലിയുടെ ആമുഖത്തിൽ വില്യം ബട്ലർ യേറ്റ്സ് തന്നെ സൂചിപ്പിച്ചിട്ടുണ്ട്.

സാമൂഹികമായ അസമത്വങ്ങളെയും യാഥാസ്ഥിതികമായ നിലപാടുകളെയുമാണ് ടാഗോർ തന്റെ നോവലുകളിലൂടെ ചോദ്യം ചെയ്യുന്നത്. നോവലുകളിൽ അദ്ദേഹം മനശ്ശാസ്ത്രപരമായ സമീപനങ്ങളും പുരോഗമനപരമായ നിലപാടുകളിലേക്കും ധീരത യോടെ പ്രവേശിക്കുന്നതായി കാണാം ബങ്കിംചന്ദ്രന്റെ സ്വാധീനത്തിൽ നിന്ന് ബംഗാളി നോവൽ സാഹിത്യത്തെ മോചിപ്പിക്കു ന്നതിനു നാന്ദി കറിച്ച നോവൽ എന്ന ഖ്യതിയോ ടൊപ്പം സാധാരണ ജനങ്ങളുടെ ആശായാവിഷ്കാരങ്ങളുടെ പ്രകാശനം നാടകീയ സ്വഭാവത്തോടെ അവതരിപ്പിച്ച എന്ന ഒരു സവിശേഷതയും 'ഗോര' അവകാശപ്പെടുന്നു ണ്ട്. സ്വാതന്ത്ര്യ സമരത്തിൽ കൊല്ലപ്പെട്ട ഐറിഷ് ദമ്പതികളുടെ മകനാണ് താനെന്ന സത്യം തിരിച്ചറിഞ്ഞ ഗോര തന്റെ വളർത്തമ്മയായ ആനന്ദിമയി ദേവിയെ നോക്കി പറ യുന്ന ഈ വാക്യമാണ് ടാഗോർ ഗോരയിലൂടെ മുന്നോട്ടു വെക്കുന്ന സന്ദേശം- 'നിങ്ങളാണ് എന്റെ അമ്മ. ഞാൻ പല സ്ഥലത്തും അമ്മയെ അന്വേഷിക്കുയാണ്. എന്റെ അമ്മയ്ക്കു ജാതിയില്ല. സന്താനങ്ങൾ തമ്മിൽ വ്യത്യാസമില്ല. ഹിന്ദുവും, മുസൽമാനും ക്രിസ്ത്യാനിയും തമ്മിൽ വ്യത്യാസമില്ല. എല്ലാവർക്കും സന്തോഷം പ്രദാനം ചെയ്യുന്നു'. ഗുണം ചെയ്യുന്നു. എന്റെ ഈ അമ്മയിൽ ഞാൻ ഇന്ത്യയെ കാണുന്നു. ആനന്ദിമയി ദേവി ജാതി വ്യത്യാസമോ മതാന്ധതയോ തൊട്ടു തീണ്ടാത്ത ഒരു കഥാപാത്രമാണ്. ദേശ സ്നേഹം, സ്വാതന്ത്ര്യബോധം അനാചാരങ്ങളോടുള്ള നിഷേധം എന്നിവ മനോഹരമായി ഇഴ ചേർന്ന് നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു നോവലാണ് ഗോര. റിയലിസമാണ് അദ്ദേഹത്തിന്റെ നോവലുകളുടെ മുഖമുദ്ര. ഹ്യൂമനിസമായിരുന്നു അദ്ദേഹത്തിന്റെ ആയുധം. അന്ധമായ മത വിശ്വാസവും മാനവികതയും തമ്മിലുള്ള സംഘർഷമാണ് ഗോരയെ കാലികമാക്കുന്നത്. 2017ൽ കെ.സി അജയകുമാർ ഗോര



പരിഭാഷപ്പെടുത്തി.

ബാല വിവാഹം, വൈധവ്യം, സതി, പർദ്ദ, അന്ധവിശ്വാസം എന്നിങ്ങനെ സ്ത്രീ വിമോചന പരമായ പ്രമേയങ്ങളിലേക്ക് ബംഗാളി നോവലിനെ നയിച്ചത് ടാഗോറായിരുന്നു. അതുകൊണ്ടു തന്നെ ആ നിലയിൽ ഇനിയും ടാഗോർ വായിക്കപ്പെടുകയും വില യിരുത്തപ്പെടുകയും ചെയ്യും. വീടും പുറവും എന്ന നോവലിലെ വിമലയും ഗോരയിലെ ലളിതയും രണ്ടു സഹോദരിമാരിലെ ഊർമ്മിളയും ശർമ്മിളയും തുടങ്ങി നിരവധി സ്ത്രീ കഥാപാത്രങ്ങൾ ടാഗോറിന്റെ നോവലുകളിൽ പുരോഗമന ജീവിത വിക്ഷണങ്ങൾ ഉൾക്കൊള്ളുന്നവരാണ്.

1914ൽ പ്രസിദ്ധീകരിച്ച 'ഘർ ബാഹർ' എന്ന നോവലിന് 1956ൽ വീടും പുറവും എന്ന പേരിൽ ബി.കല്യാണി അമ്മ മലയാള പരിഭാഷ നിർവഹിച്ചു. നിഖിൽ ഭാര്യ വിമല കുടുംബ സുഹൃത്തായ സന്ദീപ് എന്നിവരിലൂടെയാണ് ഈ നോവലിന്റെ കഥാ പരിസരം വളരുന്നത്. നിഖിൽ കൊളോണിയൽ ആധുനികതയുടെയും, ഭാര്യ വിമല ഇന്ത്യൻ സംസ്കാരത്തിന്റെയും, സന്ദീപ് ദേശീതയുടെയും രൂപകമായി വ്യാഖ്യാനിക്കപ്പെട്ടു.

1916ൽ പൂർത്തിയായ നോവലണ് 'ചതുരംഗം'. ഭക്തി വ്യാപാരത്തിനെതിരെയും കപട ആത്മീയതയ്ക്കെതിരെയുമുള്ള തുറന്ന വിമർശനമാണ് ഇതിലൂടെ ടാഗോർ മുന്നോട്ടു വെക്കുന്നത്. ജഗൻ മോഹൻ എന്ന നിരീശ്വരവാദിയായ കഥാ പാത്രം പറയുന്നത് ശ്രദ്ധിക്കുക- ബ്രഹ്മ സമാജക്കാർ നിരാകാരനായ ഈശ്വരനെ കാണുന്നു. നിങ്ങൾ സാകാരനായ ഈശ്വരനെ കാണുന്നു. ഞാൻ പുലയരെയും, മുസ്ലീങ്ങളെയും ഈശ്വരനായി കാണുന്നു. 1929 ൽ എഴുതിയ 'യോഗയോഗ്' എന്ന നോവൽ ആർ.സി.ശർമ്മ 1961ൽ വിവർത്തനം ചെയ്തു. സ്ത്രീയെ കേവലം ഒരു ഉപഭോഗ വസ്തു എന്ന നിലയിൽ കാണുന്നതിനെയാണ് ഈ നോവൽ ചോദ്യം ചെയ്യുന്നത്. ഇതിലെ കൗമുദിനി എന്ന കഥാ പാത്രം ഇബ്സന്റെ നോറയുടെ സ്വഭാവം പ്രകടിപ്പിക്കുന്നു എന്ന നിരീക്ഷണം ഈ നോവലിനെ കുറിച്ച് ഉയർന്നു വന്നിട്ടുണ്ട്.

കാവ്യാത്മകമായ ഭാഷയിൽ എഴുതപ്പെട്ട 'അന്ത്യ കവിത' എന്ന നോവൽ 1930ലാണ് പ്രകാശിതമായത്. ടാഗോറിന്റെ സ്ത്രീ കഥാപാത്രങ്ങളിൽ പ്രമുഖ സ്ഥാനത്തിനർഹയായ ലാവണ്യ ഈ നോവലിലെ കേന്ദ്ര കഥാപാത്രമാണ്. ഉപരി വർഗ്ഗത്തിന്റെ പൊങ്ങച്ചം തുറന്നു കാട്ടുന്ന നോവലാണിത്. ഇരുപതാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കാൻ വെമ്പുന്ന ഇന്ത്യയുടെ സാസംസ്കാരിക ചരിത്രത്തിന്റെ നിദർശനമായാണ് ടാഗോറിന്റെ നോവലുകൾ വിലയിരുത്തപ്പെടുന്നത്.

ദേശീയ പ്രസ്ഥാനത്തിനു പ്രചോദനം നൽകുന്നവയായിരുന്നു അദ്ദേഹത്തിന്റെ നാടക ങ്ങളുടെ കേന്ദ്ര കഥാപാത്രങ്ങളും പ്രമേയങ്ങളും. സമൂഹത്തിൽ നിലനിൽക്കുന്ന ജീർണ്ണതയും അന്ധവിശ്വാസവും തുറന്നു കാണി ക്കുന്നതാണ് ടാഗോറിന്റെ 'രാജർഷി' എന്ന നാടകം. അത്യന്തം പിരിമുറുക്കമുള്ള സന്ദർഭങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ നാടകം. 1896ൽ പുറത്തിറങ്ങിയ മാലിനി എന്ന കാവ്യ നാടകം ചാതുർവർണ്യ വ്യവസ്ഥ യെ ശക്തമായി പ്രതിരോധിക്കുന്നുണ്ട്.

'ഭാര്യയുടെ കത്ത്' എന്ന കഥ ഭർതൃ വീട്ടിൽ അടിമ ജീവിതം നയിക്കേണ്ടിവരുന്ന മൃണാളിനിയുടെ ജീവിതമാണ്. ഇബ്സന്റെ നോറയുടെ സ്വാധീനം മൃണാളിനിയിലും കണ്ടെത്താവുന്നതാണ്. പോസ്റ്റുമാസ്റ്ററും കാബൂളിവാലയും ഏറെ ശ്രദ്ധിക്കപ്പെട്ട കഥകളാണ്.

ടാഗോറിന്റെ മാനവികതയും സാർവ്വദേശിയവീക്ഷണവും പലപ്പോഴും നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. ഗാന്ധിജിയും ടാഗോറും ഈ വിഷയത്തിൽ വലിയ സംവാദങ്ങളും കത്തിടപാടുകളും നടക്കുകയുണ്ടായി. സങ്കുചിത ദേശീയവാദം ലോക ത്തിനു ആപത്തു വരുത്തും എന്നാണ് ടാഗോറിന്റെ നിരീക്ഷണം.

പാരിസ്ഥിതിക രാഷ്ട്രീയത്തെ സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ നിലപാട് 1922ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഈപ്രകാരം പ്രകടമാകുന്നു. ഗ്രാമങ്ങൾ സ്ത്രീകളെപ്പോലെയാണ്, മനുഷ്യവംശത്തിന്റെ കളിത്തൊട്ടിലാണ് അവരുടെ മടിത്തട്ടുകൾ. നഗര ങ്ങളെക്കാളും പ്രകൃതിയോട് കൂടുതൽ അടുപ്പമുള്ളത് ഗ്രാമങ്ങൾക്കാണ്, അതുകൊണ്ട് ജീവിത ധാരയുടെ ഉറവിടങ്ങളുമായി കൂടുതൽ അടുപ്പം ഗ്രാമങ്ങ ൾക്കായിരിക്കും

പരിസ്ഥിതി, സ്ത്രീ ശാക്തീകരണം, ദേശീയത, മാനവികത, ദൈവ സങ്കല്പം തുടങ്ങിയ സംവാദങ്ങളിൽ രവീന്ദ്ര സാഹിത്യം മുന്നോട്ടു വെയ്ക്കുന്ന നിലപാടുകൾ അത് രചിക്കപ്പെട്ട കാലത്തേക്കാൾ ഇന്ന് ഏറെ പ്രസ്കതമാണ്. അതു കൊണ്ടു തന്നെ വരും കാലങ്ങളിലും അവ പരിഭാഷപ്പെടുത്തുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും.

രവീന്ദ്ര സാഹിത്യത്തിന്റെ മലയാള പരിഭാഷ പ്രസിദ്ധീകരിച്ചിട്ട് നൂറു വർഷം തികയുകയാണ്. ഒരു നൂറ്റിണ്ടിനു ശേഷവും പുതിയ പരിഭാഷകളും ഭാഷ്യങ്ങളും ഉണ്ടാവുന്നു എന്നതാണ് രവീന്ദ്ര സാഹിത്യത്തിന്റെ ജൈവിക സാന്നിദ്ധ്യത്തിന് അടിസ്ഥാനം.

## റഫറൻസ്

1) ചതുരദ്ധ്യയി. പരിഭാഷ, പുത്തേഴത്ത് രാമ മേനോൻ വിദ്യാവിനോദിനി പ്രസ്സ് തൃശ്ശിവപേരൂർ

2) നൂറ്റൊന്നു കിരണങ്ങൾ. പരിഭാഷ, ജി.ശങ്കരക്കുറുപ്പ്, സാഹിത്യ അക്കാദമി ന്യൂഡൽഹി.1961

3) രണ്ടു സഹോദരിമാർ. പരിഭാഷ. കെ.സി പിള്ള ഡി.സി. ബുക്സ് കോട്ടയം 1980

4) ഗീതാഞ്ജലി. പരിഭാഷ, ഏറ്റുമാനൂർ സോമദാസൻ, കേരളസാഹിത്യ അക്കാദമി 2011

5) ടാഗോർ കൃതികൾ. എഡി. കെ.ജയകുമാർ. ഡി.സി.ബുക്സ് കോട്ടയം. 2013

6)ഗീതാഞ്ജലി. പരിഭാഷ, എൻ.കെ. ദേശം, ഗ്രീൻ ബുക്സ് 2010




# ചെറുതിനെ വിഴുങ്ങുന്ന വലുത്: തോറ്റംപാട്ട് കിളിപ്പാട്ടാകുമ്പോൾ

മുച്ചിലോട്ട് ഗവതിയുടെ അവതാരകഥ മനസ്സിലാകുന്ന പക്ഷം പൊതുജനങ്ങൾക്കു കളിയാട്ടം കാണാനും ആസക്തിയും ഭക്തിയും ഒന്നിരട്ടിപ്പിക്കാനിടയുള്ളതാകയാൽ വാമൊഴികളിൽനിന്നും തെരഞ്ഞെടുത്ത കഥാബീജത്തെ തന്റെ സാഹിത്യക്ഷേത്രത്തിൽ വിതച്ചുവിളയിച്ചതാണ് മഹാകവി കുട്ടമത്തിന്റെ മുച്ചിലോട്ടു ഭഗവതി എന്ന കവിത എന്ന് അതിന്റെ അവതാരികാകാരനായ കരിവെള്ളൂർ വങ്ങാട്ട് മഠത്തിൽ നാരു ഉണിത്തിരി പറയുന്നു. 1922ൽ കരിവെള്ളൂർ മുച്ചിലോട്ട് നടന്ന കളിയാട്ടസന്ദർഭത്തിലാണ് ഈ ദീർഘരചന പുറത്തുവരുന്നത് എന്നും അതിൽ പറയുന്നു. വാമൊഴിപ്പാരമ്പര്യത്തിൽനിന്നും വരമൊഴിയിലേക്കുവരുമ്പോഴും ലഘുപാരമ്പര്യത്തെ ബൃഹദ് പാരമ്പര്യവുമായിണക്കുമ്പോഴും കീഴാളതയുടെയും പ്രാദേശികതയുടെയും ഊർജ്ജം ചോർന്നുപോകുന്നുണ്ടോ, ആധുനികമലയാളകവിതയുടെ മുഖ്യധാരാഭാഷയിലേക്ക് പ്രസ്തുത പുരാവൃത്തം വിവർത്തനം ചെയ്യുമ്പോൾ സംഭവിച്ചതെന്തൊക്കെയാണ് എന്നാണ് ഇവിടെ പരിശോധിക്കാൻ ശ്രമിക്കുന്നത്.

ഗ്രാമഹൃദയങ്ങളിൽ വേരുപിടിച്ചു നിൽക്കുന്ന കേട്ടുകേൾവികൾക്ക് കാവ്യാത്മകമായ ആവിഷ്കാരമരുളി ചിരപ്രതിഷ്ഠ നേടിക്കൊടുക്കുന്നതിൽ കുട്ടമത്ത് അതീവതാല്പര്യം കാണിച്ചിരുന്നു എന്ന് ഈ കവിതയുടെ രണ്ടാം പതിപ്പിന്റെ (1978) അവതാരികയിൽ ഡോ.എൻ.വി.പി. ഉണിത്തിരി പ്രസ്താവിക്കുന്നു. പഴയ കോലത്തുനാട്ടിൽ മാത്രം പ്രചരിച്ചിരുന്ന അത്തരം ചില ഐതിഹ്യങ്ങളോട് ബന്ധപ്പെടുത്തിയിട്ടുള്ള കുട്ടമത്തിന്റെ കവിതകളാണ് കടാങ്കോട്ട് മാക്കം, മാടായിക്കാവിലമ്മ, പുത്തൂരപ്പൻ, മുച്ചിലോട്ട് ഭഗവതി എന്നിവ. നാട്ടുകാർക്കിടയിൽ പ്രചുരപ്രചാരം നേടിയ ഐതിഹ്യത്തെയും ഭഗവതിയുടെ കോമരം ഉപയോഗിച്ചുപോരുന്ന വഴിനടയേയും തെയ്യം കെട്ടുന്ന വണ്ണാൻമാർ പാടിപ്പോരുന്ന തോറ്റങ്ങളെയും സ്വന്തം മനോധർമ്മത്തെയും അവലംബിച്ചുകൊണ്ടെഴുതിയത്രെ ഇത് എന്നും ഉണിത്തിരി.

ഭക്തിരസപ്രധാനമായ ഈ കാവ്യത്തിന്റെ പാരായണം ഒരലൗകികാനുഭവം തന്നെയായിരിക്കും എന്നും അത്തരം സാത്വികാനുഭവങ്ങളുടെ വികാസത്തിലൂടെയാണല്ലോ മാന

**എ.സി. ശ്രീഹരി**
പയ്യന്നൂർ കോളേജ്, പയ്യന്നൂർ



വജീവിതത്തെ ആദർശതലത്തിലേക്കുയർത്തുന്ന സംസ്കാരവിശേഷം സഞ്ചിതമായിത്തീരുന്നത് എന്നും സാഹിത്യത്തിന്റെ ആത്യന്തികലക്ഷ്യവും മറ്റൊന്നല്ല എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. തന്റെ ശിഷ്യനും അമ്മാമന്റെ മകനും ഗുരുസഹോദരനുമായ കട്ടമത്തിന്റെ കവിതയെ സ്വയം വിലയിരുത്താതെ അതിന്റെ ഗുണദോഷനിരൂപണം സഹൃദയന്മാർ ചെയ്യട്ടെ എന്നു പറഞ്ഞാണ് ആദ്യപതിപ്പിന്റെ അവതാരിക അവസാനിക്കുന്നത്. രണ്ടാം പതിപ്പിന്റെ അവതാരികയും ഈ കവിതയെ വിമർശനാത്മകമായി പരിശോധിക്കുന്നില്ല. 1982ൽ കട്ടമത്ത് സ്മാരകപ്രഭാഷണം നടത്തിയ കവി ഒ.എൻ.വി.കുറുപ്പോ 2017 ൽ കട്ടമത്ത് സമ്പൂർണ്ണകൃതികൾ സമ്പാദനം ചെയ്ത ഡോ.കെ.കെ.എൻ.കുറുപ്പോ നാട്ടുകാരനായ സി.പി.ശ്രീധരനോ ഗവേഷകരോ പഠിതാക്കളോ ഒന്നും തോറ്റംപാട്ട് കവിതയാകുമ്പോഴുള്ള പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല.

നാടോടി പൈതൃകം ഉപയോഗപ്പെടുത്തി രചിച്ച കവിതയാണ് മുച്ചിലോട്ടു ഭഗവതി. പുരാവൃത്തത്തെ ഭക്തി രസത്തോടെ കവി പ്രതിപാദിക്കുന്നു എന്നാണ് കെ.കെ. എൻ. കുറുപ്പ് എഴുതുന്നത്. എഴുത്തച്ഛന്റെ കിളിപ്പാട്ട് കവിതാശൈലിയിലാണ് (സുന്ദരകാണ്ഡ മട്ട്) കടാങ്കോട്ടു മാക്കം എഴുതിയിരിക്കുന്നത്. ലക്ഷ്മികെട്ടിലമ്മ, മകൻ കെ.എം.കെ.നായർ, കട്ടമത്ത് എന്നിവർ ആദി, അന്ത്യ, മധ്യഭാഗങ്ങൾ എഴുതിക്കൂട്ടിയതാണ് ആ കവിത. ഗ്രീക്കു ദുരന്തനാടകങ്ങളോട് കിടപിടിക്കാനുള്ള ഇതിഹാസമാനം മാക്കപ്പോതിക്കുണ്ട് എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. പ്രണയം, വിവാഹം തുടങ്ങിയ പ്രമേയങ്ങൾ ഇന്ദുലേഖ എന്ന നോവൽ വഴിയും വീണപൂവ്, പ്രേമസംഗീതം തുടങ്ങിയ കവിതകൾ വഴിയും മലയാളി വായനക്കാർക്ക് സുപരിചിതമായ കാലത്താണ് മുച്ചിലോട്ട് ഭഗവതി ഇറങ്ങുന്നത്. കവനകൗമുദി, ഭാഷാപോഷിണി, മാതൃഭൂമി വിശേഷാൽപ്രതി തുടങ്ങിയവയിൽ സ്ഥലമനുവദിച്ചുകിട്ടിയ കവിയാണ് കട്ടമത്ത്. മഹാകവിത്രയത്തിന്റെ ഇളമസ്ഥാനം വഹിച്ചുകൊണ്ടാണ് കട്ടമത്ത് നിലകൊണ്ടത് എന്ന് ഒ.എൻ.വി.കുറുപ്പ്. 1928ൽ പയ്യന്നൂരിൽ നടന്ന, ജവഹർലാൽ നെഹ്റു അധ്യക്ഷത വഹിച്ച, സംസ്ഥാന കോൺഗ്രസ് രാഷ്ട്രീയസമ്മേളനത്തോടനുബന്ധിച്ച്, വള്ളത്തോളും നാലപ്പാടനുമടക്കമുള്ള പ്രമുഖർ പങ്കെടുത്ത, സാംസ്കാരികസമ്മേളനത്തിൽ, സ്വാഗതസംഘാധ്യക്ഷനെന്ന നിലയിൽ സ്വാഗതപ്രസംഗം നടത്തിയ, ഒരു ഐക്യകേരളകവിയായി മാറുന്നതിന്റെ പൂർവഘട്ടത്തിലാണ് കട്ടമത്ത് ഈ രചനകൾ നിർവ്വഹിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

വള്ളത്തോൾ മഗ്ദലനമറിയം എഴുതി കുലടയെ കുലീനയാക്കിമാറ്റുന്ന നവോത്ഥാനപ്രക്രിയയിൽ ഏർപ്പെടുന്ന കാലഘട്ടം. ആദ്യമതേതരകാവ്യമായ വീണപൂവ് എഴുതപ്പെട്ട 1907 ആണ് മുച്ചിലോട്ട് ഭഗവതിയുടെ രചനാവർഷമായി സമ്പൂർണ്ണസമാഹാരത്തിൽ കൊടുത്തുകാണുന്നത്. വർഷങ്ങളുടെ വ്യത്യാസം കാണാമെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങൾ പൊതുവെ കവിതയിൽ സ്ത്രീകളെ കുലസ്ത്രീകളാക്കുന്നതിൽ അധികശ്രദ്ധ ചെലുത്തിയിരുന്നു എന്നുകാണാം. ഇന്ദുലേഖയെപ്പോലെ വിദുഷിയായ സ്ത്രീയാണ് മുച്ചിലോട്ട് ഭഗവതിയും. ലൈംഗികത അടക്കമുള്ള കാര്യങ്ങളിൽ തന്റേടമുള്ള നിലപാട് ഉള്ളവരാണ് രണ്ടുപേരും. അതിന്റെ പേരിൽ സാമൂഹ്യബഹിഷ്കരണം ചെയ്ത് നാടുകടത്തുകയോ പരിഷ്കരണം ചെയ്ത് ഗൃഹലക്ഷ്മിയാക്കുകയോ ആണ് അന്ന് മലയാളി പുരുഷന്മാർ ചെയ്തത്. കുറ്റം ഏൽക്കാത്തവ

ളായിരുന്ന തോറ്റംപാട്ടിലെ കഥാപാത്രം. ആത്മഹത്യ ഒരാവിഷ്കാരമാക്കി അവർ. ഒരുപക്ഷേ രാജലക്ഷ്മിയെപ്പോലെ; പാപ്പിക്കുട്ടിപോലെയല്ലാതെയും.

ആൺകോയ്മയുടെ ആശയസംഹിതയാണ് അവർക്ക് ആത്മഹത്യ വിധിച്ചത്. അഗ്നിശുദ്ധിവരുത്തി തന്റെ കന്യകാത്വം തെളിയിച്ച് തിരിച്ചുവരാൻ തയ്യാറാവാതെ അന്തർധാനം ചെയ്തു അവർ. ആശാന്റെ സീതയിലും മാധവിക്കുട്ടിയുടെ കല്യാണിയിലും ഇതേപോലെയാണ് സംഭവിക്കുന്നത്. പൊരുത്തപ്പെടാൻ കഴിയാത്തതിനെ നേരിടാൻ സമൂഹം നിർമ്മിക്കുന്ന എളുപ്പവഴിയാണ് കഥാപാത്രങ്ങളെ അന്തർധാനം ചെയ്യിക്കുക എന്നത്. അവരെ പിന്നെ കെട്ടിയാടിക്കുകയോ കൊട്ടിഘോഷിക്കുകയോ ചെയ്യുന്നത് വലിയ അപകടമില്ലാത്ത പണിയാണ്. ആധുനികസാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങളൊക്കെ ഇങ്ങനെ പുരുഷഭാവനയിൽ അന്തർധാനജന്മങ്ങളായി പരിണയിക്കുന്ന കാലത്താണ് കുട്ടമത്തിന്റെ മുച്ചിലോട്ട് ഭഗവതിയും പുറപ്പെട്ടുവരുന്നത് എന്നുമാത്രം. തോറ്റംപാട്ടിലെ പ്രാദേശികമൂലകങ്ങൾ ചോർത്തിക്കളഞ്ഞ് ഉപദേശീയതയുടെ മുഖ്യധാരാവാങ്മയത്തിലേക്ക് മാറ്റിയെഴുതുമ്പോൾ സംഭവിക്കുന്നത് എന്താണ് എന്നാണിനി പരിശോധിക്കാനുള്ളത്.


മുച്ചിലോട്ട് വാണിയരുടെ പാട്ടുകളിൽ കാണുന്ന ഭഗവതിപുരാവൃത്തത്തിന്റെ താളം, ഭാഷ മുതലായ ഘടകങ്ങൾ നോക്കുക:

മുച്ചിലോടൻ പടനായർ തന്റെ
പടീം പടിപ്പുരേം കണ്ടനേരം
ആത്മം തെളിഞ്ഞു തണിലിരുന്ന
ദാഹവും തീർത്തു മണിക്കിണറാൽ
നല്ല കരിമ്പനമേൽ വസിച്ച
പിന്നെയും യാത്ര വടക്കോട്ടേക്ക്...
വാണിയ മുച്ചിലോട്ട് നടയിൽ മണിയാണിമാർ കളിക്കുന്ന പൂരക്കളിയുടെ തൊഴുതുപാട്ടിൽ മുച്ചിലോട്ടു ഭഗവതി വരുന്നത് കാണുക:

ദേവലോകേ വിളങ്ങീട്ടും ദേവനാരിയൊരുത്തി
അപ്പനക്കാച്ചേരി നമ്പി കല്പിതമായ സ്ഥലത്ത്
അപ്പോഴേ ഭാജനം കൊണ്ടുവച്ച മൂലം അവിടെ
പള്ളിയറ മുച്ചിലോട്ടങ്ങല്ലറ്റ് ചമഞ്ഞു.
അല്ലെങ്കിൽ
വാനലോകത്തിരിക്കുന്ന ദേവനാരിയൊരുത്തി
അൻപിനോടെ പണക്കാട്ടുനമ്പി തന്റെ പറമ്പിൽ
അങ്ങുവീണ നൃത്തമാടി കഴിവോളമിതമ്പിൽ.

നാടൻപാട്ടിലും പൂരക്കളിപ്പാട്ടിലുമൊക്കെ താളത്തിലും ഇതിവൃത്തത്തിൽ പോലും ഒരു സുനിശ്ചിതത്വം ഇല്ല. ആദിമുച്ചിലോട്ടായ കരിവെള്ളൂരിലും നൂറിൽപരം മറ്റു മുച്ചിലോട്ടുകളിലുമുള്ള തോറ്റംപാട്ടുകളിലും ഈ വ്യത്യാസങ്ങൾ കാണാം. ഭവഗതിയുടെ ഉത്പത്തിചരിതത്തിലും വ്യത്യാസങ്ങളുണ്ട്. ഇങ്ങനെ നിയതമായ രൂപമില്ലാത്ത വിവൃതഘടനയുള്ള പുരാവൃത്തത്തെ ആധുനികമലയാളകവിതയുടെ ഏകശിലാരൂപത്തിലേക്ക് ഉടച്ചുവാർക്കുമ്പോൾ നഷ്ടമാവുന്ന ഊന്നലുകൾ ശ്രദ്ധിക്കേണ്ടതാണ്.

അവതാരപുരുഷനും ആദികാരണവരും കുലപതിയുമായ തുഞ്ചത്തെഴുത്തച്ഛൻ എന്നാണ് കുട്ടമത്ത് നമ്മുടെ ഭാഷാപിതാവിനെ വിശേഷിപ്പിക്കുന്നത്. എഴുത്തച്ഛന്റെ രാമായണാഖ്യാനത്തിന്റെ ചുവടുപിടിച്ചാണ് കുട്ടമത്ത് മുച്ചിലോട്ടു ഭഗവതീ രചന നടത്തുന്നത്.



ജയിപ്പുതാക ജഗന്മംഗളേ ഭക്തപ്രിയേ!
അക്ഷരാത്മികയായ ഭാരതി ഭഗവതി
അക്ഷരലിപി ഭാഷാഭേദേന പലതുമാം
അക്ഷയജ്ഞാനഫലം നൽകുന്ന ധരണിയിൽ
എന്ന് ഒന്നാം സ്തബകത്തിൽ തുടങ്ങി
സത്കവീന്ദ്രൻമാർക്കിന്നും മാർഗദർശിയായ് പരം
അച്ഛമാനസഗൃഷിശ്രേഷ്ഠനാം തുഞ്ചത്തെഴ-
ത്തച്ഛന്റെ ജന്മംകൊണ്ടു പാവനമായിത്തീർന്ന
ചക്കാലവംശമെന്ന വാണിയജാതിക്കുള്ള
സത്കുലദേവതതൻചരിതം മനോഹരം
എന്ന് അതേ സ്തബകത്തിൽ തുടർന്ന് വായിക്കാം.
ശുദ്ധയാം നിന്നെ വ്യഭിചാരണിയെന്ന
ബദ്ധരോഷം പുറത്താക്കി നിൻ വംശ്യരും
ശുകതരുണി സുഖദയിതു നിൻ സൂക്തി സൽക്കഥാ
ശുദ്ധയായ് സർവാർത്ഥസിദ്ധിയും നൽകമേ...
എരിതീയിൽ ദേഹം പൊരിച്ച
ദിവ്യയായ് തിരിച്ച കന്യകാചരിത്രമുത്തമം...

എന്നിങ്ങനെ തുടർന്നുള്ള സ്തബകങ്ങളിലെ വൃത്തവും താളവും ഭാഷയും ഭാഷണവും നോക്കിയാൽ വളരെ സംവൃതവും സംസ്കൃതവുമായ ഒരു കാവ്യമണ്ഡലത്തിലേക്കാണ് കുട്ടമത്ത് മുച്ചിലോട്ട് ഭഗവതിയെ പുനഃപ്രതിഷ്ഠിക്കുന്നത് എന്നു മനസ്സിലാവും.

ഭഗവതിയെ തോറ്റംപാടി നമ്മുടെ ഇടയിലെത്തിക്കുന്ന, ഇന്നും നടന്നുപോരുന്ന അനുഷ്ഠാനം ശബ്ദ, അർത്ഥ, ആംഗ്യസമ്മേളനം-perfomance ൽ നിന്ന് അച്ചടിവടി



വിന്റെ ഏകതാനതയിലേക്ക് ചുരുങ്ങിപ്പോകുന്നു. ഭഗവതിയാവാൻ നിയോഗിക്കപ്പെട്ട, കരിവെള്ളൂർ അഞ്ചടിയിൽക്കാണുന്ന കനലാടിയുടെ പ്രാർത്ഥന വലിയ നിയോഗത്തിന് നിശ്ചയിക്കപ്പെട്ട ശരീരത്തിന്റെ വേവലാതി മുഴുവൻ ഇതിൽ ചോർന്നുപോകുന്നു.

ഭഗവതിയുടെ സത്തയായ തോറ്റത്തെ എല്ലാവരിലേക്കുമെത്തിക്കുന്ന പ്രക്രിയ ഇല്ലാതാകുന്നു. നമുക്ക് ഭഗവതിയെ തോറ്റിയെടുക്കാൻ കഴിയാതെ പോകുന്നു. ഭഗവതിക്ക് ഇന്നും പുനരവതരിക്കാൻ കഴിയുന്നത് ആധുനിക കവിതയ്ക്ക് അപ്രാപ്യമായ സവിശേഷതയുള്ളതുകൊണ്ട് കൂടിയാണ്. ഗ്രാമദേവതകളെ അവരുടെ സവിശേഷസ്ഥലങ്ങളിൽനിന്നും ദേശീയ-ഉപദേശീയ ബൃഹദ് പാരമ്പര്യങ്ങളിലേക്ക് സമന്വയിപ്പിക്കുമ്പോൾ നഷ്ടമാകുന്ന പ്രാദേശികോർജ്ജം വളരെ പ്രധാനപ്പെട്ട സംഗതിയാകുന്നു.

ഒരു ജനതയിൽ ഉച്ചപുരാവൃത്തങ്ങളേക്കാൾ സ്വാധീനം ചെലുത്തുക അവരുടെ സ്വന്തമായ കീഴാളനിലയിലുള്ള പ്രാദേശിക പുരാവൃത്തങ്ങൾ തന്നെയാണ്. ഒരു ജനതയുടെ ആത്മാവിഷ്കാരമാണ് അവർ കെട്ടിപ്പാടുന്ന നാടൻപാട്ടുകൾ, തെയ്യത്തോറ്റങ്ങൾ. ജനകീയമായിരിക്കുമത്.

ആധുനികകാലത്താണ് എഴുത്തു വരുന്നത്. എഴുത്തച്ഛൻ വരുന്നത്. ഐക്യകേരളവും ഇന്ത്യാ മഹാരാജ്യവും വരുന്നത്. വീണ്ടേടമായിരുന്നു വിഷ്ണുലോകം. ഗ്രാമമായിരുന്നു സ്വരാജ്യം. സാധാരണജനങ്ങൾ അവരുടെ ദൈനം ദിനജീവിതം ആവിഷ്കരിക്കാൻ കെട്ടിയുണ്ടാക്കിയവയെ സംസ്കാരപഠിതാക്കൾക്ക് പരിശോധിക്കാനാവും. ഔദ്യോഗികരേഖകളിൽ ലഭിക്കാത്ത പ്രാദേശികചരിത്രസത്യങ്ങൾ ഇവയുടെ വിശകലനത്തിലൂടെ ഉരുത്തിരിയും. ആധുനികതയുടെ പ്രതിസന്ധികളെ തരണം ചെയ്യാനവ ഉപകരിക്കും.

ഇങ്ങനെയുള്ള പുനഃപ്രതിഷ്ഠകൾ കാവുകളെ ക്ഷേത്രങ്ങളാക്കുന്ന പ്രവർത്തനമാണ്. പരമായതിനെ അപരമാക്കുന്നു. പൊതുവിടം കയ്യേറുന്ന സ്ത്രീകളെ കുടുംബശ്രീകളാക്കുന്നു. കവിതയുടെ പെരുങ്കളിയാട്ടങ്ങൾ നടക്കുമ്പോഴും ആൺമത്തവിലാസക്കൂത്തിടങ്ങളായി അവ മാറാതിരിക്കാൻ തോറ്റംപാട്ടുകളുടെ തിരിച്ചുപിടുത്തങ്ങൾക്കു കഴിയും. അത്തരമൊലോചനകൾ കേരളപുനർനിർമ്മാണകാലത്ത് അത്യന്താപേക്ഷിതമാണ്.

### മുഖ്യാവലംബങ്ങൾ

മഹാകവി കുട്ടമത്തിന്റെ സമ്പൂർണകൃതികൾ. സമ്പാദനം: കെ.കെ. എൻ. കുറുപ്പ്. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2017.

പവിത്രൻ ടി. മുച്ചിലോട്ട് പോതി: പുരാവൃത്തത്തിന്റെ പൊരുൾ . വ്യവഹാരങ്ങൾ. കണ്ണൂർ: കൈരളി ബുക്സ്, 2005. 119-122.

ദിനേശൻ വടക്കിനിയിൽ. തോറ്റത്തിലുറയുന്ന ഭഗവതിയും മനുഷ്യരും . കരിവെള്ളൂർ ശ്രീ മുച്ചിലോട്ട് ഭഗവതിക്ഷേത്ര കളിയാട്ടം സ്മരണിക - 2017, 73-76.

# Government of Kerala

## Abstract

Higher Education Department- - Release of Central and State Fund to Rashtriya Uchchatar Shiksha Abhiyan ( RUSA) –Sanction Accorded for release - Orders -issued

---

**HIGHER EDUCATION (B) DEPARTMENT**

G.O(Rt) No.82/2019 /HEDN Dated, Thiruvananthapuram, 18.01.2019

---

Read:- 1. Letter No. 125/RUSA-SPD/2018 dated 01/12/2018 from the State Project Co-ordinator, RUSA

2. GO(Rt.)No. 10672/2018/Fin dated 29.12.2018

## ORDER

As per the letter read as 1st paper above. the State Project Co-Ordinator, RUSA has requested the Government to issue orders for re- appropriating sufficient amount to the heads of account " 2202-03-789-99(P) and " 2202-03-796-99(P)" from the H/A '2202-03-103-57-RUSA' and to release the same and also the corresponding State share amounting to Rs. 44,70,00,000/- State share and thus to release the aggregate amount of Rs.111,75,00,000/- (Rupees One Hundred and Eleven Crore and Seventy Five Lakh only), (Rs. 67,05,00,000/- Central Share + Rs. 44,70,00,000/- State share) to RUSA.

As per Government Order read as 2nd paper above, sanction was accorded for re- appropriation of the amount of Rs. Rs.25,14,38,000/- (Rupees Twenty Five Crore Fourteen Lakh and Thirty Eight Thousand only), to the heads of account " 2202-03-789- 99(P) and " 2202-03-796-99(P)"from the H/A'2202-03-103-57-RUSA'.

Government have further examined the matter in detail and are pleased to release Rs. 111,75,00,000(Rupees One Hundred and Eleven Crore and Seventy Five Lakh only) to Rashtriya Uchchatar Shiksha Abhiyan(RUSA) to distribute among the following beneficiary Universities and Colleges (Central + State share) as shown against each institution in the following manner:

| Head of account | Amount in Rs | Nature |
|---|---|---|
| 2202-03-103-57-01 | 519637500 | Centre share |
| 2202-03-103-57-02 | 346425000 | State share |
| 2202-03-789-99-01 | 100575000 | Centre share |
| 2202-03-789-99-02 | 67050000 | State share |
| 2202-03-796-99-01 | 50288000 | Centre share |
| 2202-03-796-99-02 | 33525000 | State share |

| Component 9 : Infrastructure Grants - Aided Colleges | | | | | |
|---|---|---|---|---|---|
| Sl. No. | Name of College | District | Govt/ Aided | Central Share Released | State Share to be released |
| 1 | Sanatana Dharma College | Alappuzha | Aided | 6000000 | 4000000 |
| 2 | St.Aloysius College, Edathua | Alappuzha | Aided | 6000000 | 4000000 |
| 3 | T.K Madhava Memorial College | Alappuzha | Aided | 6000000 | 4000000 |
| 4 | St.Michaels College, Cherthala | Alappuzha | Aided | 6000000 | 4000000 |
| 5 | Bishop Moore College Mavelikara, Alappuzha, Pin: 690110 | Alappuzha | Aided | 6000000 | 4000000 |
| 6 | NSS College Cherthala | Alappuzha | Aided | 6000000 | 4000000 |
| 7 | Sree Narayana College, Cherthala | Alappuzha | Aided | 6000000 | 4000000 |
| 8 | Union Christian College | Ernakulam | Aided | 6000000 | 4000000 |
| 9 | St.Teresas College | Ernakulam | Aided | 6000000 | 4000000 |
| 10 | Sacred Heart College | Ernakulam | Aided | 6000000 | 4000000 |
| 11 | St.Alberts College, Ernakulam | Ernakulam | Aided | 6000000 | 4000000 |
| 12 | SNM College Maliankara | Ernakulam | Aided | 6000000 | 4000000 |
| 13 | Morning Star Home Science College | Ernakulam | Aided | 6000000 | 4000000 |
| 14 | St.Peters College, Kolenchery | Ernakulam | Aided | 6000000 | 4000000 |
| 15 | Mar Thoma College for Women, Perumbavoor | Ernakulam | Aided | 6000000 | 4000000 |
| 16 | Bharata Matha College Thrikkakara, Thrikkakara.P.O, Cochin, Pin:682021 | Ernakulam | Aided | 6000000 | 4000000 |
| 17 | Al-Ameen College Edathala, Aluva, Ernakulam, Pin:683564 | Ernakulam | Aided | 6000000 | 4000000 |
| 18 | Sree Sankara Vidyapeetom College Valayanchirangara | Ernakulam | Aided | 6000000 | 4000000 |
| 19 | Pavanatma College | Idukki | Aided | 6000000 | 4000000 |
| 20 | NSS College, Rajakumari | Idukki | Aided | 6000000 | 4000000 |
| 21 | Newman College, Thodopuzha | Idukki | Aided | 6000000 | 4000000 |

| | | | | | |
|---|---|---|---|---|---|
| 22 | Nirmalagiri College | Kannur | Aided | 6000000 | 4000000 |
| 23 | Sir Syed College | Kannur | Aided | 6000000 | 4000000 |
| 24 | MG College, Iritty, Kannur | Kannur | Aided | 6000000 | 4000000 |
| 25 | SES College Sreekandapuram | Kannur | Aided | 6000000 | 4000000 |
| 26 | PR NSS College | Kannur | Aided | 6000000 | 4000000 |
| 27 | Nehru Arts and Science College Kanhangad | Kasaragod | Aided | 6000000 | 4000000 |
| 28 | St.Pius X College, Rajapuram | Kasaragod | Aided | 6000000 | 4000000 |
| 29 | St.Johns College Anchal | Kolam | Aided | 6000000 | 4000000 |
| 30 | TKM College of Arts and Science | Kollam | Aided | 6000000 | 4000000 |
| 31 | NSS College Nilamel | Kollam | Aided | 6000000 | 4000000 |
| 32 | St.Stephens College | Kollam | Aided | 6000000 | 4000000 |
| 33 | Sree Narayana College for Women | Kollam | Aided | 6000000 | 4000000 |
| 34 | Sree Narayana College, Kollam | Kollam | Aided | 6000000 | 4000000 |
| 35 | KSMDB College | Kollam | Aided | 6000000 | 4000000 |
| 36 | St.Gregorius College, Kottarakkara | Kollam | Aided | 6000000 | 4000000 |
| 37 | Sree Narayana College, Punalur | Kollam | Aided | 6000000 | 4000000 |
| 38 | St.Berchmans College | Kottayam | Aided | 6000000 | 4000000 |
| 39 | St.Thomas College, Palai | Kottayam | Aided | 6000000 | 4000000 |
| 40 | Baselius College, Kottayam, Pin:686001 | Kottayam | Aided | 6000000 | 4000000 |
| 41 | Bishop Kurialacherry (BK) College for Women, Amalagiri, Amalagiri.P.O, Kottayam,Pin:686561 | Kottayam | Aided | 6000000 | 4000000 |
| 42 | CMS College | Kottayam | Aided | 6000000 | 4000000 |
| 43 | Kuriakose Gregorious College | Kottayam | Aided | 6000000 | 4000000 |
| 44 | Assumption College,Changanassery.P.O, Kottayam,Pin:686101 | Kottayam | Aided | 6000000 | 4000000 |
| 45 | Bishop Chulaparambil Memorial(B.C.M) College, K.K.Road,Kottayam, Pin:686001 | Kottayam | Aided | 6000000 | 4000000 |
| 46 | Devaswom Board College, Thalayolaparambu | Kottayam | Aided | 6000000 | 4000000 |
| 47 | Alphonsa College Pala, Arunapuram.P.O, Kottayam, Pin:686574 | Kottayam | Aided | 6000000 | 4000000 |
| 48 | St.Georges College, Aruvithura | Kottayam | Aided | 6000000 | 4000000 |
| 49 | St.Mary's College Manarcaud | Kottayam | Aided | 6000000 | 4000000 |
| 50 | NSS Hindu College Changanacherry | Kottayam | Aided | 6000000 | 4000000 |
| 51 | SVR NSS College, Vazhoor | Kottayam | Aided | 6000000 | 4000000 |
| 52 | Devamatha College, Kuravilangad | Kottayam | Aided | 6000000 | 4000000 |
| 53 | ST Dominics College, Kanjirapally | Kottayam | Aided | 6000000 | 4000000 |
| 54 | Muhammed Abdurahiman Memorial Orphanage College | Kozhikkode | Aided | 6000000 | 4000000 |
| 55 | Sree Narayana Guru College, Chelannur | Kozhikkode | Aided | 6000000 | 4000000 |
| 56 | Malabar Christian College, Kozhikkode | Kozhikode | Aided | 6000000 | 4000000 |
| 57 | MES Mampad College | Malappuram | Aided | 6000000 | 4000000 |
| 58 | MES Keveeyam College Valanchery | Malappuram | Aided | 6000000 | 4000000 |

| | | | | | |
|---|---|---|---|---|---|
| 59 | NSS College Manjeri | Malappuram | Aided | 6000000 | 4000000 |
| 60 | EMEA College of Arts and Science | Malappuram | Aided | 6000000 | 4000000 |
| 61 | KAHM Unity Women's College, Manjeri | Malappuram | Aided | 6000000 | 4000000 |
| 62 | Sullamussalam Science College | Malappuram | Aided | 6000000 | 4000000 |
| 63 | PSMO College Tirurangadi, Malappuram | Malappuram | Aided | 6000000 | 4000000 |
| 64 | Mercy College, Palakkad | Palakkad | Aided | 6000000 | 4000000 |
| 65 | NSS College Ottappalam | Palakkad | Aided | 6000000 | 4000000 |
| 66 | NSS College Nemmara | Palakkad | Aided | 6000000 | 4000000 |
| 67 | MP Moothedath Memorial Sree Narayan Trusts College, Shoranur | Palakkad | Aided | 6000000 | 4000000 |
| 68 | Mar Thoma College, Thiruvalla | Pathanamthitta | Aided | 6000000 | 4000000 |
| 69 | Bishop Abraham Memorial College Thuruthicad, Pathanamthitta, Pin:689597 | Pathanamthitta | Aided | 6000000 | 4000000 |
| 70 | NSS College Pandalam | Pathanamthitta | Aided | 6000000 | 4000000 |
| 71 | St.Thomas College, Ranni | Pathanamthitta | Aided | 6000000 | 4000000 |
| 72 | Sahodaran Ayyappan Smarka SNDP Yogam College | Pathanamthitta | Aided | 6000000 | 4000000 |
| 73 | St.Thomas College, Kozhencherry | Pathanamthitta | Aided | 6000000 | 4000000 |
| 74 | Mahatma Gandhi College, Kesavadasapuram, Thiruvananthapuram | Thiruvananthapuram | Aided | 6000000 | 4000000 |
| 75 | Mar Ivanios College, Autonomous | Thiruvananthapuram | Aided | 6000000 | 4000000 |
| 76 | HHMSPB NSS College for Women | Thiruvananthapuram | Aided | 6000000 | 4000000 |
| 77 | All Saints' College, Chackai, Thiruvananthapuram, Pin:695007 | Thiruvananthapuram | Aided | 6000000 | 4000000 |
| 78 | Sree Narayana College Chempazhanthy | Thiruvananthapuram | Aided | 6000000 | 4000000 |
| 79 | SN College, Sivagiri, Varkala | Thiruvananthapuram | Aided | 6000000 | 4000000 |
| 80 | Prajyoti Niketan College, Pudukad | Thrissur | Aided | 6000000 | 4000000 |
| 81 | St.Marys College | Thrissur | Aided | 6000000 | 4000000 |
| 82 | St.Josephs College Irinjalakuda | Thrissur | Aided | 6000000 | 4000000 |
| 83 | St.Thomas College, Thrissur | Thrissur | Aided | 6000000 | 4000000 |
| 84 | Carmel college | Thrissur | Aided | 6000000 | 4000000 |
| 85 | Vimala College | Thrissur | Aided | 6000000 | 4000000 |
| 86 | Christ College, Irinjalakuda North.P.O, Thrissur, Pin:680125 | Thrissur | Aided | 6000000 | 4000000 |
| 87 | Sree Vivekananda College | Thrissur | Aided | 6000000 | 4000000 |
| 88 | Sree Narayana College, Nattika | Thrissur | Aided | 6000000 | 4000000 |
| 89 | Pazhassiraja College | Wayanad | Aided | 6000000 | 4000000 |
| 90 | Mary Matha Arts and Science College, Mananthavady | Wayanad | Aided | 6000000 | 4000000 |
| 91 | St.Marys College | Wayanad | Aided | 6000000 | 4000000 |
| | **Total** | | | 6000000<br>**54,60,00,000** | 4000000<br>**36,40,00,000** |

| Component 9 : Infrastructure Grants - Government Colleges | | | | | |
|---|---|---|---|---|---|
| Sl. No. | Name of College | District | Govt/ Aided | Central Share Released | State Share to be released |
| 1 | Govt.Sanskrit College, Tripunithura | Ernakulam | Govt | 6000000 | 4000000 |
| 2 | Govt.College, Kattappana | Idukki | Govt | 6000000 | 4000000 |
| 3 | BJM Government College, Chavara | Kollam | Govt | 6000000 | 4000000 |
| 4 | CKGM Government College Perambra | Kozhikode | Govt | 6000000 | 4000000 |
| 5 | Govt. College, Malappuram | Malappuram | Govt | 6000000 | 4000000 |
| 6 | Govt. College, Chittur | Palakkad | Govt | 6000000 | 4000000 |
| 7 | Govt. Arts College, Thiruvananthapuram | Thiruvananthapuram | Govt | 6000000 | 4000000 |
| 8 | KKTM Govt. College, Pullut, Kodungallur | Thrissur | Govt | 6000000 | 4000000 |
| | **Total** | | | **4,80,00,000** | **3,20,00,000** |

**RUSA 1 – Second Installment**

| Sl. No. | Name of College | District | Govt/ Aided | Central Share Released | State Share to be released |
|---|---|---|---|---|---|
| | UGC HRDC | Thiruvanantha puram | Govt | 1500000 | 1000000 |

| Component 8 : Enhancing Quality and Excellence in Selected Autonomous Colleges | | | | | |
|---|---|---|---|---|---|
| Sl. No. | Name of Colleuge | District | Govt/ Aided | Central Share Released | State Share to be released |
| 1 | Rajagiri College of Social Sciences, Rajagiri.P.O, Kalamassery, Ernakulam, Pin:683104 | Ernakulam | Aided | 1,50,00,000 | 1,00,00,000 |
| 2 | Mar Athanasius (MA) College Kothamangalam, Ernakulam, Pin:686666 | Ernakulam | Aided | 1,50,00,000 | 1,00,00,000 |
| 3 | Marian College Kuttikkanam, Kuttikkanam.P.O, Peermade, Idukki, Pin:685531 | Idukki | Aided | 1,50,00,000 | 1,00,00,000 |
| 4 | St.Joseph's College, Devagiri, Kozhikode, Pin:673008 | Kozhikode | Aided | 1,50,00,000 | 1,00,00,000 |
| 5 | Farook College, P.O.Farook College, Kozhikode, Pin:673632 | Kozhikode | Aided | 1,50,00,000 | 1,00,00,000 |
| | **Total** | | | **7,50,00,000** | **5,00,00,000** |

(By Order of Governor)
**VIJAYAKUMAR.R**
Joint Secretary to Govt.

To

The State Project Co-Ordinator, ( RUSA), Thiruvananthapuram
The Finance Officer, RUSA, Thiruvananthapuram.

The Principal Accountant General ( Audit/A&E)), Kerala, Thiruvananthapuram
www.highereducation.kerala.gov.in.com

The Finance Department (EDN-C2/370/2018-Fin. Dated 11/01/2019)

Stock file / Office copy

विश्वविद्यालय अनुदान आयोग
**University Grants Commission**
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फ़र मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002

F.No. 2-16/2002(PS)Pt.Fl.II

16th October 2018

**PUBLIC NOTICE**

The issue regarding extension of the date of participation in Orientation/Refresher Course in respect of Teachers/Assistant Registrar/Assistant University Librarian/College Librarian/Deputy Librarian/Assistant Director of Physical Education/College Director of Physical Education for the purpose of career advancement was considered by the Commission (UGC) in its 535th Meeting held on 27th September 2018 and approved to extend the date for completing Orientation Course/Refresher Course for promotion under CAS upto **31.12.2018** for all the candidates to ensure uniformity.

All the Universities and affiliated colleges are requested to comply with the above provision of extension.

**(Prof. Rajnish Jain)**
Secretary

# വനിതാമതിൽ ഉയർന്നപ്പോൾ



കേരളത്തിലെ വിവിധ ജാതി-മത-സംസ്കാര-പ്രദേശങ്ങളിൽ ഉൾപ്പെട്ട വനിതകൾ തോളോട് തോൾ ചേർന്ന് ഒന്നായി നിന്നപ്പോഴാണ് പുതിയ ഒരു വർഷം പിറന്നത്, പുതിയ ചരിത്രവും. അടിമത്വങ്ങൾക്കെതിരെയാണ് എന്നും മനുഷ്യർ പോരാടിയിട്ടുള്ളത്- വിദേശ അധിനിവേശങ്ങൾക്കെതിരെ, ജാതി/മത മേൽക്കോയ്മകൾക്കെതിരെ, സവർണ-അവർണ വേർതിരിവുകൾക്കെതിരെ, അയിത്തങ്ങൾക്കെതിരെ. ചൂഷിതർ ചൂഷകരോട് നടത്തിയ പോരാട്ടങ്ങൾ എന്നും നാടിന്റെ പുരോഗമനചരിത്രത്തിന്റെ ഏടുകളാണ്. സ്ത്രീവർഗ്ഗത്തിനു മേൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷാധിപത്യത്തിന് എതിരെ 620 കിലോമീറ്ററുകൾ നീണ്ട് ഒന്നായി, വൻമതിലായി ഒരു വനിതാമതിൽ അണിനിരന്നപ്പോൾ സ്ത്രീസമത്വത്തിന്റെ നവോഥാനമൂല്യങ്ങളെയാണ് സംരക്ഷിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തത്. ഒളിഞ്ഞും തെളിഞ്ഞും സമൂഹം ഒന്നാകെ കാതോർക്കുന്നു. ഇത് കേരളനാട് മുഴുവനും മുഴങ്ങികേട്ട ഒരു വനിതാശബ്ദം, കാലങ്ങൾ കടന്നും അഭിമാനത്തോടെ പ്രതിധ്വനിയ്ക്കുന്നയൊന്ന്.

**ജ്യോതി ശ്രീധർ**, അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്,
എസ് വി ആർ എൻ എസ് എസ് കോളേജ്, വാഴൂർ.

## ആലപ്പുഴ








## എംജി കോളേജ്, തിരുവനന്തപുരം







## എസ്.എൻ. കോളേജ്, മാലിയങ്കര






## ടി.കെ.എം. കോളേജ്






## എസ്.എൻ. കോളേജ്, കണ്ണൂർ








# വനിത കൺവെൻഷൻ




കണ്ണൂർ-കോഴിക്കോട് സർവ്വകലാശാല മേഖല കൺവെൻഷൻ ശ്രീ കേരളവർമ്മ കോളജിൽ വെച്ച് സമത മാനേജിംഗ് ട്രസ്റ്റി പ്രൊഫ ടി.എ. ഉഷാകുമാരി ടീച്ചർ ഉദ്ഘാടനം ചെയ്തു . എ. കെ .പി .സി .ടി .എ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ.പി.കെ കൗശലകുമാരിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡണ്ട് സി. പത്മനാഭൻ, ഡോ.മാലിനി ടി .പി, ഡോ. ടി.പി നഫീസാ ബേബി എന്നിവർ സംസാരിച്ചു . പ്രൊഫ. ആർ. ബിന്ദു ഉന്നതവിദ്യാഭ്യാസവും സ്ത്രീ മുന്നേറ്റവും എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. സംസ്ഥാന വനിതാ കൺവീനർ ശ്രീമതി എസ്. ഷാജിത സ്വാഗതവും ഡോ.കെ.ടി ജയ നന്ദിയും പറഞ്ഞു.

# വനിത കൺവെൻഷൻ




എ.കെ.പി.സി.ടി.യുടെ കേരള/എം.ജി. മേഖല വനിത കൺവെൻഷൻ സംസ്ഥാന വനിതകമ്മീഷൻ അദ്ധ്യക്ഷ സ: എം.സി. ജോസഫൈൻ ഉദ്ഘാടനം ചെയ്തു. സ്വന്തം നിലനിൽപിന്റെ സാഹചര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസം കൊണ്ട് പ്രയോജനമുണ്ടാവില്ലെന്ന് അവർ അഭിപ്രായപ്പെട്ടു. വനിത കമ്മീഷന്റെ മുൻപിൽ ഏറ്റവുമധികം പരാതികൾ എത്തുന്നത് ഉന്നതവിദ്യാഭ്യാസമേഖലയിലെ സ്ത്രീകളിൽ നിന്നാണ്. തൊഴിലിടങ്ങളിലെ സ്ത്രീപീഡനം ഇതിന് പ്രധാന കാരണമാകുന്നു. ഇതിന് പ്രതിവിധിയായി ഐസിസി രൂപീകരിക്കണം എന്നാവശ്യപ്പെട്ടു. പ്രസവാവധിക്ക് മുൻപും അതിനുശേഷവും ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രിൻസിപ്പലിനെ നേരിട്ട് കാണണമെന്ന് വാശിപിടിക്കുന്ന കോളേജ് അധികൃതർക്കെതിരെ നടപടിയുണ്ടാകുമെന്ന് ജോസഫൈൻ സൂചിപ്പിച്ചു.

നവോത്ഥാനമൂല്യങ്ങൾ നിരന്തരമായി പഠിപ്പിക്കുക എന്ന ദൗത്യമാണ് പുരോഗമന പ്രസ്ഥാനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. അത്തരമൊരു നൈരന്തര്യത്തിന്റെ ഭാഗമാണ് വനിതമതിൽ. അമ്മയായും ഭാര്യയായും സഹോദരിയായും മകളായും സ്ത്രീയെ വാഴ്ത്തുന്ന സമൂഹത്തിന്റെ കപടമുഖം തുറന്നുകാട്ടാനും അതോടൊപ്പം വനിതമതിലിന്റെ ഭാഗമാകാനും അദ്ധ്യാപികമാരെ ആഹ്വാനം ചെയ്തു.

വൈസ് പ്രസിഡന്റ് ഡോ. പി.കെ. കുശലകുമാരി അദ്ധ്യക്ഷയായ യോഗത്തിൽ ശ്രീമതി നിർമലാദേവി (ജനാധിപത്യ മഹിളാ അസോസിയേഷൻ) 'നവോത്ഥാനം - ആചാരവും സ്ത്രീകളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വനിത കൺവീനർ ശ്രീമതി എസ്. ഷാജിത സ്വാഗതവും ശ്രീമതി എസ്. ജയശ്രീ (സംസ്ഥാന കമ്മിറ്റി അംഗം, എൻ.ജി.ഒ. യൂണിയൻ), ഡോ. വി. ജയശ്രീ (മേഖല വനിതാ കൺവീനർ, കേരള സർവ്വകലാശാല), ശ്രീമതി ആശാപ്രഭാകർ (വനിത കൺവീനർ, തിരുവനന്തപുരം ജില്ല) എന്നിവർ ആശംസയും ഡോ. റാണി ആർ. നായർ (മേഖല വനിതാ കൺവീനർ, എം.ജി. സർവ്വകലാശാല) നന്ദിയും രേഖപ്പെടുത്തി.

# സംസ്ഥാന സമ്മേളനം: സ്വാഗതസംഘമായി






മാർച്ച് 9, 10 തീയതികളിൽ കോഴിക്കോട്ട് നടക്കുന്ന സംസ്ഥാനസമ്മേളനം വിജയിപ്പിക്കാൻ സ്വാഗതസംഘമായി. സ്വാഗതസംഘം രൂപീകരണയോഗം സിപിഐ(എം) ജില്ലാ സെക്രട്ടറി പി. മോഹനൻ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് ഡോ. സി. പത്മനാഭൻ അദ്ധ്യക്ഷനായി. പി. വിശ്വൻ, എം. മുരളീധരൻ, പി.കെ. സതീശ്, കെ. രഘുദാസ്, ഡോ. കെ. ശശിധരൻ, പ്രൊഫ. പി. മജീദ് എന്നിവർ സംസാരിച്ചു. ഡോ. പി.എൻ. ഹരികുമാർ സ്വാഗതവും ഡോ. കെ.പി. വിനോദ്കുമാർ നന്ദിയും പറഞ്ഞു. പി. മോഹനൻ ചെയർമാനും ഡോ. കെ.പി. വിനോദ്കുമാർ ജനറൽ കൺവീനറുമായി സംഘാടകസമിതി രൂപീകരിച്ചു.

# എ.കെ.പി.സി.ടി.എ. ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കൊളോക്യം - 2019 മന്ത്രി ഡോ. കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്തു




വളാഞ്ചേരി: ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്കരണം അനിവാര്യമാണ്. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ മേഖല മാറേണ്ടിയിരിക്കുന്നു. ഇതിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. അതിന് ശക്തി പകരുന്നതിനും മുൻപന്തിയിൽ നിൽക്കുന്നതിനും എല്ലാ അധ്യാപകരും നേതൃത്വപരമായ പങ്ക് വഹിക്കണമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ .ടി.ജലീൽ ആവശ്യപ്പെട്ടു. വളാഞ്ചേരി എം.ഇ .എസ്.കോളേജിൽ എ.കെ.പി.സി. ടി.എ സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കൊളോക്യം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലാ തലത്തിൽ നിലവിലുള്ള തുല്യതാ സർട്ടിഫിക്കറ്റ് ഇനി ആവശ്യമില്ല എന്നാണ് സർക്കാർ തീരുമാനം. ഗസ്റ്റ് അധ്യാപകരുടെ ദിവസ വേതനം വേഗത്തിൽ ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തും. സർവ്വകലാശാലാ തലത്തിൽ സിലബസ് ഏകീകരണം നടക്കേണ്ടതുണ്ട്. ഡിസ്റ്റൻസ് മോഡിലുള്ള വിദ്യാഭ്യാസവും ഏകീകരിക്കേണ്ടത് ആവശ്യമാണ്. ബിരുദതലത്തിൽ മൂന്ന് വർഷത്തിലൊരിക്കലും ബിരുദാനന്തര തലത്തിൽ രണ്ട് വർഷത്തിലൊരിക്കലും സിലബസ് പരിഷ്കരിക്കേണ്ടതുണ്ട് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ സാമൂഹികാഭിവൃദ്ധിക്കായി നല്കിയ സംഭാവനകളെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം ഈ സർക്കാർ പുന: സ്ഥാപിച്ചിട്ടും ഇതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ തുടരുന്നുണ്ട്.ഇത് സർക്കാർ ഉടൻ പരിഹരിക്കും. ജൂനിയർ ലക്ചറർ തസ്തികയിൽ ജോലി ചെയ്യുന്ന ചുരുക്കം അധ്യാപകർ നേരിടുന്ന സർവ്വീസ് പ്രശ്നങ്ങൾക്കും പരിഹാരം ആക്കും.ഈ മേഖലയിൽ നിലനിൽക്കുന്ന ബ്രോക്കൺ സർവ്വീസ് പ്രശ്നം സമയബന്ധിതമായി പരിഹരിക്കും .ഏഴാം യു ജി സി ശമ്പള പരിഷ്കരണം കേരളത്തിൽ നടപ്പാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

'വജ്രയാനം' വജ്രജൂബിലി ജേർണൽ പതിപ്പ് പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. മുൻ കാല സംഘടനാ നേതാക്കളായ ഡോ.കെ. കെ.ബാലചന്ദ്രൻ നായർ, ഡോ.സി. അബ്ദുൾ മജീദ് എന്നിവർക്ക് കൈമാറിയായിരുന്നു പ്രകാശനം . എ.കെ.പി.സി.ടി.എ പ്രസിഡന്റ് ഡോ.സി.പത്മനാഭൻ അധ്യക്ഷത വഹിച്ചു. 'കേരള പ്രൈവറ്റ് കോളേജ് ടീച്ചർ' ചീഫ് എഡിറ്റർ ഡോ. എൻ.എം. സണ്ണി വജ്രജൂബിലി പതിപ്പ് പരിചയപ്പെടുത്തി. പ്രിൻസിപ്പൽ ഡോ.അബ്ദുൽ ഹമീദ് സി., എം.ഇ.എസ് സെക്രട്ടറി പ്രൊഫ. കെ.പി.ഹസ്സൻ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ഡോ.പി. എൻ ഹരികുമാർ സ്വാഗതവും ജനറൽ കൺവീനർ ഡോ.കെ.പി.വിനോദ് കുമാർ നന്ദിയും പറഞ്ഞു.

കൊളോക്യത്തിൽ, ക്ലാസ് മുറി മുതൽ ധനസഹായം വരെയുള്ള പഠന മേഖലകളിലായി ഇരുപത്തിരണ്ട് റിപ്പോർട്ടുകൾ അവതരിപ്പിച്ച് ചർച്ച സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ ഏകീകരിക്കുകയും ചെയ്തു. ഇന്ത്യയുടെ വർത്തമാന കാലസാഹചര്യം ആവശ്യപ്പെടുന്ന അക്കാദമികവും സാംസ്കാരികവുമായ ജാഗ്രതയെ അടയാളപ്പെടുത്തുന്നതായിരുന്നു കൊളോക്യം.

സമാപന സമ്മേളനത്തിൽ സ്വാഗതസംഘം ചെയർപേഴ്സൺ ഡോ. പി.കെ. കുശലകുമാരി അധ്യക്ഷത വഹിച്ചു. സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.വി.പി. മാർക്കോസ് ഉപസംഹാര പ്രസംഗം നടത്തി.

അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ. കെ.സന്തോഷ് സ്വാഗതവും മലപ്പുറം ജില്ലാ സെക്രട്ടറി ഡോ.എം.ബി.ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.269

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JANUARY - 2019

# കേരള യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പ്

## എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക


ഡോ. ലക്ഷ്മിപ്രിയ എൻ.
മഹാത്മാ ഗാന്ധി കോളജ്,
തിരുവനന്തപുരം


ഡോ. സാം സോളമൻ
മാർ ഇവാനിയോസ് കോളജ്
തിരുവനന്തപുരം


ഡോ. ബബിത ജി.എസ്.
എസ്. എൻ. കോളജ്,
ശിവഗിരി, വർക്കല


ഡോ. കവിത കെ. ആർ.
എസ്.എൻ. കോളജ്
ചെമ്പഴന്തി


ഡോ. ബിജു മാത്യു
എഫ്.എം. എൻ. കോളജ്
കൊല്ലം


സന്ധ്യ സി. വിദ്യാധരൻ
കെ. എസ്. എം. ഡി. ബി.
കോളജ്, ശാസ്താംകോട്ട


ഡോ. എം. വിജയൻ പിള്ള
എൻ. എസ്. എസ്. കോളജ്
നിലമേൽ


ശേഖരൻ എസ്.
എസ്.എൻ. കോളജ് ഫോർ
വിമൻ, കൊല്ലം


ഡോ. എസ്. ഷീബ
എസ്. എൻ. കോളജ്
കൊല്ലം


ഡോ. റാണി എബ്രഹാം
ക്രിസ്ത്യൻ കോളജ്
ചെങ്ങന്നൂർ


എസ്. അജയകുമാർ
എസ്. ഡി. കോളജ്
ആലപ്പുഴ


രാജീവ് എസ്. ആർ.
റ്റി. കെ. എം. എം. കോളജ്
നങ്ങ്യാർകുളങ്ങര


ഡോ. കെ. ജയകുമാർ
എൻ. എസ്.എസ്. കോളജ്
പന്തളം


ഷാജിത എസ്
റ്റി.കെ. എം. കോളജ് ഓഫ്
ആർട്ട്സ് ആന്റ് സയൻസ്
കൊല്ലം


സോണി. പി. ജോൺ
മിലാദ് – ഇ– ഷെരീഫ്
മെമ്മോറിയൽ കോളജ്
കായംകുളം


ഡോ. കെ.ബി. മനോജ്
പ്രിൻസിപ്പാൾ, എസ്.എൻ.
കോളേജ്, ചേർത്തല


ഡോ. വി. മാത്യു
പ്രിൻസിപ്പാൾ, സെന്റ്
മൈക്കിൾസ് കോളേജ്,
ചേർത്തല


ഡോ. കെ.എസ്.
അനിൽകുമാർ
പ്രിൻസിപ്പാൾ, ശ്രീ അയ്യപ്പ
കോളേജ്, ഇരമല്ലിക്കര

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35.
Ph: 2463494, Fax: 0471-2468964 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. N.M. Sunny